ജോഹാൻ ക്രിസ്റ്റഫ് ആർണോൾഡ്



SEX, GOD & MARRIAGE

# ദൈവം വിവാഹം കുടുംബം

വിവർത്തനം: റവ. സുഗു ജോൺ ചാണ്ടി

SEX, GOD & MARRIAGE

JOHANN CHRISTOPH ARNOLD

# ദൈവം,
# വിവാഹം, കുടുംബം

# ദൈവം,
# വിവാഹം, കുടുംബം

ജോഹാൻ ക്രിസ്റ്റഫ് ആർനോൾഡ്

*വിവർത്തനം*

**റവ. സുഗു ജോൺ ചാണ്ടി**

ക്രൈസ്തവ സാഹിത്യ സമിതി
തിരുവല്ല

(Malayalam)
DAIVAM VIVAHAM KUDUMBAM
Johann Christoph Arnold
Translated by
Rev. Sughu John Chandy
© Reserved
First Impression: June 2010
Cover: Global, Thiruvalla
Page Layout: Perfect Computer Graphics, Thiruvalla
Printed at Alois Graphics, Kottayam, Ph: 2569847
Published by CHRISTAVA SAHITYA SAMITHY, THIRUVALLA
Distributed by C.S.S. BOOKSHOP, KURISUKAVALA, THIRUVALLA - 1
Tel. & Fax: 0469 - 2630389, 2634936
email: csspublications@dataone.in
Price Rs.80/-

M 37 FP 19 R 2010 - CN 73710
ISBN - 978 - 81 - 7821 - 235 - 7



# ഉള്ളടക്കം

*അവതാരിക – 6*
*ആമുഖം – 8*
*മുഖവുര – 10*

**പാർട്ട് – I ആദിയിൽ**

1. ദൈവസാദൃശ്യം – *13*
2. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല – *19*
3. അവർ ഏകദേഹമായിത്തീരും – *25*
4. ആദ്യ പാപം – *31*
5. ദൈവസാദൃശ്യത്തിന്റെ വീണ്ടെടുപ്പ് – *37*
6. ലൈംഗികത്വവും പഞ്ചേന്ദ്രിയങ്ങളും – *44*
7. ഹൃദയശുദ്ധിയുള്ളവർ – *49*

**പാർട്ട് – II ദൈവം കൂട്ടിച്ചേർത്തതിനെ**

8. പരിശുദ്ധാത്മാവിലുള്ള വിവാഹം – *58*
9. വിവാഹം എന്ന വിശുദ്ധ മർമ്മം – *64*
10. ലൈംഗികതയുടെ വിശുദ്ധി – *71*
11. മാതാപിതാക്കളും ദൈവത്തിന്റെ ദാനമായ മക്കളും – *77*
12. ശൈശവ ദശയുടെ വിശുദ്ധി, നിർമ്മലത – *85*
13. വിവാഹത്തിന് ഒരുങ്ങുന്നവർക്കുവേണ്ടി – *94*
14. ഏകാഗ്രഹൃദയത്തോടുകൂടിയ ശുശ്രൂഷ – *104*

**പാർട്ട് – III നമ്മുടെ കാലയളവിന്റെ ആത്മാവ്**

15. ദൈവത്തോടുകൂടിയോ അല്ലാതെയോ – *112*
16. അതിനെക്കുറിച്ച് സംസാരിക്കുന്നതുപോലും ലജ്ജാകരം – *120*
17. ഒളിവിൽ നടക്കുന്ന യുദ്ധം – *128*
18. വിവാഹമോചനവും പുനർവിവാഹവും – *136*
19. ആയതിനാൽ നാം അതീവ ജാഗ്രതയോടെ സൂക്ഷിക്കുക – *144*

# അവതാരിക

**J**ohann Christoph Arnold ഇംഗ്ലീഷിൽ രചിച്ച "Sex God and Marriage"എന്ന ഗ്രന്ഥത്തിന്റെ മലയാളത്തിലുള്ള പരിഭാഷ ബഹു. സുഗു ജോൺ ചാണ്ടി അച്ചൻ എഴുതി പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ ഈ പുസ്തകം ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിൽ അതിയായ സന്തോഷം എനിക്കുണ്ട്.

ഈ ഗ്രന്ഥത്തെക്കുറിച്ചു ചില കാര്യങ്ങൾ ഉയർത്തി ക്കാണിക്കട്ടെ. (1) ഇതു തികച്ചും വേദപുസ്തക അടിസ്ഥാ നത്തിൽ എഴുതിയിട്ടുള്ളതാണ്. ധാരാളം ഉദ്ധരണികൾ വേദ പുസ്തകത്തിൽ നിന്നും എടുത്തിട്ടുണ്ട് എന്നു മാത്രമല്ല, ആദ്യവസാനം കാതലായ വേദപുസ്തക സത്യങ്ങളെ ഊന്നി ഉറപ്പിച്ചു പ്രഖ്യാപിക്കുന്നതിൽ ഗ്രന്ഥകാരൻ ഒട്ടും മടിക്കുന്നില്ല. (2) ആധുനിക ലോകത്തെ, പ്രത്യേകിച്ച് പാശ്ചാത്യലോകത്തെ അലട്ടുന്ന എല്ലാ ധാർമ്മിക മൂല്യ ചോർച്ചകളെയും ശരിയായി വിലയിരുത്തി വിമർശിക്കുന്ന തിൽ ഗ്രന്ഥകാരൻ അശേഷവും ലജ്ജിക്കുന്നില്ല. സഭ പോലും പലപ്പോഴും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്ന ചോദ്യ ങ്ങളെ ധൈര്യപൂർവ്വം അവലോകനം ചെയ്തിട്ടുണ്ട്. (3) ക്രിസ്തീയ കുടുംബം ഒരു കാര്യമായ വേദപുസ്തക സങ്ക ൽപ്പമാണെന്നു മാത്രമല്ല, സാമൂഹ്യ ജീവിതത്തിന്റെ മൂല ക്കല്ലായിരിക്കുന്നതുകൊണ്ട് ...സംസ്കാര സാഹിത്യചരി ത്രത്തിൽ പലപ്പോഴും പുനർനിർവ്വചനം അർഹിക്കുന്ന ഒരു വിഷയമാണ്. ഇത് ഗ്രന്ഥകാരൻ കഴിയുന്നിടത്തോളം ശ്രദ്ധി ക്കുന്നുണ്ട്.

ഈ ഗ്രന്ഥത്തിനു മലയാള ഭാഷയിൽ എന്താണ് പ്രസ ക്തി? (1) നാം വസിക്കുന്ന കേരളം, 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന അപരനാമം പരസ്യമായി അവകാശപ്പെടുന്നു വെങ്കിലും പല മേഖലകളിലും പിശാചിന്റെ സ്വാധീനത്തി നു വിധേയമാണ് എന്നു ദേശസ്നേഹികളായ ഏവരും തല കുനിച്ചു സമ്മതിക്കും. അവയിൽ പ്രധാനമായതു തകരുന്ന ക്രിസ്തീയ കുടുംബം ആണ്. ഈ പ്രശ്നമാണ് ഈ ഗ്രന്ഥം കൈകാര്യം ചെയ്യുന്നത്. (2) ഇവിടെയുള്ള പുരാ





തനമായ ക്രിസ്തീയ സഭയുടെ തറക്കല്ലു പാകിയത് ഉറച്ച കുടുംബബന്ധത്തിലാണ്. സന്ദർശകരായ വിദേശികൾ പല പ്പോഴും ഇതു മുക്തകണ്ഠമായി പ്രശംസിച്ചിട്ടുണ്ട്. എന്നാൽ പല ഉപാധികളിൽക്കൂടി നമ്മെ ആക്രമിക്കുന്ന ഒരു വ്യാധി പോലെയാണ് ഇന്നു കുടുംബബന്ധത്തിന്റെ തകർച്ച. ഇതു പോലെയുള്ള ഗ്രന്ഥങ്ങൾ അവ മനസ്സിലാക്കുന്നതിനും പ്രതിവിധി നിർണ്ണയിക്കുന്നതിനും സഹായിക്കും. (3) വളർ ന്നുവരുന്ന യുവതലമുറയ്ക്കു ശരിയായ മാർഗനിർദ്ദേശം നൽകുന്നതിന് പലപ്പോഴും പരാജയപ്പെടുന്ന മുതിർന്നവ ർക്ക് ഈ ഗ്രന്ഥം തികച്ചും സഹായകരമായിരിക്കും. ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കട്ടെ. (1) സാധാരണക്കാ ർക്കു സുഗ്രാഹ്യമായ ഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. കഴിവുള്ളിടത്തോളം സാങ്കേതിക പദപ്രയോഗം ഉപേക്ഷി ച്ചിട്ടുണ്ട്. (2) പല ജീവിത സാക്ഷ്യങ്ങളും ഉദാഹരണങ്ങളും ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് വായന ഒരു വിരസമായി അശേഷം അനുഭവപ്പെടുകയില്ല. (3) ഈ വിഷയത്തിൽ ആധികാരികമായി സംസാരിക്കാൻ വൈദഗ്ദ്ധ്യമുള്ള പല രുടെയും അഭിപ്രായങ്ങൾ ഉദ്ധരണിയായി ചേർത്തിട്ടുള്ളതു ഗ്രന്ഥത്തിന്റെ ആധികാരികത ഉന്നയിച്ചു കാണിക്കുന്നു.

ഇന്നു നമ്മുടെ സാമൂഹ്യ, ആത്മീയ അവസ്ഥയെ ശക്തിയായി ബാധിക്കുന്ന ഈ വിഷയം കൈകാര്യം ചെയ്യു വാൻ നമ്മുടെയിടയിൽ നിന്നും തന്നെ എഴുത്തുകാർ എഴു ന്നേൽക്കേണ്ടതാണ്. ക്രിസ്തീയ സഭയുടെ അടിസ്ഥാനം, സുശക്തമായ കുടുംബബന്ധങ്ങളാണ്. അതു തകർന്നാൽ സഭതന്നെ തകർന്നു താറുമാറാകും. ഈ ഗൗരവമായ പ്രശ്നത്തെ അഭിമുഖീകരിക്കുവാൻ ഈ പുസ്തക പാരാ യണം ദൈവകൃപയാൽ സഹായിക്കട്ടെ എന്നു പ്രാർത്ഥി ക്കുന്നു. ബഹു. അച്ചന്റെ ഈ ശ്രമത്തെ അഭിനന്ദിക്കുന്നു.

**റവ. ഏ. സി. ഉമ്മൻ**
*കവിയൂർ*
*(Former Dean of Religious Work Department*
*Christian Medical College*
*& Hospital, Vellore)*

## ആമുഖം

**ജോ**ഹാൻ ക്രിസ്റ്റോഫ് അർനോൾഡ് ഇംഗ്ലീഷിൽ രചിച്ച Sex, God And Marriage എന്ന ഗ്രന്ഥത്തിന്റെ മലയാള പരിഭാഷയാണ് റവ. സുഗു ജോൺ ചാണ്ടി നിർവഹിച്ചിരിക്കുന്നത്. ചരിത്രപരമായി നോക്കിയാൽ മനുഷ്യസമൂഹങ്ങൾ ലൈംഗികതയോട് വിവിധ സമീപനങ്ങൾ പുലർത്തിയിട്ടുണ്ട്. ചില സമൂഹങ്ങൾ ലൈംഗികതയെ മ്ലേഛം, നികൃഷ്ടം എന്നീ മട്ടിൽ കണ്ടിരുന്നു. ഈ ഭാവത്തിന്റെ അംശങ്ങൾ പരിഷ്കൃതം എന്നു വിശേഷിപ്പിക്കപ്പെടുന്ന സമൂഹങ്ങളിൽപോലും ഇന്നും കാണാം. മറ്റുചില സമൂഹങ്ങളിൽ ലൈംഗികതയ്ക്കു ദിവ്യപരിവേഷം ചാർത്തി അതിനെ ആരാധിക്കുന്നു. മനുഷ്യനെ ഒരു ജീവി എന്ന നിലയിൽ കണ്ട് ലൈംഗികതയെ ജൈവതലത്തിൽ പരിമിതപ്പെടുത്തുവാനുള്ള ത്വര പാശ്ചാത്യലോകത്ത് കരുത്താർജിച്ചിട്ടുണ്ട്. ഈ സമീപനം ലൈംഗികതയെ അതിന്റെ സാമൂഹ്യ, ആത്മീയബന്ധങ്ങളുടെ അടിത്തറയിൽ നിന്ന് അടർത്തി മാറ്റി ഒരു ജൈവബന്ധം എന്ന നിലയിലേക്കു പരമിതപ്പെടുത്തുന്നു. പ്രബലമായ ഈ സമീപനം പാശ്ചാത്യലോകത്തുനിന്ന് ഭാരതമുൾപ്പെടെയുള്ള മൂന്നാം ലോക സമൂഹങ്ങളിലേക്കും ശക്തമായി സംക്രമിച്ചുവരികയാണ്. ലൈംഗികതയെ സ്രഷ്ടാവായദൈവത്തോടും ദൈവസാദൃശ്യം വഹിക്കുന്ന സ്ത്രീപുരുഷൻമാർ തമ്മിലുമുള്ള ബന്ധത്തിന്റെ പാവനതയുടെ ചട്ടക്കൂടിലുമാണ് ക്രൈസ്തവസഭ കണ്ടിട്ടുള്ളത്. ഒരു ജൈവബന്ധത്തിന്റെ തലത്തിലേക്ക് ഒതുക്കപ്പെടുന്ന ലൈംഗികത ക്രിസ്തീയവിശ്വാസത്തിന് ഒരു വെല്ലുവിളിതന്നെയാണ്. ലൈംഗികതയെ സംബന്ധിച്ച് പാശ്ചാത്യ ലോകത്ത് ഉരുത്തിരിഞ്ഞിട്ടുള്ള മുഖ്യധാരാചിന്തകളോടുള്ള ശക്തമായ വിയോജിപ്പുരേഖപ്പെടുത്തുന്നതാണ് ആർനോൾഡിന്റെ ഗ്രന്ഥം. ഇതിൽ ലൈംഗികതയെ അതിന്റെ പവിത്രതയുടെ ചട്ടക്കൂടിലും വേദപുസ്തക പാരമ്പര്യത്തിലും അവതരിപ്പിച്ചിരിക്കുന്നു. മൂന്ന് ഭാഗങ്ങളായി ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്ത് ദൈവത്തിലും ദൈവത്തിന്റെ സൃഷ്ടിവ്യവസ്ഥയിലുമാണ് ലൈംഗികതയുടെ ഉറവിടങ്ങൾ എന്നു സമർത്ഥിച്ചിരിക്കുന്നു. രണ്ടാം ഭാഗത്ത്, ക്രിസ്തീയ കുടുംബം എന്ന മൗലികസംവിധാനത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട് ലൈംഗികബന്ധത്തെ വിശകലനം ചെയ്യുന്നു. മൂന്നാം ഭാഗത്താകട്ടെ കുടുംബാസൂത്രണം, സ്വവർഗരതി, വിവാഹമോചനം, പുനർവിവാഹം മുതലായ വിഷയങ്ങൾ ചർച്ച ചെയ്തിരിക്കുന്നു. സ്വയംഭോഗം, സ്വവർഗരതി, കുടുംബാസൂത്രണം മുതലായ വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥകാരന്റെ ചില അഭിപ്രായങ്ങളോടുയോജിക്കുവാൻ ബുദ്ധിമുട്ടുണ്ട്. എങ്കിൽപോലും പാശ്ചാത്യ ലോകത്തെ മുഖ്യധാര ചർച്ചകൾക്ക് ഒരു മറുപുറം എന്ന നിലയിൽ ഗ്രന്ഥകർത്താവിന്റെ അഭിപ്രായങ്ങൾക്കു പ്രസക്തിയുണ്ട്. ലൈംഗികതയെസംബന്ധിച്ച ചർച്ചകൾ ഏക ധ്രുവീകൃതം ആകാതിരിക്കുവാനും അതു സഹായിക്കും.

ഈ ഗ്രന്ഥത്തിന്റെ ഒരു മലയാളപരിഭാഷ സുഗു അച്ചൻ ലഭ്യമാക്കിയിരിക്കുന്നു. ലൈംഗിക അരാജകത്വം ഗണ്യമായ ഭീഷണി കേരളസംസ്കാരത്തിൽ ഉയർത്തിയിരിക്കുന്ന ഇന്നത്തെ പാശ്ചത്തലത്തിൽ ലൈംഗീകതയുടെ വിശുദ്ധിയെ സംബന്ധിച്ചു ശക്തീകരണം നൽകുന്ന ഈ ഗ്രന്ഥം മലയാളത്തിൽ ലഭ്യമായതിൽ നമുക്കു സന്തോഷിക്കാം. ഈ ഉദ്യമത്തിൽ സുഗു അച്ചനെ അനുമോദിക്കുകയും ഈ ഗ്രന്ഥം മലയാളക്രൈസ്തവ സാഹിത്യത്തിന് ഒരു മുതൽക്കൂട്ടാകട്ടെ എന്ന് ആശംസിക്കയും ചെയ്യുന്നു.

**റവ. ഡോ. ഏബ്രഹാം കുരുവിള**

*പ്രിൻസിപ്പാൾ,*
*മാർത്തോമാ വൈദിക സെമിനാരി*

*കോട്ടയം*
*30-03-2010*

# മുഖവുര

തങ്ങളുടെ സമൂഹജീവിതത്തിൽ കൂടി ക്രിസ്തുവിനെ സാക്ഷിക്കുന്ന ഒരു കൂട്ടം ആളുകളുടെ കൂട്ടായ്മ ആണ് ബ്രൂഡർഹോഫ് കമ്മ്യൂണിറ്റി. ജർമ്മനിയിൽ ആരംഭിച്ച ആ ക്രിസ്തീയ സമൂഹം U.K, U.S.A, Australia, Latin America എന്നീ രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. ആദിമസഭ യുടെ മാതൃകയിലുള്ള ഒരു ജീവിതശൈലിയാണ് ഇവർ നയിക്കുന്നത്. ഇന്ത്യയിൽ ക്രൈസ്തവാശ്രമം, ഒട്ടൻഛത്രം ആശ്രമം ആദിയായ സമൂഹങ്ങളോട് ഇവർക്ക് ഉന്നതബന്ധം ഉണ്ട്. ജീവിതത്തിൽകൂടി ക്രൈസ്തവ സാക്ഷ്യം നല്കുവാൻ ശ്രമിക്കുന്നതിന് ഇവർ ക്രിസ്തീയ ജീവിതത്തെ സഹായിക്കുന്ന വിവിധ പുസ്തകങ്ങൾ പ്രസി ദ്ധീകരിക്കുകയും ക്രിസ്തീയ ഗാനങ്ങൾക്കും സംഗീത ത്തിനും അതുല്യപ്രാധാന്യം നല്കുകയും ചെയ്യുന്നു.

ഈ സമൂഹത്തിലെ പ്രസിദ്ധനായ Johann Christoph Arnold നിരവധി പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവും ഒരു ഉന്നത കൗൺസിലറും ആണ്. കുടുംബ ജീവിതത്തെ ആസ്പദമാക്കി വേദപുസ്തകാടിസ്ഥാനത്തിൽ എഴുതപ്പെ ട്ടിരിക്കുന്ന ഈ പുസ്തകം മലയാള ഭാഷയിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് അനുവാദം നല്കിയതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. കുടുംബജീവിത ത്തിന്റെ ആരംഭം വിവാഹത്തിലാണ്. വിവാഹ ജീവിതത്തി ലേക്ക് പ്രവേശിക്കുന്നതോടനുബന്ധിച്ചുള്ള നിരവധി ആചാ രങ്ങളും കർമ്മങ്ങളും എല്ലാ സമൂഹങ്ങളിലും ദർശിക്കാം. ആധുനിക ജീവിതത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് അവ യുടെ വ്യതിയാനങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വിവാഹം എന്നത് ജീവിതത്തിലെ ഏറ്റവും സുപ്രധാന തുടക്കമായ തിനാൽ അത് ദൈവത്തോടൊപ്പം ആരംഭിക്കേണ്ടതാണ്. വിവാഹ ജീവിതത്തിന്റെ മാന്യതയ്ക്കും പരിശുദ്ധിക്കും വിഘ്നം വരുത്തുന്ന ആധുനിക ലോകത്തിന്റെ സാഹച ര്യങ്ങളിൽ വേദപുസ്തക സത്യങ്ങളാൽ അടിത്തറ പാകുന്ന ചിന്തകളാണ് ഈ പുസ്തകത്തിൽ കൂടി ചർച്ച ചെയ്യപ്പെടുന്നത്. വിവാഹജിവിതത്തിൽ വേണ്ടുന്ന വിശ്വ





സ്ഥത, സ്നേഹം, പ്രതിഷ്ഠ, മനോഭാവം ഇവയെക്കുറിച്ചും ഗ്രന്ഥകാരൻ പ്രതിപാദിക്കുന്നു. വരമ്പുകളും വേലികളും ആവശ്യമില്ല എന്ന് ചിന്തിക്കുന്ന ആധുനിക സമൂഹത്തിന് ഈ പുസ്തകത്തിലെ ചിന്തകൾ മാർഗ്ഗദർശിയായിത്തീരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും കൗൺസിലിംഗിനും ഈ പുസ്തകം വളരെ സഹായപ്രദമാണ്. മാതാപിതാക്കളുടെ കൂട്ടങ്ങളിലും സ്ത്രീജന കൂട്ടങ്ങളിലും പട്ടക്കാരുടെയും അദ്ധ്യാപകരുടെയും മറ്റും സമ്മേളനങ്ങളിലും ഈ പുസ്ത കത്തെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് വളരെ പ്രസക്തി ഉണ്ട്. കേരള ക്രൈസ്തവ സമൂഹത്തിന് ഈ പുസ്തകത്തിലെ ചിന്തകൾ പ്രയോജനപ്രദമായിത്തീരട്ടെ.

**റവ. സുഗു ജോൺ ചാണ്ടി**

**Part - 1**

**ആദിയിൽ...**





# 1

# ദൈവസാദൃശ്യം

**വി**ശുദ്ധ വേദപുസ്തകത്തിൽ സൃഷ്ടിയെ വിവരിക്കുന്ന ആദ്യ അദ്ധ്യായത്തിൽ ദൈവം മനുഷ്യജാതിയെ അവന്റെ സ്വന്ത സാദൃശ്യത്തിൽ ആണും പെണ്ണുമായി നിർമ്മിച്ച്, അവരെ അനുഗ്രഹിച്ച് ഈ ഭൂമിയെ കാത്തുപരിപാലിക്കുവാനും ഫലപ്രദമാക്കുവാനും അവരോട് ആജ്ഞാപിച്ചുവെന്നു നാം കാണുന്നു. ആരംഭം മുതൽ ദൈവം സൃഷ്ടികർത്താവായി സ്വയം വെളിപ്പെടുത്തുകയും താൻ സൃഷ്ടിച്ചതെല്ലാം ഉത്തമം– നല്ലത് എന്നു കാണിക്കുകയും ചെയ്തു. വേദപുസ്തകത്തിന്റെ ആരംഭഭാഗത്തുതന്നെ ദൈവം തന്റെ മനസ്സ് വെളിപ്പെടുത്തുന്നു. അവന്റെ ഹൃദയം നമുക്കുവേണ്ടി തുറക്കുന്നു. അവിടെ നമ്മുടെ ജീവിതത്തിനു വേണ്ടിയുള്ള ദൈവികപദ്ധതി വെളിവാക്കപ്പെടുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന നിരവധി ക്രിസ്തീയ വിശ്വാസികൾ സൃഷ്ടിയുടെ വിവരണത്തെ ഒരു മിഥ്യയായി കരുതുന്നു. എന്നാൽ മറ്റു ചിലർ ആ വിവരണങ്ങൾ അക്ഷരാർത്ഥത്തിൽ ശരിയാണെന്നു വിശ്വസിക്കുന്നു. വേദപുസ്തകവചനങ്ങളും അതിന്റെ പൊരുളും ദിവ്യമായി ഞാൻ കരുതുന്നു. ഏതെങ്കിലും ഒരുവശം പിടിച്ച് അതിനനുസരിച്ചോ എതിരായോ ഉള്ള വാദമുഖങ്ങൾ നിരത്തുവാൻ ഞാൻ തയ്യാറല്ല. സൃഷ്ടിയെക്കുറിച്ചുള്ള വിവരണം അക്ഷരാർത്ഥത്തിൽ എടുക്കേണ്ടതില്ല എന്ന ശാസ്ത്രജ്ഞന്മാരുടെ ചിന്താഗതി ശരിയാണെന്നു ഞാൻ കരുതുന്നു. വിശുദ്ധ പത്രോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക:

'കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്ന കാര്യം നിങ്ങൾ മറക്കരുത്' *(2 പത്രോ. 3:8)*

**ദൈവസാദൃശ്യം നമ്മെ പ്രത്യേകതയുള്ളവരാക്കുന്നു**

മനുഷ്യർ എപ്രകാരം നിർമ്മിക്കപ്പെട്ടിരിക്കുന്നുവെന്ന സൃഷ്ടിരഹസ്യം ദൈവത്താൽ മാത്രമേ വെളിപ്പെടുത്തുവാൻ സാധ്യമാകുകയുള്ളൂ. എന്നാൽ ഒരു സംഗതി വ്യക്തമാണ്. ഒരു വ്യക്തിക്കും ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശ്യവും ദൈവത്തെ കൂടാതെ മനസ്സിലാക്കുവാൻ സാധ്യമല്ല. എന്നാൽ മനുഷ്യമനസ്സിനാൽ മനസ്സിലാക്കുവാൻ സാധ്യമല്ല

എന്ന കാരണത്താൽ സൃഷ്ടിയുടെ വിവരണത്തെ നാം തള്ളിക്കളയേണ്ട കാര്യമില്ല. അതിന്റെ ആന്തരികാർത്ഥവും ഉൾക്കാഴ്ചകളുമാണ് നാം മനസ്സിലാക്കേണ്ടത്. അതിന്റെ വെളിച്ചത്തിൽ ഈ കാലത്തെ ജീവിതവുമായി നമ്മെത്തന്നെ ബന്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ഇന്നത്തെ സാഹചര്യത്തിൽ ഉല്പത്തി പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ദൈവത്തിന്റെ ഉദ്ദേശ്യങ്ങളോടും പദ്ധതികളോടുമുള്ള ആദരവ് ഇല്ലാതായിത്തീർന്നിരിക്കുന്നു. മനഷ്യന്റെ ഉല്പത്തിയുടെ അർത്ഥത്തെക്കുറിച്ചും ആയതിനു മനുഷ്യജീവിതത്തിലുള്ള സ്വാധീനത്തെക്കുറിച്ചും മനുഷ്യൻ ദൈവത്തിന്റെ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന വസ്തുതയെക്കുറിച്ചും നാം ഇന്നു വേണ്ടവണ്ണം ചിന്തിക്കുകയും അതിനു വേണ്ടിയ വില കൊടുക്കുകയും ചെയ്യുന്നില്ല. ഈ സാദൃശം, മറ്റു സൃഷ്ടികളിൽനിന്ന് നമ്മെ വേർതിരിച്ച് ഓരോ മനുഷ്യജീവിതവും വിശുദ്ധമാണെന്നു കാണിക്കുന്നു (ഉല്പ.9:6). ജീവിതത്തെ വേറൊരു രീതിയിൽ കാണുന്നത്-ഉദാഹരണമായി, ഓരോരുത്തരെയും അവരവരുടെ ഗുണത്തിനും പ്രയോജനത്തിനും അനുസരിച്ച് വീക്ഷിക്കുന്നത്- ദൈവം അവരെ കാണുന്നതിൽ നിന്നും വ്യത്യസ്തമായി അവരെക്കുറിച്ചു ചിന്തിക്കുന്നത്-അവരുടെ വിലയും മഹത്വവും ഇല്ലാതെയാക്കുന്നു.

"ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു"വെന്നതിന്റെ അർത്ഥം എന്താണ്? ദൈവം ആരാണ് എന്നതിന്റെ യഥാർത്ഥ ചിത്രം ഇതിൽക്കൂടി വെളിവാക്കപ്പെടുന്നു. സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യുന്ന അവന്റെ പ്രവൃത്തിയിൽ നാമും പങ്കാളികളാണെന്നാണ് ഇതിന്റെ അർത്ഥം. നാം അവന്റെ വകയാണ്. നമ്മുടെ സർവ്വസ്വവും നമ്മുടെ ആത്മാവും നമ്മുടെ നിലനിൽപ്പും ദൈവവുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അവന്റെ ആജ്ഞാനുവർത്തികളായി നാം ജീവിക്കേണ്ടതാണ്. ദൈവത്തിൽനിന്ന് നാം വേർതിരിക്കപ്പെടുന്ന നിമിഷം ഈ ലോകത്തിലുള്ള നമ്മുടെ ദൈവോദ്ദേശ്യം നമുക്ക് നഷ്ടമാകും. ദൈവത്തിന്റെ ജീവാത്മാവ് നമ്മിൽ വസിക്കുന്നുവെന്ന് ഉല്പത്തി പുസ്തകത്തിൽ വിവരിക്കുന്നു. അവന്റെ ആത്മാവിനെ നമുക്കു നൽകിയതിൽക്കൂടി സ്നേഹത്തിൽക്കൂടി സ്വയം ചിന്തിക്കുവാനും ഉത്തരവാദിത്വപൂർവ്വം പ്രവർത്തിക്കുവാനുമുള്ള സ്വാതന്ത്ര്യവും അവൻ നമുക്ക് നൽകിയിരിക്കുന്നു.

അവന്റെ ആത്മാവ് നമുക്ക് ലഭിച്ചിരിക്കുന്നു. എങ്കിലും നാം നമ്മുടെ സൃഷ്ടിതാവിന്റെ സാദൃശ്യമായി മാത്രമാണ് നിലകൊള്ളുന്നത്. മനുഷ്യനിൽ കേന്ദ്രീകരിക്കുന്നതിലും ഉപരിയായി ദൈവത്തിൽ കേന്ദ്രീകരിക്കുമ്പോൾ ദൈവിക പദ്ധതിയിലുള്ള നമ്മുടെ യഥാർത്ഥ സ്ഥാനം നമുക്കു മനസ്സിലാകും. ദൈവമാണ് നമ്മുടെ ഉത്ഭവമെന്നതു നിരാകരിക്കുന്നവർ അഥവാ ദൈവം നമ്മുടെ ജീവിതയാഥാർത്ഥ്യമാണ് എന്നു നിരാകരിക്കുന്നവർ തികച്ചും ഭയങ്കരമായ ശൂന്യതയിലാണ് വസിക്കുന്നത്. അങ്ങനെയുള്ളവർ സ്വയം ആരാധിക്കുകയും സ്വയനിന്ദയിലേക്ക് മറ്റുള്ളവരെ നയിക്കുകയും ചെയ്യുന്ന ഒരു അവസ്ഥയിലേക്ക് വഴുതിവീഴും.



**നാമേവരും നിത്യത കാംക്ഷിക്കുന്നു**

ദൈവം തന്റെ ശ്വാസം നമ്മിലേക്ക് ഊതിയില്ലായിരുന്നുവെങ്കിൽ നാം എന്താകുമായിരുന്നു? ഡാർവിൻ (Darvin) എന്ന ശാസ്ത്രജ്ഞന്റെ പരിണാമ വാദം (Theory of EVOLUTION) ദൈവത്തിൽ കേന്ദ്രീകരിക്കുന്നില്ല എന്നതിനാൽ അർത്ഥരഹിതമാണ്. നമ്മു ടെ ജീവിതത്തിന്റെ വേരുകൾ എക്കാലവും നിത്യമായുള്ളതിനും നശിക്കപ്പെടാത്തതിനുമായി ദാഹിക്കണം.

നിത്യനായ ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ജീവിതം ഇവിടെ അവസാനിക്കുന്നില്ല. നിത്യതയാണ് നമ്മുടെ ജീവന്റെ അടിസ്ഥാനം. ക്രിസ്റ്റോഫ് ബ്ലും ഹാർട്ട് (Chritoph Blum Heart) ഇപ്രകാരം എഴുതുന്നു."നമ്മുടെ ജീവിതം നിത്യതയുടെ മുദ്രകുത്തപ്പെട്ടിരിക്കുന്നു. നമ്മെ സൃഷ്ടിച്ച ദൈവത്തിന്റെ സാദൃശ്യമാകുന്ന മുദ്ര. നശ്വരതയിൽ നമ്മുടെ ജീവിതം മുങ്ങുവാൻ അവൻ ആഗ്രഹിക്കുന്നില്ല. നിത്യനായ അവനിലേക്ക് നമ്മെ അവൻ ക്ഷണിക്കുന്നു."

നമ്മുടെ ഹൃദയത്തിൽ ദൈവം നിത്യതയെ നൽകിയിരിക്കുന്നു. നമ്മുടെ മനസ്സിന്റെ അഗാധതയിൽ നിത്യതയെക്കുറിച്ചുള്ള ഒരു വ്യഗ്രത ഉൾക്കൊള്ളുന്നു. ഇതിനെ നിരാകരിച്ച് ഇന്നത്തെ ദിവസത്തിനു മാത്രമായി നാം ജീവിക്കുമ്പോൾ ജീവിതത്തിൽ സംഭവിക്കുന്ന സകലതും കടങ്കഥകൾപോലെ ആയിത്തീരുന്നുവെന്നതോടൊപ്പം ജീവിതം അസ്സന്തുഷ്ടി നിറഞ്ഞതും ആകുന്നു. ലൈംഗികതലത്തിൽ ഇത് വളരെ ശരിയാണുതാനും. ശാശ്വതമല്ലാതെയുള്ള താത്കാലിക ലൈംഗികബന്ധം നിത്യതയ്ക്കും ശാശ്വതമായതിനുംവേണ്ടിയുള്ള മനസ്സിന്റെ വ്യഗ്രതയ്ക്ക് എതിരാണ്. ഒരു വ്യക്തിക്കും ഒരു മനുഷ്യനിർമ്മിതമായ വ്യവസ്ഥകൾക്കും മനസ്സിന്റെ ഈ ആഗ്രഹത്തെ തടഞ്ഞുനിർത്തുവാനാവില്ല.

നിത്യതയുടെ ശബ്ദം നമ്മുടെ മനഃസാക്ഷിയോട് നിരന്തരം സംസാരിക്കുന്നു. മനഃസാക്ഷി നമ്മുടെ ആത്മാവിന്റെ ഏറ്റവും പ്രധാന ഘടകമാണ്. ദൈവം നമുക്കു നൽകുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നത് നമ്മുടെ മനഃസാക്ഷിയാണ് (റോമ. 2:14–16). നമ്മുടെ ആത്മാവിന് മുറിവേൽക്കുമ്പോൾ മനഃസാക്ഷിയാണ് അതു മനസ്സിലാക്കുന്നത്. മനഃസാക്ഷിയെ ശ്രദ്ധിച്ചാൽ തീർച്ചയായും അതിൽനിന്നുവേണ്ട നടത്തിപ്പ് നമുക്കു ലഭ്യമാകും. ദൈവത്തിൽ നിന്ന് നാം വേർപെട്ട് തിരിയുമ്പോൾ നമ്മുടെ മനഃസാക്ഷി വ്യതിചലിപ്പിക്കപ്പെടുകയും തെറ്റായ മാർഗങ്ങളിലേക്ക് തിരിയുകയും ചെയ്യും. ഇത് വ്യക്തികളിൽ മാത്രമല്ല വിവാഹബന്ധങ്ങളിലും സംഭവ്യമാണ്.

ഉല്പത്തി പുസ്തകം 2-ാം അദ്ധ്യായത്തിൽ വിവാഹത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം വായിക്കുന്നു. ദൈവം ആദാമിനെ സൃഷ്ടിച്ചപ്പോൾ അവൻ നിർമ്മിച്ചതെല്ലാം നല്ലത് എന്ന് അവൻ കണ്ടു. എന്നാൽ അവൻ തനിയെ ഇരിക്കുന്നത് നല്ലതല്ല എന്നു കണ്ട് പുരുഷന് തുണയായി ഒരു സ്ത്രീയെ അവൻ സൃഷ്ടിച്ചു. 'പുരുഷനും സ്ത്രീയും' ഇത് ഒരു അതീവ രഹസ്യമാണ്. പുരുഷത്വവും സ്ത്രീത്വവും ദൈവനിർമ്മിതിയിൽ ഒന്നിന്റെ

രണ്ടു വശങ്ങളാണ്. രണ്ടും അവനിൽ നിന്ന് ഉളവായിരിക്കുന്നു. രണ്ടിനെയും തമ്മിൽ വേർതിരിക്കുവാനോ ഓരോന്നിനും തനിയെ നിലനിൽക്കുവാനോ സാധ്യമല്ല.

ദൈവം സൃഷ്ടിച്ച സകലതും വൻപർവ്വതങ്ങളും അഗാധമായ സമുദ്രവും നദികളും കൊടുങ്കാറ്റും ഇടിയും മിന്നലും മഞ്ഞുകട്ടകളും മൈതാനങ്ങളും പൂക്കളും മരങ്ങളും മുൾച്ചെടികളും എല്ലാം ദൈവത്തിന്റെ പ്രകൃതിയിലേക്കും സ്വഭാവത്തിലേക്കും വെളിച്ചം വീശുന്നതാണ്. കാഠിന്യവും പുരുഷത്വവും ശക്തിയും ഉള്ളതുപോലെതന്നെ മാതൃത്വവും മൃദുലതയും വൈകാരികതയും ദൈവത്തിന്റെ പ്രകൃതിയിൽ ഉൾക്കൊള്ളുന്നു. ദൈവത്തിന്റെ മക്കളാകുന്ന പുരുഷന്മാരും സ്ത്രീകളും ഏകരായല്ല ഒരുമിച്ചാണ് വസിക്കേണ്ടത്. അവർ വ്യത്യസ്തരാണെങ്കിലും ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ലക്ഷ്യത്തിലെത്താനുള്ള ഗമനത്തിൽ അതു നിവർത്തിക്കപ്പെടേണ്ടതിന് അന്യോന്യം സഹായവും ബന്ധങ്ങളും അത്യന്താപേക്ഷിതവുമാണ്.

**ദൈവസാദൃശ്യത്തിന് കോട്ടംതട്ടുമ്പോൾ ജീവിതത്തിലെ ബന്ധങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും കോട്ടം തട്ടുന്നു**

ആധുനിക സമൂഹത്തിൽ പുരുഷനും സ്ത്രീയും തമ്മിലുള്ള വ്യത്യാസങ്ങൾ അവ്യക്തവും തെറ്റായതുമായെന്നതാണ് ഒരു ദുഃഖസത്യം. മനുഷ്യനിലുള്ള അസാധാരണവും ശുദ്ധവുമായ ദൈവസാദൃശ്യം വികൃതമാക്കപ്പെട്ടിരിക്കുന്നു. സ്ത്രീ സമത്വത്തെക്കുറിച്ച് ധാരാളം കേൾക്കാമെങ്കിലും ഇന്ന് എവിടെയും സ്ത്രീത്വത്തെ വിരൂപമാക്കുകയും അതു നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. സിനിമകളിലും ടി. വി. പ്രോഗ്രാമുകളിലും മാസികകളിലും പരസ്യങ്ങളിലുംകൂടെ സ്ത്രീയെയും പുരുഷനെയും വെറും ലൈംഗിക വസ്തുവായി മാത്രം ചിത്രീകരിക്കുന്നു.

പൊതുവിൽ പറയുകയാണെങ്കിൽ വിവാഹത്തെ വിശുദ്ധമായി ഇന്നത്തെ സമൂഹം കാണുന്നില്ല. സ്ഥാപിത താത്പര്യങ്ങൾക്കനുസൃതമായി രണ്ടു വ്യക്തികൾ തമ്മിൽ സ്വീകരിക്കുന്ന ഒരു ഉടമ്പടിയായോ അഥവാ ഒരു പരീക്ഷണമായോ ആണ് ഇന്നു പലരും വിവാഹത്തെ കണക്കാക്കുന്നത്. ഒരു വിവാഹബന്ധം പരാജയപ്പെടുമ്പോൾ ഒരു മടിയുംകൂടാതെ വിവാഹമോചനം സ്വീകരിക്കപ്പെടുന്നു. അതിനുശേഷം ഒരു പുതിയ ജീവിതപങ്കാളിയെ കണ്ടെത്താനുള്ള പരിശ്രമവും തുടങ്ങുന്നു. വിവാഹത്തിലെ വിശ്വസ്തതയെ ആസ്പദമാക്കിയുള്ള വാഗ്ദത്തങ്ങൾ എടുക്കുന്നതിനുപോലും പലരും മടിക്കുന്നു. ആ വാഗ്ദത്തങ്ങൾ ഇല്ലാതെ തന്നെ അവർ ഒരുമിച്ചു വസിക്കുന്നു. കുഞ്ഞുങ്ങളെ പ്രസവിച്ചു വളർത്തുകയും ഭർത്താവിനെ വേർപിരിയാതെ സ്നേഹത്തോടെ വർത്തിക്കുകയും ചെയ്യുന്ന സ്ത്രീകൾ പരിഹസിക്കപ്പെടുന്നു. ഭദ്രതയുള്ള കുടുംബജീവിതം നയിക്കുന്ന സ്ത്രീകൾ ഭർത്താക്കന്മാരുടെ പീഡനത്തിനിരയായി ജീവിക്കുന്നവർ എന്ന രീതിയിൽ, അവർ വിടുവിക്കപ്പെടേണ്ടിയിരിക്കുന്നുവെന്നുപോലും വ്യാഖ്യാനിക്കപ്പെടുന്നു.



ശിശുക്കൾ ഇന്ന് വിലമതിക്കപ്പെടുന്നില്ല. ഫലപുഷ്ടിയുള്ളവരായി പെരുകുക"എന്ന് ഉല്പത്തി പുസ്തകത്തിൽ ദൈവം അരുളിച്ചെയ്തിരിക്കുന്നു. എന്നാൽ ഇന്ന് നിയമാനുസൃതമായ ഗർഭച്ഛിദ്രത്തിൽക്കൂടി ആവശ്യമില്ല എന്നു കരുതുന്ന നിരവധി ശിശുക്കളെ ഇല്ലായ്മ ചെയ്യുന്നു. ശിശുക്കൾ ഒരു പ്രശ്നമായും വളർത്തി കോളജ് വിദ്യാഭ്യാസം നൽകി വലുതാക്കുന്നതിന് ചെലവേറിയതുമായും ഇന്നു പലരും കരുതുന്നു. ഇന്നത്തെ ഭൗതികലോകത്തിൽ അവർ ഒരു സാമ്പത്തിക ബാധ്യതയായി കണക്കാക്കപ്പെടുന്നു. അവർക്കു സ്നേഹവും കരുതലും നൽകുമ്പോൾ അവർ സമയം നഷ്ടപ്പെടുത്തുന്നുവെന്ന ചിന്തയും ധാരാളമായിക്കാണാം.

പ്രത്യാശയില്ലാതെ ജീവിതം നയിക്കുന്ന ധാരളം മനുഷ്യർ ഇന്നുണ്ട് എന്നതിൽ അതിശയിക്കേണ്ട കാര്യമില്ല. നീണ്ടു നിൽക്കുന്ന സ്നേഹം എന്നത് ഒരു മിഥ്യയായി പലരും കണക്കാക്കുന്നു. ജീവിതത്തിന്റെ വില ഇന്ന് നഷ്ടപ്പെട്ടിരിക്കുന്നു. വിലകുറഞ്ഞതാണ് ഇന്നത്തെ ജീവിതം. ജീവിതം ദൈവത്തിന്റെ ദാനമായി ഇന്ന് പലരും പരിഗണിക്കുന്നില്ല. ആധുനിക വൈദ്യശാസ്ത്രത്തിന്റെ പുരോഗതിയുടെ പശ്ചാത്തലത്തിൽ നിരവധി ദമ്പതികൾ സ്വാർത്ഥ താത്പര്യത്തിന്റെ അടിമകളായി ഗർഭച്ഛിദ്രം നടത്തുന്നു. ദൈവമില്ലാത്ത ജീവിതത്തിന് അർത്ഥമില്ല. ദൈവത്തിൽനിന്ന് അകന്നുള്ള ജീവിതം അന്ധകാരമാണ്.

പ്രതിഷ്ഠാപുരസ്സരം ജീവിക്കുന്ന നിരവധി വ്യക്തികൾ ഉണ്ടെങ്കിലും ഈവിധ പ്രശ്നങ്ങളെ നേരിടുന്നതിൽ സഭ ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. എന്തുകൊണ്ടാണ് ദൈവം പുരുഷനെയും സ്ത്രീയേയും സൃഷ്ടിച്ചത് എന്നത് നാം ഓരോരുത്തരും തിരിഞ്ഞ് നമ്മോടുതന്നെ ചോദിക്കേണ്ടതാണ്. ദൈവം ഓരോ വ്യക്തിയേയും അവന്റെ സ്വന്ത സാദൃശ്യത്തിൽ സൃഷ്ടിച്ചു. ഓരോ പുരുഷനും സ്ത്രീക്കും പൈതലിനും നിർവ്വഹിക്കേണ്ടതായ ചുമതലകളും അവൻ നൽകി. അത് നിവർത്തിക്കപ്പെടണമെന്ന് അവൻ ആഗ്രഹിക്കുകയും ചെയ്യുന്നു. സൃഷ്ടിയെക്കുറിച്ചുള്ള ദൈവത്തിന്റെ ദിവ്യോദ്ദേശ്യങ്ങൾ നിരാകരിക്കുവാൻ ആർക്കും സാധ്യമല്ല (സങ്കീ. 7:14–16).

ആധുനിക കാലത്തിന്റെ ഭൗതികവാദം ജീവിതത്തിൽനിന്ന് ആത്മീയവും സദാചാരപരവുമായ മൂല്യങ്ങളെ നശിപ്പിക്കുന്നു. ലോകത്തെ ആദരവോടും ഭക്തിയോടുംകൂടെ ദർശിക്കുന്നതിന് ഭൗതികവാദം തടസ്സം സൃഷ്ടിക്കുന്നു. ഇന്നത്തെ കച്ചവട സംസ്കാരം (Consumerism) നൽകുന്ന മാനസികവും ആത്മീയവുമായ ദാരിദ്ര്യം നമ്മുടെ മനഃസാക്ഷിയെ കാർന്നുതിന്ന് തെറ്റും ശരിയും തിരിച്ചറിയുവാൻ വൈഷമ്യമുള്ളതാക്കിത്തീർക്കുന്നു. എന്നാൽ നമ്മുടെ അന്തരംഗത്തിൽ നന്മയ്ക്കുവേണ്ടിയുള്ള അഭിവാഞ്ഛ ഇന്നും നിലനിൽക്കുന്നു.

ദൈവമാണ് നമ്മുടെ സൃഷ്ടിതാവ്. ജീവനും സ്നേഹവും ദയയും അവന്റെ ദാനങ്ങളാണെന്ന് ഉറച്ച് വിശ്വസിക്കുന്നതിൽക്കൂടി മാത്രമാണ് നാം സൗഖ്യം പ്രാപിക്കുന്നത്. യോഹന്നാന്റെ സുവിശേഷം മൂന്നാം അദ്ധ്യായത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "തന്റെ ഏകജാതനായ

പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ. 3:16).

ദൈവപുത്രനായ യേശുവിൽ സൃഷ്ടിതാവിന്റെ സാദൃശ്യം ഏറ്റവും വ്യക്തമായും സ്ഫുടമായും ദൃശ്യമാണ് (കൊലൊ. 1:15). ദൈവത്തിന്റ പൂർണ്ണമായ സാദൃശ്യം എന്ന നിലയിൽ, പിതാവിലേക്കുള്ള ഏകവഴി എന്ന നിലയിൽ, അവൻ നമുക്ക് ജീവനും ഐക്യവും സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നു. അവനിൽ ജീവിക്കുന്നതിൽക്കൂടി മാത്രമാണ് അവന്റെ സത്യവും നന്മയും നമുക്ക് അനുഭവമാകുന്നത്. നമ്മുടെ യഥാർത്ഥ ഗതിയും ലക്ഷ്യവും അവനിൽക്കൂടി മാത്രമാണ് വെളിവാകുന്നത്. ദൈവസാദൃശ്യമാണ് നമ്മുടെ ലക്ഷ്യം. അതിന്റെ വെളിച്ചത്തിൽ, അവന്റെ ആത്മാവിൽ, ക്രിയാത്മകമായി സ്നേഹം നൽകുന്ന ജീവന്റെ ആത്മാവിൽ നമുക്ക് ഈ ലോകത്തിൽ വാഴാം.



# 2

# "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല"

**അ**നന്തരം യഹോവയായ ദൈവം "മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല, ഞാൻ അവനു തക്കതായ ഒരു തുണ ഉണ്ടാക്കിക്കൊടുക്കും എന്ന് അരുളിച്ചെയ്തു"... ദൈവം മനുഷ്യന് ഒരു ഗാഢനിദ്ര വരുത്തി. അവൻ ഉറങ്ങിയപ്പോൾ അവന്റെ വാരിയെല്ലു കളിൽ ഒന്നെടുത്ത് അതിന് പകരം മാസം പിടിപ്പിച്ചു. യഹോവയായ ദൈവം വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ, ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽനിന്ന് അസ്ഥിയും എന്റെ മാംസത്തിൽനിന്ന് മാംസവും ആകുന്നു. ഇവളെ നരനിൽനിന്ന് എടുത്തിരിക്കയാൽ ഇവൾക്ക് നാരി എന്നു പേരാകും (ഉല്പ.2:18, 21-23).

ഏകാന്തതയെ നേരിടുകയെന്നത് മനുഷ്ന് ഏറ്റവും വൈഷമ്യമേറിയ അനുഭവമാണ്. ഏകാന്തത്തടവുകാരുടെ അനുഭവത്തിൽ, ജീവനുള്ള എന്തിനെയെങ്കിലും, ഒരു എട്ടുകാലിയാണെങ്കിൽപ്പോലും, അതിനെ കാണുന്നത് സന്തോഷകരമായി അനുഭവപ്പെടുന്നു. ഒരു സമൂഹജീവിയായിട്ടാണ് ദൈവം നമുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. എന്നാൽ ആധുനികലോകത്തിൽ ബന്ധങ്ങളില്ലാതിരിക്കുന്ന ഏകാന്തതയുടെ അവസ്ഥ ഭയാനകമാണ്. ജീവിതത്തിന്റെ പല രംഗങ്ങളിലും സാങ്കേതിക പുരോഗതി സാമൂഹ്യബന്ധങ്ങളിൽ കോട്ടം വരുത്തുന്നു. ആളുകളുടെ സഹകരണം ആവശ്യമില്ലാത്ത ഒരു സാഹചര്യമാണ് സാങ്കേതിക പുരോഗതി കൈവരുത്തുന്നത്.

വയോധികർ വയോധികമന്ദിരങ്ങളിലോ അതിനുവേണ്ടിയുള്ള മറ്റു സ്ഥാപനങ്ങളിലോ പ്രവേശിക്കുമ്പോഴും തൊഴിലാളികൾക്കു പകരമായി യാന്ത്രികമനുഷ്യരെ ഉപയോഗിക്കുമ്പോഴും യുവതീയുവാക്കൾ വർഷംതോറും ഉപകാരപ്രദമായ പ്രവർത്തനരംഗങ്ങൾ കണ്ടെത്തുന്നതിന് നട്ടംതിരിയുമ്പോഴും അവർ നിരാശയിലും പ്രത്യാശയില്ലായ്മയിലും അകപ്പെടുന്നു. അവരിൽ പലരും മനഃശാസ്ത്രജ്ഞന്മാരുടെയും മറ്റും സഹായം തേടുന്നു. മറ്റു ചിലർ മദ്യപാനം മയക്കുമരുന്നുകൾ, ആത്മഹത്യ ഇവയിൽ ഏതെങ്കിലും ഒന്നിന് അടിമപ്പെടുന്നു. ദൈവത്തിൽനിന്നും മറ്റുള്ളവരിൽനിന്നും വേർപിരിയുമ്പോൾ അനേകായിരങ്ങൾ നിരാശയ്ക്ക് അധീനരാകുന്നു.

മറ്റുള്ളവരിൽനിന്നുള്ള അകൽച്ച ഐക്യബോധം നഷ്ടപ്പെടുത്തുകയും നിരാശ വർദ്ധിപ്പിക്കുകയും ചെയ്യും. തോമസ് മേർട്ടൺ (Thomas Merton) ഇപ്രകാരം എഴുതുന്നു: “സ്വയസ്നേഹത്തിന്റെ അന്തിമ പരിണാമമാണ് നിരാശ. ഇത് ഏവരിൽനിന്നുമുള്ള സഹായവും സഹകരണവും നിരാകരിച്ച് സ്വയംകേന്ദ്രീകരിച്ച് ജീവിക്കുന്നതിൽക്കൂടി സ്വയം നഷ്ടപ്പെടുക എന്ന അവസ്ഥയാണ്. അഹന്തയിൽ നിന്ന് ഉളവാകുന്ന ഇത് വളർന്നു തഴയ്ക്കുമ്പോൾ നിരാശ ഉണ്ടാക്കുന്നു. എന്നാൽ ദൈവത്തെ മനസ്സിലാക്കി, ബന്ധം പുനഃസ്ഥാപിച്ച് ദൈവിക സന്തോഷം ലഭ്യമാകുമ്പോൾ, നമ്മുടെ ഗതിയും ലക്ഷ്യവും, നമുക്ക് തനിയെ ഉളവാക്കുവാൻ സാധ്യമല്ല എന്ന ഉൾബോധം നമ്മിലുളവാക്കും. താഴ്മയുള്ള ഒരുവന് നിരാശ ഉണ്ടാകുകയില്ല; എന്തെന്നാൽ സ്വയംപരിതപിക്കുന്ന സ്വഭാവത്തിൽ നിന്ന് താഴ്മയുള്ളവർ വിമുക്തരാണ്.’

അഹന്ത എന്നത് ഒരുവനെ മരണത്തിലേക്കു നയിക്കുന്ന ശാപമാണ്. എന്നാൽ താഴ്മ ഒരുവനെ സ്നേഹത്തിലേക്കു നയിക്കുന്നു. മനുഷ്യജാതിക്ക് നൽകപ്പെട്ടിരിക്കുന്ന ഏറ്റവും വലുതായ ദാനമാണ് സ്നേഹം. അതു നമ്മുടെ യഥാർത്ഥ വിളി അത്രേ. ജീവിതത്തിന്റെ ക്രിയാത്മകതയാണ് സ്നേഹം. സമൂഹം എന്നതിന്റെ അടിസ്ഥാനവും സ്നേഹത്തിലാണ് നിലനിൽക്കുന്നത്. ജീവന്റെ ഉത്തേജനം സ്നേഹത്തിൽ മാത്രമാണെന്നതിനാൽ മനുഷ്യന്റെ നിലനിൽപ്പ് സ്നേഹത്തിൽ ഉൾക്കൊള്ളുന്നു.

**മറ്റുള്ളവരോടൊപ്പം, അവർക്കുവേണ്ടി ജീവിപ്പാൻ ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നു**

നമ്മുടെ സൃഷ്ടിയിൽ ദൈവസാദൃശ്യം ഉൾക്കൊള്ളിച്ചിരിക്കുന്നതിനാൽ അവനെപ്പോലെയാകുവാനുള്ള വ്യഗ്രതയും, സ്നേഹം, സന്തോഷം, ഐക്യം ഇവയ്ക്കു വേണ്ടിയുള്ള അഭിവാഞ്ഛയും നമ്മുടെ മനുഷ്യസ്വഭാവത്തിൽ ഉൾക്കൊള്ളുന്നു. തന്റെ അവസാന പ്രാർത്ഥനയിൽക്കൂടി യേശുക്രിസ്തു ഈ ആത്മീയവ്യഗ്രതയെ വ്യക്തമാക്കുന്നു.

‘ഇവർക്കുവേണ്ടി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കുവേണ്ടിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകേണ്ടതിന്, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും തമ്മിൽ ആകേണ്ടതിനുതന്നെ”(യോഹ. 17:20-21).

സ്നേഹം ഇല്ലാതെ ആർക്കും ജീവിക്കുവാൻ സാധ്യമല്ല.  ദൈവനാമത്തിൽ ചുറ്റുപാടുള്ള ഓരോരുത്തരെയും സ്നേഹിക്കുവാൻ ദൈവം ഓരോരുത്തരെയും വ്യക്തികളായി വിളിക്കുന്നു. ദൈവികവിളിയുടെ അടിസ്ഥാനം ‘സ്നേഹ’മാണ് (ഉല്പ. 4:8–10).

സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഒരു സമൂഹം വളർത്തുവാനും അന്യോന്യം സഹായിക്കുവാനും ദൈവം നമ്മോട് ആവശ്യപ്പെടുന്നു. ഒരു സഹോദരന്റെയോ സഹോദരിയുടെയോ ഹൃദയാന്തർഭാഗത്തെ ആവശ്യത്തെ നേരിടുമ്പോൾ ദൈവത്തിന്റെ നാമത്തിൽ അവരെ സഹായിപ്പാൻ നമുക്ക് സാധിക്കും. എന്തെന്നാൽ ദൈവമാണ് ഈ സഹായം നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത്. യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക. “നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നുവെന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു”(1 യോഹ.3:14). നമ്മുടെ ജീവിതത്തിന് സമ്പൂർണ്ണത ലഭ്യമാകുന്നത്, സ്നേഹം നമ്മിൽ ഉദിച്ച്, വിളങ്ങി, വളർന്ന് ഫലം കായ്ക്കുമ്പോൾ മാത്രമാണ്.



ദൈവത്തെ പൂർണ്ണഹൃദയത്തോടും ആത്മാവോടും ശക്തിയോടും കൂടി സ്നേഹിക്കുക എന്നതും കൂട്ടുകാരനെ തന്നെപ്പോലെ തന്നെ സ്നേഹിക്കുക എന്നതുമാണ് യേശു നമ്മോട് അരുളിച്ചെയ്യുന്ന പ്രധാന കൽപ്പനകൾ. ഈ രണ്ടു കൽപ്പനകൾ തമ്മിൽ വേർതിരിപ്പാൻ സാധ്യമല്ല. മറ്റുള്ളവരെ സ്നേഹിക്കുന്നതിൽക്കൂടി മാത്രമാണ് ദൈവസ്നേഹം വ്യക്തമാക്കപ്പെടുന്നത്. മറ്റുള്ളവരെ അവഗണിച്ച് ദൈവവുമായി ഒരു ബന്ധം സ്ഥാപിക്കുന്നത് അസാധ്യമാണ് (1 യോഹ. 4:19–21). ദൈവത്തിങ്കലേക്കുള്ള നമ്മുടെ വഴി സഹോദരീസഹോദരന്മാരിൽക്കൂടിയും വിവാഹജീവിതത്തിലെ പങ്കാളിയിൽക്കൂടിയുമാണ് പ്രകടമാക്കപ്പെടുന്നത്.

ദൈവസ്നേഹം നമ്മിൽ നിറഞ്ഞുകവിയുന്നുവെങ്കിൽ നമുക്ക് ഏകാന്തത അനുഭവിക്കേണ്ടി വരികയില്ല. നാം മറ്റുള്ളവരിൽ നിന്ന് മാറിനിൽക്കുകയില്ല. നമ്മുടെ അടുത്തുള്ളവരെ നാം സ്നേഹിക്കും. ദൈവവും അയൽക്കാരനും നമുക്കു സമീപസ്ഥരാണ്. അവരെ കണ്ടെത്തുകയും മനസ്സിലാക്കുകയുമാണ് നാം ചെയ്യേണ്ടത്. അടുത്ത സമയത്ത് ഞങ്ങളുടെ സമൂഹത്തിലുള്ള ഷോൺ എന്ന ചെറുപ്പക്കാരൻ മറ്റുള്ളവരുമായി ബന്ധപ്പെടുന്നതിലുള്ള തന്റെ സന്തോഷം എന്നോട് അറിയിച്ചു. ഷോൺ ബാൾടിമോർ (Baltimor) എന്ന സ്ഥലത്ത് നിർദ്ധനരായവർക്കുവേണ്ടിയുള്ള ഒരു ഭവനനിർമ്മാണ പദ്ധതിയിൽ സഹായിക്കുകയായിരുന്നു. ഈ പ്രവർത്തനത്തിൽക്കൂടി മറ്റുള്ളവരെ സഹായിക്കുന്നുവെന്നതിൽ ഷോൺ സന്തുഷ്ടനായിരുന്നു. എന്നാൽ വൈകുന്നേരം എന്താണ് ചെയ്യേണ്ടത് എന്നറിയുവാൻ പാടില്ലാതെ ടി.വിയുടെ മുമ്പിൽ ഷോൺ സമയം ചെലവഴിച്ചിരുന്നു. ഷോണിന്റെ വാക്കുകൾ ഇപ്രകാരമാണ്:

“ടി. വി.ക്കു മുമ്പിൽ ഞാൻ എന്റെ സമയം പാഴാക്കി. ജീവിക്കുവാനുള്ള വ്യഗ്രത എന്നിൽ ഇല്ലാതെയായി. ആ സമയത്ത് നഗരത്തിലെ നിർദ്ധനരായ കുട്ടികളെ പഠിപ്പിക്കുന്നതിന്റെ ഒരു പദ്ധതിയെക്കുറിച്ച് ഒരാൾ എന്നോടു പറഞ്ഞു. അവർക്ക് അതിനുവേണ്ടി സന്നദ്ധരായ യുവാക്കളെ ആവശ്യമുണ്ടായിരുന്നു. അതിൽ പങ്കെടുക്കുവാൻ ഞാനും പേരു നൽകി. എല്ലാ രാത്രിയും ഞാൻ ഇപ്പോൾ അവരെ സഹായിക്കുന്നു. ഈ ഒരു അനുഭവം എന്റെ ജീവിതത്തിന് ഉത്തമ വ്യതിയാനവും നൽകി. സ്നേഹം മറ്റുള്ളവരിലേക്കു പകരുന്നതിനുവേണ്ടിയുള്ള പുതിയ കാഴ്ചപ്പാടുകൾ എനിക്കു ലഭ്യമായി. സ്നേഹത്തിനുവേണ്ടി കേഴുന്ന നിരവധി ആളുകളുണ്ട് എന്ന് അപ്പോഴാണ് മനസ്സിലാക്കുന്നത്.”

മറ്റുള്ളവർക്കു സ്നേഹം നൽകാതെ മറ്റുള്ളവരുടെ സ്നേഹത്തിനു നാം ആഗ്രഹിക്കുമ്പോഴാണ് ഏകാന്തത ഉളവാകുന്നത്. മറ്റുള്ളവർക്കു സ്നേഹം നൽകുന്നതിൽക്കൂടിയാണ് നമുക്ക് യഥാർത്ഥ സന്തോഷം ലഭ്യമാകുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു സമൂഹമാണ് നാം വളർത്തേണ്ടത്. ഈ തലത്തിൽ നമ്മുടെ അയൽക്കാർ നമ്മുടെ സഹോദരങ്ങളാണ്. ഈ സ്നേഹം ലഭ്യമാകുന്നതിനുവേണ്ടി നമുക്കും ദൈവത്തോട് ആവശ്യപ്പെടാം. ഈ സ്നേഹം ദൃശ്യമാകുന്നത് കർത്താവിന്റെ കുരിശിന്റെ ചുവട്ടിലെ താഴ്മയിൽ മാത്രമാണ്.

**ഓരോ വ്യക്തിയും ദൈവസ്നേഹത്തിന്റെ ഉപകരണം മാത്രം**

ദൈവം ആദാമിനെയും ഹവ്വായേയും സൃഷ്ടിച്ചത് അന്യോന്യം തുണ നൽകുവാനും സഹായിപ്പാനും സ്നേഹിപ്പാനും ആണ്. പുരുഷൻ സ്ത്രീയിലേക്കും സ്ത്രീ പുരുഷനിലേക്കും ആകർഷിക്കപ്പെട്ടുവെന്നതു വ്യക്തമാണ്. ഇപ്രകാരം ബന്ധപ്പെടുന്നത് ദൈവഹിതപ്രകാരവും അവർക്കു സംതൃപ്തി പ്രദാനം ചെയ്യുന്നതുമാണ്. നാം എല്ലാവരും അവന്റെ സാദൃശ്യത്തിലും രൂപത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കയാൽ വിവാഹിതരാണെങ്കിലും അല്ലെങ്കിലും അന്യോന്യം സന്തോഷത്തിലും സ്നേഹത്തിലും ജീവിക്കേണ്ടതാണ്.

ഹവ്വയെ ആദമിലേക്കു നയിക്കുന്നതിൽക്കൂടി ദൈവം മനുഷ്യരാശിയെ അവരുടെ പ്രത്യേക വിളിയെക്കുറിച്ച്, അന്യോന്യം സഹായവും തുണയും ആയിരിക്കണമെന്ന ദൗത്യത്തെക്കുറിച്ച് ബോധവാന്മാരാക്കുന്നു. അവന്റെ പുത്രനായ യേശുക്രിസ്തുവിനെ അയച്ചതിൽക്കൂടി അവന്റെ സാമീപ്യവും സഹായവും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കുമെന്ന് നമുക്ക് കാണിച്ചുതന്നിരിക്കുന്നു. യേശു ഇപ്രകാരം പറയുന്നു; "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല; ഞാൻ നിങ്ങളുടെ അടുക്കൽ വരും... എന്റെ കൽപ്പനകൾ പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു;എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു; ഞാനും അവനെ സ്നേഹിച്ച് അവന് എന്നെത്തന്നെ വെളിപ്പെടുത്തും"(യോഹ. 14:18-21).

ഈ വാക്കുകളുടെ അർത്ഥഗാംഭീര്യവും കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന ഈ ലോകത്തിനുള്ള അവയുടെ വാഗ്ദത്തവും ആർക്കും മനസ്സിലാക്കാം. ഹതഭാഗ്യക്കാർക്കും, ഏകാന്തതയിലും നിരാശയിലും കഴിയുന്നവർക്കും, ദൈവം അവരെ കൈവിടുകയില്ല, ഉപേക്ഷിക്കുകയും ഇല്ല എന്ന് ആശ്വസിക്കാം. മാനുഷികതലത്തിൽ സ്നേഹിതർ നഷ്ടപ്പെട്ടാലും ദൈവത്തെ മുറുകെപ്പിടിച്ചാൽ അവർക്ക് ഒരിക്കലും ഏകാന്തത അനുഭവിക്കേണ്ടി വരികയില്ല.

ദൈവം ആദാമിനെയും ഹവ്വായേയും കൂട്ടിച്ചേർത്തതു മുഖാന്തരം അവരുടെ ഏകാന്തതയ്ക്ക് സൗഖ്യം വരുത്തുകയും അവർ ഒറ്റയ്ക്ക് എന്ന അവസ്ഥയ്ക്ക് വിരാമം നൽകുകയും ചെയ്തു. ഓരോ പുരുഷനെയും സ്ത്രീയേയുംകുറിച്ച് വിവാഹബന്ധത്തിൽക്കൂടി ഈ ഒരു ബന്ധം ദൈവം ഉദ്ദേശിക്കുന്നു. എന്നാൽ വിവാഹബന്ധത്തിൽക്കൂടി മാത്രം





പൂർണ്ണത ഉളവാകുന്നില്ല. നാം ക്രിസ്തുവിൽ വസിക്കുന്നില്ല എങ്കിൽ ഫലം കായ്ക്കുകയില്ല. നമ്മുടെ സഹായവും പ്രത്യാശയും ജീവനും ആകുന്ന യേശുവിനെ സ്നേഹിക്കുന്നതിൽക്കൂടി മാത്രമാണ് അന്യോന്യമുള്ള അറിവിലും സ്നേഹത്തിലും വളരുവാൻ സാധിക്കുന്നത്. ആന്തരികമായി നാം ക്രിസ്തുവിൽനിന്ന് അകലുന്നുവെങ്കിൽ ഫലപ്രാപ്തിയില്ലാതെ സകലതും താറുമാറാകും. സകലത്തെയും നമ്മെയും ദൈവസന്നിധിയിലേക്കു നയിക്കുന്നത് യേശുക്രിസ്തുവാണ് (കൊലൊ. 1:17-20).

**യഥാർത്ഥ സ്നേഹത്തിന്റെ ഉറവിടവും ലക്ഷ്യവും ദൈവമത്രേ**

ജീവിതത്തിന്റെ പരമലക്ഷ്യം വിവാഹമല്ല. ദൈവത്തോടുള്ള സ്നേഹവും സഹോദരന് സഹോദരിമാരോടുള്ള സ്നേഹവും ദൈവസാദൃശ്യമുള്ള മനുഷ്യരിൽ വളരെ ദർശിക്കുവാൻ സാധിക്കും. ഒരു യഥാർത്ഥ ക്രിസ്തീയ വിവാഹത്തിൽ ഭർത്താവ് ഭാര്യയേയും കുഞ്ഞുങ്ങളേയും തന്നിലേക്ക് ആകർഷിക്കുന്നതിലുമുപരിയായി ദൈവത്തിങ്കലേക്ക് നയിക്കുകയാണ് വേണ്ടത്. അതുപോലെ ഒരു ഭാര്യ ഒരു സഹായി എന്ന നിലയിൽ ഭർത്താവിനോടു ചേർന്ന് ഒരുമിച്ച് തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തെ സ്നേഹിപ്പാനും മാതാപിതാക്കളെ ബഹുമാനിക്കുവാനും ഉത്തേജനം നൽകണം.

ദൈവനാമത്തിൽ സഹായി ആയിരിക്കുകയെന്നത് ഒരു ഉത്തരവാദിത്വമെന്നതിലുമുപരിയായി ലഭ്യമായിരിക്കുന്ന ഒരു ദാനം ആണ്. ഈ വസ്തുതകൾ മനസ്സിലാക്കി പ്രവർത്തിക്കുന്നുവെങ്കിൽ നമ്മുടെ വ്യക്തിബന്ധങ്ങൾ പൂർവ്വാധികം മെച്ചമായിത്തീരും. ഭയവും തെറ്റിദ്ധാരണകളും വളർന്നുപന്തലിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. സമൂഹത്തേയും സഭയേയും കെട്ടിപ്പടുക്കുന്ന സ്നേഹം ഇന്ന് എവിടെ കാണുന്നു?

സ്നേഹം രണ്ടുതരത്തിലുണ്ട്. ഒന്ന്, സ്വാർത്ഥരഹിതമായി മറ്റുള്ളവരുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നത്. രണ്ട്, സ്വാർത്ഥതയുടെ സ്നേഹം-അതായത് എല്ലാം തനിക്കുവേണ്ടിയെന്ന ദുരാഗ്രഹത്തിൽനിന്ന് ഉടലെടുക്കുന്ന സ്നേഹം. വിശുദ്ധ അഗസ്റ്റിൻ ഇപ്രകാരം പറയുന്നു, "ആത്മാവിന്റെ കൈകളാണ് സ്നേഹം. ഒന്നിനെ മുറുകെപ്പിടിക്കുമ്പോൾ മറ്റേതിന്റെ പിടി വിട്ടുപോകും. ഒരാൾ നൽകുന്നത് സ്വീകരിക്കുമ്പോൾ കയ്യിലുള്ളതിന്റെ പിടി അയഞ്ഞുപോകും."ദൈവത്തിന്റെ സ്നേഹം യാതൊന്നും ആഗ്രഹിക്കുന്നില്ല. അതു നൽകുകയും ബലിയായി അർപ്പിക്കപ്പെടുകയും ചെയ്യുന്നതിൽക്കൂടി സന്തോഷിക്കുന്നു.

സ്നേഹത്തിന്റെ വേരുകൾ ദൈവത്തിങ്കലാണ് സ്ഥിതി ചെയ്യുന്നത്. അത് നമ്മെ മറ്റുള്ളവരിലേക്ക് അവരുടെ ജീവിതത്തിൽ പങ്കുവഹിപ്പാൻ വേണ്ടി ക്ഷണിക്കുന്നു. അതിനേക്കാളുപരിയായി സ്നേഹം നമ്മെ ദൈവരാജ്യത്തിലേക്കു നയിക്കുന്നു. വരുവാനിരിക്കുന്ന ദൈവരാജ്യത്തിന്റെ മർമ്മം സ്നേഹമത്രേ.

ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല ഞാൻ നിങ്ങളുടെ അടുക്കൽ വരും...ഞാൻ ജീവിക്കുന്നതുകൊണ്ട് നിങ്ങളും ജീവിക്കും. ഞാൻ

എന്റെ പിതാവിലും നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും എന്ന് നിങ്ങൾ അന്ന് അറിയും. എന്റെ കൽപ്പനകൾ ലഭിച്ചു പ്രമാണിക്കുന്നവർ എന്നെ സ്നേഹിക്കുന്നവർ ആകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു അവന്ന് എന്നെ ത്തന്നെ വെളിപ്പെടുത്തും"(യോഹ. 14:18-21).



3

# 'അവർ ഏക ദേഹമായിത്തീരും'

*"അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും; അവർ ഏകദേഹമായിത്തീരും" (ഉല്പ. 2:24).*

വിവാഹം വിശുദ്ധമായ ഒരവസ്ഥയാണ്. പഴയനിയമത്തിൽ ദൈവവും ദൈവജനമായ യിസ്രായേലും തമ്മിലുള്ള ബന്ധത്തെ പ്രവാചകൻ ഇപ്രകാരം വിശേഷിപ്പിക്കുന്നു. "ഞാൻ നിന്നെ സദാകലാത്തേക്കും എനിക്ക് വിവാഹത്തിന് നിശ്ചയിക്കും. അതേ, നീതിയോടും ന്യായത്തോടും ദയയോടും കരുണയോടുംകൂടെ നിന്നെ എനിക്ക് വിവാഹത്തിനു നിശ്ചയിക്കും" (ഹോശ. 2:19–20). ഭർത്താവും ഭാര്യയും തമ്മിലുള്ള ഒരു അഭേദ്യബന്ധത്തിന്റെ തലത്തിൽ ദൈവം തന്റെ എല്ലാ ജനതയോടുമുള്ള അതീവസ്നേഹം വെളിപ്പെടുത്തുന്നു.

**സന്തോഷത്തോടെ ഒരുമിച്ചു ജീവിക്കുന്നതിലുപരിയാണ് വിവാഹജീവിതം**

പുതിയനിയമത്തിൽ വിവാഹജീവിതം ക്രിസ്തുവും സഭയും തമ്മിലുള്ള ബന്ധത്തിന്റെ ചിഹ്നമായിട്ട് ഉപയോഗിക്കുന്നു. യോഹന്നാന്റെ സുവിശേഷത്തിൽ യേശുവിനെ മണവാളനായും ചിത്രീകരിക്കുന്നുണ്ട്. വെളിപാടു പുസ്തകത്തിൽ "കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലോ; അവന്റെ കാന്തയും തന്നത്താൻ ഒരുക്കിയിരിക്കുന്നു..."എന്നു നാം വായിക്കുന്നു (വെളി. 19:7–9)

യേശു കാനാവിലെ കല്യാണവിരുന്നിൽ വെള്ളം വീഞ്ഞാക്കിയ ചരിത്രം, വിവാഹബന്ധത്തിന്റെ സന്തോഷത്തെയും പുതുമയെയുംകുറിച്ച് യേശുവിനുണ്ടായിരുന്ന കാഴ്ചപ്പാടുകൾ വ്യക്തമാക്കുന്നു. യേശുവിന്റെ ചിന്തയിൽ വിവാഹം വിശുദ്ധമായ അവസ്ഥയാണ്. ആ ഉത്തമ ബന്ധത്തിന്റെ തളർച്ചയ്ക്കും അതിന്റെ നാശത്തിനുള്ള സാദ്ധ്യതകൾക്കുമെതിരായി ഏറ്റവും ശക്തവും വ്യക്തവുമായ ഭാഷയിലാണ് കർത്താവ് സംസാരിക്കുന്നത്. "ദൈവം കൂട്ടിച്ചേർത്തതിനെ ആരും വേർപിരിക്കരുത്" (മത്താ. 19:6–9).

ദൈവത്തിന്റെ കണ്ണുകളിൽ വ്യഭിചാരം എത്ര ഭീകരമാണ് എന്ന വസ്തുത ഏറ്റവും മൂർച്ചയേറിയ വാക്കുകളിൽക്കൂടി കർത്താവ് വ്യക്തമാക്കുന്നു. വേദപുസ്തകം പൊതുവേ, വിഗ്രഹാരാധന വ്യഭിചാരമാണ് എന്നു സമർത്ഥിക്കുന്നു. പ്രവാചകശബ്ദം (യിരെ.13:25-27) മുതൽ വെളിപാടു പുസ്തകത്തിൽ വേശ്യമാരുടെയും മ്ലേച്ഛതയുടെ മാതാവി (വെളി. 17:5)ന്റെയും നാശം വരെയുള്ള ഭാഗങ്ങളിൽ ശക്തമായ ഭാഷയിൽ വ്യഭിചാരത്തിനും മ്ലേച്ഛതയ്ക്കുമെതിരെ ശബ്ദം ഉയർത്തുന്നു. ഒരു വിവാഹബന്ധം വേർപെടുത്തുമ്പോൾ അതോടൊപ്പം സ്നേഹം മനസ്സിന്റെയും ആത്മാവിന്റെയും യോജിപ്പ് ഇവയെല്ലാം തകർക്കപ്പെടുന്നു. ഭാര്യാഭർത്താക്കന്മാരുടെ ബന്ധത്തിലും ദൈവവുമായുള്ള ബന്ധത്തിലും ഒരുപോലെ ഈ തകർച്ച വ്യക്തമാണ്.

ഇന്നത്തെ ആധുനിക സംസ്കാരത്തിൽ വിവാഹം എന്ന അവസ്ഥ ആടിയാടി നാശത്തിലേക്കു കുതിച്ചുകൊണ്ടിരിക്കുന്നു. ലൈംഗിക സ്വാർത്ഥതയെ പലരും സ്നേഹമായി വിശേഷിപ്പിക്കുന്നു. വിവാഹജീവിതത്തിൽ ഒരുമിച്ചു താമസിക്കുമ്പോൾപ്പോലും ഭാര്യാർത്താക്കന്മാർ സ്വാർത്ഥമതികളായി സ്വയത്തിന് അടിമപ്പെട്ട് ജീവിക്കുന്നു. ത്യാഗമനസ്ഥിതിയും അർപ്പണബോധവും വിശ്വസ്തതയും ഇല്ലാതെ സന്തോഷകരമായി ജീവിക്കാമെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കുന്നു. ഒരേ ഭവനത്തിൽ ഒരുമിച്ചു താമസിക്കുമ്പോഴും എല്ലാ നിബന്ധനകൾക്കും അതീതമായി സ്നേഹിക്കുവാൻ അവർ ഭയപ്പെടുന്നു.

എന്നാൽ എല്ലാ തകർന്ന വിവാഹബന്ധങ്ങളിലും, ദൈവസ്നേഹം യോജിപ്പിന്റെയും രമ്യതയുടെയും സ്നേഹത്തിന്റെയും ആത്മാവിനെ പകരുവാൻ ആഗ്രഹിക്കുന്നു. വിശ്വസ്തതയ്ക്കുവേണ്ടിയുള്ള ഒരു ശബ്ദം മറ്റു പലതിനാലും മൂടപ്പെട്ടിരിക്കുന്നുവെങ്കിലും നമ്മുടെ ഏവരുടെയും മനസ്സിന്റെ ആഴത്തിൽ ഒളിഞ്ഞുകിടപ്പുണ്ട്. സ്വതന്ത്രമായും തുറന്ന ഹൃദയത്തോടുംകൂടി വിശ്വസ്തതയോടെ സ്നേഹിക്കുവാൻ ഈ ശബ്ദം നമ്മെ ആഹ്വാനം ചെയ്യുന്നു. ദൈവത്തിങ്കലേക്കു തിരിഞ്ഞ്, ദൈവത്തിൽ നമ്മുടെ വിശ്വാസം ഉറപ്പിച്ച് ആ തരത്തിലുള്ള ഒരു ബന്ധം മറ്റൊരാളുമായി പങ്കിടുവാൻ തയ്യാറായാൽ വിവാഹബന്ധത്തിൽ ഭദ്രതയും നിറവും ലഭ്യമാകും.

സ്നേഹം മറ്റൊരാളിലേക്കു പകരുന്നതിൽക്കൂടിയാണ് യഥാർത്ഥ നിർവൃതി ഉളവാകുന്നത്. സ്നേഹം പകരുക മാത്രമല്ല, സ്നേഹത്താൽ സംയോജിപ്പിക്കപ്പെടുക എന്നതിൽക്കൂടിയാണ് ഈ നിർവൃതി സഫലീകരിക്കപ്പെടുന്നത്. ഞാൻ വേറൊരു വ്യക്തിയെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ അവനിൽ എന്തെല്ലാം ന്യായമുണ്ട് എന്നതിനെക്കുറിച്ചു മനസ്സിലാക്കുവാനും അവനെ അടുത്തറിയുവാനും എന്റെ സ്വയംകാഴ്ചപ്പാടുകളിൽനിന്ന് പുറത്തേക്കു വരുവാനും പ്രേരിപ്പിക്കപ്പെടും. സ്നേഹത്തിന്റെയും താഴ്മയുടെയും ആത്മാവാൽ സ്വയംബോധവാനായി ദൈവത്തെയും മറ്റുള്ളവരെയും മനസ്സിലാക്കുവാനും ബന്ധം സ്ഥാപിക്കുവാനും ഞാൻ അവനെ സഹായിക്കും. യഥാർത്ഥ സ്നേഹം ഒരിക്കലും സ്വാർത്ഥ



പരമായി പ്രവർത്തിക്കുകയില്ല. അത് സ്വാതന്ത്ര്യത്തിലേക്കും വിശ്വസ്തതയിലേക്കും വിശുദ്ധിയിലേക്കും നയിക്കും.

ഭർത്താവും ഭാര്യയും തമ്മിൽ പുലർത്തുന്ന വിശ്വസ്തത ദൈവത്തിന്റെ നിത്യവിശ്വസ്തതയുടെ ഒരു പ്രതീകമായി കാണാം. എന്തെന്നാൽ എല്ലാ ബന്ധങ്ങളെയും കൂട്ടിച്ചേർക്കുന്നത് ദൈവമാണ്. ദൈവത്തിന്റെ വിശ്വസ്തതയിൽക്കൂടി സ്നേഹം നമ്മിലൂടെ ഒഴുകപ്പെടേണ്ടതിന് ആവശ്യമായ ശക്തി നമുക്കു ലഭ്യമാകുന്നു. അതോടൊപ്പം അന്യോന്യം നമ്മെത്തന്നെ നൽകുവാനും ഇടയാകുന്നു. സ്നേഹത്തിലും ഐക്യത്തിലും മുമ്പോട്ടു പോകുമ്പോൾ സഭയിൽ ആത്മാവിന്റെ ഐക്യം ഉടലെടുക്കുകയും ഏവരെയും സഹോദരീസഹോദരന്മാരായി കാണുവാൻ സാധിക്കുകയും ചെയ്യും (അ. പ്ര. 4:32).

**ഉത്തമ ലൈംഗിക സ്നേഹപ്രകടനത്തിൽക്കൂടി ദൈവസ്നേഹം പ്രകടമാക്കാം**

വിവാഹം കഴിഞ്ഞ ദമ്പതികളുടേതോ അഥവാ വിവാഹത്തിന് ഒരുങ്ങുന്ന യുവമിഥുനങ്ങളുടേതോ ആയ സ്നേഹബന്ധത്തിന് മറ്റു സ്ത്രീപുരുഷ സ്നേഹബന്ധങ്ങളുമായി കാതലായ ഒരു വ്യത്യാസം ദർശിക്കുവാൻ സാധിക്കും. ഒരു വ്യക്തി തന്റെ ഇണയെ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ബന്ധമാണ് വിവാഹബന്ധം. വിവാഹിത(നായ)(യായ) ഒരാൾക്ക് തന്റെ ഭാര്യയുടെയോ ഭർത്താവിന്റെയോ സാമീപ്യം ഏറ്റവും ഹൃദ്യവും സമാധാനസംപൂർണ്ണവുമാണ്. തമ്മിൽ ശാരീരികമായി അല്ലാതെയാണെങ്കിലും അദൃശ്യമായ ഒരു അഭേദ്യബന്ധം അവർ തമ്മിലുണ്ട്. ഈ സുദൃഢ ബന്ധത്തിൽക്കൂടി രണ്ടുപേരുടെയും ജീവിതത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ അവരുടെ മുഖഭാവത്തിൽക്കൂടി പ്രത്യക്ഷ മാകും. ഒരു ജർമ്മൻ കത്തോലിക്കാ സൈക്യാട്രിസ്റ്റായ വോൺ ഗാഗേൺ ഇപ്രകാരം പറയുന്നു: 'ഭാര്യയിൽക്കൂടി മാത്രമാണ് ഭർത്താവ് യഥാർത്ഥ പുരുഷനാകുന്നത്. അതുപോലെതന്നെ ഭർത്താവിൽക്കൂടെ മാത്രമാണ് ഭാര്യയ്ക്കും യഥാർത്ഥ സ്ത്രീത്വം ലഭ്യമാകുന്നത്.'ഒരു യഥാർത്ഥ വിവാഹബന്ധത്തിൽ ഒരു പങ്കാളി, ഇണയെ ജീവിതസംപൂർണ്ണതയ്ക്കു സഹായിക്കുന്നു. അന്യോന്യമുള്ള ഈ സഹവർത്തിത്വസമീപനത്താൽ ഭർത്താവിന്റെയും ഭാര്യയുടെയും ജീവിതം പരിപുഷ്ടിപ്പെടുന്നു. അന്യോന്യമുള്ള അവരുടെ സ്നേഹത്താലും വിശ്വസ്തതയാലും പ്രയത്നഫലത്താലും ഭാര്യാഭർത്തൃബന്ധത്തിൽക്കൂടി ദൈവസാദൃശ്യം ഏറ്റവും മനോഹരവും എന്നാൽ അദൃശ്യവുമായ രീതിയിൽ വെളിപ്പെടുന്നു.

അതുല്യമായ ഈ ബന്ധത്തിൽ 'ഏകദേഹമായിത്തീരും'എന്ന സംജ്ഞയുടെ ആന്തരികാർത്ഥങ്ങൾ വെളിപ്പെടുന്നു. ലൈംഗികവും ശാരീരികവുമായ കൂടിച്ചേരലിനേക്കാളും ഉപരിയാണ് ഈ ബന്ധം. ഹൃദയവും ശരീരവും ആത്മാവും അന്യോന്യംനൽകുന്നതിലും കൂടിച്ചേർന്നുള്ള ഒരുമയിലുംകൂടി ഈ ബന്ധം വ്യക്തമാക്കപ്പെടുന്നു.

രണ്ടു വ്യക്തികൾ ഒരു ശരീരമായിത്തീരുമ്പോൾ അവർ പിന്നീട് രണ്ടല്ല, ഒന്നാണ്. ഒരു പങ്കാളിത്തത്തെക്കാളും സ്നേഹബന്ധത്തേക്കാളും

ഉപരിയായിട്ടുള്ള ഒരു യോജിപ്പിന്റെ ഫലമാണ് ഇവിടെ ദൃശ്യമാകുന്നത്. ഫ്രെഡറിക് നീഷേ (Frederic Neittzche) ഇപ്രകാരം പറയുന്നു: "ഒരു ഏകത്വത്തിനുവേണ്ടിയുള്ള രണ്ടുപേരുടെ തീരുമാനം ഉളവാക്കുന്ന ഫലം ആ തീരുമാനത്തിന്റെ ആകെത്തുകയേക്കാൾ പതിന്മടങ്ങാണ്. ഈ രീതിയിൽനിന്ന് അന്യോന്യ ബഹുമാനവും പൂർത്തീകരണവും ഉളവാകുന്നു."

അന്യോന്യമുള്ള ബഹുമാനത്താലും പൂർണ്ണയോജിപ്പിനാലുമാണ് പൂർണ്ണ ലൈംഗികബോധവും സംതൃപ്തിയും ഉളവാകുന്നത്. കുട്ടികൾ ഉണ്ടാകണമെന്ന ആഗ്രഹവും സന്താനപുഷ്ടിയുള്ളവരായി, ഭൂമിയിൽ പെരുകുക എന്ന കൽപ്പനയും ഒന്നിച്ചുള്ള ജീവിതത്തിൽക്കൂടി പ്രകടമാക്കുന്ന സാക്ഷ്യം ദൈവത്തിൽനിന്ന് ഒഴുകുന്ന അതിയായ സ്നേഹം ദൃശ്യമാക്കപ്പെടുന്നു.

**ദൈവത്തിൽ കേന്ദ്രീകരിച്ചുള്ള വിവാഹബന്ധത്തിൽ ഹൃദയത്തിന്റെയും ആത്മാവിന്റെയും ശരീരത്തിന്റെയും പൂർണ്ണ ഐക്യം സാധ്യമാകുന്നു.**

വിവാഹത്തിനുവേണ്ടിയുള്ള ദൈവിക പദ്ധതിയിൽ മൂന്നു തലത്തിലുള്ള അനുഭവങ്ങൾ ദർശിക്കാം. ഇതിൽ ഏറ്റവും പ്രധാനമായത് ആത്മീയ ഐക്യമാണ്. അതായത്, ഹൃദയത്തിന്റെയും മനസ്സിന്റെയും കൂടിച്ചേരൽ. ഈ തരത്തിലുള്ള ഒരു യോജിപ്പിൽ വിശ്വാസ സമൂഹത്തിനെയും ഉൾപ്പെടുത്തുവാൻ സാധിക്കും. വൈകാരിക സംയോജനമാണ് രണ്ടാമത്തെ തലം. ഏറ്റവും ശക്തിയേറിയ സ്നേഹം വൈകാരികതലത്തിൽ ഒരു ഹൃദയത്തിൽനിന്ന് വേറൊരു ഹൃദയത്തിലേക്ക് ഒഴുകുന്നതിൽക്കൂടി ഹൃദയസ്പന്ദനം അന്യോന്യം ശ്രവിക്കുവാൻ സാധ്യമാകും. ശരീരസംയോജനമാണ് മൂന്നാമത്തെ അനുഭവം. രണ്ടു ശരീരങ്ങൾതമ്മിലുള്ള ഏറ്റവും പൂർണ്ണമായ ബന്ധം.

എന്നാൽ പല വിവാഹബന്ധങ്ങളിലും ദമ്പതികൾ മൂന്നാമത്തെ തലത്തിൽ മാത്രം അഥവാ ഒരുപക്ഷേ രണ്ടാംതലത്തിലുമായി സംതൃപ്തി അടയുന്നു. ശാരീരികമായും വൈകാരികമായും ബന്ധങ്ങളിൽ മാത്രമുള്ള ഐക്യം നിരാശയുളവാക്കുന്നതാണ്. വൈകാരികവും ശാരീരികവുമായ ആകർഷണം സർവ്വസാധാരണമാണ് എങ്കിലും അവ കർത്തൃസന്നിധിയിൽ സമർപ്പിക്കപ്പെടുന്നില്ലയെങ്കിൽ അഗാധമായ മുറിവുകൾ ഉളവാകുവാൻ സാദ്ധ്യതയുണ്ട്. എനിക്ക് പരിചയമുള്ള ഒരു സ്ത്രീ തന്റെ വിവാഹത്തെക്കുറിച്ച് ഇങ്ങനെ വിവരിച്ചു: ഒരു ക്രിസ്തീയ വിവാഹം ലഭ്യമാകുന്നതിനുവേണ്ടിയാണ് അവർ സഭാംഗങ്ങളായത്. തങ്ങളുടെ വിവാഹജീവിതത്തെ യഥാർത്ഥത്തിൽ ദൈവത്തിനുവേണ്ടി സമർ പ്പിക്കുന്നതിൽ അവർക്ക് ഒരു താത്പര്യവുമില്ലായിരുന്നു. "ഞങ്ങളുടെ വിവാഹത്തെക്കുറിച്ചുള്ള ദൈവഹിതത്തെക്കുറിച്ച് ഞങ്ങൾ ഒരിക്കലും സംസാരിച്ചിട്ടില്ല. വിവാഹജീവിതത്തിന്റെ മുമ്പോ പിമ്പോ ഉള്ള ഉദ്ദേശ്യങ്ങളെക്കുറിച്ചും ഞങ്ങൾ ചർച്ച ചെയ്തില്ല. ഞങ്ങൾ ഒരേ ചിന്താഗതിക്കാരായിരുന്നില്ല". അവർ എഴുതി: 'ഇപ്പോൾ അവരുടെ ഭർത്താവ് അവരെ ഉപേക്ഷിച്ചു; അവർക്ക് അഞ്ച് മക്കളും ഉണ്ട്. അവരുടെ ബന്ധം കർത്താവിൽ ഉറപ്പിക്കപ്പെട്ടിരുന്നില്ലയെന്നത് ദുഃഖകരമായ ഒരു സത്യമാണ്. അടിത്തറഇല്ലാതിരുന്നതിനാൽ ആ ബന്ധം ഭദ്രമായിരുന്നില്ല.



ആരോഗ്യകരമായ ഒരു വിവാഹജീവിതം നയിക്കണമെങ്കിൽ അതിന്റെ അടിസ്ഥാനം ദൈവികചിട്ടകളുടെ ക്രമത്തിൽ ആത്മാവ് ഹൃദയം, മനസ്സ് എന്നിവയുടെ സംയോജനത്തിലൂടെ ആയിരിക്കണം. മാനുഷിക ബന്ധങ്ങളിൽ ദൈവികോദ്ദേശ്യങ്ങളും ചിട്ടകളും ഉൾക്കൊള്ളിക്കുമ്പോൾ ദൈവാനുഗ്രഹം നമ്മുടെ ജീവിതത്തിൽ അനുഭവമാകും. ഒരു വിവാഹ ഉടമ്പടിയിലും വൈവാഹിക ജീവിതത്തിലും ദൈവത്തിനു നൽകുവാൻ സാധിക്കുന്ന ഹൃദയാനുഭവങ്ങൾ നമ്മുടെ ചിന്തകൾക്കതീതമായ രീതിയിൽ വളരെയാണ്. നമ്മുടെ ജീവിതത്തിന്റെ അധികപങ്കും നാം ചെലവഴിക്കുന്നത് പഞ്ചേന്ദ്രിയങ്ങളുടെ തലത്തിലാണ്. ഭക്ഷണം-ഉറക്കം ഈവക കാര്യങ്ങൾ ഇവയൊക്കെയും ഇതിന്റെ ഭാഗമാണ്. എന്നാൽ കൂടുതൽ പ്രാധാന്യമുള്ള ജീവിതത്തിന്റെ ആന്തരികാവശ്യങ്ങളെക്കുറിച്ച്, ആത്മീയ വശത്തെക്കുറിച്ച് നാം അധികം ചിന്തിക്കാറില്ല. ഇന്നത്തെ നിരവധി വിവാഹജീവിതത്തിലും സംഭവിക്കുന്നത് ഇതു മാത്രമാണ്. പലരും ലൈംഗികസംതൃപ്തിയിൽ സായൂജ്യമടയുന്നു. ഹൃദയത്തിന്റെ ഐക്യത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇന്നത്തെ സമൂഹത്തിൽ ആയുഷ്കാലം മുഴുവൻ ഒരുമിച്ചു ജീവിക്കുന്നത് ഒരു കുറവായി കാണുന്നതിൽ അത്ഭുതപ്പെടാനുണ്ടോ?

സമുദ്രത്തിന്റെ സമീപെ ജീവിക്കുന്നവർക്ക് വേലിയേറ്റത്തിന്റെയും വേലിയിറക്കത്തിന്റെയും ശക്തി അറിയാം. സുഹൃദ്ബന്ധങ്ങളിലെന്നപോലെ വിവാഹജീവിതത്തിലും വേലിയേറ്റങ്ങളും വേലിയിറക്കങ്ങളും ഉണ്ടാകാവുന്നതാണ്. ബന്ധങ്ങൾ താണ നിലവാരത്തിലാകുമ്പോൾ ക്ഷമയും സഹിഷ്ണുതയും നഷ്ടപ്പെട്ട് ജീവിതപങ്കാളിയിൽനിന്ന് അകലുവാനും സ്നേഹബന്ധങ്ങൾ പുതുക്കുന്നതിൽ വിമുഖരാകുവാനും സാദ്ധ്യതയുണ്ട്. എന്നാൽ ദൈവം ജീവിതത്തിന്റെ കേന്ദ്രം ആകുമ്പോൾ ബന്ധങ്ങൾ അറ്റുപോകുന്ന അവസ്ഥയിലും വിശ്വാസത്തിന്റെ ശക്തി പ്രാപിക്കുവാൻ സാധിക്കും.

നമ്മെ സൃഷ്ടിച്ചിരിക്കുന്ന ദൈവസാദൃശ്യത്തിന് അനുരൂപരായി ജീവിക്കുവാൻ ശ്രമിക്കുന്നതിൽക്കൂടി ദൈവം നമ്മുടെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി നിലകൊള്ളുകയും അവന്റെ കൽപ്പനകൾ നമ്മുടെ ജീവിതപ്രമാണങ്ങളായിത്തീരുകയും ചെയ്യും. അവന്റെ സാദൃശ്യത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന നമ്മുടെ പ്രകൃതിക്കനുസൃതമായി നമ്മെത്തന്നെ കാണുവാൻ ഇതു സഹായിക്കും. എന്നാൽ ദൈവത്തിന്റെ സാദൃശ്യം നമ്മിൽ ഇല്ലാതെയാകുകയും നാം അത് നശിപ്പിക്കുകയും ചെയ്യുമ്പോൾ നമ്മിലുള്ള അവന്റെ വാഴ്ച അരോചകമായിത്തീരുകയും അത് നമ്മെ ഞെരുക്കുന്ന ധാർമ്മിക നിർബന്ധമായിത്തീരുകയും ചെയ്യും. അന്യോ ന്യം ഫലപ്രദമായ രീതിയിൽ ബന്ധപ്പെടുക, സ്നേഹത്തോടെ അഭിസംബോധന ചെയ്തു സംസാരിക്കുക, തങ്ങൾക്കു ലഭിക്കുന്ന കുഞ്ഞുങ്ങളെ വളർത്തുന്നതിൽക്കൂടി സായുജ്യം കരസ്ഥമാക്കുക-ഇത്യാദി കാര്യങ്ങ

ളിൽക്കൂടി വിവാഹജീവിതം വിശുദ്ധവും അനുഗ്രഹവുമാക്കുന്നത് സ്വർഗത്തിൽ സന്തോഷം പ്രദാനം നൽകും. ഉല്പത്തി പുസ്തകത്തിൽ 'സന്താനപുഷ്ടിയുള്ളവരായി' എന്ന ദൈവകൽപ്പനയ്ക്കു മുമ്പായി ദൈവം ആദാമിനു നൽകുന്ന അനുഗ്രഹമാണ് അവന്റെ തുണയായി ദൈവം നൽകിയ ഭാര്യ-ഹവ്വാ. ഈ അനുഗ്രഹം നൽകുന്നതിൽക്കൂടി ദൈവം വ്യക്തമാക്കുന്ന സന്ദേശമാണ് "എന്റെ സാദൃശ്യം നിങ്ങളിൽ ജീവിക്കുന്നു." ആകയാൽ നാം വിവാഹത്തെക്കുറിച്ചും വിവാഹജീവിതത്തെക്കുറിച്ചും ചിന്തിക്കുന്നത് ഭയക്തിപൂർവ്വം ആയിരിക്കണം. ഇങ്ങനെ ഓരോ വ്യക്തിയിലും ഓരോ വിവാഹജീവിതത്തിലും ദൈവസാദൃശ്യം ദൃശ്യമാകുന്നതാണ്.





# 4

# ആദ്യപാപം

*യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പാമ്പ് കൗശലമേറിയതായിരുന്നു. അത് സ്ത്രീയോടു തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു....സ്ത്രീയോടു നിങ്ങൾ മരിക്കയില്ല നിശ്ചയം, അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യുമെന്ന് ദൈവം അറിയുന്നുവെന്നു പറഞ്ഞു (ഉല്പ.3:1, 4-5).*

ദൈവം ലോകത്തെ സൃഷ്ടിച്ചപ്പോൾ അവന്റെ സൃഷ്ടി എല്ലാംതന്നെ നല്ലത് എന്ന് അവൻ കണ്ടു. ഭൂമി അവന്റെ രാജ്യമായിരുന്നു. അത് സമാധാനത്തിന്റെ ആത്മാവിനാൽ ഭരിക്കപ്പെട്ടിരുന്നു. സമാധാനത്തിന്റെ ആത്മാവ് ഭൂമിയിൽ പരിലസിച്ചു. ഭൂമിയിലെ സകല സൃഷ്ടിയും പുരുഷനും സ്ത്രീയും ഉൾപ്പെടെയുള്ളവർ ഐക്യത്തിലും സഹവർത്തിത്വത്തിലും ദൈവത്തിന്റെ സൃഷ്ടിയിൽ സന്തോഷിച്ച് ജീവിച്ചു. ഭയഭക്തിയോടും വിറയലോടുംകൂടി ആദാമും ഹവ്വായും 'നന്മതിന്മക'ളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിനു മുമ്പിൽ നിന്നു. എന്നാൽ പാമ്പ് ആദമിനെ യും ഹവ്വയെയും തെറ്റിദ്ധരിപ്പിച്ചു. ഇതിനെ തുടർന്ന് പാപം ദൈവത്തിന്റെ സൃഷ്ടിയിലേക്കു പ്രവേശിക്കുകയും സൃഷ്ടിയെ നശിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

'ദൈവം വാസ്തവമായി കൽപ്പിച്ചിട്ടുണ്ടോ' എന്ന ലളിതമായ ചോദ്യത്താലും "നിങ്ങൾ മരിക്കയില്ല" എന്ന വാഗ്ദത്താലുമാണ് സാത്താൻ ഹവ്വായെ പരീക്ഷയിലേക്കു നയിച്ചത്. ഇതിന്റെ അർത്ഥം എന്താണ് എന്നു നാം മനസ്സിലാക്കേണ്ടതാണ്. പരീക്ഷകനായ സാത്താൻ ദൈവവചനം ഉപയോഗിച്ച് ഹവ്വായെ പരീക്ഷിച്ചു. കാലങ്ങൾ പിന്നിട്ടതിനു ശേഷം ദൈവവചനം ഉപയോഗിച്ച് യേശുവിനെയും സാത്താൻ പരീക്ഷിച്ചു.

**അഹന്ത ദൈവത്തിൽ നിന്നും മനുഷ്യരിൽ നിന്നും നമ്മെ വേർതിരിക്കുന്നു**

ഹവ്വായ്ക്ക് ആ പ്രത്യേക മരത്തിന്റെ ഫലം അനുഭവിക്കണമെന്നും അതിനെത്തുടർന്നു ദൈവത്തെപ്പോലെ ആകണമെന്നുമുള്ള ആഗ്രഹം

ഉളവായതിന്റെ കാരണം അഹന്തയല്ലാതെ മറ്റെന്തായിരുന്നു? അത് ദൈവം തന്റെ കൽപ്പനകൾക്കനുസരിച്ചുതന്നെ പ്രവർത്തിക്കുമോ എന്ന തരത്തിലുള്ള ഒരു പരീക്ഷണമായിരുന്നുവോ ഹവ്വായുടെ മനസ്സിൽ സാത്താൻ സംശയങ്ങൾ സൃഷ്ടിച്ചു. വളരെ താത്പര്യത്തോടുകൂടി ഹവ്വാ സാത്താന്റെ വാക്കുകളെ ശ്രദ്ധിച്ചു. അത്, അതിൽത്തന്നെ ദൈവകൽപ്പന മറുതലിക്കുക എന്ന പ്രവൃത്തിയായിത്തീർന്നു. സാത്താന്റെ പ്രവൃത്തികൾ മനസ്സിലാക്കുവാൻ ഈ ഉൾക്കാഴ്ച നമ്മെ ഇന്നും സഹായിക്കും.

സാത്താൻ നമ്മെ ദൈവത്തിൽനിന്നും നമ്മുടെ സഹോദരീസഹോദരന്മാരിൽനിന്നും നമ്മുടെ അയൽക്കാരിൽനിന്നും അകറ്റുവാൻ ശ്രമിക്കുന്നു. നാം ജാഗ്രത പാലിക്കുന്നില്ല എങ്കിൽ നിരുപദ്രവകരമായി കരുതാവുന്ന ഒരു ചെറു ചോദ്യത്താൽ നമ്മുടെ ഹൃദയത്തിൽ സംശയത്തിന്റെ വിത്തുകൾ വിതച്ച് നമ്മുടെ ഹൃദയങ്ങളിൽ അനൈക്യതയുടെ ആത്മാവിനെ ഉളവാക്കുന്നു. സാത്താൻ വെളിച്ചദൂതന്റെ വേഷം ധരിച്ച് നമ്മെ കബളിപ്പിക്കുന്നു (2 കൊരി 11:14). യഥാർത്ഥത്തിൽ സാത്താൻ ദുർവ്യാഖ്യാനം നടത്തുന്നവനും പരദൂഷണം പറയുന്നവനും സത്യത്തെ മറച്ചുവയ്ക്കുന്നവനും അസത്യത്തിന്റെ പിതാവും അനാദികാലം മുതൽതന്നെ കൊലപാതകിയുമാണ്. നമ്മെ അവൻ ചിന്താക്കുഴപ്പങ്ങളിലേക്കും ക്രമക്കേടുകളിലേക്കും എറിയുന്നു. പലപ്പോഴും അവന്റെ ചതിയിൽ നാം പെടുകയും അവൻ വിജയിക്കുകയും ചെയ്യുന്നു.

യേശുവിന്റെ സ്നാനം കഴിഞ്ഞ് താമസിയാതെതന്നെ യേശു പരീക്ഷകളെ നേരിട്ടു. 40 ദിവസം ഉപവസിച്ച യേശു വിവിധ പരീക്ഷകളിൽക്കൂടി കടന്നുപോയി.

ആദ്യ പരീക്ഷയിൽത്തന്നെ യേശു സാത്താനെ ഒരു പരീക്ഷകനായും സത്യത്തെ കോട്ടി മറിക്കുന്നവനായും മനസ്സിലാക്കി. എന്നാൽ എല്ലാ നിബന്ധനകൾക്കും ഉപരിയായി അവൻ ദൈവത്തിൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്തു. ഒരു നിമിഷംപോലും സാത്താന്റെ ശബ്ദം ശ്രവിക്കുവാൻ യേശു തയ്യാറായില്ല. വിശ്വാസത്തിന്റെയും അനുസരണത്തിന്റെയും ദൈവാശ്രയത്തിന്റെയുമായ വഴികളിൽക്കൂടി അവൻ മുമ്പോട്ടു നീങ്ങി. അവന്റെ ഹൃദയത്തിന്റെ സമീപത്തേക്ക് സാത്താന് വരുവാൻ സാധിച്ചില്ല.

വിലക്കു കൽപ്പിച്ച ഫലം തിന്നു എന്നുള്ളതായിരുന്നില്ല ആദമിന്റെയും ഹവ്വയുടെയും കുറ്റം. ദൈവത്തെപ്പോലെ ആകുവാനുള്ള മനുഷ്യശ്രമമായിരുന്നു അവർക്കുണ്ടായ ഏറ്റവും വലുതായ പരീക്ഷ. (Bonhoeffer) ബോൺഹോഫർ എന്ന വേദശാസ്ത്രജ്ഞൻ ഇപ്രകാരം പറയുന്നു: "ദൈവത്തെപ്പോലെ ആകുവാനുള്ള സാത്താന്റെ പരീക്ഷകളുടെ അനന്തരഫലമായി യഥാർത്ഥ ദൈവത്തിനെതിരായ കുട്ടിദൈവങ്ങളായി മനുഷ്യൻ മാറുന്നു." മനുഷ്യാത്മാവിന് വന്നുഭവിക്കുന്ന ഒരു കഠിനരോഗമാണ് ഇത്. ദൈവസാദൃശ്യം മനുഷ്യനിൽനിന്നു മോഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിനുപകരമായി വിഗ്രഹാരാധനയും മറുതലിപ്പും അവന്റെ ആത്മാവിൽ കുമിഞ്ഞുകൂടുന്നു. ഇത് അന്ധകാരത്തിലേക്കും അവശ്യബോധത്തിലേക്കും അവനെ നയിക്കുന്നു (റോമ. 1:23–32).





**കപടസ്നേഹം പൂർണ്ണമായദാനത്തിന്റെ സന്തോഷത്തെ തടസ്സപ്പെടുത്തുന്നു**

ആദമും ഹവ്വയും സ്നേഹത്തിനെതിരായിട്ടാണ് പാപം ചെയ്തത്. കപടസ്നേഹം അവരെ ചതിയിൽ അകപ്പെടുത്തി. നശീകരണത്തിന്റെയും ആത്മഹത്യയുടേതുമായ ഫലങ്ങൾ പുറപ്പെടുവിക്കുന്ന പലതുമല്ലേ ഇന്നു സ്നേഹത്തിന്റെ പേരിൽ നടമാടുന്നത്?

ദൈവസ്നേഹം പ്രിയപ്പെട്ടവർക്കുവേണ്ടി നമ്മിലൂടെ പ്രതിഫലിക്കുന്നതാണ് യഥാർത്ഥ സ്നേഹം. "സ്നേഹത്തിന്റെ അളവുകോലും ആത്യന്തികലക്ഷ്യവും ദൈവമാണ്. പക്ഷേ മനുഷ്യൻ പ്രിയപ്പെട്ടവരോടുള്ള കപടസ്നേഹത്താൽ ദൈവത്തിൽനിന്ന് അകലുന്നു. ആയതിനാൽ പ്രിയപ്പെട്ടവർക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രതിഫലനം നഷ്ടപ്പെടുന്നു."

ഇത് വിവാഹിതരായവർക്കും വിവാഹിതരാകുവാനുള്ളവർക്കുമായ വിലയേറിയ ഒരു മുന്നറിയിപ്പാണ്. നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യമുള്ളയാളും പങ്കാളിയും ദൈവമായിരിക്കണം. നമ്മുടെ കുട്ടികളോ നമ്മുടെ ജീവിതസഖിയോ അല്ല. വിവാഹജീവിതത്തിൽ ദൈവത്തിനു പരമപ്രാധാന്യം നൽകുന്നില്ലയെങ്കിൽ, ചെറിയ സംഗതികൾക്കുപോലും ദൈവനടത്തിപ്പ് ആരായുന്നില്ലയെങ്കിൽ, അന്യോന്യമുള്ള അടുപ്പം നഷ്ടപ്പെടുമെന്നത് സ്വന്ത അനുഭവത്തിൽക്കൂടെ ഞാനും എന്റെ ഭാര്യയും മനസ്സിലാക്കിയിട്ടുള്ളതാണ്. പല കുടുംബങ്ങളിലും ഇത് സംഭവിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. ഇത് ഞങ്ങളുടെ കുട്ടികളെയും ബാധിച്ചു. അവർ കലഹപ്രിയരും അനുസരണം ഇല്ലാത്തവരുമായിത്തീർന്നു. പല ഭവനങ്ങളിലും ഇതു സംഭവിക്കുന്നതു ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ഭാര്യാഭർത്തൃബന്ധത്തിൽ തകർച്ച സംഭവിക്കുമ്പോൾ അവരുടെ കുട്ടികൾക്ക് അരക്ഷിതബോധം ഉളവാകും. പല ദമ്പതികളുടേതുമെന്നപോലെതന്നെ ഞങ്ങൾ ദൈവത്തിലേക്കു തിരിച്ചുവന്നപ്പോൾ ഞങ്ങളുടെ ബന്ധം പുനഃസ്ഥാപിക്കപ്പെടുകയും ഞങ്ങളുടെ കുട്ടികളുടെ ജീവിതത്തിലും അതിന്റെ സ്വാധീനം അലയടിക്കുകയും ചെയ്തു.

നമ്മുടെ ജീവിതപങ്കാളിയേയോ കുട്ടികളേയോ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുന്നുവെങ്കിൽ അവർ ഉത്തമ മാതൃകകളാണ് എന്ന രീതിയിൽ ചിത്രീകരിക്കുന്നുവെങ്കിൽ നമ്മുടെ സ്നേഹം തെറ്റായ സ്നേഹമാണ്. നമുക്ക് നമ്മുടെ തെറ്റുകുറ്റങ്ങളെയോ കുടുംബത്തിന്റെ കുറവുകളെയോ ഏറ്റുപറയുവാൻ സാധിക്കാതെവരുന്നു. ആദമിനെപ്പോലെ ദൈവത്തെ സ്നേഹിക്കുവാനോ അവന്റെ മുഖപ്രസാദം ദർശിപ്പാനോ സാധിക്കാതെ വരുന്നു. നാം നമ്മുടെ ജീവിതപങ്കാളിയുടേയോ കുട്ടികളുടെയോ മാത്രം മുഖപ്രസാദം ശ്രദ്ധിക്കുന്നു. വസ്തുതകളെ അത് അർഹിക്കുന്ന രീതിയിൽ പരിഗണിക്കുന്നതിനുമുപരിയായി അവയെ കുഴച്ചുമറിച്ചുവികൃതമാക്കുന്നു. ഈ വിധത്തിൽ സാവധാനം ദൈവത്തോടും മറ്റുള്ളവരോടുമുള്ള സാമീപ്യത്തിൽ നാം അകലുന്നു. ഇതോടൊപ്പം നമ്മുടെ ഹൃദയകവാടം പാപവഴികൾക്കായി തുറക്കപ്പെടുന്നു. പ്രത്യേകമായി, ലൈംഗികതലത്തിലുള്ള കുറ്റങ്ങളിലേക്ക് ഗമിച്ച് ആത്മാവിന്റെ മരണ

ത്തിലും ഒറ്റപ്പെടലിന്റെ അനുഭവത്തിലേക്ക് നാം പതിക്കുന്നു. ദൈവവുമായുള്ള ഐക്യം നഷ്ടപ്പെട്ടതിനാൽ ആദാമിനും ഹവ്വാ യ്ക്കും അവരുടെ നിഷ്കളങ്കത നഷ്ടപ്പെട്ടു. അതിൽനിന്ന് ഉത്ഭവിച്ച ഭയങ്കരമായ ശൂന്യത മുഖാന്തരം പുരുഷൻ സ്ത്രീയെ കുറ്റം വിധിക്കുകയും അവളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തുകയും പുരുഷനോടുള്ള എതിർപ്പിനാൽ സ്ത്രീ സാത്താനിൽ കുറ്റാരോപണം നടത്തുകയും ചെയ്തു. ഇതോടെ പുരുഷനും സ്ത്രീയും തമ്മിലുള്ള ഏകത്വം നഷ്ടപ്പെട്ട് അവർ എതിരാളികളായിത്തീർന്ന് ഏകദേഹമല്ലാതായിത്തീർന്നു (ഉല്പ. 3:7–19).

നമ്മുടെ വിവാഹബന്ധങ്ങൾ ദൈവത്തിൽനിന്നു വേർപെടുമ്പോൾ, നാം അവനിൽനിന്ന് അകലുമ്പോൾ അന്യോന്യം സ്പർദ്ധ രൂപം കൊള്ളുകയും സ്വാർത്ഥത നമ്മെ ഭരിക്കുകയും ചെയ്യും. വിവാഹപങ്കാളിയുമായുള്ള പോരിൽ നമ്മുടെ ഹിതത്തിനനുസരിച്ചുള്ള ഇഷ്ടസങ്കേതങ്ങൾ നിർമ്മിക്കുവാനും നാം തയ്യാറാകുന്നു (ഉദാ. മദ്യപാനം). ഇതോടൊപ്പം നാം ശൂന്യതാവസ്ഥയിലെത്തുകയും നിരാശാബോധം നമ്മെ കാർന്നു തിന്നുകയും ചെയ്യും. ഭാര്യാഭർത്തൃബന്ധത്തിലെ ആന്തരിക കെട്ടുറപ്പ് നഷ്ടപ്പെടുകയും യാന്ത്രികബന്ധത്തിലേക്കു വിവാഹബന്ധം താഴുന്ന അവസ്ഥ ഉളവാകുകയും ചെയ്യും. സദാ സമയവും അന്യോന്യം കുറ്റപ്പെടുത്തി സ്വാർത്ഥതാത്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളും. പൂർണ്ണമായി അന്യോന്യം നൽകുന്നതിലുള്ള സന്തോഷം നഷ്ടമാകുകയും പാതിമനസ്സുകൊണ്ട് സ്നേഹിക്കുക എന്ന ശാപാവസ്ഥ നിലനിൽക്കുകയും ചെയ്യും.

ദൈവത്തിലുള്ള ജീവിതത്തിന്റെ ശത്രുവാണ് അത്യാഗ്രഹവും സ്വാർത്ഥതയും നിറഞ്ഞ മനസ്സ്. എന്റെ പിതാമഹൻ ഇപ്രകാരം എഴുതിയിരിക്കുന്നു: “സാത്താന്റേതായ, ലാഭേച്ഛ മാത്രമുള്ള കച്ചവടമനസ്ഥിതിയും, വസ്തുവകകളുമായി ബന്ധപ്പെട്ടു കിടക്കുന്ന നീതിബോധവും, ആത്മാവിൽനിന്നും വേർപെട്ട ലൈംഗികാസക്തിയും, വ്യക്തികളായും സമൂഹവുമായുള്ള ഐക്യതയുടെ നഷ്ടവും കൂടിക്കലർന്നതാണ് ഈ മനസ്സ്....ഇത് മരണമാണ്. ജീവിതവുമായി യാതൊരു ബന്ധവുമില്ല.”

സ്നേഹത്തിനും ജീവിതത്തിനുമെതിരായി നിൽക്കുന്നതെല്ലാംതന്നെ പാപമാണ്. നാം സാത്താന്റെ ശക്തിയെ ഒരിക്കലും ലഘുവായി കാണരുത്. പാപം നമ്മെ വേർപാടിലേക്കു നയിക്കുന്നു. പാപത്തിന്റെ ശമ്പളം എപ്പോഴും മരണംതന്നെ (റോമ.6:23). പാപത്തിൽനിന്ന് ഉളവാകുന്ന അഹന്ത, ഭിന്നത എന്ന കയ്പായ ഫലം പുറപ്പെടുവിക്കുന്നു. ദൈവത്തിൽനിന്നും, നമ്മിൽനിന്നുതന്നെയും, മറ്റുള്ളവരിൽനിന്നും, ലോകത്തിൽനിന്നും പാപഫലമായി നാം വേർപെടുന്നു. സാത്താനും പാപവും നമ്മുടെ എല്ലാവിധ പ്രാഥമിക ബന്ധങ്ങളെയും തകർക്കുന്നു.

അനാദികാലം മുതൽക്കുതന്നെയും ക്രിസ്ത്യാനികൾ സാത്താനെ കൊമ്പും കുളമ്പുമുള്ള ജീവിയായി കരുതിവന്നു. എന്നാൽ ഇതിന് വേദപുസ്തകപരമായി അടിസ്ഥാനമില്ല. സാത്താനും അവന്റെ അനുയായികളും ദുഷ്ടതയുടെ ശക്തിയായി അന്തരീക്ഷംപോലെതന്നെ ഈ ലോകത്തെ ചുറ്റിയിരിക്കുന്നു (എഫേ.2:1–2; 6:12). സ്വാർത്ഥതാത്പര്യങ്ങ



ളാലും അഹന്തയാലും മനുഷ്യരെ അന്ധരാക്കുകയെന്നതാണ് അവന്റെ പ്രധാന ലക്ഷ്യം. “നിങ്ങൾ ദൈവത്തെപ്പോലെയാകും.” ലളിതമായ അനുസരണത്തിന്റെ വഴികളിൽക്കൂടി ഗമിക്കുന്നതിനു പകരം പരീക്ഷിക്കപ്പെടുവാൻ നാം നമ്മെത്തന്നെ ഏൽപ്പിച്ചുകൊടുക്കുന്നു.

### ആദം, ഹവ്വ എന്നിവരെപ്പോലെ നാം ഏവരും പാപത്താൽ ഭിന്നിച്ചും വേർപെടുത്തപ്പെട്ടുമിരിക്കുന്നു

ആദമിന്റെയും ഹവ്വയുടെയും പാപം നമ്മുടെ ഏവരുടെയും, മനുഷ്യജാതികളുടെതന്നെയും വീഴ്ചയുടെ ചിഹ്നമാണ്. ദൈവസാദൃശ്യം നമ്മിൽനിന്ന് ഇല്ലാതാകുകയും അവ വികൃതമാക്കപ്പെടുകയും ചെയ്ത വസ്തുത നമുക്ക് മറക്കാനാവില്ല. ദൈവസാദൃശ്യത്തിന്റെ പ്രതിഫലനത്തിൽ സന്തുഷ്ടിയില്ലാതെ ദൈവത്തെപ്പോലെ ആകുവാനുള്ള ശ്രമമാണ് നമുക്കുള്ളത്. നമുക്കു ലഭ്യമായിരിക്കുന്ന ഉന്നത ഗുണങ്ങളെ ദൈവത്തിന് എതിരായി തിരിച്ചുവിടുവാനാണ് നമ്മുടെ ശ്രമം. ഈ ലോകത്തിന്റേതായ നമ്മുടെ സ്വാതന്ത്ര്യത്തിൽ നാം ദൈവത്തെയും അവന്റെ സാദൃശ്യത്തെയും തികച്ചും അവഗണിക്കുന്നു. അവനിൽനിന്നും അകന്ന് ഈ ലോകത്തിന്റെ ഗതികളാൽ മാത്രം നാം നിയന്ത്രിക്കപ്പെടുന്നു. പാപത്തിൽനിന്ന് ഉളവാകുന്ന ഛിന്നഭിന്നമായ വാസനകളാൽ നാം ബന്ധിക്കപ്പെടുന്നു.

ഈ വിധത്തിൽ ദൈവസന്നിധിയിൽനിന്ന് വേർതിരിയുമ്പോൾ സമ്പത്തിലും ഉല്ലാസങ്ങളിലും സന്തോഷം കൈവരിക്കുവാൻ നാം ശ്രദ്ധിക്കുന്നു. പക്ഷേ ഇവയൊക്കെയും വർദ്ധിപ്പിക്കുന്നത് ആകുലചിന്തകളും നിരാശയുമാണ്. ഇതിനെത്തുടർന്ന് ഉദിക്കുന്ന ചോദ്യമാണ്– ‘എന്തുകൊണ്ട്? രണ്ടാമതായി വരുന്ന ചോദ്യം “ദൈവം ഇവിടെയുണ്ടോ”? ദൈവാത്മാവിന്റെ നടത്തിപ്പിനെക്കുറിച്ച് നാം സംശയിക്കുവാൻ തുടങ്ങും. തുടർന്നു നാം ചോദിക്കും, “എന്തുകൊണ്ട് എന്റെ ജീവിതം കഠിനമായിരിക്കുന്നു? എന്തുകൊണ്ട് ഇത് എനിക്കു ഭവിച്ചു?”

ഇതുപോലെയുള്ള ചോദ്യങ്ങൾ ദൈവത്തിലും നമ്മിൽത്തന്നെയുമുള്ള ആശ്രയത്തെ നഷ്ടപ്പെടുത്തും. നാം അങ്ങനെ ചോദിക്കുമ്പോൾ പാപത്തിൽനിന്നു വിദൂരമല്ല എന്നു വിവക്ഷിക്കാം. ദൈവം നീട്ടുന്ന കൈകളിൽ പിടിച്ച് അവന്റെ നടത്തിപ്പിനനുസരിച്ച് മുന്നോട്ടു ഗമിക്കുക എന്നതാണ് പൂർണ്ണമായ വിശ്വാസം. ആ വഴികൾ നമ്മെ നയിക്കുന്നത് അന്ധകാരത്തിൽക്കൂടിയും കഷ്ടതകളിൽക്കൂടിയും പരുക്കൻ പ്രദേശങ്ങളിലൂടെയും മരുഭൂമിയിൽക്കൂടിയും ആയിരിക്കാമെങ്കിലും വിശ്വാസത്തിന്റെ ഉറപ്പിൽ നമുക്ക് മുമ്പോട്ടു ഗമിക്കാം. ദൈവകരങ്ങളിൽ മുറുകെപ്പിടിക്കയാണെങ്കിൽ നമുക്ക് യാതൊന്നും സംഭവിക്കുകയില്ല. എന്നാൽ ആ കരങ്ങളിൽനിന്നുപ്പിടിവിടുകയും ദൈവത്തെ ചോദ്യം ചെയ്കയും ചെയ്താൽ നാം നിരാശയിലേക്കു വീഴ്ത്തപ്പെടും.

### ദൈവത്തിന്റെ കരങ്ങളിൽ മുറുകെപ്പിടിക്കുക എന്നത് ജീവിതത്തിന്റെ വെല്ലുവിളിയാണ്

എല്ലാ തരത്തിലുള്ള മാനുഷിക കഷ്ടതകളെയും യേശുവിനു നേരിടേണ്ടിവന്നു. വിശപ്പ്, ദാഹം, ഏകാന്തത, ഉപദ്രവം ഇതിൽക്കൂടിയെല്ലാം

അവൻ കടന്നുപോയി. എന്നാൽ ഈ കഷ്ടതകളിൽ നിന്നുള്ള വിടുതലിന് അവൻ ശ്രമിച്ചില്ല. ഈ യേശു നമുക്ക് സമീപസ്ഥനാണ്. നമ്മെ സഹായിപ്പാൻ അവൻ സദാ സന്നദ്ധനാണ്. അതിൽക്കൂടി അവൻ കഷ്ടതകളെ തരണം ചെയ്യുവാനുള്ള ശക്തി പ്രദാനം ചെയ്യുന്നു (എബ്രാ. 2:14–18). സാത്താന്റെ പരീക്ഷകൾ, അന്ധകാരം, തമസ്സ്, ഇവയെല്ലാം യേശു താഴെപ്പറയുന്ന വാക്കുകളിൽക്കൂടി അതിജീവിച്ചു. “നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലോ”. ഇതാണ് അതിന്റെ രഹസ്യം. ഇതിനാൽ സാത്താന്റെ എല്ലാവിധ ശക്തികളും അഴിഞ്ഞുപോകും. നമ്മുടെ മേലുള്ള ആദ്യപാപത്താൽ നാം കെട്ടപ്പെടുകയുമില്ല.





# 5

# ദൈവസാദൃശ്യത്തിന്റെ വീണ്ടെടുപ്പ്

*കർത്താവ് ആത്മാവാകുന്നു. കർത്താവിന്റെ ആത്മാവ് ഉള്ളടത്തു സ്വാതന്ത്ര്യമുണ്ട്. എന്നാൽ മൂടുപടം നീങ്ങിയ മുഖത്ത് കർ ത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതിബിംബിക്കുന്നവരായി നാം എല്ലാവരും ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു പ്രാപിച്ച് അതേ പ്രതിമയായി രൂപാന്തരപ്പെടുന്നു. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി. ഇതാ അത് പുതുതായിത്തീർന്നിരിക്കുന്നു (2 കൊരി. 3:17–18; 5:17).*

ദൈവവുമായുള്ള ബന്ധം എല്ലാതലത്തിലുള്ള മാനുഷിക ബന്ധങ്ങളേക്കാളും ശക്തിയേറിയതാണ്. മറ്റെല്ലാ ബന്ധങ്ങളും ഈ ദൈവിക ബന്ധത്തിന്റെ ചിഹ്നങ്ങൾ മാത്രമാണ്. ആദ്യമായും പ്രധാനമായും നാം ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുത ഭയഭക്തിപൂർവ്വം സ്മരിക്കേണ്ടതാണ്.

നാം ദൈവസന്നിധിയിൽനിന്നും വീണ് ദൈവസാദൃശ്യം തകർന്ന സ്ഥിതിയിലാണെങ്കിലും അതിന്റെ ഒരു അംശം ഇന്നും നമ്മിൽ നിലകൊള്ളുന്നുവെന്ന വസ്തുത എല്ലാ വിവാഹബന്ധങ്ങളിലും അംഗീകരിക്കേണ്ടതാണ്. ജീവിതം കറപുരണ്ടതാണെങ്കിൽക്കൂടി അവന്റെ സൃഷ്ടിയായ മനുഷ്യനിൽ പ്രതിഫലിക്കുന്ന ദൈവസാദൃശ്യം പൂർണ്ണമായി നഷ്ടപ്പെട്ടു കാണുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് അവൻ തന്റെ പുത്രനെ, രണ്ടാം ആദത്തെ ഈ ലോകത്തിലേക്കയച്ച് നമ്മുടെ ഹൃദയങ്ങളിൽ ഉൾക്കൊള്ളിച്ചു (റോമ. 5:17–19). യേശുവിൽക്കൂടി ദൈവത്തിന്റെ സാദൃശ്യം ഓരോ പുരുഷനിലും സ്ത്രീയിലും എല്ലാ ബന്ധങ്ങളി ലും പുനർജീവിപ്പിക്കുവാൻ സാദ്ധ്യമാണ്.

**ദൈവത്തിങ്കലേക്കും മറ്റുള്ളവരിലേക്കുമുള്ള വഴി യേശു തുറക്കുന്നു**

ദൈവവും മനുഷ്യനും തമ്മിലുള്ള അനുരഞ്ജനത്തിന്റെ മദ്ധ്യസ്ഥനാണ് യേശു. ദൈവത്തോടും മറ്റുള്ളവരോടും നിരപ്പിപ്പാനും നമ്മുടെ ആന്തരികശിഥിലീകരണത്തെ തരണം ചെയ്യുവാനും അവൻ വന്നു

(എഫേ. 2:11-19). പ്രോത്സാഹനമില്ലായ്മയുടെയും നിരാശയുടെയും അനുഭവങ്ങൾ വരുമ്പോൾ നാം അവനെ കൂടുതലായി അന്വേഷിക്കണം. അന്വേഷിക്കുന്ന ഏവനും ദൈവത്തെ കണ്ടെത്താം. അതൊരു വാഗ്ദത്തമാണ്. യിരെമ്യാ പ്രവാചകൻ ഇപ്രകാരം പറയുന്നു; "നിങ്ങൾ എന്നെ അന്വേഷിക്കും. പൂർണ്ണ ഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും" (യിരെ. 29:13). അതുപോലെ മനോഹരങ്ങളായ വാക്കുകൾ സുവിശേഷങ്ങളിൽ ദൃശ്യമാണ്. "യാചിക്കുന്ന ഏവനും ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു. മുട്ടുന്നവർക്ക് തുറക്കപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു (ലൂക്കോ. 11:10). ഇന്ന് ഈ വാക്കുകൾ ശരിതന്നെ. അവയെ നാം ഗൗരവമായി സ്വീകരിക്കുന്നുവെങ്കിൽ ദൈവം ഇറങ്ങിവന്ന് നമ്മുടെ ഹൃദയങ്ങളിൽ വസിക്കും.

ദൈവത്തിങ്കലേക്കുള്ള വഴി ഏവർക്കുംവേണ്ടി തുറന്നിട്ടിരിക്കുന്നു. യേശുക്രിസ്തു ഒരു മനുഷ്യനായി അവതരിച്ചതിനാൽ ഒരു മനുഷ്യനും ഈ മഹദ്ദാനത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ല. ദൈവസാദൃശ്യം നമ്മിലുള്ളത് വീണ്ടെടുക്കുവാനാണ്. ദൈവം യേശുവിനെ ലോകത്തിലേക്കയച്ചത്. അവന്റെ മദ്ധ്യസ്ഥതയിൽ നമുക്ക് പിതാവിന്റെ അടുക്കൽ പ്രവേശനമുണ്ട്. എന്നാൽ ഇത് സാധിതമാകണമെങ്കിൽ പെന്തക്കൊസ്തിന്റെ അനുഭവത്തെ നാം സ്വായത്തമാക്കണം. അപ്പോൾ വ്യക്തിപരമായ അനുതാപം, മാനസാന്തരം, വിശ്വാസം ഇവയെല്ലാം ഉജ്ജ്വല വിഷയങ്ങളായി നമ്മുടെ ജീവിതത്തിൽ യാഥാർത്ഥ്യമാകും.

ആത്മാവ് സ്നേഹത്തോടും ശക്തിയോടുംകൂടി ഭൂമിയിലേക്കു വന്നുവെന്ന പെന്തക്കൊസ്തിന്റെ അതിശയകരമായ അനുഭവം ഈ ലോകത്തിൽ എവിടെയും ഏതു സമയത്തും സംഭവിക്കാവുന്നതാണ്. "സഹോദരന്മാരായ പുരുഷന്മാരെ ഞങ്ങൾ എന്തു ചെയ്യേണ്ടു?" എന്നു ജനം ചോദിക്കുന്ന അവസരം "നിങ്ങൾ മാനസാന്തരപ്പെട്ട് നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപ്പിൻ"(അ.പ്ര.2:37-40).എന്ന് പത്രോസിന്റെ സന്ദേശം നമ്മിൽ മുഴങ്ങിക്കേൾക്കട്ടെ.

**മനുഷ്യശക്തിയാലല്ല, സമർപ്പണത്തിൽക്കൂടിയാണ് സ്വാതന്ത്ര്യം ലഭ്യമാകുന്നത്**

ക്ഷമയും രക്ഷയും കുരിശിൽമാത്രമാണ് നാം കണ്ടെത്തുന്നത്. കുരിശിന്മേൽ നാം മരണത്തിൽക്കൂടെ കടന്നുപോകുന്നു. ഈ മരണം ദൈവത്തോടും മറ്റുള്ളവരോടുമുള്ള കൂട്ടായ്മയെ സ്വതന്ത്രമാക്കുകയും നമ്മുടേതായ ബന്ധങ്ങൾ പുതുക്കുവാൻ സഹായകരമാകുകയും ചെയ്യുന്നു. നമ്മെ ബന്ധനസ്ഥരാക്കിയ പാപവും തിന്മയും ഉപേക്ഷിക്കുന്നതിൽക്കൂടി യേശുവിൽ സ്വാതന്ത്ര്യം കണ്ടെത്തുവാൻ നമുക്കു സാധിക്കും. നമ്മുടെ സ്വയശക്തിയാൽ നമ്മെത്തന്നെ മെച്ചമാക്കുവാൻ സാധ്യമല്ല. പൂർണ്ണമായും യേശുവിന്റെ ദിവ്യസ്നേഹത്തിൽ നമ്മെത്തന്നെ പൂർണ്ണമായി സമർപ്പിച്ച് നമ്മുടെ ജീവിതം നമുക്കു വേണ്ടിയല്ല അവനുവേണ്ടിയാണ് എന്ന ചിന്തയിൽ ഗമിക്കാം.





എന്റെ പിതാവ് J. Henrich Arnold (ഹെന്റിക് ആർനോൾഡ്) ഇപ്രകാരം എഴുതുന്നു; "സാത്താന്റെ കുതന്ത്രങ്ങളായ അമ്പുകളിൽനിന്ന് ഉളവാകുന്ന മുറിവുകളിൽനിന്ന് നിങ്ങൾക്ക് സൗഖ്യം പ്രാപിക്കണമെങ്കിൽ...യേശുവിന് ദൈവത്തിലുണ്ടായിരുന്ന തരത്തിലുള്ള വിശ്വാസം നമുക്ക് യേശുവിൽ ഉണ്ടാകണം. നമുക്ക് പാപമാണ് സ്വായത്തമായുള്ളത്. ആശ്രയത്തോടുകൂടി ആ പാപങ്ങൾ അവന്റെ മുമ്പിൽ നാം സമർപ്പിക്കേണം. അതിന്റെ ഫലമായി നമുക്ക് ക്ഷമയും ശുദ്ധീകരണവും ഹൃദയസമാധാനവും ലഭ്യമാകും. ഇത് നമ്മെ വർണ്ണനാതീതമായ സ്നേഹത്തിലേക്കു നയിക്കും."

"വിശ്വാസത്തോടുകൂടി പാപങ്ങൾ അവന്റെ മുമ്പിൽ സമർപ്പിക്കണം" എന്നതിന്റെ അർത്ഥം എന്താണ്? മനഃസാക്ഷിയുടെ കുറ്റാരോപണങ്ങളെ ഏറ്റുപറയുമ്പോൾ സ്വാതന്ത്ര്യവും അനുരഞ്ജനത്തിന്റെ സാദ്ധ്യതകളും ഉളവാകുന്നു. അന്ധകാരത്തിൽ നിവസിക്കുന്ന പാപത്തിന് അവിടെ ത്തന്നെ കഴിയുന്നതിനാണ് താത്പര്യം. എന്റെ പരിചയക്കാരിയായിരുന്ന ഡാർലി എന്ന സ്ത്രീയുടെ ജീവിതത്തിൽനിന്നു മനസ്സിലാക്കുവാൻ സാധിച്ചത് ഞാൻ വിവരിക്കാം. അതായത് നമ്മെ ഭാരപ്പെടുത്തുന്ന പാപം വെളിച്ചത്ത് പ്രദർശിപ്പിക്കുമ്പോൾ യാതൊരു സങ്കോചവും ഇല്ലാതെ അവയെ ഏറ്റുപറയുമ്പോൾ നാം ശുദ്ധരും സ്വതന്ത്രരും ആകപ്പെടും. ഡാർലിയുടെ കഥ ശ്രദ്ധിക്കുക.

"ഞാൻ ഒമ്പതാം ഗ്രേഡിൽ പഠിക്കുമ്പോൾത്തന്നെ എന്റെ ഭാവി ഭർത്താവിനെ മനസാ വരിച്ചു. നിരവധി മണിക്കൂറുകൾ അയാളെക്കുറിച്ച് എന്റെ ഡയറിയിൽ എഴുതുകയും ഓരോ വിധത്തിലുള്ള മനക്കോട്ടകൾ അയാളിൽ ചുറ്റിപ്പറ്റി നിർമ്മിക്കുകയും ചെയ്തു. അയാളുടെ ഭവനത്തിന്റെ സമീപത്തുകൂടി ജനാലവഴി ഒരുനോക്കു കാണാമെന്ന ചിന്തയിൽ കടന്നുപോയി. എന്നാൽ നിരവധി വർഷങ്ങൾക്കുശേഷം അയാൾ മറ്റൊരാളെ വിവാഹം ചെയ്തു. അതോടെ എന്റെ മനക്കോട്ടകൾ തകർന്നുതരിപ്പണമാകുകയും ചെയ്തു.

ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുമ്പോൾ മറ്റുള്ളവരുടെ കൂടെ ചേർന്നുപോകുന്നതിൽ ഞാൻ ശ്രദ്ധിച്ചിരുന്നു. ഞാൻ ചെയ്യുന്നതും പറയുന്നതും ധരിക്കുന്നതും എല്ലാറ്റിലും മറ്റുള്ളവരെ ബോധിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു. എന്നാൽ ഹൈസ്കൂൾ അവസാന വർഷ പഠനത്തിന്റെ സമയത്ത് നിരവധി യുവാക്കളോട് അടുത്ത് ഇടപഴകി. എന്നെ വളർത്തിയ സാമൂഹ്യമര്യാദകളുടെ പശ്ചാത്തലത്തിൽ തികച്ചും കുറ്റബോധത്തോടുകൂടിയാണ് ഞാൻ അവരുമായി ഇടപഴകിയത്. എന്നാൽ കാലാന്തരത്തിൽ ആ മനഃസാക്ഷിക്കുത്തുകളെ അവഗണിച്ച് എന്റെ പ്രവർത്തനങ്ങളെ എതിർക്കുന്ന മനഃസാക്ഷിയെ ചവിട്ടിമെതിക്കുവാനാണ് ഞാൻ ശ്രമിച്ചത്. ഏതൊരു സാഹചര്യത്തെയും നേരിടാമെന്നും ഞാൻ കരുതി.

ഹൈസ്കൂൾ പഠനത്തിനുശേഷം ഞാൻ യിസ്രായേലിലേക്കു യാത്ര ചെയ്തു. അവിടെ ഒരു ഗ്രാമത്തിൽ ഞാൻ താമസിച്ചു. അവിടെയുള്ള യുവജനങ്ങളുടെ ജീവിതരീതികൾ, പാർട്ടികളും അതിലെ ലൈംഗിക

തയും എന്നെ അമ്പരപ്പിച്ചു. എന്നാൽ കാലതാമസം കൂടാതെ ഞാനും അതിന്റെ പങ്കുപറ്റി ജീവിച്ചു. ഇതിൽനിന്നൊക്കെയും എപ്പോൾവേണമെങ്കിലും പിൻവലിയാമെന്ന് ഞാൻ എന്നോടുതന്നെ പറഞ്ഞു. എന്നാൽ ആഴ്ചകൾക്കുള്ളിൽ ഞാൻ ആ ജീവിതരീതിയിലേക്കു വലിക്കപ്പെട്ടു. എന്നെ യഥാർത്ഥമായി സ്നേഹിക്കുന്നുവെന്നു പറഞ്ഞ ഒരു യുവാവുമായി ഞാൻ ലൈംഗികബന്ധത്തിൽ ഏർപ്പെട്ടു. അവൻ ആ കിബുട്ട്സ് (KIBUTZ)ലെ പ്രധാന സ്ത്രീലമ്പടനാണെന്ന് എനിക്ക് അറിയാമായിരുന്നുവെങ്കിലും ഞാൻ അവന്റെ വലയിൽ അകപ്പെട്ടുപോയി. എപ്പോൾ വേണമെങ്കിലും സ്വയനിയന്ത്രണം ഏർപ്പെടുത്താമെന്നു ചിന്തിച്ചിരുന്ന എനിക്ക്, അതിന് എതിരായിട്ടാണല്ലോ ഞാൻ ഗമിക്കുന്നതെന്നു മനസ്സിലായപ്പോൾ പശ്ചാത്താപം ഉണ്ടായി. കുറെ ദിവസം  കഴിഞ്ഞ് അയാൾ യാതൊരു സങ്കോചവും ഇല്ലാതെ വേറൊരു യുവതിയുമൊത്തു പോകുന്നതു കണ്ടപ്പോൾ ഞാൻ ഭയന്നുപോയി.

ഞാൻ എന്റെ ഭവനത്തിലേക്കു മടങ്ങി. അടുത്ത രണ്ടുവർഷം എന്റെ പ്രശ്നങ്ങളിൽനിന്ന് വിടുതൽപ്രാപിച്ചുവെന്നു ഞാൻ കരുതി. എന്നാൽ അത് ഒരു മിഥ്യാബോധം മാത്രമായിരുന്നു. ഞാൻ വീണ്ടും വീണുപോയി.

ഒരു പുരുഷൻ എനിക്കു മനോഹരമായ ഒരു ഭാവി വാഗ്ദാനം ചെയ്തു. അയാൾ എന്തുമാത്രം എന്നെ സ്നേഹിക്കുന്നുവെന്നും ഞാൻ ഒരു സുന്ദരി ആണെന്നും അയാൾ നിരന്തരം എന്നോടു പറഞ്ഞുകൊണ്ടിരുന്നു. അയാൾ പറയുന്നത് പൂർണ്ണമായി വിശ്വസിക്കണമെന്നു ഞാൻ ആഗ്രഹിച്ചു. പിന്നീട് അത് കൈയിൽപ്പിടിത്തമായി, കെട്ടിപ്പിടുത്തമായി. ചുംബനം നൽകാൻ, തലോടാൻ ഇങ്ങനെ ഒന്നിൽനിന്നു മറ്റൊന്നിലേക്ക് പടിപടിയായി കയറി. അയാൾ കൂടുൽകൂടുതൽ എന്നിൽനിന്ന് ആവശ്യപ്പെട്ടു. കാലക്രമത്തിൽ കുറ്റബോധവും ഭയവും എന്നിൽനിന്ന് അകന്നു. അവസാനം ലൈംഗികബന്ധത്തിന് അയാൾ ആവശ്യപ്പെട്ടപ്പോൾ ഞാൻ അതിനും വഴങ്ങി. പാപത്തിന്റെ ആഴത്തിലേക്കു കൂടുതൽ താഴുവാൻ ഞാൻ എന്നെത്തന്നെ അനുവദിച്ചു. ഭവനത്തിൽനിന്ന് ഒളിച്ചോടിപ്പോയി അയാളുടെകൂടെ താമസിക്കുവാൻ ഞാൻ ആഗ്രഹിച്ചു. സ്നേഹവും വിശ്വസ്തതയും ഞാൻ അവനു വാഗ്ദാനം ചെയ്തു. എന്നാൽ ഈ ബന്ധത്തെക്കുറിച്ച് ആരോടെങ്കിലും പറഞ്ഞാൽ എന്നെ വധിക്കുമെന്ന് അയാൾ എന്നെ ഭീഷണിപ്പെടുത്തിയിരുന്നു. പിറ്റെ ദിവസം അയാൾ അപ്രത്യക്ഷനായി. ഞാൻ അയാളെ പിന്നീടു കണ്ടിട്ടുമില്ല.

നിരാശയുടെ അടിത്തട്ടിൽ ആണ്ടുപോയ ഞാൻ ആത്മഹത്യയെക്കുറിച്ചു ചിന്തിച്ചു. എന്റെ വയറ്റിലും തലയിലും വേദന അനുഭവപ്പെട്ടു എനിക്കു ഭ്രാന്തുപിടിക്കുന്ന അവസ്ഥയായി. ലൈംഗികാസക്തി വർദ്ധിച്ചു. ഒരു പുരുഷസാമീപ്യം ഇല്ലാതെ ജീവിക്കുവാൻ വിഷമമായിത്തോന്നി. മാറിമാറി ഓരോ യുവാക്കളോടൊപ്പം ഞാൻ രമിച്ചു. അതിൽ രണ്ടുപേർ മറ്റുയുവതികളുമായി വിവാഹബന്ധത്തിന് ഉറപ്പു നൽകിയിരുന്നു. നൈരാശ്യതീവ്രതയിൽ ഞാൻ മണിക്കൂറുകളോളം കരഞ്ഞു. വേശ്യാവൃത്തിയിൽ മുഴുകിയ ഒരു സ്ത്രീയെപ്പോലെ ഞാൻ ആയിത്തീർന്നു.





എന്നാൽ എന്റെ കുടുംബാംഗങ്ങളുടെയും സ്നേഹിതരുടെയും മുമ്പിൽ ധൈര്യം പ്രകടിപ്പിക്കുവാൻ ഞാൻ ശ്രമിച്ചു.

എന്റെ ഈ ഇരുണ്ട ജീവിതം അധികനാൾ നീണ്ടുനിന്നില്ല. കാലക്രമത്തിൽ ഞാൻ പിടിക്കപ്പെട്ടു. ദൈവം എനിക്ക് ഒരു അവസരംകൂടി നൽകുന്നുവെന്ന ബോധം എനിക്കുണ്ടായി. എന്റെ പാപത്തിൽനിന്നു വിമുക്തി നേടുവാൻ അതുപോലെ ഒരു അവസരം എനിക്ക് ഉണ്ടാകുമായിരുന്നില്ല. ഞാൻ എന്റെ മാതാപിതാക്കളോട് സകലതും ഏറ്റുപറഞ്ഞു. സാത്താൻ തന്റെ ബന്ധനങ്ങൾ എന്റെ ജീവിതത്തിൽനിന്നും അഴിക്കുവാൻ സമയമെടുത്തു. എന്റെ ഉറക്കത്തിൽ അവൻ എന്നെ ഉപദ്രവിച്ചുകൊണ്ടിരുന്നു. എന്നാൽ ദൈവത്തിന്റെ അളവില്ലാത്ത സ്നേഹം പിന്നീടുള്ള ആഴ്ചകളിലും മാസങ്ങളിലും വളരെയായിരുന്നു. എന്റെ കുടുംബവും എന്റെ സഭയും എനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിച്ചു. എന്നെക്കുറിച്ചുള്ള അവരുടെ പ്രത്യാശകൾ അവർ കൈവെടിഞ്ഞില്ല.

മാസങ്ങൾ നീണ്ടുനിന്ന മൽപ്പിടിത്തത്തിനുശേഷം സാത്താന്റെ ബന്ധനങ്ങളിൽനിന്നു പൂർണ്ണവിമുക്തി പ്രാപിപ്പാൻ എനിക്കു സാധിച്ചു. അതു കഴിഞ്ഞതിനുശേഷം ഏറ്റവും അവിസ്മരണീയമായ ഒരു അനുഭവം എന്റെ ജീവിതത്തിൽ ഉളവായി. എന്റെ പാപമെല്ലാം മോചിക്കപ്പെട്ടിരിക്കുന്നുവെന്ന ഉറപ്പ് ദൈവസന്നിധിയിൽ പാസ്റ്റർ പ്രഖ്യാപിച്ചു. പാപമോചനത്തിന്റെ പ്രഖ്യാപനവേളയിൽ എനിക്കു ലഭ്യമായ ശക്തിയുടെ സന്തോഷവും വർണ്ണനാതീതമാണ്.

പാപഭാരത്താൽ വലയുമ്പോൾ തുറന്നു സംസാരിക്കുവാൻ ആരെയെങ്കിലും ലഭിക്കുക എന്നത് ഏറ്റവും വലുതായ ഒരു ദാനമാണ്. ഒരാളുടെ ഹൃദയത്തിലുള്ളത് മറ്റുള്ളവരിലേക്കു പകരുക എന്നത് ഒരു അണക്കെട്ട് തുറന്നുവിടുന്നതുപോലെയാണ്. വെള്ളം പുറത്തോട്ടു പോകുമ്പോൾ ഡാമിന്റെ ഭിത്തിക്കുള്ളിലുള്ള ഭാരം കുറഞ്ഞ് അത് ഇല്ലാതെയാകുന്നു. അനുതാപം യഥാർത്ഥവും ഹൃദയത്തിന്റെ അഗാധതയിൽ നിന്നുയരുന്നതുമാണെങ്കിൽ അത് നമുക്ക് സമാശ്വാസം തരും. അനുതപിക്കുകയെന്നതാണ് പാപവിമോചനത്തിന്റെ ആദ്യപടി. അത്യന്തികമായി നാം ദൈവസന്നിധിയിൽ നിൽക്കേണ്ടുന്നവരാണ്. അവനിൽനിന്ന് ഓടിയൊളിക്കുവാനോ ഒളിച്ചിരിക്കുവാനോ നമുക്കു സാധ്യമല്ല. ആദാമും ഹവ്വയും അതിനു ശ്രമിക്കുകയുണ്ടായി. പുത്രനായ യേശുവിന്റെ വെളിച്ചത്തിന്റെ പ്രഭയിൽ നാം ദൈവസന്നിധിയിൽ നിൽക്കുമ്പോൾ ആ പ്രഭയിൽ നമ്മുടെ പാപങ്ങൾ കരിഞ്ഞു ചാമ്പലായിത്തീരും.

ആദ്യ പുരുഷനും സ്ത്രീക്കും ദൈവം ഏദൻതോട്ടത്തിൽ സന്തോഷവും സമാധാനവും നൽകിയതുപോലെ അവൻ ഓരോ വിശ്വാസിക്കും തന്റെ സമാധാനരാജ്യത്തിൽ ഒരു ഇടം നൽകുവാൻ ശ്രമിക്കുന്നു. ഈ ഒരു പ്രവർത്തനത്തിനുവേണ്ടി നാം നമ്മു ടെ ജീവിതത്തിൽ ദൈവത്തിന്റെ ഭരണം അംഗീകരിക്കുകയും യേശുവിന്റെ വഴികൾ പരിപൂർണ്ണമായി സ്വീകരിക്കുവാൻ തയ്യാറാകുകയും വേണം. ഇതിന്റെ തുടക്കം ബേത്‌ലഹേമിലെ പുൽക്കൂട്ടിലും അവസാനം ഗോൽഗോഥായിലെ കുരിശിലു

മാണ്. ഈ ഗമനം ഏറ്റവും താഴ്മനിറഞ്ഞതും ലളിതവുമാണ്. പൂർണ്ണ വെളിച്ചവും പ്രത്യാശയും ലഭ്യമാകുന്നതിനുള്ള ഏക വഴിയും അതു തന്നെ.

നമ്മുടെ പാപങ്ങളെ തുടച്ചു മാറ്റി നമുക്ക് പാപമോചനവും ക്ഷമയും നൽകുവാൻ സാധിക്കുന്നത് യേശുവിനു മാത്രമാണ്. നമ്മുടെ മനഃസാക്ഷിയെ ഉണർത്തി എല്ലാവിധ വിദ്വേഷങ്ങളിൽ നിന്നും അശുദ്ധിയിൽനിന്നും ഭിന്നിപ്പുകളിൽനിന്നും വിടുതൽ നൽകുവാൻ അവൻ പ്രാപ്തനാണ് (എബ്രാ.9:14). നമ്മുടെ മനഃസാക്ഷി ഉണരുന്നുവെങ്കിൽ, ദൈവിക നീതിയും ദയയും നാം കാംക്ഷിക്കുന്നുവെങ്കിൽ നമ്മുടെ കുറ്റങ്ങളുടെയും പാപങ്ങളുടെയും അതിഭയങ്കരത നിസ്സാരമാകും. നാം ക്രിസ്തുവിലായാൽ നമ്മുടെ എതിരാളിയായി വർത്തിച്ച മനഃസാക്ഷി നമ്മുടെ സ്നേഹിതനാകും.

**നമ്മുടെ ജിവീതത്തെ രൂപാന്തരപ്പെടുത്തുവാൻ ക്ഷമയ്ക്കു കഴിവുണ്ട്**

യേശുക്രിസ്തു വാഗ്ദാനംചെയ്യുന്ന പാപക്ഷമയ്ക്ക് ഒരു വ്യക്തിയുടെ ജീവിതത്തെ പൂർണ്ണമായി രൂപാന്തരപ്പെടുത്തുവാനുള്ള ശക്തിയുണ്ട്. നമ്മെ ഭയപ്പെടുത്തുന്നതും ഏകാന്തതയിലേക്കു നയിക്കുന്നതും അശുദ്ധമായതും വക്രതയുള്ളതുമായതെല്ലാം അവനിൽ പൂർണ്ണമായി സമർപ്പിക്കപ്പെടുന്നതിനാൽ ഇല്ലാതെയാകും, ദൂരീകരിക്കപ്പെടും. നമ്മുടെ സ്വഭാവത്തിൽ ഉയർന്നു നിൽക്കുന്നത് താഴുകയും താഴ്ന്നു നിൽക്കുന്നത് ഉയരുക യും ചെയ്യും. ഈ വ്യതിയാനം ഉളവാകുന്നത് നമ്മുടെ ഹൃദയാന്തർഭാഗത്തുനിന്നാണ്. അത് വ്യാപരിച്ച് നമ്മുടെ ആന്തരികജീവിതത്തെയും ബാഹ്യജീവീതത്തെയും മറ്റുള്ളവരുമായുള്ള ബന്ധങ്ങളെയും സമൂലമായി പരിവർത്തനത്തിലേക്കു നയിക്കും.

ഈ വിധത്തിലുള്ള ഒരു പരിവർത്തനം ഒരു വ്യക്തിയുടെ ജീവിതത്തിൽ വന്നിട്ടുണ്ടോ എന്നത് ഏറ്റവും വ്യക്തമാകുന്നത് മരണത്തോട് സമീപിക്കുമ്പോഴാണ്. മരണാസന്നനായ ഒരു വ്യക്തിയുടെ സമീപത്ത് ചെല്ലുമ്പോൾ അയാളും ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിന്റെ വ്യാപ്തി വ്യക്തമായി നമുക്ക് മനസ്സിലാകും. ജീവശ്വാസം ഇല്ലാതെയാകുമ്പോൾ, മരണത്തോട് ഏറ്റവും അടുത്തിരിക്കുമ്പോൾ ഈ ഒരു ബന്ധത്തിനു മാത്രമേ എന്തെങ്കിലും പ്രസക്തി ഉണ്ടായിരിക്കുകയുള്ളൂ.

ദൈവത്തെ നേരിടുക എന്നത് ഏവരുടെയും ജീവിതത്തെക്കുറിച്ച് ഉദ്ദേശിച്ചിരിക്കുന്ന ഒരു സത്യമാണ്. യേശുക്രിസ്തു തന്റെ വചനങ്ങളിൽക്കൂടി ഇത് ഏറ്റവും നന്നായി വ്യക്തമാക്കുന്നു. " എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കു ചെയ്തു എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു" (മത്താ. 25). അവൻ ഇങ്ങനെയും പറയുന്നു, "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ, സ്വർഗരാജ്യം അവർക്കുള്ളത്" (മത്താ. 5:3). ഒരു വ്യക്തി യേശു ചെയ്തതുപോലെ മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നുവെങ്കിൽ അവന്റെ മരണസമയത്ത് ദൈവസാമീപ്യം അനുഭവിക്കുമെന്നത് പലരുടെയും അന്ത്യത്തിൽനിന്നു ഞാൻ നേരിട്ടു മനസ്സിലാക്കിയ ഒരു സംഗതിയാണ്. ജീവിതത്തിൽ സ്വാർത്ഥതയും പാപവും നിറഞ്ഞവരുടെ മരണസമയത്തുള്ള അതികഠിനമായ മാനസിക വിഭ്രാന്തിയും ഞാൻ ദർശിച്ചിട്ടുണ്ട്.





നാം വിവാഹിതരാണെങ്കിലും അല്ലെങ്കിലും യേശുക്രിസ്തുവിന്റെ സൗഖ്യമാകുന്ന വാക്കുകൾ ആഴത്തിൽ ശ്രദ്ധിക്കേണ്ടതാണ്. "ഞാനോ ലോകാവാസനത്തോളവും എല്ലാ നാളും നിങ്ങളോടുകൂടെയുണ്ട്"(മത്താ. 28:20). ജീവനും സ്നേഹവും വെളിച്ചവും യേശുക്രിസ്തുവിലാണ് ഉള്ളത്. നമ്മുടെ ജീവിതവും നമ്മുടെ ബന്ധങ്ങളും നമ്മെ പരിഭ്രമപ്പെടുത്തുന്ന എല്ലാ ഭാരങ്ങളും അവന്റെ സഹായത്താൽ ശുദ്ധീകരിക്കാം. ദൈവസാദൃശ്യം നമ്മുടെ ജീവിതത്തിൽ വീണ്ടെടുക്കാം.

# 6

# ലൈംഗികത്വവും പഞ്ചേന്ദ്രിയങ്ങളും

*"എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലത്, സ്തോത്രത്തോടെ അനുഭവിക്കുന്നുവെങ്കിൽ ഒന്നും വർജിക്കേണ്ടതല്ല. ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലോ" (1 തിമൊ. 4:4-5).*

ഒരു വ്യക്തിയുടെ ആന്തരിക ജീവിതത്തിലെ കേന്ദ്രബിന്ദു ഹൃദയമാണെന്നത്രേ വിശുദ്ധ വേദപുസ്തകം വിവരിക്കുന്നത്. നമ്മുടെ ഹൃദയത്തിൽ തീരുമാനങ്ങൾ എടുക്കുകയും ഏതു തരത്തിലുള്ള ആത്മാവിലാണ് മാർഗനിർദ്ദേശങ്ങൾ എടുക്കേണ്ടതെന്ന് അതിനനുസരിച്ച് വ്യക്തത നൽകുകയും ചെയ്യുന്നു. "യഹോവയായ ഞാൻ ഹൃദയങ്ങളെ ശോധന ചെയ്ത് അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന്ന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു" (യിരെ. 17:10). ദൈവം നമ്മെ പഞ്ചേന്ദ്രിയങ്ങളുമായാണ് സൃഷ്ടിച്ചിരിക്കുന്നത്. ജീവിതത്തിന്റെ നാനാവിധ അനുഭവങ്ങൾ, ലൈംഗികാകർഷണം ഇവ ഇന്ദ്രിയങ്ങളുടെ സഹായത്താലാണ് നടക്കുന്നത്. ഒരു പൂവിന്റെ മണവും സൂര്യന്റെ ചൂടും ഒരു ശിശുവിന്റെ ആദ്യ പുഞ്ചിരിയും നമുക്ക് സന്തോഷം നൽകുന്നു. ദൈവം നൽകുന്ന ഒരു വിലയേറിയ ദാനമാണ് ഇന്ദ്രിയങ്ങൾ മൂലമുള്ള ആസ്വാദനം. അത് ദൈവനാമ മഹത്വത്തിനും സ്തുതിക്കുമായി ഉപയോഗപ്പെടുത്തുന്നുവെങ്കിൽ നമുക്ക് വലുതായ സന്തോഷം ഉളവാകും.

ശുദ്ധവും ഉത്തമവുമായ ഇന്ദ്രിയാസ്വാദനം നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുവാൻ ഉപകരിക്കുന്നുവെങ്കിലും അവയ്ക്ക് തെറ്റായ രീതിയിൽ സാത്താന്റെ അന്ധകാരതമസ്സിലേക്കു നയിക്കുവാനുള്ള ശക്തിയും ഉണ്ട്. പലപ്പോഴും ഉപരിപ്ലവമായ തലത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദൈവം നൽകുന്ന ശക്തിയെയും മഹത്വത്തെയും നാം നഷ്ടപ്പെടുത്തുന്നു. അതുപോലെ പഞ്ചേന്ദ്രിയാനുഭവങ്ങളാൽ മാത്രം നാം മനസ്സിലാക്കുകയും ഗ്രഹിക്കുകയും ചെയ്യുമ്പോൾ ദൈവത്തെ മറന്നുപോകുകയും ദൈവഹിതത്തിന്റെ ആഴം അനുഭവിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യും.





### ശാശ്വതസന്തോഷം ഇന്ദ്രിയങ്ങളിലൂടെയല്ല ദൈവത്തിൽക്കൂടെ മാത്രമാണ്

നമ്മുടെ ഇന്ദ്രിയങ്ങളെ ത്യജിക്കുന്നത് ദൈവത്തെയും അവന്റെ കൈവേലയേയും ത്യജിക്കുന്നതിനു സമമാണ് (1 തിമൊ. 4:1-3). നമ്മുടെ ശരീരത്തെയോ നമ്മുടെ വൈകാരിക ശക്തികളെയോ ഉപേക്ഷിക്കണമെന്ന് പരിശുദ്ധാത്മാവ് ആവശ്യപ്പെടുന്നില്ല. എന്നാൽ ഉത്തമവും ശുദ്ധവും ആയതിനെ അശുദ്ധമാക്കുവാൻ സാത്താൻ സദാ ശ്രമിക്കുന്നു. സത്യത്തെ വളച്ചൊടിക്കുവാനും പ്രത്യേകിച്ചും ഈ വിഷയത്തിൽ നമ്മെ ചതിയിലകപ്പെടുത്തുവാനും അവൻ കാത്തിരിക്കുന്നു, പതിയിരിക്കുന്നു.

നമ്മുടെ ആത്മാവ് ദൈവാത്മാവിലേക്ക് സദാ ആകർഷിക്കപ്പെടുന്നു. എന്നാൽ ഭൗതികതലത്തിൽ നമ്മുടെ ശരീരത്തിലൂടെയാണ് ഇതു പ്രകടമാകുന്നത്. ആത്മാവിന്റെ യഥാർത്ഥ ശത്രു ശരീരമല്ല. ആയതിനാൽ ശരീരത്തെ വെറുക്കരുത്, നിരാകരിക്കരുത്. നിരന്തരം മനുഷ്യാത്മാവിനെ ദൈവാത്മാവിൽനിന്നും അവന്റെ സന്നിധിയിൽ നിന്നും വേർപെടുത്തി, നശിപ്പിക്കുവാൻ ശ്രമിക്കുന്ന മുഖ്യശത്രുവാണ് സാത്താൻ. എന്നാൽ ആത്മാവ്, മനസ്സ്, ശരീരം ഇങ്ങനെ മനുഷ്യന്റെ എല്ലാ ഭാഗങ്ങളെയും അവന്റെ നിയന്ത്രണത്തിൽ അവന്റെ ശുശ്രൂഷയ്ക്ക് ഉപയോഗിക്കണമെന്നതാണ് (1 കൊരി. 10:31) ദൈവഹിതം.

ആയതിനാൽ ഇന്ദ്രിയങ്ങൾ അതിൽത്തന്നെ തെറ്റായ ഒന്നല്ല. നാം ചെയ്യുന്നതെല്ലാംതന്നെ നാം ഉറങ്ങുന്നതും എഴുന്നേൽക്കുന്നതും അങ്ങനെ നിരവധി സംഗതികൾ ഇന്ദ്രിയാനുഭവങ്ങളുടെ ഭാഗമാണ്. മൃഗങ്ങളേക്കാളും ഉപരിയായി ദൈവസാദൃശ്യത്തിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ നമ്മിൽനിന്നും വളരെ കൂടുതലായി ദൈവം പ്രതീക്ഷിക്കുന്നു, ആഗ്രഹിക്കുന്നു.

രണ്ടു വ്യക്തികൾ അന്യോന്യം സ്നേഹിക്കുമ്പോൾ അവർക്കു ലഭ്യമാകുന്ന സന്തോഷാനുഭൂതിയുടെ ആദ്യപടി ഇന്ദ്രിയതലങ്ങളിലാണ്. അവരുടെ നയനങ്ങൾ അന്യോന്യം ഗ്രസിക്കുന്നു. ശബ്ദം അന്യോന്യം ശ്രവിക്കുന്നു. കരങ്ങളുടെ സ്പർശനം, അന്യോന്യമുള്ള സാമീപ്യം ഇവയെല്ലാം ഈ ഒരു തലത്തിൽ നമുക്ക് ദർശിക്കാവുന്നതാണ്. നാം കാണുന്നതും കേൾക്കുന്നതും സ്പർശിക്കന്നതുമെല്ലാം ബാഹ്യമായതാണെങ്കിലും ഈ അനുഭവങ്ങൾ ആന്തരികതലത്തിലേക്ക് ഇറങ്ങുവാൻ സാധിക്കും. ഇവയുടെ യഥാർത്ഥ തുടക്കം ഇന്ദ്രിയങ്ങളുടെ തലത്തിൽ ആണ്.

എന്നാൽ മനുഷ്യസ്നേഹം ഒരിക്കലും ഈ ശാരീരികതലത്തിൽ ഒതുക്കിനിർത്തേണ്ടതല്ല. അത് ആഴത്തിലേക്ക് അതിന്റെ വേരുകളിറക്കേണ്ടതാണ്. ഇന്ദ്രിയ സാക്ഷാത്കാരം അതിൽത്തന്നെ അവസാനിക്കുമ്പോൾ അത് താൽക്കാലികമാണ്. അതിനേക്കാൾ അധികമായി ശാശ്വതമായ ഒരു നിർവൃതിയിലേക്ക് ഗമിക്കുവാൻ നാം പ്രേരിതരാകുന്നു (എഫേ. 4:17-10). നമ്മുടെ ഇന്ദ്രിയങ്ങളെ മത്തുപിടിപ്പിക്കുന്ന രീതിയിൽ ഉപയോഗിച്ചാൽ കാലതാമസം കൂടാതെ യഥാർത്ഥ ജീവശക്തി നഷ്ടമാകുവാൻ കാരണമാകും. ആഴത്തിലുള്ള അനുഭവങ്ങളെ ആസ്വദിക്കുന്നതിനുള്ള കഴിവ് നഷ്ടമാകുകയും ചെയ്യും. വിവാഹജീവിതത്തിൽ മുപ്പതു സംവത്സരം പിന്നിട്ട ഒരു സ്നേഹിതൻ ഇപ്രകാരം പറഞ്ഞു:

“ഞങ്ങൾ വിവാഹിതരായ സമയത്ത് എന്റെ ഭാര്യ ലൈംഗികാകർഷണം നൽകുന്ന രീതിയിൽ വസ്ത്രം ധരിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. വളരെ ഇറുകിയ പാവാട പ്രചാരത്തിലിരുന്ന കാലയളവായിരുന്നു അത്. ആ തരത്തിലുള്ള വസ്ത്രധാരണ രീതി എന്റെ ഭാര്യയ്ക്കു യോജിച്ചതാണ് എന്നു ഞാൻ കരുതി. എന്നാൽ ഇതു മറ്റു പുരുഷന്മാരിലും അവളിലും എന്നിൽത്തന്നെയും ഉളവാക്കിയ തകരാറുകളെക്കുറിച്ചു ഞാൻ ബോധവാനായിരുന്നില്ല. യേശുക്രിസ്തു നിരാകരിക്കുന്ന കാമാസക്തമായ നോട്ടത്തെ-കണ്ണുകളെയാണ് ഞാൻ പ്രോത്സാഹിപ്പിക്കുന്നത് എന്നു ഞാൻ മനസ്സിലാക്കിയിരുന്നില്ല. പിൽകാലങ്ങളിൽ മാത്രമാണ് ഞാനും എന്റെ ഭാര്യയും ഇതിനെക്കുറിച്ചു മനസ്സിലാക്കുകയും അത്തരത്തിലുള്ള ചിന്തകൾ ഉപേക്ഷിക്കുകയും ചെയ്തത്. ശാരീരിക ഭംഗിയെക്കുറിച്ചുള്ള ഒരു തെറ്റായ ചിന്താഗതിയിൽനിന്ന് സ്വതന്ത്രരായി ഒരു മെച്ചമായ വിവാഹബന്ധത്തിലേക്ക് ഇതു ഞങ്ങളെ കൊണ്ടെത്തിച്ചു.”

ദൈവഭക്തിയിൽ നാം നമ്മെത്തന്നെയും നമ്മുടെ ഇന്ദ്രിയങ്ങളെയും സമർപ്പിക്കുമ്പോൾ മാത്രമാണ്, ഈ ലോകത്തിന്റേതായുള്ള അനുഭവങ്ങൾ യഥാർത്ഥവും പൂർണ്ണവുമാകുന്നത്. ഇന്ദ്രിയസുഖങ്ങളിൽ കേന്ദ്രീകരിച്ചു ജീവിക്കുന്നവരുടെ ജീവിതം ഉദ്ദേശ്യരഹിതവും ലക്ഷ്യമില്ലാത്തതും ആയിത്തീരുന്നതു പലരുടെയും ജീവിതത്തിൽ ഞാൻ ദർശിച്ചിട്ടുണ്ട്. സുഖഭോഗങ്ങളേക്കാൾ യഥാർത്ഥമാണ് ദൈവികസന്തോഷം. ദൈവത്തിൽ മാത്രമാണ് നിത്യസൗഖ്യം നീണ്ടു നിൽക്കുന്നത്. യഥാർത്ഥമായ ഹൃദയത്തിലെ അഗാധ വാഞ്ഛകൾ അനുഭവയോഗ്യമാകുന്നതും നിവൃത്തീകരിക്കപ്പെടുന്നതും ദൈവത്തിൽ മാത്രമാണ്.

**നമ്മുടെ ലൈംഗികത്വം ദൈവത്തിൽ സമർപ്പിക്കുമ്പോൾ അത് ദിവ്യമായ ദാനമായിത്തീരുന്നു**

ദൈവത്തിന്റെ ദാനമായി കരുതുമ്പോൾ ഇന്ദ്രിയ വിഷയം ഒരു നിഗൂഢ രഹസ്യമാണ്. ദൈവത്തെ അകറ്റി നിർത്തുമ്പോൾ അതിന്റെ നിഗൂഢത ഇല്ലാതെയാകുകയും ലൈംഗീകാസക്തി അശുദ്ധമാകുകയും ചെയ്യും. ലൈംഗികതയുടെ എല്ലാ വശങ്ങളിലും ഇത് ഒരു യാഥാർത്ഥ്യമാണ്. ലൈംഗികജീവിതത്തിൽ അന്യോന്യമുള്ള സാമീപ്യം വളരെ അഗാധമായ ഒന്നാണ്. സ്വാഭാവികമായി ലൈംഗികബന്ധം ഓരോ വ്യക്തിയുടെയും രഹസ്യജീവിതത്തിന്റെ ഭാഗമാണ്. ഇതിനെക്കുറിച്ചുള്ള ഏതെങ്കിലും ഒരു വെളിപ്പെടുത്തൽ ഈ നിഗൂഢതയിലേക്കുള്ള സ്പർശനമാണ്. ആ രഹസ്യത്തിലേക്കുള്ള കവാടം തുറന്നു കൊടുക്കുകയാണ്. സ്വകാര്യവും ഗാഢബന്ധമുള്ളതുമായ ഒരു വെളിപ്പെടുത്തലായി ഇതിനെ കരുതാം. ആയതിനാൽ ലൈംഗികതലം ദൈവത്തിന്റെ വലുതായ ദാനം ആണെങ്കിലും അത് ലജ്ജയും നാണവും ഉണ്ടാക്കുന്ന ഒരു തലവുമാണ്. നമ്മുടെ നിഗൂഢരഹസ്യങ്ങളെ മറ്റുള്ളവർക്കു വെളിപ്പെടുത്തുന്നതിൽ നാം ലജ്ജിക്കാറുണ്ട്. ഇതിന് ഒരു പ്രത്യേക കാരണവുമുണ്ട് ആദമും ഹവ്വായും ദൈസന്നിധിയിൽ അവരുടെ നഗ്നതയെക്കുറിച്ച് അവർ പാപം ചെയ്തുവെന്ന കാരണത്താൽ ലജ്ജിച്ചതുപോലെ, പാപബോധം നാം ഏവരുടെയും മനസ്സിൽ ഉൾക്കൊള്ളുന്നു. നിരവധി മനഃശാസ്ത്രജ്ഞർ ഇത്





ഒരു അസുഖമായി കണക്കാക്കുന്നു. എന്നാൽ പാപബോധം ഒരു വ്യക്തിയിൽ ഉളവാകുക എന്നത് രോഗമല്ല പ്രത്യുത ഉത്തമസംഗതിയാണ്. ദൈവം നൽകിയിരിക്കുന്ന വിശുദ്ധിയെ കാത്തുസൂക്ഷിക്കുന്നതിനുള്ള ഘടകമാണ് പാപബോധം. പാപബോധം മനുഷ്യനെ അനുതാപത്തിലേക്കു നയിക്കുന്നു.

മുറിക്കപ്പെടുവാൻ പാടില്ലാത്തതും നിലനിൽക്കുന്നതുമായ ഒരു സ്നേഹബന്ധത്തിന്റെ പൂർത്തീകരണമാണ്, അതിന്റെ പ്രകടനമാണ് ലൈംഗികസംയോജനം. ഒരാൾ പരിപൂർണ്ണമായി ജീവിത പങ്കാളിക്ക് തന്നെത്തന്നെ സമർപ്പിക്കുകയും പങ്കാളിയുടെ രഹസ്യ കലവറയുടെ ഉള്ളിലേക്ക് ആഴത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. വിവാഹജീവിതത്തിന്റെ പരിധിക്കുള്ളിലല്ലാതെ അതിനപ്പുറത്തുള്ള എല്ലാവിധ ലൈംഗികബന്ധങ്ങളും അശുദ്ധമാണ്, മ്ലേച്ഛമാണ്. ആയതിനാൽ വിവാഹത്തിനുമുമ്പുള്ള ലൈംഗികബന്ധങ്ങൾ, വിവാഹബന്ധത്തിന് വാക്കുകൊടുത്ത് വിവാഹജീവിതത്തിലേക്കു പ്രവേശിക്കുവാൻ തയ്യാറാകുന്നവരാണെങ്കിൽപ്പോലും അശുദ്ധമാണ്. ഇത് ഭാവിവിവാഹജീവിതത്തെത്തന്നെ അസുഖകരമായ വിധത്തിൽ സ്വാധീനിക്കും. വിവാഹജീവിതത്തിനു മുമ്പ് ഉറ്റ സ്നേഹബന്ധത്തിന്റെ മൂടുപടം ഉയർത്തുവാൻ പാടില്ല. അത് ദൈവത്തോടുകൂടെയും സഭയുടെ മദ്ധ്യസ്ഥതയിൽ അവരുടെ സാന്നിദ്ധ്യത്തോടൊപ്പം ആയിരിക്കേണ്ടതാണ് (എബ്രാ. 13:4).

വിവാഹജീവിത്തിനുള്ളിലാണെങ്കിലും ലൈംഗികബന്ധം തികഞ്ഞ ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം കർത്താവിനുള്ളവർ ആയിരിക്കണം. കർത്താവിൽ കേന്ദ്രീകരിച്ചുള്ള ഒരു വിവാഹജീവിതവും ജഡത്തിൽ കേന്ദ്രീകരിച്ചുള്ള ജീവിതവും തമ്മിൽ ഒരു താരതമ്യപഠനം, ഗലാത്യലേഖനത്തിൽ വിശുദ്ധ പൗലോസിന്റെ വാക്കുകളിൽ നമുക്കു ലഭ്യമാകും.

“ജഡത്തിന്റെ പ്രവൃത്തികളോ, ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്ത് മുതലായവയെന്നു വെളിവാകുന്നു. ഈവക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതുപോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു. ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം. സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, ഈ വകയ്ക്ക് വിരോധമായി ഒരു ന്യായപ്രമാണവുമില്ല. ക്രിസ്തുയേശുവിനുള്ളവർ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചിരിക്കുന്നു” (ഗലാ. 5:19–24).

അമിതാഹാരാസക്തിപോലെതന്നെ ലൈംഗികാസക്തിയെ കാണുന്നവർ ലൈംഗികതലത്തിന്റെ അർത്ഥം ശരിയായി മനസ്സിലാക്കുന്നില്ല. കാമാസക്തിയുടെയും ലൈംഗികാശുദ്ധിയുടെയും പരീക്ഷകളിലകപ്പെടുമ്പോൾ അത് അമിതാഹാരത്തിന്റെ പ്രശ്നങ്ങളിൽ നിന്നും വ്യത്യസ്തമായ രീതിയിലാണെങ്കിലും പൗലോസ്, രണ്ടിനെയും വർജ്ജിക്കുവാൻ ആവശ്യപ്പെടുന്നു. കാമാസക്തിയും അശുദ്ധിയും നമ്മുടെ ഹൃദയത്തിന്റെ അന്തരംഗങ്ങളെയും നമ്മെത്തന്നെയും വലയ്ക്കുന്നു, മുറിപ്പെടുത്തുന്നു.

ആത്മാവിന്റെ കേന്ദ്രബിന്ദുവിൽത്തന്നെ അത് ആക്രമിക്കുന്നു. നാം ലൈംഗികാശുദ്ധിയിൽ അകപ്പെടുമ്പോൾ സാത്താന് ഇരയാകുകയും നമ്മുടെ വ്യക്തിത്വം മുഴുവനായി തെറ്റിൽ അകപ്പെടുകയും ചെയ്യും. അഗാധമായ തലത്തിലുള്ള അനുതാപത്താലും അതിനെത്തുടർന്നുള്ള മാനസാന്തരത്താലും മാത്രമാണ് നാം ഇതിൽനിന്നും വിടുതൽ പ്രാപിക്കുന്നത്.

**നിയമസിദ്ധാന്തം അശുദ്ധിയെ ചെറുക്കുകയില്ല**

ലൈംഗികതയോടുള്ള ഭയമോ, സദാചാരബോധമോ, കപടഭക്തിയോ ലൈംഗികാശുദ്ധിക്ക് എതിരായി കാണുവാൻ സാധിക്കുകയില്ല. ഇതിനെതിരായുള്ള മുന്നറിയിപ്പ് യേശു നൽകുന്നുണ്ട് (മത്താ. 23:25–28). ഇന്ദ്രിയങ്ങളിൽക്കൂടിയുള്ള നമ്മുടെ അനുഭവങ്ങൾ ശുദ്ധവും സന്തോഷപ്രദവും സ്വതന്ത്രവുമായിരിക്കണം. പാസ്കൽ എന്ന ചിന്തകൻ ഇപ്രകാരം പറയുന്നു: "വർജനത്തെക്കുറിച്ച് ചിന്തിക്കുന്നവരുടെ വികാരാവേശത്തിന് ഊർജ്ജസ്വലത കൂടുതലാണ്." ഇന്ദ്രിയങ്ങളെ സദാചാര നിയമങ്ങളാൽ നിയന്ത്രിക്കുവാൻ ശ്രമിക്കുമ്പോൾ അസത്യവും തലതിരിഞ്ഞതുമായ പുതിയ മാർഗങ്ങളിലേക്ക് വഴിതിരിയുവാനുള്ള സാധ്യതയാണ് കണ്ടുവരുന്നത് (കൊലോ. 2:21–23)

പലതരം അഴിമതി നിറഞ്ഞതും ലജ്ജാകരമായതുമായ ഇന്നത്തെ കാലയളവിൽ ദൈവത്തെയും അവന്റെ സൃഷ്ടിയേയുംകുറിച്ചുള്ള ബോധത്തിൽ കുഞ്ഞുങ്ങളെ വളർത്തുന്നത് കൂടുതൽ കൂടുതൽ വിഷമകരമാണ്. വളർന്നു പ്രായപൂർത്തിയാകുമ്പോൾ വിവാഹജീവിതത്തിലും അതിനു പുറമെയും അവർ വിശുദ്ധിയിൽ ജീവിക്കുവാനുതകുന്ന തരത്തിലായിരിക്കണം നാം കുഞ്ഞുങ്ങളെ വളർത്തേണ്ടത്.

ലൈംഗികകാര്യങ്ങളെക്കുറിച്ച് കുഞ്ഞുങ്ങൾ അനാദരവോടെ സംസാരിക്കുന്നത് നിരുത്സാഹപ്പെടുത്തുവാൻ നാം ശ്രദ്ധിക്കണം. ഈ വിഷയം പരിപൂർണ്ണമായി നിരാകരിക്കുവാൻ സാധ്യമല്ല. കുഞ്ഞുങ്ങളിൽ ഭയഭക്തി വർദ്ധിപ്പിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്. ദൈവത്തിന്റെ സൃഷ്ടിക്രമത്തിൽ ലൈംഗികത വിശുദ്ധമാണ്; അതിന്റെ ഉപയോഗവും വിശുദ്ധമാണ്. ആയതിനാൽ അത് ദുരുപയോഗപ്പെടുത്തരുത് എന്ന വസ്തുത നാം അവരെ പഠിപ്പിക്കണം. ഒരു ഉത്തമ വിവാഹജീവിതത്തിനുവേണ്ടി തങ്ങളുടെ ശരീരം വിശുദ്ധമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത അവർ മനസ്സിലാക്കണം. വിശുദ്ധവും ദൈവികവുമായ ഒരു വിവാഹജീവിതത്തിലൂടെ മാത്രമേ, ഉത്തമവും സംപൂർണ്ണവുമായ ലൈംഗിക സംതൃപ്തി ലഭ്യമാകൂവെന്ന വസ്തുതതയും അവർ മനസ്സിലാക്കേണ്ടതാണ്.

യുവദമ്പതികൾ ഒന്നുചേരുമ്പോൾ ദൈവം സന്തോഷിക്കുന്നു. ഈ ഒത്തുചേരൽ ആദ്യം ആത്മാവിലും പിന്നീട് ഹൃദയത്തിലും മനസ്സിലും അവസാനമായി ശരീരത്തിലുമാണ് പൂർണ്ണമാകേണ്ടത്. ഒരു പുരുഷനും ഒരു സ്ത്രീയും ദൈവഭക്തിയിൽ വിവാഹജീവിതത്തിൽ സംഗമിക്കുമ്പോൾ അത് ദൈവത്തോടുള്ള ബന്ധത്തിലും ദൈവനടത്തിപ്പിലും ദൈവാനുഗ്രഹത്തിലും ആയിരിക്കണം. എല്ലാ ദമ്പതികളും ഈ ദൈവഭയത്തിൽ വസിക്കണം. എന്തെന്നാൽ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും."





# 7

# ഹൃദയശുദ്ധിയുള്ളവർ

*"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും...". പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കുള്ളതുകൊണ്ട് നാം ജഡത്തിലെയും ആത്മാവിലെയും സകല അശുദ്ധിയേയും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക" (മത്താ. 5:8; 2കൊരി. 7:1).*

ഒന്നിൽമാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ ഹൃദയവിശുദ്ധി പ്രാപിക്കുന്നുവെന്നാണ് സോറെൻ കേർകെഗാർഡ് പറയുന്നത്. ആ ഒരു കാര്യം ദൈവവും അവന്റെ ഹിതവുമാണ്. ദൈവത്തെ കൂടാതെയുള്ള അസ്വസ്ഥതയിൽ നമ്മുടെ ഹൃദയം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്നു. അശുദ്ധി എന്നാൽ എന്ത്? ദൈവത്തിൽ നിന്നുള്ള വേർപാടാണ് അശുദ്ധി. 'അരുത്' എന്ന് ദൈവം കൽപ്പിക്കുന്നതിൽനിന്നു വ്യത്യസ്തമായ രീതിയിൽ ലൈംഗികതയെ ഉപയോഗിക്കുമ്പോൾ അശുദ്ധി ഉളവാകുന്നു.

ബാഹ്യമായതിൽനിന്നല്ല ഈ അശുദ്ധി ഉളവാകുന്നത്. ബാഹ്യമായ തലത്തിൽ അതിനെ തുടച്ചുമാറ്റുവാനും സാധ്യമല്ല. നമ്മുടെ ചിന്തകളിൽ ഉദിച്ച്, ഒരു മുറിവ് പഴുക്കുന്നതുപോലെ അത് വ്യാപിക്കുന്നു (മത്താ. 15:16–20). അശുദ്ധിയുടെ ആത്മാവിന് ഒരിക്കലും തൃപ്തി വരികയില്ല. ഒരിക്കലും അതു പൂർണ്ണമല്ല. അത് അതിനുവേണ്ടിത്തന്നെ അപഹരിക്കുവാനുള്ള ശ്രമത്തിലാണ്. ലഭ്യമായാൽ കൂടുതൽ വേണമെന്ന അത്യാഗ്രഹത്തിൽ അത് മുമ്പോട്ടു ഗമിക്കുന്നു. അശുദ്ധിയെന്നത് ആത്മാവിന്റെ കറയാണ്. അത് മനഃസാക്ഷിയെ നശിപ്പിക്കുന്നു. ജീവിതസമ്പൂർണ്ണതയെ ഇല്ലാതെയാക്കുന്നു. അവസാനം ആത്മീയമരണത്തിലേക്കു നയിക്കുകയു ചെയ്യുന്നു.

**അശുദ്ധഹൃദയത്തിന് തൃപ്തിയും സ്വാതന്ത്ര്യവും ഇല്ല**

നമ്മുടെ ആത്മാവ് അശുദ്ധമാകുമ്പോൾ സാത്താന്റെ ശക്തികൾക്കു നാം പ്രവേശനം നൽകും. അതിനെത്തുടർന്ന് ലൈംഗികത ഉൾപ്പെടെ ജീവിതത്തിന്റെ വിവിധ വശങ്ങൾ അവന്റെ അധീനതയിലാകും. കായികവിനോദങ്ങളും മറ്റു പലതും ഒരു ആരാധന എന്നപോലെ നമ്മുടെ ജീവിതത്തിലായിത്തീരാം. അതുപോലെതന്നെ അധികാരപ്രേമവും മറ്റുള്ളവരെ നിയന്ത്രിക്കുവാനുള്ള താത്പര്യവും അശുദ്ധിയിൽനിന്നാണ് ഉളവാ

കുന്നത്. ക്രിസ്തുവല്ലാതെ മറ്റെന്തിനാലും ഭരിക്കപ്പെടുമ്പോൾ നാം അശുദ്ധിയിലാണ് ജീവിക്കുന്നതെന്ന് ഓർക്കണം.

സ്വന്തം ആഗ്രഹത്തിന്റെ നിവൃത്തീകരണത്തിനുവേണ്ടി അഥവാ കാമസംതൃപ്തിക്കുവേണ്ടി മാത്രം മറ്റൊരാളെ ഉപയോഗിക്കുന്നതാണ് ലൈംഗികതലത്തിലെ അശുദ്ധി. ഒരു ദീർഘകാലബന്ധം സ്ഥാപിക്കപ്പെടുന്നതിനു താത്പര്യം ഇല്ലാതെ ലൈംഗികബന്ധത്തിൽ ഏർപ്പെടുന്ന സാഹചര്യങ്ങളിൽ ഇതു വ്യക്തമാണ്. ഒരു വ്യക്തി പണത്തിനുവേണ്ടി ലൈംഗികബന്ധത്തിൽ ഏർപ്പെടേണ്ടിവരുന്ന സാഹചര്യം അതിഹീനമാണ്. ഈ തരത്തിലുള്ള ഒരു ബന്ധത്തിൽ ഏർപ്പെടുമ്പോൾ പൗലോസ് പറയുന്നതുപോലെ വേശ്യാവൃത്തിയിൽ അയാൾ ഒന്നിക്കുന്നു. എന്തെന്നാൽ ജഡികസുഖത്തിനുവേണ്ടിമാത്രം ഒരുവൻ മറ്റൊരു വ്യക്തിയെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. ഈ പ്രവൃത്തിയിൽക്കൂടി മറ്റൊരു വ്യക്തിക്ക് എതിരായ ഒരു തെറ്റു ചെയ്യുന്നുവെന്നതിനൊപ്പം തന്നോടുതന്നെയും ആ തെറ്റ് ആവർത്തിക്കുകയും ചെയ്യുന്നു. ("നിങ്ങളുടെ ശരീരങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങളാകുന്നുവെന്ന് അറിയുന്നില്ലയോ?" 'ഇരുവരും ഒരു ദേഹമായിത്തീരുമെന്ന' വചനം ശ്രദ്ധിക്കുക. 'കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവ് ആകുന്നു. ദുർന്നടപ്പ് വിട്ട് ഓടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്ത ശരീരത്തിനു വിരോധമായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിലിരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്ന നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ലയെന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ"(1 കൊരി.6:15-20). ഒരുവിവാഹജീവിതത്തിലെ സ്വാർത്ഥമായ ലൈംഗികത ദൈവത്തിൽനിന്നു വേർപെടുത്തപ്പെട്ട ഒരു പ്രക്രിയയാണ്. സ്വാർത്ഥലൈംഗികത നമ്മെ മരവിപ്പിച്ച് നശിപ്പിക്കുന്ന മധുരമേറിയ വിഷമാണ് എന്നത്രേ വോൺ ഹിൽഡെബ്രാൻഡ് എഴുതുന്നത്.

ലൈംഗിക നിർവ്വികാരം അശുദ്ധിക്കെതിരായ ഒരു വികാരമാണ് എന്നു ചിന്തിക്കുന്നത് തികച്ചും മിഥ്യയാണ്. ലൈംഗിക അജ്ഞത പരിശുദ്ധിയുടെ വിളനിലമായി കരുതുവാൻ സാധ്യമല്ല. ലൈംഗിക വികാരം ഇല്ലാത്തവൻ അപൂർണ്ണനാണ്. പ്രകൃതിയാൽ ലഭ്യമാകുന്നതിന്റെ അഭാവമാണ് അവിടെ വെളിപ്പെടുന്നത്. സമ്പൂർണ്ണ വ്യക്തിത്വത്തിന് ഗുണവും മണവും രുചിയും നൽ കുന്ന എന്തോ ഒന്നിന്റെ അഭാവമായി അതിനെ കരുതാം.

വിശുദ്ധിയെ കാംക്ഷിക്കുന്നവർ മനുഷ്യനിലെ ലൈംഗികതയെ എതിർക്കുന്നില്ല, വെറുക്കുന്നില്ല. അനാവശ്യഭയങ്ങളിൽ നിന്നും മിഥ്യാബോധങ്ങളിൽനിന്നും അവൻ സ്വതന്ത്രനാണ്. എന്നാൽ ലൈംഗികതയുടെ നിഗൂഢതയെ അവർ ആദരിക്കുന്നു. വിവാഹജീവിതത്തിൽനിന്ന് ദൈവം വിളിക്കുന്നതുവരെയും ഭവ്യതയോടെമാത്രം ലൈംഗികതയിൽ നിന്ന് അവർ അകന്നു നിൽക്കുന്നു.





അവിവാഹിതരായ ക്രിസ്തീയസഹോദരങ്ങൾ ലൈംഗിക വികാരങ്ങളെ അമർത്തി ജീവിക്കുകയെന്നത് വിശുദ്ധ ജീവിതത്തിനുള്ള യഥാർത്ഥ ഉത്തരമല്ല. ക്രിസ്തുവിൽ തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്നതിൽക്കൂടെ മാത്രമാണ് അവർക്ക് വിശുദ്ധി ലഭ്യമാകുന്നത്. വിവാഹത്തിൽക്കൂടി രണ്ടുപേർ ഒരു പ്രത്യേക വിശുദ്ധിയിൽ തങ്ങളുടെ ലൈംഗികതയെ പരസ്പരം സമർപ്പിക്കുന്നു. എന്നാൽ അതിന്റെ അഗാധതലത്തിൽ യഥാർത്ഥ ദാതാവ് ദൈവം മാത്രമാണ്. എന്തെന്നാൽ ദൈവമാണ് ലൈംഗികത സൃഷ്ടിയിൽക്കൂടി നൽകിയിരിക്കുന്നത്. ആയതിനാൽ ചിന്തയിലോ പ്രവൃത്തിയിലോ നാം പരീക്ഷിക്കപ്പെടുമ്പോൾ നാം ദൈവത്തിന് എതിരായി പാപം ചെയ്യുകയാണ്. വിവാഹജീവിതത്തിലെ വിശുദ്ധി നിലനിർത്തുന്നതിനുവേണ്ടിയാണ് ലൈംഗികത അവൻ നമുക്ക് നൽകിയിരിക്കുന്നത്.

ഏവരുടെയും ഹൃദയങ്ങൾക്ക് ആന്തരികതലത്തിൽ നിർമ്മലതയും യോജിപ്പും ദൈവം ആഗ്രഹിക്കുന്നു. ഇതിൽക്കൂടിയാണ് യതാർത്ഥ വിശുദ്ധി കൈവരിക്കുന്നത്."പാപികളേ, കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ള ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ"(യാക്കോ.4:8). Eberhand Arnold ഇപ്രകാരം എഴുതുന്നു:

"ഹൃദയനിർമ്മലത ഇല്ലയെങ്കിൽ ആ ഹൃദയം ശക്തികുറഞ്ഞതും ദൃഢമല്ലാത്തതും ഉദാസീനവും ആയിരിക്കും" അവർ ദൈവഹിതം അനുസരിച്ചു തീരുമാനങ്ങൾ എടുക്കുന്നതിൽ വിമുഖരും പ്രവർത്തനത്തിൽ അശക്തരും ആയിത്തീരും. ആയതിനാൽ യേശുക്രിസ്തു ഹൃദയത്തിന്റെ ഏകാഗ്രത, ലാളിത്യം, യോജിപ്പ്, കെട്ടുറപ്പ്, നിശ്ചയദാർഢ്യം എന്നിവയ്ക്ക് പരമപ്രാധാന്യം നൽകി. ഹൃദയശുദ്ധിയെന്നത് ഹൃദയത്തെ തകർക്കുന്ന ആഗ്രഹങ്ങളെ അതിജീവിക്കുവാൻ ശക്തിമത്തായ സ്വഭാവ ദാർഢ്യമാണ്. നിശ്ചയദാർഢ്യത്തോടുകൂടിയുള്ള മനസ്സിന്റെ ഏകാഗ്രതയാണ് സത്യസന്ധമായും ഉറപ്പോടും ധൈര്യത്തോടുംകൂടിയുള്ള ഹൃദയശുദ്ധിയുടെ സ്വഭാവങ്ങൾ.

**താഴ്മയാണ് ഹൃദയവിശുദ്ധിയുടെ താക്കോൽ**

ഹൃദയശുദ്ധിയും സൗമ്യതയുമുള്ളവർ ഭാഗ്യവാന്മാർ എന്ന് യേശുക്രിസ്തു പർവ്വതപ്രസംഗത്തിൽക്കൂടി അരുളിച്ചെയ്തു. അവർ ഭൂമിയെ അവകാശമാക്കും, ദൈവത്തെ കാണുമെന്നും യേശു പറഞ്ഞു. ഹൃദയശുദ്ധിയും സൗമ്യതയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവ രണ്ടും ദൈവത്തിലുള്ള പരിപൂർണ്ണ സമർപ്പണത്തിൽനിന്ന് ഉളവാകുന്നവയാണ്. യഥാർത്ഥത്തിലുള്ള സമർപ്പണമാണ് അവയുടെ അടിസ്ഥാനം. ഹൃദയശുദ്ധിയും സൗമ്യതയും തനിയെ ഉളവാകുന്നതല്ല. കഠിന പരിശ്രമഫലമായി മാത്രമാണ് അവ വ്യക്തിത്വത്തിൽ ഉടലെടുക്കുന്നത്. ഒരു ക്രിസ്ത്യാനിക്കു നേടുവാൻ ഈ ഗുണങ്ങളേക്കാൾ ഉപരിയായി ഒന്നുംതന്നെയില്ല.

ലൈംഗികതലത്തിലുളവാകുന്ന അശുദ്ധിക്കെതിരായ ആത്മീയവും മാനസികവുമായ പോരാട്ടം യുവജനങ്ങളുടേതു മാത്രമുള്ളതല്ല. പ്രായ

പൂർത്തിയായി മദ്ധ്യവയസ്സിലേക്കു പ്രവേശിച്ചവർക്കും ഈ തരത്തിലുള്ള പോരാട്ടങ്ങൾ ജീവിതത്തിൽ ഉളവാകാറുണ്ട്. പരിശുദ്ധിക്കുവേണ്ടിയുള്ള ആഗ്രഹം ഉത്തമമാണ് എങ്കിലും ഒരിക്കലും പരീക്ഷയിൽ അകപ്പെടുക യില്ലയെന്ന തീരുമാനത്തിൽ ഉറച്ചുനിൽക്കാൻ അവർക്കു വിഷമമാണ്. ക്ഷമയുടേതായ ആത്മാവിൽക്കൂടി മാത്രമാണ് വിശുദ്ധിയുടെ ദാനത്തെ നൽകുവാൻ സാധിക്കുന്നത്. അതിനുശേഷവും പരീക്ഷകൾക്ക് എതി രെയുള്ള നമ്മുടെ പോരാട്ടം നീണ്ടുനിൽക്കും. എന്നാൽ ധൈര്യമായിരി ക്കുക. നിരന്തരമായ, തീക്ഷ്ണതയോടുകൂടി നാം പരീക്ഷിക്കപ്പെട്ടാലും നാം അപേക്ഷിച്ചാൽ യേശുക്രിസ്തു ദൈവത്തോടു നമുക്കുവേണ്ടി മദ്ധ്യസ്ഥതവഹിക്കുന്നുവെന്നതിൽ നമുക്ക് ആശ്വസിക്കാം. പരീക്ഷകളെ അതിജീവിക്കുവാനുള്ള ശക്തി അവൻ നമുക്കു പ്രദാനം ചെയ്യും "നി ങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിപ്പാൻ കഴിയേണ്ടിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരി. 10:13).

എന്നാൽ അതിരു കവിയുന്ന ദൈവിക നന്മ അനുഭവിക്കുവാൻ സാധി ക്കുന്നത് താഴ്മയുള്ളവർക്കു മാത്രമാണ്. അഹങ്കാരികൾക്ക് അതു ലഭ്യ മല്ല. എല്ലാ തരത്തിലുള്ള തിന്മകൾക്കുവേണ്ടി യും അഹങ്കാരികൾ തങ്ങ ളുടെ ഹൃദയം തുറന്നു കാട്ടുന്നു. അശുദ്ധി, അസത്യം, മോഷണം, കൊല പാതകം ആദിയായവ ഇതിൽ ഉൾപ്പെടുന്നു. ഈവക പാപങ്ങളിൽ ഏതെ ങ്കിലും ഒന്നിൽ അകപ്പെട്ടാൽ മറ്റേതെല്ലാംതന്നെ അതിനോടൊപ്പം ഉള വാകും. വിശുദ്ധിക്കുവേണ്ടി തനിയെ ശ്രമിക്കുന്നവർക്കും വീഴ്ച ഉണ്ടാ കാം. സ്വയം ഉള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ അവർ മുന്നോട്ടു ഗമിക്കു കയും തങ്ങളുടെ പ്രശ്നങ്ങൾ തനിയെ തീർക്കാമെന്ന ചിന്തയിൽ അന്ധ കാരത്തിലേക്കു വഴിതി വീഴുകയും ചെയ്യുന്നു.

നാം ഓരോരുത്തരും ലൈംഗികതലത്തിലുള്ള പരീക്ഷ നേരിട്ടുവെ ന്നിരിക്കാം. എന്നാൽ അതിനെ അതിജീവിക്കുന്നതിനുള്ള ഏക മാർഗം നാം വിശ്വസിക്കുന്ന ആരോടെങ്കിലും ഏറ്റുപറയുക എന്നതാണ്. നാം ഇതു ചെയ്യുമ്പോൾ ഇതു നമ്മുടെ മാത്രം പ്രശ്നം അല്ല എന്ന് നമുക്ക് ബോധ്യമാകും.

എന്നോട് തന്റെ പ്രശ്നങ്ങളെക്കുറിച്ചു സംസാരിച്ച ഫ്രാങ്ക് എന്ന യുവാവ് ഇപ്രകാരം എഴുതുന്നു:"വളരെ ചെറുപ്പം മുതൽക്കുതന്നെ ആത്മീയതലത്തിൽ എനിക്കു പ്രത്യേകതകളുണ്ട് എന്ന വിശ്വാസത്തിൽ ഞാൻ വളർന്നു. ഈ ഒരു പ്രത്യേക പ്രതിച്ഛായയിൽ വളർന്ന എനിക്ക് എന്റെ പ്രശ്നങ്ങൾ മാതാപിതാക്കളോടോ മറ്റുള്ളവരോടോ പങ്കിടുന്ന തിന് വൈഷമ്യം നേരിട്ടു. ഞാൻ വളർന്നുവന്നപ്പോൾ ഒരു നല്ല കുട്ടിയായി ജീവിക്കുന്നതിന് എന്റെ ശക്തി മുഴുവനായി ഉപയോഗിച്ചു. ഉത്തമരായി ജീവിക്കുന്നു എന്നു കരുതപ്പെടുന്ന പലരെയും അനുകരിക്കുവാൻ ഞാൻ ശ്രമിച്ചു. ഈ ഒരു ചിന്ത കോളജിൽ പഠിക്കുമ്പോഴും തുടർന്നു. എന്നാൽ കോളജ് ജീവിതത്തിൽ മറ്റെല്ലാ സഹപാഠികളുടെയും ഗതിക്കനുസരിച്ച് ഒഴുകുവാൻ ഞാൻ ശ്രമിച്ചു. പക്ഷേ, കാലം കഴിയുന്തോറും എന്റെ ഭയം





ഏറിവന്നു. എന്റെ അഹന്തയാൽ എന്റെ സംശയങ്ങളും ഭയങ്ങളും വിദ്വേ ഷവും വർദ്ധിച്ചുവന്നു. അതേസമയംതന്നെ എന്റെ രഹസ്യജീവിതത്തിൽ ലൈംഗികഅശുദ്ധി തുടർന്നു. എന്റെ പാപവഴികൾ വെളിപ്പെടുമെന്നുള്ള ഭയത്തിൽ ഞാൻ ദിവസങ്ങൾ തള്ളിനീക്കി."

കൂടുതൽ ലൈംഗികപാപങ്ങളിലേക്കു വഴുതിവീഴാതിരിക്കാൻ സഹാ യഹസ്തം ഫലപ്രദമായ രീതിയിൽ സ്വീകരിക്കുവാൻ സാധിക്കുന്ന നിര വധിയാളുകളെ ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ അത് അവർക്കു ലഭ്യമാ കുന്നില്ലയെങ്കിൽ ഒരു കൊടുങ്കാറ്റിന്റെ ശക്തിയോടെ അവരുടെ പ്രശ്ന ങ്ങൾ വർദ്ധിക്കും. മയക്കുമരുന്നുകൾ ഉപയോഗിക്കുക, കുറ്റകൃത്യങ്ങൾ ചെയ്യുക, മദ്യപാനം ഇങ്ങനെ പലതിലേക്കും അവർ വഴുതിവീഴും. ഇങ്ങ നെയുള്ള സന്ദർഭങ്ങളിൽ ഒരു പട്ടക്കാരന്റെയോ കൗൺസിലറിന്റെ യോ സഹായം ശുദ്ധവും ഉത്തമവുമായ ആഗ്രഹങ്ങൾ ഉദ്ഭവിക്കുന്നതിന് ആവ ശ്യമാണ്. Frank തന്റെ പ്രശ്നങ്ങൾക്ക് അവസാനം സഹായം ആവശ്യ പ്പെട്ടു. ഒരു വ്യക്തിയുടെ ജീവിതത്തിൽ മൂടപ്പെട്ടിരിക്കുന്ന അഹന്ത പാപത്തെ ചെറുക്കുന്നതിനുള്ള അവന്റെ പ്രതിരോധശക്തിയെ നശിപ്പി ക്കുന്നു. സ്വയചിന്തയിൽ നിന്ന് അകന്ന് സ്വയം തെറ്റുകളെയും കുറ്റങ്ങ ളെയും ഏറ്റുപറയുന്നതിൽക്കൂടി മാത്രമാണ് വിശുദ്ധി പ്രാപിക്കുകയും അതിൽക്കൂടി പാപത്തെ ചെറുത്തുനിൽക്കുവാനുള്ള ശക്തി ലഭ്യമാകു കയും ചെയ്യുന്നത്.

താഴ്മയുള്ളവർ ദൈവശക്തിയിൽ ആശ്രയിച്ചാണ് ജീവിക്കുന്നത്. ജീവിതയാത്രയിൽ അവർ വീണെന്നിരിക്കാം. എന്നാൽ അഗാധതയിലേ ക്കുള്ള വീഴ്ചയിൽനിന്ന് ദൈവം അവരെ വിടുവിക്കുകയും പരിപാലി ക്കുകയും ചെയ്യും. പോരാട്ടങ്ങളുൾപ്പെടെ നമ്മുടെ ജീവിതം പൂർണ്ണമായി യേശുക്രിസ്തുവിനു സമർപ്പിക്കേണ്ടതാണ്. നമ്മെ പിച്ചിച്ചീന്തുകയും നമ്മുടെ ശക്തി നശിപ്പിക്കുകയും ചെയ്യുന്ന ദുരാഗ്രഹങ്ങളെ ഇല്ലാതെ യാക്കുവാൻ യേശുക്രിസ്തുവിനു സാധിക്കും. പരിശുദ്ധാത്മാവ് നമ്മെ മുറുകെപ്പിടിക്കുമ്പോൾ സ്വഭാവവിശുദ്ധിയിലേക്കു നാം നയിക്കപ്പെടും.

**ആരാണ് ഹൃദയശുദ്ധിയുള്ളവർ?**

ദൈനംദിന ജീവിതത്തിൽ വിശുദ്ധിക്കുവേണ്ടിയുള്ള വ്യഗ്രതയെക്കു റിച്ചും സജീവ പോരാട്ടത്തെക്കുറിച്ചും യേശു പർവ്വതപ്രസംഗത്തിൽക്കൂടി വ്യക്തമാക്കി. ഒരു വ്യക്തിയെ കാമവികാരത്തോടെ വീക്ഷിക്കുകയാണെ ങ്കിൽ അതിൽക്കൂടി ഹൃദയത്താൽ വ്യഭിചാരം ചെയ്യുന്നുവെന്നാണ് യേശു പറയുന്നത് (മത്താ. 5:27-30). കാമാസക്തിയോടെയുള്ള പ്രവർത്തനത്തി നൊപ്പം കാമാസക്തിയുള്ള വികാരങ്ങളും ഹൃദയത്തിനകത്തുള്ള സംഘ ട്ടനങ്ങളെ സൂചിപ്പിക്കുന്നു.

ബോൺഹോഫർ ഇപ്രകാരം എഴുതുന്നു: 'ആരാണ് ഹൃദയശുദ്ധി യുള്ളവർ? തങ്ങളുടെ ഹൃദയങ്ങളെ പൂർണ്ണമായും യേശുവിന് സമർപ്പിച്ച് യേശു മാത്രം അവിടെ വസിക്കുന്നവരാണ് ഹൃദയശുദ്ധിയുള്ളവർ. തങ്ങ ളുടെ പാപങ്ങളാൽ അശുദ്ധരാക്കപ്പെടാത്തവർ. അവരുടെ സ്വന്ത ഗുണ ങ്ങൾക്കുപകരം യേശുവിന്റെ ഗുണങ്ങൾ സ്വന്ത ജീവിതത്തിൽ സ്വീകരി ക്കുന്നവർ.

ഹൃദയശുദ്ധിയുള്ളവർക്ക് ലൈംഗികതലത്തിലെ തെറ്റും ശരിയും തിരിച്ചറിയുവാൻ സാധിക്കും. അവയിലെ നൈസർഗികമായ ഗുണങ്ങളെ തിരിച്ചറിഞ്ഞ് അതിന്റെ നന്മയും മനോഹാരിതയും ദൈവത്തിന്റെ ദാന മാണ് എന്നതിനെക്കുറിച്ച് അവർ ബോധവാന്മാരാകും. ലൈംഗികത ഏറ്റവും ചെറിയ രീതിയിലാണെങ്കിൽപ്പോലും തെറ്റായി ഉപയോഗിക്കു കയാണെങ്കിൽ ദുരാത്മാക്കളുടെ പ്രവേശനത്തിന് കവാടമായിത്തീരുമെ ന്നും തങ്ങളുടെ സ്വയശക്തിയാൽ ആവക ദുർഘടങ്ങളിൽനിന്ന് വിമുക്തി പ്രാപിപ്പാൻ സാദ്ധ്യമല്ലയെന്നും അവർ മനസ്സിലാക്കുന്നു. ആയതിനാൽ തങ്ങളുടെ ആത്മാക്കൾക്കും മറ്റുള്ളവരുടെ ആത്മാക്കൾക്കും കളങ്കം വരു ത്തുന്ന എല്ലാവിധ പാപചിന്തകളിൽനിന്നും അവർ ഒഴിഞ്ഞുനിൽക്കുന്നു.

വിശുദ്ധിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ ലൈംഗികതലത്തിലുള്ള എല്ലാവിധ അശുദ്ധമായവയേയും അതിമോഹം, സ്വയാഹങ്കാരം, എല്ലാ ത്തരത്തിലുള്ള സ്വയാസ്വാദനങ്ങൾ ഇവയേയും ഉപേക്ഷിക്കേണ്ടിയിരി ക്കുന്നു. ഭാഗികമായ കാമാസ്വാദനങ്ങൾ ശരിയല്ല. അവയെ പൂർണ്ണമായി വർജിക്കേണ്ടതാണ്. നമ്മുടെ ഹൃദയം ശുദ്ധമാകണമെങ്കിൽ ഈ തര ത്തിലുള്ള ചിന്തകൾ മേഘപടലങ്ങൾ എന്നതുപോലെ കടന്നുവരുമ്പോൾ അവയെ ദുരീകരിക്കുവാൻ സാധിക്കും.

ഒരു ക്രിസ്തീയ സമൂഹം എന്ന നിലയ്ക്ക് സഭയ്ക്ക് ഈ വിശുദ്ധി ക്കുവേണ്ടിയുള്ള പോരാട്ടത്തിന് ഉത്തരവാദിത്വവും ചുമതലകളും ഉണ്ട് (എഫെ.5:3–4). നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിനോടൊപ്പംതന്നെ വിശുദ്ധിക്കുവേണ്ടിയുള്ള പോരാട്ടവും സമൂഹത്തിന് ആവശ്യമാണ്. എന്തെന്നാൽ വിശുദ്ധ ഹൃദയമില്ലാതെ യഥാർത്ഥ നീതി പുലർത്താൻ സാധ്യമല്ല (യാക്കോ. 1:26–27). വിശുദ്ധി എന്നത് ലൈംഗികതലത്തിൽ മാത്രമായി പാലിക്കേണ്ട ഒന്നല്ല. അയൽക്കാരൻ പട്ടിണിയിലായിരിക്കു മ്പോൾ നിറഞ്ഞ വയറുമായി ഉറങ്ങുവാൻ പോകുന്നത് സ്വന്തം ഹൃദ യത്തെ അശുദ്ധപ്പെടുത്തുന്നു. അതിനാൽ ആദിമക്രിസ്ത്യാനികൾ തങ്ങൾക്കുണ്ടായിരുന്നതെല്ലാംതന്നെയും ഭക്ഷണപാനീയങ്ങൾ, വസ്തു വകകൾ, സാധാനസാമഗ്രികൾ അവരുടെ ആരോഗ്യം, ബുദ്ധിപരവും സൃഷ്ടിപരവുമായ അവരുടെ കഴിവുകൾ ഇങ്ങനെ എല്ലാംതന്നെ ദൈവത്തിനു നൽകുവാൻ മുതിർന്നു. ഒരേ ഹൃദയവും മനസ്സുമുള്ളവരാ കയാൽ എല്ലാം പൊതുവക എന്ന് അവർ എണ്ണി. ഒരു ശരീരമെന്ന നില യിൽ വിജയത്തിലേക്കു ഗമിക്കുവാൻ അവർക്കു സാധ്യമായി.

**വിവാഹം വിശുദ്ധിക്ക് ഉറപ്പു നൽകുന്നു**

ഒരാൾ വിവാഹം കഴിക്കുമ്പോൾ വിശുദ്ധിക്കുവേണ്ടിയുള്ള പോരാട്ടം അവസാനിച്ചുവെന്നു കരുതേണ്ടതില്ല. വിവാഹമെന്നത് ഒരു കെണി യാകാം വിവാഹത്തോടുകൂടി തങ്ങളുടെ പ്രശ്നങ്ങളെല്ലാംതന്നെ അവ സാനിക്കുമെന്ന പല യുവജനങ്ങളും ചിന്തിക്കും. എന്നാൽ പല പ്രശ്ന ങ്ങളുടെയും തുടക്കമാണ് വിവാഹമെന്നതാണ് യാഥാർത്ഥ്യം.

ഭർത്താവും ഭാര്യയും തമ്മിലുള്ള കൂടിച്ചേരൽ തീർച്ചയായും ഒരു വൻകൃപയാണ്. വിവാഹത്തിൽക്കൂടി ഒരു വീണ്ടെടുപ്പ് സാധ്യമാണ്.





പ്രത്യേകിച്ച് ഒരു വ്യക്തിയുടെ അഹന്തയെ തണുപ്പിക്കുന്നതിന് അത് ഉപകാരപ്രദമാകുന്നു. എന്നാൽ വിവാഹത്തിൽക്കൂടിയുള്ള വീണ്ടെടുപ്പ് അതിൽത്തന്നെ പൂർണ്ണമല്ല. തന്റെ പങ്കാളിയുടെ ഭാരപ്പെടുന്ന മനഃസാ ക്ഷിയെ തുടച്ചുനീക്കുക ആർക്കും സാധ്യമല്ല. യേശുക്രിസ്തുവിൽ മാത്ര മാണ് പൂർണ്ണ വീണ്ടെടുപ്പ് സാധിതമാകുന്നത്.

ഒരു വിവാഹസർട്ടിഫിക്കറ്റുകൊണ്ട് ജീവിതവിശുദ്ധി ഉറപ്പാക്കുവാൻ സാധ്യമല്ല. ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിന്റെ അഭാവത്തിൽ ലൈംഗികബന്ധത്തിന്റെ അർത്ഥവും മനോഹാരിതയും ആഴവും നഷ്ട പ്പെട്ട് അതിൽത്തന്നെ ഒരു അന്ത്യം ആയിത്തീരും. ഇത് വിവാഹജീവിത ത്തിന്റെയും ഒരു യാഥാർത്ഥ്യത്തമായിത്തീരാം. ഇങ്ങനെ ഭാര്യാഭർതൃ ബന്ധത്തിന്റെ വിശുദ്ധമായ ആ രഹസ്യം നഷ്ടപ്പെടും.

വിവിധ തരത്തിലുള്ള ആഗ്രഹങ്ങളുടെ സഫലീകരണത്തിന് ക്രിസ്തീയ വിശ്വാസികൾപോലും വിവാഹ സർട്ടിഫിക്കറ്റ് ഉപയോഗി ക്കുന്നത് നിർഭാഗ്യകരമാണ്. മദ്ധ്യവയസ്കരായ ദമ്പതികൾ ലൈംഗി കോത്തേജനത്തിനുവേണ്ടി ഒരുമിച്ചിരുന്ന് അശ്ലീലചിത്രങ്ങൾ ദർശിക്കു മായിരുന്നുവെന്ന വസ്തുത എന്നോടു പറയുകയുണ്ടായി. അതിൽ യാതൊരു അപാകതയും അവർ ദർശിച്ചില്ല. അന്യോന്യം രമിക്കുന്നത് ദൈവഹിതം അല്ലയോ എന്ന് അവർ എന്നോടു ചോദിച്ചു. മറ്റുള്ളവരുടെ ചിത്രങ്ങൾ മനസ്സിൽ സങ്കൽപ്പിച്ചുരമിക്കന്നത് അന്യോന്യമുള്ള അവരുടെ അരസികത വർദ്ധിപ്പിക്കുമെന്നതാണ് യാഥാർത്ഥ്യം. അവരുടെ ലൈംഗിക ജീവിതനിലവാരം വളരെ താണുപോയത് അവർ മനസ്സിലാക്കിയില്ല.

വിവാഹജീവിതത്തിൽക്കൂടി ദൈവത്തിന്റെ ഹിതം നിർവ്വഹി ക്കപ്പെ ടുന്നു. ആയതിനാൽ ഒരു പുരുഷനും സ്ത്രീയും തമ്മിൽ വിവാഹബ ന്ധത്തിൽ കത്തുന്ന മുൾപ്പടർപ്പിനു സമീപം മോശെ സ്വീകരിച്ച നില പാട് സ്വീകരിക്കേണ്ടതാണ്. “നീ നിൽക്കുന്ന ഭൂമി വിശുദ്ധ ഭൂമിയാക യാൽ കാലിൽനിന്ന് ചെരുപ്പ് അഴിച്ചുകളയുക”(പുറ. 3:5). സൃഷ്ടിതാവി നോടുള്ള ഭക്തിയും ആദരവുമാണ് വിവാഹജീവിതത്തിന്റെ മർമ്മത്തിൽ പ്രകടമാകേണ്ടത്.

ദൈവഹിതത്തിനനുസരിച്ചുള്ള ഭാര്യാഭർത്തൃബന്ധത്തിൽ ലൈംഗി കത ഏറ്റവും മനോഹരരീതിയിൽ മൃദുലവും സമാധാനപരവും നിഗൂ ഢവും ആയിത്തീരുന്നു. മൃഗീയ തീക്ഷ്ണതയും കാമാസക്തിയുടെ പൂര ണവുമെന്നതിൽനിന്നും വ്യത്യസ്തമായി ഒരു ദൃഢബന്ധവും സ്വയം ഒഴി ഞ്ഞുകൊടുക്കുന്ന ഗാഢമായ സ്നേഹവും ഉളവാകുന്നു.

ഇതുപോലെയുള്ള ഒരു അനുഭവത്തിന്റെ തലത്തിൽ അവരുടെ സംയോജനം സന്താനോല്പാദനത്തിനുവേണ്ടി മാത്രമല്ല, അതിലുമുപ രിയാണെന്ന ബോധ്യം അവരിൽ ഉളവാകുന്നു. എന്നാൽ അതേസമയം അവരുടെ ബന്ധത്തൽനിന്നും ഒരു പുതിയ ജീവൻ ഉളവാകും. ഇതിന്റെ അർത്ഥം ശരിയായി ബോദ്ധ്യമാകുമ്പോൾ അത് ദൈവത്തോടുള്ള ഒരു പ്രാർത്ഥനയായി മാറുകയും ചെയ്യും.

ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ബന്ധത്തിന്റെ അഗാധതയും നിഗൂഢതയും ക്രിസ്തുവിനെക്കൂടാതെ മനസ്സിലാക്കുവാൻ സാധ്യമല്ല. എന്നാൽ ക്രിസ്തുവിൽ പൂർണ്ണസൗഖ്യം ലഭ്യമത്രേ. “അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെതന്നെ കാണുന്നതാകകൊണ്ട് അവനോടു സദൃശ്യരാകുമെന്നു നാം അറിയുന്നു അവനിൽ പ്രത്യാശയുള്ളവർ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെ നിർമ്മലീകരിക്കുന്നു” (1 യോഹ. 3:4).



## Part - II

## ദൈവം കൂട്ടിച്ചേർത്തതിനെ...

# 8

# പരിശുദ്ധാത്മാവിലുള്ള വിവാഹം

*കർത്തൃസേവ നിമിത്തം ബദ്ധനായിരിക്കുന്ന ഞാൻ പ്രബോധിപ്പിക്കുന്നത് നിങ്ങളെ വിളിച്ചിരിക്കുന്ന വിളിക്കു യോഗ്യമാം വണ്ണം പൂർണ്ണ വിനയത്തോടും സൗമ്യതയോടും ദീർഘക്ഷമയോടും കൂടെ നടക്കുകയും സ്നേഹത്താൽ അന്യോന്യം പൊറുക്കുകയും ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കുകയും ചെയ്വിൻ (എഫേ. 4:1-3).*

എല്ലാ വിവാഹജീവിതത്തിലും പ്രതിബന്ധങ്ങളും പരീക്ഷകളും ഉണ്ടാകും. എന്നാൽ ഇതിൽക്കൂടി കടന്നുപോകുമ്പോൾ യഥാർത്ഥ സ്നേഹം വർദ്ധിക്കുമെന്നത് എല്ലാ യുവദമ്പതികളും മനസ്സിലാക്കേണ്ടതാണ്. യഥാർത്ഥ സ്നേഹം എല്ലാവിധ പരീക്ഷകളെയും അതിജീവിക്കുവാനുള്ളശക്തി പ്രദാനംചെയ്യും. താഴ്മയിലും അന്യോന്യം സമർപ്പണത്തിലുംകൂടിയുള്ള പ്രവർത്തനവും സഹായവുമാണ് ഇതുകൊണ്ട് അർത്ഥമാക്കപ്പെടുന്നത്. യഥാർത്ഥ സ്നേഹം പരിശുദ്ധാത്മാവിൽനിന്നാണ് ഉളവാകുന്നത്.

എന്നാൽ ഈ സത്യത്തിന്റെ ആഴം നാം മനസ്സിലാക്കാറില്ല. യഥാർത്ഥ സ്നേഹത്തെ പലപ്പോഴും കുട്ടികൾക്കുവേണ്ടിയുള്ള മനോഹരമായ സങ്കൽപ്പകഥാരൂപത്തിലൊക്കെ ചിന്തിച്ച് അതി ന്റെ യഥാർത്ഥ കാതൽ അഥവാ അന്തഃസത്തയിൽനിന്നു മാറിപ്പോകുന്നു. പരിശുദ്ധാത്മാവിൽ നിന്ന് ഉദ്ഭവിക്കുന്ന യഥാർത്ഥ സ്നേഹം മനുഷ്യപ്രയത്നങ്ങളാൽ ഉളവാകുന്നില്ല. ആത്മീയകൃപാവരങ്ങൾ ലഭ്യമാകുന്ന ഭാര്യാഭർത്താക്കന്മാർക്ക് പ്രതികൂലമധ്യത്തിലും അവരുടെ സ്നേഹം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി അനുഭവപ്പെടുന്നു. വിവാഹജീവിതത്തിൽ പതിറ്റാണ്ടുകൾ കഴിഞ്ഞതിനുശേഷവും അന്യോന്യം സന്തോഷം പകരുന്നതിൽ അവർ ആനന്ദിക്കുന്നു. വിവാഹജീവിതത്തിൽ 40 വർഷം പിന്നിട്ട ജീൻ എന്ന എന്റെ പരിചയക്കാരി ഇപ്രകാരം എഴുതുന്നു: 'സ്നേഹത്തിന്റെ പ്രകാശനത്തിന് അഭിനന്ദനങ്ങൾ ആവശ്യമില്ല. വളരെ ലളിതമായ വികാരചേഷ്ടകൾ വളരെയധികം സംസാരിക്കുന്നു.'





"എന്റെ ഭർത്താവും (ചാഡ്) ഞാനും വിവാഹജീവിതത്തിൽ പ്രത്യേകിച്ച് അന്യോന്യ ബന്ധങ്ങളുടെ തലത്തിൽ, ഞങ്ങളുടെ കുട്ടികളുമായുള്ള ബന്ധത്തിൽ പലവിധ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. എന്നിരിക്കിലും ഞങ്ങളുടെ സ്നേഹം കൂടുതൽ ബലപ്പെട്ടുവന്നു. ഓരോരുത്തർക്കും ദൈവം നൽകിയിട്ടുള്ള ദാനങ്ങളെയോർത്ത് ഞങ്ങൾ ദൈവത്തിനു സ്തോത്രം കരേറ്റി. വൈകാരിക പ്രേമം ഇല്ലാതെ ഞങ്ങളുടെ ബന്ധത്തെ വീക്ഷിക്കുവാൻ സാധിക്കുമായിരുന്നില്ല. മുന്നറിയിപ്പു കൂടാതെ നൽകുന്ന സമ്മാനങ്ങളും ഞങ്ങളുടെ സ്നേഹത്തെ വളർത്തി. ഒരു എഴുത്തുകാരനായിരുന്ന ചാഡ് എനിക്കുവേണ്ടി എഴുതുന്ന പദ്യശകലങ്ങളും മേശയിൽ വയ്ക്കുന്നതിനു കൊണ്ടുവരുന്ന മനോഹരമായ പൂക്കളും എനിക്കു വരെയധികം സന്തോഷം നൽകുകയുണ്ടായി. അദ്ദേഹത്തിനുവേണ്ടി തയ്യാറാക്കുന്ന ഒരു കപ്പ് കാപ്പിയും മറ്റു പലഹാരങ്ങളും ജോലികഴിഞ്ഞ് ഭവനത്തിലേക്കു മടങ്ങുന്ന അദ്ദേഹത്തെ വളരെയധികം സന്തോഷിപ്പിച്ചിട്ടുണ്ട്.

ദൈനംദിനജീവിതത്തിലെ അനവധി അനുഭവങ്ങൾ അന്യോന്യം കൈമാറുന്നതും ഒരുമിച്ചുള്ള പൊട്ടിച്ചിരികളും ചിലപ്പോൾ അന്യോന്യം ചെറുതായ രീതിയിൽ തമാശയ്ക്ക് ഇടയാക്കിയ അനുഭവങ്ങളുമൊക്കെ ജീവിതസന്തോഷത്തിന് മാറ്റുകൂട്ടുകയുണ്ടയി. വിവാഹം ജീവിതാന്ത്യം വരെ നീണ്ടുനിൽക്കുന്ന ഏറ്റവും വലുതായ സമർപ്പണമാണ്. എന്നാൽ ദൈവത്തിന്റെ നടത്തിപ്പ്, ഓരോ ചുവടുംവച്ചുള്ള കാൽവയ്പ്, ശിശുക്കളുടെ രീതിയിലുള്ള വിശ്വാസം ഇവയും വിവാഹസമർപ്പണത്തിന്റെ ഭാഗമാണ്. മുമ്പോട്ടുള്ള ഗമനത്തിൽ ചിലപ്പോൾ കാലുകൾ ഇടറും, തെറ്റുകളും കുറ്റങ്ങളും ഉളവാകും. തങ്ങളുടേതായ അഭിപ്രായ വ്യത്യാസങ്ങളും വാക്കുതർക്കങ്ങളും ഉണ്ടാകും. എന്നാൽ അതിനുശേഷം ഞങ്ങളുടെ സ്നേഹം പൂർവ്വാധികം വർദ്ധിക്കുകയും ചെയ്യും."

### പരിശുദ്ധാത്മാവ് ജീവിതത്തിനു പുതിയ മാനദണ്ഡങ്ങൾ നൽകുന്നു

രണ്ടുപേർ ഒരു ബന്ധത്തിനുവേണ്ടി ആഗ്രഹിക്കുമ്പോൾ, സാധാരണഗതിയിൽ വൈകാരിക ഐക്യം, പൊതുവിലുള്ള മൂല്യങ്ങൾ, പങ്കുവയ്ക്കുന്ന ആശയങ്ങൾ, അന്യോന്യമുള്ള നന്മയുടെ അനുഭവങ്ങൾ ഇവയൊക്കെയാണ് നാം ആ ബന്ധത്തിൽ നിന്നു കാംക്ഷിക്കുന്നത്. ഇവയോടൊന്നും താത്പര്യക്കുറവ് പ്രദർശിപ്പിക്കാതെതന്നെ ഭാര്യാഭർത്തൃബന്ധത്തിൽ പരിശുദ്ധാത്മാവ് വ്യത്യസ്ത തലത്തിലുള്ള അനുഭവങ്ങൾ പകരുന്നു.

വിവാഹജീവിതത്തിലെ വൈകാരിക തലത്തിലുള്ള സ്നേഹം മനോഹരമാകാം. എങ്കിലും വേഗത്തിൽ അവ നിരാശാജനകവും സങ്കടകരവുമായിത്തീരാം. ദീർഘകാലതലത്തിൽ അതിന് സ്ഥിരമായ അടിത്തറ ഇല്ല. എന്നാൽ ആത്മാവിനാൽ ഭരിക്കപ്പെടുമ്പോൾ സ്നേഹത്തിൽ വളരുകയും ഉറച്ച അടിത്തറ ഉളവാകുകയും ചെയ്യും. സ്നേഹത്തിന് ഉറപ്പും ഭദ്രതയും ലഭ്യമാകുന്നത് ആത്മാവിന്റെ അധികാരത്തിൻകീഴെ നാം വരുമ്പോഴാണ്.

ഐക്യതയും സ്നേഹവും മാനുഷിക തലത്തിൽ ആഗ്രഹിച്ചാൽ ആകാശത്ത് മേഘങ്ങൾ പറന്നുനടക്കുന്നതുപോലെ അവമാറിക്കൊണ്ടേയിരിക്കും. എന്നാൽ ആത്മാവിൽ ഐക്യത ആഗ്രഹിച്ചാൽ വിശ്വസ്തതയും സ്നേഹവും നമ്മിൽ ഉണർത്തി അവ ശാശ്വതമായി നമ്മിൽ വസിക്കുമാറാകും. അവസാനംവരെ ഉറച്ചു നിൽക്കുവാൻ സാധ്യമല്ലാത്ത എല്ലാറ്റിനെയും പരിശുദ്ധാത്മാവ് ദഹിപ്പിക്കും. അവൻ നമ്മുടെ സ്നേഹത്തെ വിശുദ്ധമാക്കുന്നു. യഥാർത്ഥസ്നേഹം നമ്മിൽനിന്ന് ഉളവാകുന്നതല്ല, അത് നമ്മിലേക്കു വർഷിക്കപ്പെടുന്ന ഒന്നാണ്.

ആത്മാവിലുള്ള വിവാഹം വിശ്വസ്തതയ്ക്കാണ് പ്രാധാന്യം നൽകുന്നത്. വിശ്വസ്തതയില്ലയെങ്കിൽ യഥാർത്ഥ സ്നേഹവും ഇല്ല. നമ്മുടെ ആധുനിക സമൂഹത്തിൽ മുമ്പെങ്ങുമില്ലാതിരുന്ന രീതിയിൽ വിവാഹബന്ധങ്ങൾ പരീക്ഷിക്കപ്പെടുന്നു. എന്നാൽ ഇത് നമ്മുടെ അന്യോന്യമുള്ള വിശ്വസ്തതയെ ശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യേണ്ടതാണ്. ദൈവം നമ്മെ വിളിച്ചിരിക്കുന്നുവെന്ന ഉൾബോധത്തിൽക്കൂടിയും ദൈവത്തിന്റെ ചട്ടങ്ങൾക്കും ക്രമത്തിനും നാം നമ്മെത്തന്നെ സമർപ്പിക്കുന്നതിൽക്കൂടിയും വിശ്വസ്തത ഉളവാകുന്നു.

പീറ്റർ റീഡ്മാൻ 'Confession of Faith'എന്ന പുസ്തകത്തിൽ വിവാഹത്തിന് മൂന്നു തലങ്ങളുള്ളതായി സൂചിപ്പിക്കുന്നു. അതിൽ ഒന്നാമത്തേത്, ദൈവവും തന്റെ ജനതയും തമ്മിലുള്ള പ്രത്യേക ബന്ധമാണ്. ഇതിന്റെ ഭാഗമാണ് കർത്താവും സഭയും തമ്മിലുള്ള ബന്ധം; പരിശുദ്ധാത്മാവും മനുഷ്യാത്മാവും തമ്മിലുള്ള ബന്ധം (1 കൊരി. 6:17). രണ്ടാമത്തെ തലമാണ് മാനുഷികതലം. ദൈവത്തിന്റെ സമൂഹത്തിലെ അംഗങ്ങൾ അന്യോന്യം വിവാഹബന്ധത്തിൽ ഏർപ്പെടുന്നു. ഇതിന്റെ ഭാഗമായി ആത്മാവിന്റെയും മനസ്സിന്റെയും തലത്തിൽ നീതിയും പൊതുവിലുള്ള കൂട്ടായ്മയും സമൂഹത്തിൽ ഉളവാകുന്നു. മൂന്നാമത്തെ തലമാണ് ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള വിവാഹം(എഫേ.5:31). ഇത് കാണപ്പെടാവുന്നും മനസ്സിലാക്കാവുന്നതുമാണ്.

### വിശ്വാസത്തിന്റെ ഐക്യമാണ് വിവാഹജീവിതത്തിൽ സുപ്രധാനമായത്

അപ്പൊസ്തലനായ വിശുദ്ധ പൗലോസ് ആത്മീയഐക്യം, വിവാഹം ഇവയെ തുലനം ചെയ്തു വിവരിക്കുന്നു. "ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ" (എഫേ.5:25). ക്രിസ്ത്യാനികൾക്ക് വിവാഹമെന്നത് കെട്ടുറപ്പുള്ളതും അഗാധവുമായ ഐക്യത്തിന്റെ പ്രതിഫലനമാണ്. ദൈവവും സഭയും തമ്മിലുള്ള ഐക്യത്തിന്റെ പ്രതീകം. ആയതിനാൽ ഒരു ക്രിസ്തീയ വിവാഹത്തിൽ ക്രിസ്തുവിലുള്ള ദൈവരാജ്യത്തിന്റെ ഒരുമയും അതിനുവേണ്ടിയുള്ള പരിശുദ്ധാത്മാവിന്റെ പ്രവർത്തനവുമാണ് സർവ്വപ്രധാനം. ഒരു വിവാഹജീവിതം കെട്ടിപ്പടുക്കേണ്ടതിന്റെ സുദൃഢമായ അടിസ്ഥാനം ഇവിടെ മാത്രമാണ് ദർശിക്കുവാൻ സാധിക്കുന്നത്.'മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടി ഇതൊക്കെയും നിങ്ങൾക്കു ലഭ്യമാകും' (മത്താ. 6:33).





വിശ്വാസികളായ ദമ്പതികളെ വിവാഹം യേശുവിലേക്കും അവന്റെ രാജ്യത്തിലേക്കും നയിക്കുന്നു. ഒരു ദേവാലയത്തിൽ, പട്ടക്കാരൻ വിവാഹശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നതുകൊണ്ടുമാത്രം അത് ക്രിസ്തീയ വിവാഹമായി മാറുന്നില്ല. യേശുക്രിസ്തുവിനോടു സമീപിക്കുന്നതിന്റെ ഭാഗമായി അവർ തങ്ങളെത്തന്നെ വ്യക്തിപരമായി ദൈവരാജ്യത്തിന്റെ ആത്മാവിനും ആയതു പ്രാവർത്തികമാക്കുന്ന സമൂഹജീവിതത്തിനും തങ്ങളെത്തന്നെ സമർപ്പിച്ച്, ആയതിന്റെ ചട്ടക്കൂട്ടിൽ ഗമിക്കേണ്ടതാണ്. ഒന്നാമത്, വിശ്വാസവും ആത്മാവും തമ്മിലുള്ള ഹൃദയപൂർവ്വമായ ബന്ധം ഉളവാകണം. ഇതിൽക്കൂടി മാത്രമാണ് ശരീരവും ആത്മാവും തമ്മിലുള്ള യഥാർത്ഥ ഐക്യം ഉളവാകുന്നത്.

ഈ കാരണത്താലാണ് പല സഭകളും ദമ്പതികൾ ഒരേ വിശ്വാസത്തിലല്ല എങ്കിൽ വിവാഹം നടത്തിക്കൊടുക്കുന്നതിന് വിമുഖത പ്രദർശിപ്പിക്കുന്നത്. അതായത് ക്രിസ്തുവിലുള്ള തങ്ങളുടെ വിശ്വാസത്തിന്റെ ഐക്യത (2 കൊരി 6:14). (എസ്രാ പ്രവാചകന്റെ പുസ്തകം ഒമ്പതും പത്തും അധ്യായങ്ങളിൽ പ്രവാചകൻ ദൈവത്തിനു മുമ്പിൽ യിസ്രായേൽ ജാതി പരസ്ത്രീകളെ വിവാഹം കഴിക്കുന്നതിനെച്ചൊല്ലി അനുതപിക്കുന്നതായി നാം വായിക്കുന്നു). ഈ വിഷയത്തിൽ രണ്ട് അഭിപ്രായഗതികൾ വീക്ഷിക്കാം. ഒരു വശത്ത് യഥാർത്ഥ സ്നേഹത്തിന്റെ തലത്തിൽ നടക്കുന്ന വീവാഹം. ദമ്പതികൾ സമൂഹത്തിനകത്തുതന്നെയാണ്, അവരെ പുറംതള്ളുവാൻ സാധ്യമല്ല എന്നു വാദിക്കുമ്പോൾ മറുവശത്ത് സഭയുടെ വിശ്വാസവും ആചാരക്രമങ്ങളും അനുവർത്തിക്കുന്നില്ലയെങ്കിൽ വിവാഹത്തിന്റെ ഉന്നതതലത്തിൽ നിലകൊള്ളുന്ന ഐക്യം ഉണ്ടാകുവാൻ സാധ്യമല്ലെന്നും വാദിക്കുന്നു. ഏതായാലും മറ്റൊരു തരത്തിലുള്ള വിശ്വാസത്തിലുള്ളവരുമായി ഉടലെടുക്കുന്ന വിവാഹബന്ധം എന്റെ സഭയിലുണ്ടെങ്കിൽ ആ വിവാഹം നിലനിർത്തുവാനുള്ള എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുവാൻ ഞാൻ തയ്യാറാകും.

സ്നേഹബന്ധത്തിൽ വളരുന്ന വിവാഹത്തിനുവേണ്ടി ഒരുങ്ങുന്ന ദമ്പതികൾ ആ സ്നേഹം പരിശുദ്ധാത്മാവിനു സമർപ്പിച്ച് ആത്മാവിന്റെ നടത്തിപ്പിലും ഭരണത്തിലും നിയന്ത്രണവിധേയമാക്കുകയാണെങ്കിൽ, അത് ഐക്യതയ്ക്കും ദൈവരാജ്യത്തിലെ നീതിക്കും ഉതകുമെങ്കിൽ അവർ വിവാഹം കഴിപ്പാതിരിക്കാൻ യാതൊരു ന്യായവും ഇല്ല. എന്നാൽ ആത്മീയഐക്യത്തിന്റെ അഭാവം ദമ്പതികളിൽ ഉണ്ടെങ്കിൽ അത് ക്രിസ്തീയ വിവാഹം ആകുന്നില്ല. സഭ യഥാർത്ഥത്തിൽ ശരീരമാകുന്നുവെങ്കിൽ ദൈവത്തിനു മുമ്പിൽ സഭാംഗങ്ങളുടെ ഐക്യം യാഥാർത്ഥ്യമാകണം.

യഥാർത്ഥമായി ആത്മീയതലത്തിലള്ള ഒരു വിവാഹ ഉടമ്പടിയുടെ നിബന്ധനകൾ മാനുഷിക നിയമങ്ങളുടെയും ചട്ടങ്ങളുടെയും പ്രമാണങ്ങളുടെയും വെളിച്ചത്തിൽ നിവർത്തിക്കപ്പെടുവാൻ സാധ്യമല്ല. മേൽ സൂചിപ്പിച്ച ആത്മിയഐക്യത്തിന്റെ വെളിച്ചത്തിൽ ആത്മീയവെളിച്ചം പ്രാപിച്ചവർക്ക്, അത് ജീവിതത്തിൽ വ്യക്തിപരമായി ഏറ്റുപറഞ്ഞ് അതിനനുസരിച്ച് ജീവിക്കുന്നവർക്കു മാത്രമായുള്ളതാണ്.

ദൈവഹിതത്തിന്റെ അന്തഃസത്ത ആത്മീയഐക്യമാണ് (യോഹ. 17:20–23). ആത്മീയഐക്യത്തിനുവേണ്ടിയുള്ള ദൈവ ഹിതമാണ് ഈ ലോകത്തിനു പെന്തക്കൊസ്തിനെ പ്രദാനം ചെയ്തത്. ആത്മാവിന്റെ പ്രവാഹധാരയാൽ ജനങ്ങളുടെ ഹൃദയത്തിൽ തീ കത്തി. അതിനെത്തുടർന്ന് അവർ അനുതപിച്ച് സ്നാനമേറ്റു. ഈ ആത്മീയ ഐക്യത്തിന്റെ ഫലം ആത്മീയതലത്തിൽ മാത്രമല്ല ഉളവായത്. ജീവിതത്തിന്റെ ഭൗതികവും പ്രായോഗികവുമായ തലങ്ങളിലും വിപ്ലവകരങ്ങളായ വ്യതിയാനങ്ങൾക്ക് ഇത് മുഖാന്തരമായി. സാധനങ്ങൾ ശേഖരിച്ച് അതു വിൽക്കുകയും ലഭ്യമായത് അപ്പോസ്തലന്മാരുടെ കാൽക്കൽ വയ്ക്കുകയും ചെയ്തു. ആത്മീയ സ്നേഹത്തിന്റെ നിറവിനാൽ തങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവർക്കു നൽകുവാൻ അവർ തയ്യാറായി. ഇല്ലായ്മ യും കുറവും ആരുടെയും ജീവിതത്തിൽ അനുഭവപ്പെട്ടില്ല. ഓരോരുത്തർക്കും അവരവർക്ക് ആവശ്യമായതെല്ലാംതന്നെ ലഭ്യമായി, ആരും ഒന്നുംതന്നെ സ്വയമേവ കരുതിവച്ചുമില്ല. ഈ വിപ്ലവത്തെ നിയന്ത്രിക്കു ന്നതിന് യാതൊരു നിബന്ധനകളോ പ്രമാണങ്ങളോ ഇല്ല.

എപ്രകാരമാണ് ഇവ നിവർത്തിക്കപ്പെടേണ്ടത് എന്ന് യേശു ഒരു വാക്യത്തിൽക്കൂടി പറഞ്ഞു: “സൽഗുണപൂർണ്ണൻ ആകുവാൻ ഇച്ഛിക്കുന്നുവെങ്കിൽ നീ ചെന്ന് നിനക്കുള്ളത് ദരിദ്രർക്കു കൊടുക്കുക”(മത്താ. 19:21). പെന്തക്കൊസ്ത് ദിനത്തിൽ ഇതാണ് സംഭവിച്ചത്. ആത്മാവ് ഇറങ്ങിവന്ന് വിശ്വാസികളുടെ ഹൃദയങ്ങൾ ക്ക് ആത്മീയ ഐക്യം നൽകി (അ. പ്ര. 2:42–47).

### അല്പത്വത്തിൽനിന്ന് വിടുവിച്ച് പരിശുദ്ധാത്മാവ് ഹൃദയങ്ങൾക്ക് ആന്തരിക ഐക്യം പ്രദാനംചെയ്യുന്നു

യഥാർത്ഥ ഐക്യം, സ്നേഹം, സന്തോഷം ആദിയായ ഗുണങ്ങളെ പുറമേനിന്നു സൃഷ്ടിക്കുവാൻ സാധ്യമല്ല. ഐക്യം പരിശുദ്ധാത്മാവിനാലത്രേ സൃഷ്ടിക്കപ്പെടുന്നത്. കുറ്റബോധത്തിന്റെയും പാപബോധത്തിന്റേതുമായ ശക്തികളിൽനിന്നും അൽപ്പത്വത്തിൽനിന്നും ദൈവത്തിൽനിന്നും മനുഷ്യനിൽനിന്നും നമ്മെ അകറ്റുന്ന എന്തിൽനിന്നും വിടുതൽ നൽകുവാൻ സാധിക്കുന്നത് പരിശുദ്ധാത്മാവിനു മാത്രമാണ്. ഒരുപക്ഷേ സ്വയമേ ഒരളവിൽ വിടുതൽ പ്രാപിക്കുവാൻ സാധിക്കുമെങ്കിലും അത് ശാശ്വതമാകണമെന്നില്ല. താൽക്കാലികമായിരിക്കും. ആത്യന്തികമായി സ്നേഹത്തിന്റെ ആത്മാവിനാൽ മാത്രമേ ജഡത്തിന്റെ മോഹങ്ങളെ അതിജീവിക്കുവാൻ സാധ്യമാകുകയുള്ളു.

പരിശുദ്ധാത്മാവിന്റെ നടത്തിപ്പിനെ നാം ഒരിക്കലും മറന്നുപോകരുത്, അവഗണിക്കരുത് (ഗലാ. 5:25). വിവാഹജീവിതത്തിനുള്ളിൽത്തന്നെ ദമ്പതികളുടെ ഐക്യം പൊതുവായുള്ള മൂല്യ ങ്ങളിലും അന്യോന്യമുള്ള വികാരത്തിലും മാത്രമാണെങ്കിൽ, പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ അല്ലെങ്കിൽ, ആ വിവാഹം ലൈംഗികവും വൈകാരികവും മാത്രമായിത്തീരും. രണ്ടു ഹൃദയങ്ങളും തമ്മിലുള്ള ഐക്യത്തിന് ആവശ്യമായ ആത്മീയ ശക്തി യെ നമുക്ക് തനിയെ വാർത്തെടുക്കുവാൻ സാധ്യമല്ല.



നമ്മേക്കാൾ ഉപരിയായ ഒരു ശക്തിയാൽ ബന്ധിക്കപ്പെട്ട് സ്വാധീനിക്കപ്പെടുമ്പോൾ മാത്രമേ ഇതു സാധിതമാകുകയുള്ളൂ.

ഒരു വിവാഹത്തിന്റെ അടിസ്ഥാനം പരിശുദ്ധാത്മാവിൽ നങ്കൂരം ഇട്ടിരിക്കുമ്പോൾ അവരുടെ സ്നേഹം വ്യക്തിപരമായി സ്വയമേ ഉളവാകുന്നതല്ല, അത് ദൈവസ്നേഹത്തിൽനിന്ന് ഉളവാകുന്ന ഐക്യത്തിന്റെ ഫലമാണ്, ദൈവത്തിന്റെ ദാനമാണ് എന്ന ബോധം ഉളവാകും. സ്വാർത്ഥത, അനൈക്യം, ഉപരിതലത്തിൽ മാത്രമുള്ള സ്നേഹപെരുമാറ്റങ്ങൾ ഇങ്ങനെ വിവിധ പോരാട്ടങ്ങൾ വീണ്ടും ഉളവായെന്നിരിക്കും. എന്നാൽ തങ്ങളുടെ ഹൃദയങ്ങൾ ദൈവത്തിങ്കലേക്ക് തുറന്നിരിക്കുന്നുവെങ്കിൽ പരിശുദ്ധാത്മാവ് അവരുടെ നയനങ്ങളെ ദൈവത്തിങ്കലേക്ക് ഉയർത്തും. അവനിൽ നിന്ന് സഹായം ലഭിക്കും.

വിവാഹതിരാണെങ്കിലും അല്ലെങ്കിലും പരിശുദ്ധാത്മാവ് നമ്മിൽ ഓരോരുത്തരിലേക്കും വീണ്ടും വീണ്ടും വന്നുകൊണ്ടേയിരിക്കണം. അവൻ നമ്മുടെ ഹൃദയങ്ങളെ രൂപാന്തരപ്പെടുത്തി സ്നേഹിക്കുവാനുള്ള ശക്തിയെ പ്രദാനം ചെയ്യുന്നു. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ പൗലോസ് ഇപ്രകാരം പറയുന്നു: “സ്നേഹത്തിനു നേരിടുവാൻ സാധിക്കാത്തത് ഒന്നുമില്ല. സ്നേഹത്തിൽ വിശ്വാസം, പ്രത്യാശ, സഹിഷ്ണുത ഇവയ്ക്ക് അതിരുകളില്ല. സ്നേഹം ഒരിക്കലും ഉതിർന്നുപോകുകയില്ല”(1 കൊരി. 13:2). സ്നേഹം പരിശുദ്ധാത്മാവിൽനിന്ന് ഉത്ഭവിക്കുന്നു. ആത്മാവിൽ മാത്രമാണ് വിവാഹത്തിന്റെ നിലനിൽപ്പ്.

# 9

# വിവാഹം എന്ന വിശുദ്ധ മർമ്മം

*"ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പെട്ടിരിപ്പിൻ, ഭാര്യ മാരേ കർത്താവിന് എന്നപോലെ സ്വന്തം ഭർത്താക്കന്മാർക്ക് കീഴ ടങ്ങുവിൻ, ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ, ഭർത്താവ് ഭാര്യയ്ക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന് കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേ ണം. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ. അവൻ അവളെ വചന ത്തോടുകൂടിയ ജലസ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേ ണ്ടതിനും കറ, ചുളുക്കം മുതലായതൊന്നും ഇല്ലാതെ സഭയെ ശുദ്ധവും നിഷ്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുൻനിർത്തേണ്ടുന്നതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽ പ്പിച്ചുകൊടുത്തു. അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യ മാരെ സ്വന്തം ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരുനാളും പകച്ചിട്ടില്ലല്ലോ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്. നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയേയും വിട്ട് ഭാര്യയോടു പറ്റിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയത്. ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേ ശിച്ചത്രേ പറയുന്നത് (എഫേ. 5:21-32)*

ദൈവിക ക്രമത്തിൽ വിവാഹവും കുടുംബവും തുടങ്ങുന്നത് സഭ യിലാണ്. സ്നേഹത്തിന്റെയും ദൈവിക നീതിയുടെയും ലോകത്തിന്റെ പ്രാഥമിക പ്രകാശനമാണ് സഭ. വിവാഹത്തിന്റെ പൂർണ്ണതയും യഥാർത്ഥ മൂല്യങ്ങളും ദൃശ്യമാകുന്നത് സഭയിലാണ്. സഭയ്ക്കു പുറത്തു നടക്കുന്ന വിവാഹങ്ങൾ സമൂഹത്തിന്റെ പലവിധ സ്വാധീനങ്ങളാൽ വികൃതമാ കുന്നു.





**പുരുഷനും സ്ത്രീയും തമ്മിലുള്ള ക്രിസ്തീയവിവാഹം ഒരു ഉടമ്പടി മാത്രമല്ല**

വിവാഹം എന്നത് ഭാര്യയും ഭർത്താവും തമ്മിലുള്ള ഒരു ഉടമ്പടി എന്നതിലും ഉപരിയായി അഗാധമായ ഒരു മർമ്മം ആണ് അതായത്, ക്രിസ്തുവും സഭയും തമമിലുള്ള നിത്യബന്ധത്തിന്റെ പ്രതീകമാണ് വിവാഹമെന്ന് പലരും മനസ്സിലാക്കുന്നില്ല. ക്രിസ്തീയ വിവാഹത്തിൽ ഭർത്താവും ഭാര്യയും തമ്മിലുള്ള ഐക്യം ഈ മർമ്മത്തിന്റെ തലത്തി ലായിരിക്കണം. ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ഉടമ്പടിബന്ധം മാത്രമല്ല, ദൈവവും അവന്റെ ജനവും തമ്മിലുള്ള ബന്ധവും ഇതിൽ ഉൾക്കൊള്ളുന്നു. ഈ ഉടമ്പടി ബന്ധം ആയിരിക്കണം സർവ്വപ്രധാനം. ഈ ഒരു ബന്ധത്തിന്റെ പ്രതിജ്ഞയാണ് വിശുദ്ധ ബപ്തീസ്മയിലും അതിനെത്തുടർന്ന് വിശു ദ്ധ സംസർഗശുശ്രൂഷയിൽ പങ്കെടുക്കുമ്പോഴും നാം ആവർത്തിക്കുന്നത്. ഓരോ വിവാഹശുശ്രൂഷയിലും നാം ഇത് ഓർക്കേണ്ടതാണ്. ഈ പ്രതിജ്ഞയല്ലാതെ ഏറ്റവും സന്തോഷകരമായ വിവാഹബന്ധംപോലും ഉത്തമഫലം പുറപ്പെടുവിക്കുകയില്ല.

രണ്ടുപേർ തമ്മിൽ നടത്തുന്ന ഒരു വാഗ്ദാനം മാത്രമാകുന്ന വിവാ ഹം തുലോം നിസ്സാരമാണ്. എന്നാൽ ക്രിസ്തുവിനെ മുൻ നിർത്തിയുള്ള വിവാഹത്തിന് മുൻതൂക്കം നൽകുന്നുവെങ്കിൽ ഇന്നത്തെ കുടുംബ ത്തിലെ സ്ഥിതിഗതികൾ എന്തുമാത്രം മെച്ചമാകുമായിരുന്നു.

വിശ്വാസികളുടെ ജീവിതത്തിൽ ക്രിസ്തുവാണ് സ്നേഹിക്കുന്ന ദമ്പ തികളെ വിവാഹത്തിൽ സംയോജിപ്പിക്കുന്നത്. അവ ന്റെ ആത്മാവാണ് അന്യോന്യം ബന്ധപ്പെടുവാനും അടുത്തറിയുവാനും സഹായിക്കുന്നത്. പാപം എപ്പോഴെങ്കിലും ഒരു വിവാഹത്തിൽ പ്രവേശിക്കുമ്പോൾ, സ്നേഹ മാകുന്ന സത്യത്തെ മറയ്ക്കുമ്പോൾ വിശ്വസ്തനായ ഒരു ശിഷ്യൻ യേശു വിനെത്തന്നെ പിന്തുടരും. വഴിവിട്ടുപോകുകയില്ല.

വൈകാരിക സ്നേഹം ഒരുപക്ഷേ ഇതിനെതിരായി ചിന്തിച്ചേക്കാം. കാരണം, സത്യത്തെ കാണുവാൻ അതിന് കണ്ണുകളില്ല. ദൈവത്തിൽ നിന്നു വെളിച്ചത്തെ അതു തടസ്സപ്പെടുത്തുകയും ചെയ്യും. യഥാർത്ഥമ ല്ലാത്തതും തെറ്റായതുമായ ഒരു ബന്ധത്തെ കൈവിടുവാൻ അതിനു കഴിയുകയില്ല. എന്നാൽ യഥാർത്ഥ സ്നേഹം ഒരിക്കലും തിന്മയെ പിന്തു ടരുകയില്ല (1കൊരി. 13:6). വൈകാരിക ബന്ധത്തേക്കാൾ വിശ്വാസമാണ് പ്രധാനം എന്നു ദമ്പതികൾ രണ്ടുപേരും മനസ്സിലാക്കിയിരിക്കണം. കർത്താവിന്റെ ശിഷ്യത്വം അവകാശപ്പെടുന്ന ദമ്പതികൾ ചോദിക്കേ ണ്ടുന്ന ഒരു ചോദ്യമുണ്ട്. "എന്റെ പ്രാഥമിക വിധേയത്വം യേശുവിനോട ല്ലായെങ്കിൽപ്പിന്നെ ആരോടാണ്?" (ലൂക്കോ. 9:57-60).

വിവാഹജീവിതത്തിലെ ദമ്പതികളുടെ യോജിപ്പ് അതിനേക്കാൾ ബൃഹത്തായ സഭയുടെ യോജിപ്പിന്റെ ഭാഗമാകുമ്പോൾ ആ വിവാഹ ത്തിന് കൂടുതൽ ഉറപ്പും ഭദ്രതയും കൈവരുന്നു. എന്തെന്നാൽ വിശ്വാ സികളുടെ ഐക്യത്തിന്റെ ഭാഗമായിട്ടാണ് അതു വർത്തിക്കുന്നത്. പല രുടെയും മനസ്സിൽ ഈ ആശയം വിദൂരമാണെങ്കിലും എന്റെ അനുഭവ

ത്തിൽ ഞാൻ ആവർത്തിച്ചു ദർശിക്കുന്ന ഒരു സത്യം മാത്രമാണ് ഇത്. Harry, Betty എന്ന വൃദ്ധ ദമ്പതികളുമായി പരിചയപ്പെടുന്നത് അവരുടെ അവസാന നാളുകളിലാണ്. ബെറ്റിയുടെ വാക്കുകൾ ശ്രദ്ധിക്കുക:

"ഹാരിയും ഞാനും വിവാഹിതരായത് ഇംഗ്ലണ്ടിൽവച്ച് 1937 ജൂൺ മാസമാണ്. ഇത് ദൈവഹിതത്തിനനുസരിച്ചുള്ള ഒരു വിവാഹമാണ് എന്നു ഞാൻ കരുതിയെങ്കിലും അധികം താമസിയാതെ ഞങ്ങളുടെ പ്രശ്നങ്ങൾ ആരംഭിച്ചു. സ്വവർഗഭോഗത്തിന് അടിമയായിരുന്ന ഹാരി എന്നോട് അവിശ്വസ്തത പ്രകടിപ്പിക്കുകയും എന്നെവിട്ടു പോകുകയും ചെയ്തു. സംഗതികൾ ശരിയാക്കുവാൻ ഹാരി പലപ്രാവശ്യ ശ്രമിച്ചുവെങ്കിലും തന്റെ പഴയ ദുസ്വഭാവങ്ങൾ ഉപേക്ഷിക്കുവാൻ തയ്യാറായില്ല. ഞങ്ങളുടെ ജീവിതത്തിലെ നീണ്ട വേർപാടുകളുടെ സമയത്ത് പല സ്നേഹിതർ എന്റെയും ഹാരിയുടെയും സമീപത്തുവന്ന് ആശ്വാസവചനങ്ങൾ നൽകി സഹായിക്കുകയും ബലപ്പെടുത്തുകയും ചെയ്തു.

ഹാരിയിൽനിന്ന് നിരാശാജനകങ്ങളായ കുത്തുകൾ ലഭിക്കുമ്പോൾ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതുപോലും നിർത്തുവാൻ എനിക്ക് ഇടവന്നു. എന്നാൽ പലപ്പോഴും പ്രാർത്ഥനയിലേക്കു തിരിച്ചുവരുവാൻ എനിക്കു സാധിച്ചു. ക്രിസ്തുവിങ്കലേക്കും അവന്റെ സഭയിലേക്കുമുള്ള ഹാരിയുടെ തിരിച്ചുവരവിനായി ഞാൻ മുട്ടുകുത്തി പ്രാർത്ഥിച്ചു.

വയസ്സുകാലത്തുള്ള ഹാരിയുടെ തിരിച്ചുവരവ് തീർച്ചയായും അത്ഭുതം തന്നെയാണ്. നാൽപ്പതു വർഷമായി ഞങ്ങൾ ഒരുമിച്ചു താമസിച്ചിരുന്നില്ല. എന്നാൽ അവസാന നാളുകളിൽ ഞങ്ങൾക്ക് ഒരുമിച്ചു താമസിക്കുവാൻ കഴിഞ്ഞതിനെ ഞാൻ വളരെയധികം വിലമതിക്കുന്നു. ആ സമയം അദ്ദേഹം വളരെ വ്യത്യസ്തനായിരുന്നു. എന്റെ സ്നേഹിതരെയും അയൽക്കാരെയും അദ്ദേഹം സ്നേഹിച്ചു. അവരും അദ്ദേഹത്തെ ഇഷ്ടപ്പെട്ടു. ഹാരിയും ഞാനും ഒരുമിച്ച് വേദപുസ്തകം വായിച്ചു, പാട്ടുകൾ പാടി. അവസാന മാസങ്ങളിൽ അദ്ദേഹം യേശുവിനോടു വളരെ അടുത്തു ജീവിച്ചു.

ഞാൻ ഹാരിയെ എല്ലാ ദിവസവും ഓർക്കുകയും ഒരുമിച്ചു കഴിഞ്ഞ സമയത്തെ വളരെയധികം വിലമതിക്കുകയും ചെയ്യുന്നു. എന്നേക്കാൾ ദൈവരാജ്യത്തോട് കൂടുതൽ അടുത്ത് അദ്ദേഹം ജീവിച്ചുവെന്നു ഞാൻ കരുതുന്നു. സ്നേഹത്തിൽ ഞാൻ പലപ്പോഴും പുറകോട്ടുപോയി. അതുപോലെ എനിക്കു ചെയ്യാമായിരുന്നത് ചെയ്യാതെയും പോയി. പക്ഷേ ദൈവം വിശ്വസ്തൻ. അവന്റെ വാഗ്ദത്തങ്ങൾ അവൻ പ്രമാണിക്കും. ഇത് എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനം ആണ്. ആയതിനാൽ എനിക്കു സമാധാനമുണ്ട്."

ബെറ്റിയുടെ യേശുവിനോടുള്ള വിശ്വസ്തതയും പ്രാർത്ഥനയും മൂലമാണ് ഹാരി ദൈവത്തിങ്കലേക്കും അവളിലേക്കും തിരി ച്ചുവന്നത്. ഒരുമിച്ചുള്ള അവരുടെ അവസാനത്തെ രണ്ടു വർഷങ്ങൾ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സൗഖ്യം നൽകുവാനുള്ള ശക്തിയുടെയും സാക്ഷ്യമാണ്. ഇന്നത്തെ സംസ്കാരത്തിൽ നിന്ന് എന്തു വ്യത്യസ്തം!



ഇന്ന് വിവാഹജീവിതത്തിൽ അവരവരുടെ സ്വാതന്ത്ര്യത്തിനാണ് ഊന്നൽ നൽകുന്നത്. വിവാഹജീവിതത്തിൽ ദമ്പതികൾ അനുവർത്തിക്കേണ്ടുന്ന കർത്തവ്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ലെന്നാണ് ഇന്ന് പലരും കരുതുന്നത്. ഇത് തീർച്ചയായും തെറ്റായ ഒരു ചിന്താഗതിയാണ്. ദൈവത്തിന്റെ ക്രമത്തിനനുസരിച്ചും അവന്റെ സ്നേഹത്തിന്റെ വെളിച്ചത്തിലും ഉള്ള വിവാഹങ്ങളാണ് നിലനിൽക്കുന്നത്. വിവാ ഹം കെട്ടിപ്പടുക്കുന്നത് വിശ്വാസത്തിന്റെ പാറയിൽ അല്ലെങ്കിൽ മണലിൽ ആയിരിക്കും.

**പുരുഷനും സ്ത്രീക്കും വ്യത്യസ്ത ഉത്തരവാദിത്വങ്ങൾ ഉണ്ട്; പക്ഷേ അന്യോന്യം പരിപൂരകമായി വർത്തിക്കണം.**

യേശുവിനോടും അവന്റെ സഭയോടുമുള്ള സ്നേഹം മറ്റെല്ലാറ്റിനെക്കാളും ഉപരിയായിരിക്കണമെന്ന വിശ്വാസം പുരുഷനും സ്ത്രീയും തമ്മിലുള്ള വ്യത്യാസങ്ങളെ മനസ്സിലാക്കുവാൻ സഹായിക്കും. ദൈവം പുരുഷനും സ്ത്രീക്കും വ്യത്യസ്തങ്ങളായ പ്രകൃതിയും ഉത്തരവാദിത്വങ്ങളും കർമ്മങ്ങളുമാണ് നൽകിയിരിക്കുന്നത്. സഭയുടെ പശ്ചാത്തലത്തിൽ വിവാഹം നടത്തുമ്പോൾ വ്യത്യസ്തതകൾ മറന്ന് ഒത്തുചേരുകയും സ്നേഹവും സമാധാനവും വർദ്ധിക്കുകയും ചെയ്യും. എന്റെ പിതാവ് ജെ. ഹെൻറിച്ച് ആർനോൾഡ് ഇപ്രകാരമെഴുതുന്നു: "ശാരീരികപ്രകൃതിയിൽ പുരുഷനും സ്ത്രീയും തമ്മിൽ വളരെയധികം വ്യത്യാസങ്ങളുണ്ടെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ ശാരീരിക തലത്തിൽ ഉള്ള വ്യത്യാസങ്ങൾ മാത്രമേ നിലവിലുള്ളൂ എന്നു കരുതുന്നത് ശരിയല്ല. ഒരു സ്ത്രീ പുരുഷനെ തന്നിലേക്ക് ആഗിരണം ചെയ്വാൻ (ഉൾക്കൊള്ളുവാൻ) വാഞ്ഛിക്കുന്നു. സ്വീകരിക്കുവാനും സഹിക്കുവാനും വഹിക്കുവാനും ഗർഭം ധരിക്കുവാനും പരിചരിക്കുവാനും സംരക്ഷിക്കുവാനുമുള്ള സ്വഭാവഗുണങ്ങളോടുകൂടിയാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ ഒരു പുരുഷൻ സ്ത്രീയിലേക്കു പ്രവേശിക്കുന്നതിനും അവളോടു ചേരുന്നതിനും ആഗ്രഹിക്കുന്നു. സ്വീകരിക്കുന്നതിനേക്കാൾ മുൻകൈ എടുക്കുവാനും പ്രവേശിക്കുവാനുമുള്ള പ്രകൃതിയും സ്വഭാവവുമാണ് പുരുഷനുള്ളത്."

ശരീരം ആത്മാവിനാലാണ് രൂപപ്പെടുത്തിയിരിക്കുന്നത് എന്ന ചൊല്ല് നമ്മെ ആഴത്തിൽ ചിന്തിപ്പിക്കുന്നു. ദൈവത്തിന്റെ ശ്വാസമായ നമ്മുടെ ആത്മാവ് ഓരോ വ്യക്തിയുടെയും അന്തഃസത്തയാണ്. അതിൽനിന്നും ഓരോരുത്തർക്കും വ്യത്യസ്തമായ ശരീരം ലഭ്യമാകുന്നു. ഇതിൽ ആരാണ് ഉയർന്നത് എന്ന ചോദ്യം ഉദിക്കുന്നില്ല. പുരുഷനും സ്ത്രീയും ദൈവത്തിന്റെ സാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതിലുപരിയായി എന്തുണ്ട്? എന്നാൽ ഒരു വ്യത്യാസം നിലനിൽക്കുന്നു. പൗലോസ് പുരുഷനെ ക്രിസ്തുവിനോടും സ്ത്രീയെ സഭയോടുമാണ് ഉപമിച്ചിരിക്കുന്നത് (എഫെ. 5:22–24). തലയാകുന്ന പുരുഷൻ ക്രിസ്തുവിന്റെ ശുശ്രൂഷ നിർവ്വഹിക്കുന്നു. ശരീരമാകുന്ന സ്ത്രീ സഭയുടെ സമർപ്പണബോധത്തെ വെളിവാക്കുന്നു. വിളിയിൽ വ്യത്യാസം നമുക്കു ദർശിക്കാം. എന്നാൽ വിലയിൽ രണ്ടും ഒരുപോലെതന്നെ.

മറിയ സഭയുടെ ഒരു ചിഹ്നമാണ്. മറിയയിൽ സ്ത്രീത്വത്തിന്റെയും മാതൃത്വത്തിന്റെയും യഥാർത്ഥ സവിശേഷതകൾ ദർശിക്കാം. സ്ത്രീ സഭയുടെ സ്വഭാവം വെളിവാക്കുന്നു. എന്തെന്നാൽ അവൾ വചനം സ്വീകരിക്കുകയും ഹൃദയത്തിൽ സംഗ്രഹിക്കുകയും ചെയ്യുന്നു (ലൂക്കോ. 1:38). അതോടൊപ്പം ദൈവഹിതത്തിനനുസൃതമായ രീതിയിൽ ഈ ലോകത്തിന് ജീവനെ പ്രദാനം ചെയ്യുന്നു. ഒരു വ്യക്തിയെക്കുറിച്ച് ഏറ്റവും ഉന്നതമായ രീതിയിൽ പറയുവാൻ സാധിക്കുന്ന വാക്കുകളാണവ.

സ്ത്രീയുടെ സ്നേഹം പുരുഷന്റേതിൽനിന്നു വ്യത്യസ്തമാണ്. സ്ത്രീയുടെ സ്വഭാവത്തിനനുസൃതമായി അവളുടെ സ്നേഹം ദൃഢവും ഉറപ്പുമുള്ളതാണ്. അവളുടെ വലയത്തിലുള്ളവരെ സംരക്ഷിക്കുകയും മാർഗനിർദ്ദേശം നൽകുകയും ചെയ്യുന്നതിനുള്ള സമർപ്പണബോധം അതിൽ ഉൾക്കൊള്ളുന്നു. എന്നാൽ പുരുഷന്റെ സ്നേഹം മറ്റുള്ളവരെ അന്വേഷിക്കാനും തിരഞ്ഞു കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുവാനും പ്രേരണ നൽകുന്നു. ക്രിസ്തുവിനുള്ള പ്രതിനിധികളായ അപ്പൊസ്തലന്മാരുടെ സ്നേഹമാണ് അവിടെ നമുക്കു ദർശിക്കുവാൻ സാധിക്കുന്നത്. “നിങ്ങൾ പുറപ്പെട്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ”. ഏവരെയും പഠിപ്പിച്ച് ദൈവികാന്തരീക്ഷത്തിൽ സ്നാനം കഴിപ്പിപ്പിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽത്തന്നെ”(മത്താ.28:18–20). പുരുഷന്റെ പ്രവർത്തനപന്ഥാവ് സ്ത്രീയുടേതുപോലെതന്നെ സഭയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

ക്രിസ്തുവിൽ പുരുഷൻ സ്ത്രീയുടെ തലയാണെന്ന് പൗലോസും പത്രോസും ചൂണ്ടിക്കാണിക്കുന്നു (1 കൊരി. 11:3). എന്നാൽ പുരുഷൻ സ്ത്രീയേക്കാൾ ഏതെങ്കിലും തരത്തിൽ ഉയർന്നതാണെന്ന് ഇതുകൊണ്ട് അർത്ഥമാക്കുന്നില്ല. സ്ത്രീ പുരുഷനിൽനിന്ന് എടുക്കപ്പെട്ടിരിക്കുന്നതും പുരുഷൻ സ്ത്രീയിൽ നിന്നു ജനിക്കുന്നതും അന്യോന്യമുള്ള ബന്ധത്തെയും ആശ്രയത്തെയുമാണ് സൂചിപ്പിക്കുന്നത് (1 കൊരി.11:11–12). ഓരോരുത്തരുടെയും താലന്തുകളും ഉത്തരവാദിത്വങ്ങളും വ്യത്യസ്തങ്ങളാണെങ്കിലും ഒന്ന് മറ്റൊന്നിനേക്കാൾ ഉപരിയല്ല. ഒരുയഥാർത്ഥ വിവാഹബന്ധത്തിൽ ഭർത്താവും ഭാര്യയും അവരവരുടെ ശരിയായ സ്ഥാനങ്ങൾ മനസ്സിലാക്കും. ഒരാൾ മറ്റൊരാളെ ഭരിക്കുകയില്ല. സ്നേഹവും താഴ്മയും ആയിരിക്കും അവരെ ഭരിക്കുന്നത്.

പുരുഷനും സ്ത്രീയും ദൈവം തങ്ങൾക്കു നൽകിയിരിക്കുന്ന ഉത്തരവാദിത്വങ്ങളെ അവഗണിക്കുകയെന്നത് ഈ കാലത്ത് നാം ദർശിക്കുന്ന ഏറ്റവും വലുതായ ശാപമാണ്. ഗർഭധാരണത്തിനും പേറ്റുനോവിനും എതിരായി സ്ത്രീകൾ സമരം പ്രഖ്യാപിക്കുന്നു. കുഞ്ഞുങ്ങളോടും ഭാര്യമാരോടുമുള്ള ഉത്തരവാദിത്വങ്ങളിൽനിന്ന് പുരുഷന്മാർ വ്യതിചലിച്ച് മത്സരിക്കുന്നു. ഇത്തരത്തിലുള്ള മത്സരബുദ്ധി നമ്മുടെ കാലത്തിന്റെ ശാപമാണ്. ഇത് ഭാവിതലമുറകളെ വഴിയാധാരമാക്കും. സ്ത്രീകളെ ദൈവം സൃഷ്ടിച്ചിരിക്കുന്നത് കുഞ്ഞുങ്ങൾ അവർക്കു ജനിക്കുമെന്ന ഉദ്ദേശ്യത്തോടെയാണ്. അതുകൊണ്ടുതന്നെ യഥാർത്ഥ പുരുഷൻ തന്റെ ഭാര്യയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും. വിശുദ്ധ പത്രോസ് നമ്മോട് ഇപ്രകാരം ആവശ്യപ്പെടുന്നു. “അങ്ങനെതന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേണ്ടതിന് വിവേകത്തോടെ ഭാര്യമാരോടുകൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രമെന്നും അവർ ജീവന്റെ കൃപയ്ക്കുകൂട്ടവകാശികളെന്നുമോർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ” (1 പത്രോ. 3:7).



സ്ത്രീയും പുരുഷനും തമ്മിലുള്ള വ്യത്യാസം പരിപൂർണ്ണമാണെന്നു പറയുവാൻ സാധ്യമല്ല. ഒരു സ്ത്രീയിൽ പുരുഷത്വത്തിന്റെ ഭാഗമായ ധൈര്യവും ഒരു പുരുഷനിൽ മറിയയിൽ ദൃശ്യമാകുന്ന വിധേയത്വവും താഴ്മയും ദർശിക്കാം. ബലഹീനതയുള്ളവനാണെങ്കിലും പുരുഷൻ തലയായതിനാൽ ഒരു യഥാർത്ഥ വിവാഹത്തിൽ അവൻ നേതൃത്വം നൽകും. എന്നാൽ പുരുഷൻ പ്രഭുവും സ്ത്രീ അവന്റെ ദാസിയുമാണെന്ന് ഇതിന് അർത്ഥമില്ല. താഴ്മയുടെയും സ്നേഹത്തിന്റെയും ആത്മാവിൽ, പുരുഷൻ സ്ത്രീയെ നയിക്കുന്നില്ലെങ്കിൽ, ക്രിസ്തുവിന്റെ ആത്മാവിൽ നയിക്കുന്നില്ലെങ്കിൽ, പുരുഷന്റെ നേതൃത്വം സ്വേഛാധിപത്യവും നിഷ്കരുണവുമായിത്തീരും. തലയ്ക്ക് ശരീരത്തിൽ ഒരു പ്രത്യേക സ്ഥാനമുണ്ട്. പക്ഷേ അത് സ്വേഛാധിപത്യമല്ല.

ബ്രൂഡർഹോഫ് എന്ന ക്രിസ്തീയ സമൂഹത്തിന്റെ വിവാഹശുശ്രൂഷയിൽ പുരുഷനോടു ചോദിക്കുന്ന ഒരു ചോദ്യമുണ്ട്: “ജീവിതത്തിന്റെ എല്ലാ ഉത്തമവും നല്ലതുമായ സംഗതികളിൽ ഭാര്യയെ നയിക്കുവാൻ നീ ആഗ്രഹിക്കുന്നുവോ” യഥാർത്ഥത്തിൽ ഇത് യേശുവിലേക്കു നയിക്കുക എന്നാണ് അർത്ഥമാക്കേണ്ടത്. അതുപോലെതന്നെ ‘ഭർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുവോ’ എന്ന ചോദ്യം ഭാര്യയോടും ചോദിക്കപ്പെടുന്നു. യേശുവിനെ ഒരുമിച്ച് അനുഗമിക്കുക എന്നതാണ് ഈ ചോദ്യങ്ങൾകൊണ്ട് അനുശാസിക്കുന്നത്.

**യഥാർത്ഥ സ്നേഹം സ്നേഹത്തോടുകൂടെയുള്ള ശുശ്രൂഷയാണ്**

യഥാർത്ഥ നേതൃത്വത്തിൽ ഉൾക്കൊള്ളുന്ന സ്വയത്യാഗസമ്പൂർണ്ണമായ സ്നേഹത്തെ പൗലോസ് എഫേസ്യർക്ക് ചൂണ്ടിക്കാട്ടുന്നു. “ഭർത്താക്കന്മാരേ ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.....”തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചുകൊടുത്തു” (എഫേ. 5:25, 27). സ്നേഹിക്കുക എന്ന ഈ ഉത്തരവാദിത്വം എല്ലാ പുരുഷനും സ്ത്രീക്കും ഒന്നുപോലെയുള്ളതാണ്.

വിശുദ്ധ പൗലോസിന്റെ വാക്കുകളെ ഹൃദയത്തിൽ സ്വീകരിക്കുമ്പോൾ സ്നേഹത്താൽ നിയന്ത്രിക്കപ്പെടുന്ന ഒരു ആന്തരിക ഐക്യം അതിൽ അനുഭവപ്പെടും. ജീവിതപങ്കാളികൾ ഒരു മനസ്സോടുകൂടി ദൈവത്തോടു പ്രാർത്ഥിക്കും. അതിൽക്കൂടി മാത്രമാണ് യതാർത്ഥ അനുഗ്രഹം വിവാഹജീവിതത്തിൽ ലഭ്യമാകുന്നത്. അതിൽക്കൂടി നിത്യസന്തോഷവും ലഭ്യമാകും എന്നതാണ് ഏറ്റവും മനോഹരമായ വസ്തുത. സഭാപിതാവായിരുന്ന തെർത്തുല്യൻ (Therthulian) ഇപ്രകാരം എഴുതുന്നു: “സഭ

യുടെ മുമ്പിൽ സഭയുടെ അനുഗ്രഹത്തോടും ആശീർവ്വാദത്തോടും കൂടി നടക്കുന്ന വിവാഹത്തിൽ ലഭ്യമാകുന്ന സന്തോഷത്തെ ആർക്കു വർണ്ണിക്കാം. വിശ്വാസികളായ രണ്ടുപേർ ഒരേ പ്രത്യാശയിൽ ഒരേ ജീവിതശൈലിയിൽ, ഒരേ വിശ്വസ്തതയിൽ, ദൈവസേവനത്തിനുള്ള പാതയിൽ ഒരുമിച്ച് ഭാരങ്ങൾ വഹിക്കുന്നത് എത്രയും മനോഹരമായ ഒരു നുകമാണ്. ഒരേ സേവനത്തിൽ, ആത്മാവിലും ശരീരത്തിലും വ്യത്യാസമില്ലാതെ ഒരേ ദേഹിയിൽ അവർ സഹോദരനും സഹോദരിയുമാണ്. ഒരേ ശരീരവും ഒരേ ആത്മാവും ആണ് അവർ പങ്കിടുന്നത്. ഒരുമിച്ച് അവർ മുട്ടുകുത്തി പ്രാർത്ഥിക്കുന്നു. അന്യോന്യം അവർ പഠിപ്പിക്കുന്നു, ഭാരങ്ങൾ പങ്കിടുന്നു. ദൈവസഭയിൽ അവർ ഒരുമിച്ചു പങ്കെടുക്കുന്നു. ഒരുമിച്ച് വിശുദ്ധ സംസർഗശുശ്രൂഷയിൽ പങ്കാളികളാകുന്നു. ആകുലചിന്തകളിലും പീഡനങ്ങളിലും വിടുതലിലും അവർ ഒരുമിച്ചുതന്നെ. കർത്തൃസേവനത്തിലുള്ള അവരുടെ പോരാട്ടവും ഒരുമിച്ചുതന്നെ. ക്രിസ്തു അവരെ കാണുകയും കേൾക്കുകയും ചെയ്യുന്നു. സന്തോഷത്തോടെ അവന്റെ സമാധാനം അവർക്കു നൽകുന്നു. എന്തെന്നാൽ രണ്ടുപേർ അവന്റെ നാമത്തിൽ ഒന്നാകുമ്പോൾ കർത്താവ് അവരുടെ മധ്യത്തിലുണ്ട്.





# 10

# ലൈംഗികതയുടെ വിശുദ്ധി

*"വിവാഹം എല്ലാവർക്കും മാന്യവും നിർമ്മലവും ആയിരിക്കട്ടെ. എന്നാൽ ദുർന്നടപ്പുകാരെയും വ്യഭിചാരികളെയും ദൈവം വിധിക്കും" (എബ്രാ. 13:4).*

മനുഷ്യന്റെ ലൈംഗികതയിൽ രണ്ടു പ്രധാന അപകടങ്ങൾ പതുങ്ങിയിരിക്കുന്നു. ഒന്നാമതായി ശാരീരിക ബന്ധത്തിൽക്കൂടിയുള്ള അടുപ്പം മുഖാന്തരം സ്വയമേ പൂർണ്ണമായി സമർപ്പിക്കേണ്ട അവസ്ഥയോടുള്ള, ഭയം. അഥവാ സ്വയം കീഴ്പെടുമ്പോൾ താൻ ഇല്ലാതാകും എന്ന ഭയം. ലൈംഗികത, അശ്ലീലവും ലജ്ജാകരവും എന്ന ചിന്തയും ഇതിന്റെ ഭാഗമാണ്. രണ്ടാമതായി, അമിതമായ ലൈംഗികാസക്തിയും അതിൽ ഉൾക്കൊള്ളുന്ന പാപവും. അങ്ങനെ വളരെ വ്യക്തമായുള്ള ദുസ്സാധ്യതകൾ ഉള്ളതാണ് ലൈംഗികത. സൃഷ്ടിതാവായ ദൈവത്തിൽനിന്ന് അകന്നുനിന്നുള്ള വിവാഹജീവിതമാണെങ്കിൽ ലഭ്യമാകേണ്ട അനുഗ്രഹങ്ങളേക്കാൾ അപകടങ്ങളായിരിക്കും പരിണിതഫലം. യഥാർത്ഥ സ്നേഹത്തിനു പകരം കാമാസക്തിയും ആർദ്രതയ്ക്കു പകരം അതിക്രമവും അക്രമവും (ചിലപ്പോൾ നിഷ്ഠുരവുമായ രീതിയിൽ) സ്വയം സമർപ്പണത്തിനു പകരം അനിയന്ത്രിതമായ ആഗ്രഹവും ആയിരിക്കും അന്തിമഫലം. ഇതിനെതിരെ സഭ ഒരിക്കലും കണ്ണടയ്ക്കരുത് (1കൊരി. 5:1–5). അശുദ്ധിയുടെ ആത്മാവ് നമ്മെ പരീക്ഷിക്കുവാൻ കാത്തിരിക്കും. വിവാഹമാകുന്ന വിശുദ്ധസ്ഥലത്തിന്റെ വാതിൽ തുറക്കുമ്പോൾ അശുദ്ധി നുഴഞ്ഞുകയറും. വിവാഹത്തിൽ അശുദ്ധി പ്രവേശിക്കുമ്പോൾ ദൈവസ്നേഹത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ വൈഷമ്യം നേരിടും. അങ്ങനെ അതിൽനിന്ന് കൂടുതൽ കൂടുതൽ വഴുതിമാറി പാപവഴികളിലൂടെ പരീക്ഷകൾക്ക് അധീനനാകും.

അശുദ്ധിയുടെ ആത്മാവിന് വ്യക്തികളെ, വിവാഹജീവിതത്തിൽ പ്പോലും തെറ്റിലേക്കു നയിക്കുവാനുള്ള ശക്തിയെ ചെറുതായി കാണരുത്. അവയുടെ സ്വാധീനത്തിലായാൽ ലൈംഗികവികാരങ്ങളുടെ മഹത്തായ ഗുണങ്ങൾ നഷ്ടപ്പെടുകയും താഴ്ന്നനിലവാരത്തിലേക്ക് നാം അധഃപതിക്കുകയും ചെയ്യും. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട അതിമനോ

ഹരമായ ഒരു ദൈവികദാനം അശുഭകരവും സ്വയം നശീകരണാത്മാവുള്ള ഒരു അനുഭവവുമായി മാറും. അതിൽനിന്നുള്ള വിടുതലും സൗഖ്യവും അനുതാപത്തിൽക്കൂടി മാത്രമേ ലഭ്യമാകൂ.

**വിവാഹബന്ധത്തിൽക്കൂടിയുള്ള അഭേദ്യബന്ധം**

ലൈംഗികതയുടെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തപ്പെടുന്നത് ദൈവം കൽപ്പിച്ചരുളിയ വിവാഹ ബന്ധം എന്ന സ്നേഹത്തിന്റെ പവിത്രതയിലൂടെയാണ്. ലൈംഗികസംഗമത്തിലും ഇതു വ്യക്തമാണ്. വിവാഹ ബന്ധത്തിലെ സ്നേഹത്തിന്റെ ശാരീരികപ്രതിഫലനം ഇവിടെ ദൃശ്യമാകുന്നു. ലൈംഗിക സംഭോഗം അതിശക്തിമത്തായ അനുഭവമായതിനാൽ അത് ദൈവത്താൽ നിയന്ത്രിതമായിരിക്കണം. ലൈംഗികത ദൈവത്തിന്റെ ദാനമാണ് എന്ന വസ്തുതയെക്കുറിച്ച് ബോധപൂർവ്വം ചിന്തിക്കുന്നില്ലയെങ്കിൽ അതിനെ ദൈവമായി ആരാധിക്കുവാനുള്ള സാധ്യതയുണ്ട്. എന്നാൽ യഥാർത്ഥ ദൈവഭക്തിയോടെ സമീപിച്ചാൽ "മനുഷ്യഹൃദയത്തിന്റെ ഏറ്റവും ഗാഢവും, പരിശുദ്ധവും, അഭേദ്യവുമായ ഭാഗമായി ലൈംഗികതയ്ക്കു സ്ഥാനം ലഭിക്കും.

യഥാർത്ഥ വിവാഹത്തിൽ അവരവരുടെ ആഗ്രഹങ്ങളേക്കാൾ വിവാഹജീവിതത്തെ നയിക്കുന്നത് പങ്കാളികളുടെ അന്യോന്യമുള്ള സ്നേഹത്തിന്റെ കെട്ടുറപ്പാണ്. ഓരോരുത്തരും തങ്ങളെത്തന്നെ തങ്ങളുടെ പങ്കാളിക്ക് സമർപ്പിക്കുന്നതിൽക്കൂടി മറ്റൊന്നുമായി താരതമ്യം ചെയ്യുവാൻ സാധ്യമല്ലാത്ത ആഴമേറിയ ഒരു ബന്ധം ഉടലെടുക്കുന്നു. ശാരീരിക സ്നേഹം എന്നതിലും ഉപരിയായി പൂർണ്ണമായ സ്നേഹത്തിന്റെ നിവൃത്തിയായി, നിബന്ധനകളില്ലാത്ത സമർപ്പണമായി, അഗാധതതലത്തിലുള്ള സംതൃപ്തമായ നിവർത്തീകരണമായി അതു പ്രതിഫലിക്കുന്നു. അതിമനോഹരവും പ്രാധാന്യമർഹിക്കുന്നതുമായ ഒരു അനുഭവമാണ് വിവാഹബന്ധത്തിൽക്കൂടി ഒരാൾ പങ്കാളിക്കു പൂർണ്ണമായി സമർപ്പിക്കുന്ന അവസ്ഥ. ലൈംഗിക രതിമൂർച്ഛ ശാരീരികബന്ധത്തിന്റെ അത്യുച്ചാവസ്ഥയും, ശക്തിയേറിയ ചലനം സൃഷ്ടിക്കുന്നതും, ആത്മാവിൽ ശക്തിയേറിയ സ്വാധീനം ചെലുത്തുന്നതുമാണ്. ശരീരത്തിലെ അനുഭവം ഇവിടെ വളരെ ശക്തിമത്താകുന്നതിനാൽ ആത്മീയാനുഭവത്തിൽനിന്ന് അതിനെ വേർതിരിക്കുന്നത് വിഷമമേറിയതാകുന്നു. ശരീരത്തിന്റെയും ഹൃദയത്തിന്റെയും താളാത്മകമായ ചലനബന്ധത്തിൽക്കൂടി ഭാര്യാഭർത്താക്കന്മാർ സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും കൊടുമുടികൾ സ്പർശിക്കുന്നു. പൂർണ്ണമായ ഈ സംയോജനത്തിൽ രണ്ടു വ്യക്തിത്വങ്ങൾ ഒരു സമൂഹത്തിന്റെ ചെറിയ രൂപമായി മാറുന്നു. ഈ അവസ്ഥയിൽ സ്വയം വ്യക്തിത്വം ഒഴുകി ഇല്ലാതെയാകുന്നു. അത് രണ്ടുപേർ തമ്മിലുള്ള ബന്ധത്തിൽ ആണ്ടുപോകുന്നു.

**ശാരീരികബന്ധം ഹൃദയത്തിന്റെയും ആത്മാവിന്റെയും ഐക്യത്തെ സൂചിപ്പിക്കുന്നതായിരിക്കണം**

വിവാഹത്തിനുള്ളിലുള്ള ഈ ബന്ധത്തിന് ഭക്തിയുടെ പരിവേഷം അധികമായി കൽപ്പിക്കുവാൻ സാധ്യമല്ല. ഈ വിഷയത്തെക്കുറിച്ച്





തുറന്നു സംസാരിക്കുന്നതിൽ വിമുഖത പ്രകടിപ്പിക്കുന്നതോടൊപ്പം മറ്റുള്ളവരോട് സ്വകാര്യത വെളിപ്പെടുത്തുന്നതിൽ വൈഷമ്യവും അനുഭവപ്പെടും. എന്നാൽ ഭാര്യാഭർത്തൃബന്ധത്തിൽ അന്യോന്യം തുറന്നു സംസാരിക്കേണ്ടത് ആവശ്യമാണ്. അവിടെ മേൽപ്പറഞ്ഞ സ്വകാര്യതയ്ക്ക് സ്ഥാനമില്ല. അവരുടെ ജീവിതം പങ്കുവയ്ക്കേണ്ടതാണ്. അന്യോന്യമുള്ള സ്നേഹനിറവിൽനിന്നും ഒഴുകുന്ന ആദരവ് ഇല്ലയെങ്കിൽ ഇതു സാധിക്കുകയില്ല.

ഭാര്യാഭർത്താക്കന്മാർ രാത്രിയിൽ ഉറങ്ങുവാൻ പോകുന്നതിനു മുമ്പായി യേശുവിനോടു പ്രാർത്ഥിക്കുന്നത് പരമപ്രാധാന്യം അർഹിക്കുന്നു. ഇതിന് വളരെയധികം വാക്കുകൾ ഉപയോഗിക്കേണ്ട ആവശ്യമില്ല. നാം വിചാരിക്കുന്നതും നമ്മുടെ ആവശ്യങ്ങളും അവനു വ്യക്തമാണ്. അവന് സ്തോത്രം അർപ്പിക്കുകയും അവന്റെ നടത്തിപ്പ് സ്വീകരിക്കുകയുമാണ് കരണീയമായുള്ളത്. നാം അവന്റെ വാതിൽക്കൽ മുട്ടുന്നില്ലയെങ്കിൽ അവന് നമ്മെ നയിക്കു വാൻ സാധ്യമല്ല. രാവിലെ ദൈനംദിന കൃത്യങ്ങൾ തുടങ്ങുന്നതിനുമുമ്പും പ്രാർത്ഥന ആവശ്യമാണ്.

യേശുവിലും അവന്റെ സ്നേഹത്തിലും വിശുദ്ധിയിലും അടിസ്ഥാനമുള്ള വിവാഹമാണെങ്കിൽ അന്യോന്യമുള്ള ബന്ധത്തിന്റെ എല്ലാ തലത്തിലും അതിന്റെ ഫലം ദൃശ്യമാകും. വിശുദ്ധ പൗലോസിന്റെ മുന്നറിയിപ്പ് ശ്രദ്ധിക്കുക: "കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ. സൂര്യൻ അസ്തമിക്കുവോളം നിങ്ങൾ കോപം വച്ചുകൊണ്ടിരിക്കരുത്. പിശാചിന് ഇടം കൊടുക്കരുത്" (എഫേ. 4:26–27). വിവാഹജീവിതത്തിൽ ഉദിക്കുന്ന പ്രശ്നങ്ങളും അഭിപ്രായഭിന്നതകളും തീർക്കുന്നതിന് പ്രാർത്ഥന വളരെ ആവശ്യമാണ്. ആത്മാവിന്റെ ഐക്യം ഇല്ലാതെയുള്ള ശാരീരിക ബന്ധം കാപട്യമാണ്. സ്നേഹബന്ധത്തെ കളങ്കപ്പെടുത്തുന്നതുമാണ്.

ശാരീരികതലത്തിലുള്ള സംയോജനം മനസ്സിന്റെയും ആത്മാവിന്റെയും തലത്തിൽ യാഥാർത്ഥ്യമായിരിക്കണം. ശാരീരിക സംതൃപ്തിക്കുവേണ്ടി മാത്രമായി അത് ഉപയോഗിക്കരുത്. യേശുക്രിസ്തുവിന്റെ ജീവിതത്തിൽ ശാരീരികതലത്തിലുള്ള സ്നേഹപ്രകടനം, എല്ലായ്പോഴും തന്നെത്താൻ ത്യജിക്കുകയും മറ്റുള്ളവർക്ക് തന്നെത്തന്നെ നൽകുകയും ചെയ്യുന്നതായിരുന്നു. ജീവിതം മറ്റുള്ളവർക്കുവേണ്ടി നൽകുക എന്ന പ്രക്രിയയിൽക്കൂടി ലൈംഗികതയെ ശക്തിപ്രകടനമായോ വിജയത്തിന്റെ കൊടുമുടിയായോ കാണുവാൻ സാധ്യമല്ല.

സ്വയസംതൃപ്തിക്കായി തന്റെ ജീവിതപങ്കാളിയെ ഉപയോഗിക്കുന്ന വ്യക്തി സ്വന്തം മാനത്തെയും പങ്കാളിയുടെ മാനത്തെയും ഒരുപോലെ ഹനിക്കുകയാണ് ചെയ്യുന്നത്. ആ വ്യക്തി തന്റെ ലൈംഗികസംതൃപ്തിക്കുവേണ്ടി മാത്രം വേറൊരാളെ ഉപയോഗിക്കുന്നു. രതിമൂർച്ഛയിലെത്തുന്നതിന് മുൻപുതന്നെ പിൻവലിയുന്നത് പാപമാണ് എന്ന് വേദപുസ്തകം ഈ കാരണംകൊണ്ടാണ് അനുശാസിക്കുന്നത് (ഉല്പ. 38:9–10). ഇതേ കാരണത്താൽ പ്രകൃതിവിരുദ്ധമായ മറ്റു ലൈംഗികവികാരങ്ങൾ മാത്രം ഉൾക്കൊള്ളുന്നതും അതിന്റെ സംതൃപ്തിക്കായി ചെയ്യുന്നതുമായ ഈവക പ്രവൃത്തികൾ ലൈംഗികപാപങ്ങളുടെ പട്ടികയിൽപ്പെടുന്നു.

**അന്യോന്യമുള്ള സമർപ്പണത്തിൽക്കൂടിയാണ് യഥാർത്ഥ ലൈംഗികസംതൃപ്തി കൈവരിക്കുന്നത്**

പുതിയതായി വിവാഹം കഴിഞ്ഞ ദമ്പതികൾക്ക് ലൈംഗികാസക്തി കൂടുതലായിരിക്കും. പ്രത്യേകിച്ചും വിവാഹത്തിനു മുമ്പുള്ള ലൈംഗിക വേഴ്ചകൾക്കും സ്വയംഭോഗത്തിനും വശംവദരാകാത്തവർക്ക് ഇത് ഒരു പുതിയ അനുഭവമാണ്. പല സന്ദർഭങ്ങളിലും ഭർത്താവിന് ഭാര്യയെ സംഭോഗത്തിനുവേണ്ടി ഉത്തേജിപ്പിക്കേണ്ടതായും വരുന്നു. ഇതിനു സമയം വേണ്ടിവരും എന്നതിനാൽ തന്റെ ഭാര്യ സംഭോഗത്തിനുവേണ്ടി തയ്യാറാകുന്നതുവരെയും ക്ഷമാപൂർവ്വം ഭർത്താവ് ഭാര്യയെ കരുതേണ്ടതാണ്. ഒരു കന്യകയ്ക്ക് സംഭോഗം പലപ്പോഴും വേദനാജനകം ആകാം. ചെറുതായ രീതിയിൽ രക്തം വരുവാനും സാധ്യതയുണ്ട്. ഇതിൽ ഒട്ടും തന്നെ ഭയപ്പെടേണ്ടതില്ല. പക്ഷേ ഭർത്താവ് തന്റെ ഭാര്യയുടെ വേദനകളെക്കുറിച്ച് ബോധവാനായിരിക്കണം.

യഥാർത്ഥമായി സ്നേഹമുള്ള ഒരു ഭർത്താവ്, തന്റെ അക്ഷമ മുഖാന്തരം സംഭോഗത്തിന് ധൃതി കാട്ടാതെ ക്ഷമയോടെ തന്റെ ഭാര്യ തയ്യാറാകുന്നതുവരെ കാത്തിരിക്കുന്നു. തന്റെ സ്വന്തം തൃപ്തിയേക്കാൾ ഉപരിയായി തന്റെ ഭാര്യയുടെ ആവശ്യങ്ങളെക്കുറിച്ച് പ്രത്യേകിച്ച് സ്ത്രീക്ക് രതിമൂർച്ഛ വരുന്നതിന് പുരുഷനേക്കാൾ കൂടുതൽ സമയം ആവശ്യമാണ് എന്നതിനെക്കുറിച്ചു ബോധവാനായിരിക്കും. സംഭോഗപ്രക്രിയയ്ക്കുശേഷം ഭർത്താവ് ഉറങ്ങുന്നതും നിരാശയുടെയും ഈർഷ്യയുടെയും വികാരത്തിൽ ഭാര്യ ഉണർന്നിരിക്കുകയും ചെയ്യുന്ന അവസ്ഥാവിശേഷം ഉണ്ടാതിരിപ്പാനും ശ്രദ്ധിക്കുക.

പുരുഷനിൽനിന്നും വ്യത്യസ്തമാണ് സ്ത്രീയുടെ ലൈംഗികസംതൃപ്തി. സ്ത്രീയിലുള്ള ഈ വ്യത്യാസത്തിന് സാഹചര്യം വളരെയധികം സ്വാധീനം ചെയ്യുന്നു. ഭർത്താവിൽനിന്ന് ദയാപൂർണ്ണമായ പെരുമാറ്റവും സൗഹൃദപരമായ സംസാരവും ഭാര്യയുടെ തൃപ്തിക്ക് മാറ്റുകൂട്ടുന്നു. രതിമൂർച്ഛയോടൊപ്പമോ അതിനേക്കാൾ കൂടുതലോ ഇവയെല്ലാം പ്രാധാന്യം അർഹിക്കുന്ന വസ്തുതകളാണ്. ഒരുമിച്ച് തന്റെ പ്രിയപ്പെട്ടവനോടൊത്ത് സമയം ചെലവിടുന്നത് സംതൃപ്തിക്ക് മുഖാന്തരമാകുന്നു.

ഒരു ശാരീരികബന്ധത്തിനുമുമ്പ് അതിനു വേണ്ട അന്യോന്യമുള്ള ഒരുക്കം വളരെ പ്രാധാന്യമർഹിക്കുന്നു. അന്യോന്യം സ്നേഹപുരസ്സരം ഉത്തേജനം നൽകുന്നത് അവരുടെ ഐക്യബോധത്തെ ഉറപ്പിക്കുന്നതും അന്യോന്യം സുരക്ഷാബോധം പകരുന്നതും ലൈംഗിക സംഭോഗത്തിന് ഒരുക്കുന്നതുമായിത്തീരും. ഭാര്യയും ഭർത്താവും അന്യോന്യം തങ്ങളുടെ പങ്കാളിക്ക് ഉത്തേജനം നൽകുന്നത് എപ്രകാരമാണ് എന്നു മനസ്സിലാക്കിയിരിക്കണം. സ്ത്രീകളുടെ ലൈംഗിക സ്വഭാവത്തെക്കുറിച്ച് വോൺ ഗാഗോൺ ഇപ്രകാരം എഴുതുന്നു, "ശരീരത്തിൽ ലൈംഗിക വികാരം ഉത്തേജിപ്പിക്കുന്ന വിവിധ ഭാഗങ്ങളുണ്ട്. ചുണ്ടുകൾ, സ്തനങ്ങൾ, കൈകളുടെ താഴെയുള്ള ഭാഗം, നട്ടെല്ല് ആദിയായവ അതിൽ ഉൾക്കൊള്ളുന്നു. പക്ഷേ ഓരോ ദമ്പതികളും സ്വന്തം രീതിയിലുള്ള അഭിനിവേശങ്ങളെ



അന്യോന്യം കൂടുതലായി മനസ്സിലാക്കി അതിനനുസരിച്ചു പ്രവർത്തിക്കുവാനാണ് ശ്രദ്ധിക്കേണ്ടത്.

**സ്വയം നിയന്ത്രണവും വർജ്ജനവും ദമ്പതികളുടെ സ്നേഹത്തെ വർദ്ധിപ്പിക്കും**

ലൈംഗിക സംയോജനം ശാരീരികമായി എപ്പോഴും സാദ്ധ്യമാണ്. എങ്കിലും ഭാര്യയുടെ ആരോഗ്യത്തെ ഹനിക്കാതിരിക്കാൻ പ്രത്യേകിച്ചും പ്രസവത്തിനുമുമ്പും പിമ്പും ഉള്ള കാലയളവിൽ വർജനം ആവശ്യമാണ്. വിവാഹത്തിന്റെയും ക്രിസ്തീയ കുടുംബജീവിതത്തിന്റെയും കൗൺസലർ എന്ന നിലയിൽ ആർത്തവസമയത്തും പ്രസവത്തിനു മുമ്പുള്ള ആറ് ആഴ്ച കാലങ്ങളിലും വർജനം ആവശ്യമാണ് എന്ന് ഞാൻ ദമ്പതികളോട് ഉപദേശിക്കാറുണ്ട്. മാതാവ് ശാരീരികമായും മാനസികമായും പൂർണ്ണ ആരോഗ്യവതിയാകുന്നതുവരെയുള്ള സമയങ്ങളിലും വർജനം ഉത്തമമാണ് എന്നും ഞാൻ ഉപദേശിക്കാറുണ്ട്. ഭാര്യാഭർത്താക്കന്മാർ വിവിധതരത്തിലുള്ളവരാകയാൽ ഒരു സമയപരിധി നിർദ്ദേശിക്കുക വിഷമമാണ്. ഒരു ഭർത്താവ് തന്റെ ഭാര്യയെ കരുതുന്നവനാണ് എങ്കിൽ സ്വയനിയന്ത്രണത്തിനും വർജനത്തിനും തയ്യാറാകും (1 തെസ്സ. 4:3-5). ആ കാലയളവിൽ ഭർത്താവിനെ ലൈംഗികമായി മോഹിക്കാതിരിക്കാൻ ഭാര്യയും ശ്രദ്ധിക്കും.

ഒരുമിച്ചു ജീവിക്കുകയും ഒരുമിച്ച് ഉറങ്ങുകയും അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്നവർക്ക് സാധാരണ ഗതിയിൽ വർജനം തനിയെ താമസിക്കുന്നവരേക്കാൾ വിഷമകരമാണ്. ലൈംഗികതലത്തിൽ അടുക്കുകയും സംഭോഗം നടത്താതെയും ഇരിക്കുന്ന അവസ്ഥ വരാതിരിപ്പാൻ ഭാര്യാഭർത്താക്കന്മാർ വർജനസമയത്ത് സൂക്ഷിക്കേണ്ടതാണ്.

വർജനം പ്രാഥമികമായി ദുഷ്കരവും നിഷേധാത്മകവുമണ് എന്ന ആശയത്തിനു കഴമ്പില്ല. യഥാർത്ഥ സ്നേഹം ഭാര്യാഭർത്താക്കന്മാർ തമ്മിലുണ്ട് എങ്കിൽ വർജനംമൂലം അവർ തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢവും മനോഹരവുമാകുവാൻ സാദ്ധ്യതയുണ്ട്. പലപ്പോഴും അതിന് സൗഖ്യമാക്കുവാനും കഴിവുണ്ട്. ദമ്പതികൾക്കുവേണ്ടിയുള്ള പ്രത്യേക ശുശ്രൂഷയുടെ തലവനായ ജോൺ കിപ്ളി, പിതാവിനാൽ ലൈംഗിക പീഡനത്തിന് ഇരയായ ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ കരുതലിൽക്കൂടി സുഖംപ്രാപിച്ചതിനെക്കുറിച്ച് വിവരിക്കുന്നു: "എന്റെ ഭർത്താവിന്റെ സ്വയനിയന്ത്രണവും വർജനവുമെന്നാൽ അതീവകരുതലും എനിക്ക് വളരെ ആശ്വാസം നൽകി. ലൈംഗികതയിലല്ലാതെയും സ്നേഹം ലഭ്യമാണ് എന്ന് അതിൽക്കൂടെ ഞാൻ എന്നെ മനസ്സിലാക്കി. എന്റെ ശരീരത്തിനേക്കാൾ ഉപരിയായി ഒരു അസ്തിത്വം എനിക്കു ബോധ്യമായി. മറ്റുള്ളവരുടെ സംതൃപ്തിയേക്കാൾ ഉപരിയായ ഒരു വ്യക്തി എന്ന നിലയിലുള്ള വില എനിക്കു ബോധ്യമായി." ആ സ്ത്രീ ജോൺ കിപ്ലിയോടു പറഞ്ഞു.

മദ്ധ്യവയസ്സിലോട്ടു പ്രവേശിക്കുമ്പോൾ ലൈംഗികതാത്പര്യങ്ങൾ സ്ത്രീകൾക്കു കുറയുന്നത് സാധാരണയാണ്. ഇത് പുരുഷന്മാർക്ക് വിഷമം സൃഷ്ടിക്കുമെങ്കിലും ഭാര്യയോടുള്ള സ്നേഹത്തിന് ഭംഗം വരാ

തിരിപ്പാൻ ശ്രദ്ധിക്കണം. തങ്ങൾക്കു കഴിയുന്നതുപോലെ മുമ്പുള്ളതു പോലെ സുഖം വരില്ല എങ്കിലും ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാരുടെ ഇംഗിതത്തിനു വഴങ്ങുവാൻ ശ്രമിക്കേണ്ടതാണ് (1 കൊരി. 7:3-4). ഈ പ്രമാണം അനുവർത്തിക്കുന്നില്ലയെങ്കിൽ ഭർത്താക്കന്മാർ തങ്ങളുടെ ലൈംഗികസംതൃപ്തിക്കുവേണ്ടി മറ്റു മാർഗങ്ങളിലേക്ക് തിരിയുവാനുള്ള സാധ്യതയുണ്ട്. എന്നാൽ ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള മാനസികവും ആത്മീയവുമായ ഐക്യമാണ് ശാരീരിക ഐക്യത്തേക്കാൾ ഉപരിയെന്ന ബോധം അവരെ നയിക്കണം. വർജനം ആവശ്യമായി വരുമ്പോൾ അവരുടെ സ്നേഹം തണുക്കുന്നതിനുള്ള ഉപാധിയായിത്തീരുവാൻ അനുവദിക്കരുത്. വിശുദ്ധ പൗലോസ് ഇപ്രകാരം എഴുതുന്നു: "പ്രാർത്ഥനയ്ക്ക് അവസരമുണ്ടാവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെയല്ലാതെ പരസ്പരം വേർപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം തന്നെത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് വീണ്ടും ചേർന്നിരിപ്പിൻ (1 കൊരി. 7:5).

ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടെ വർജനം സ്വീകരിക്കേണ്ടതാണ്. പരസ്പരസമ്മതത്തോടെ ഈ മാർഗം സ്വീകരിക്കുമ്പോൾ ഭാര്യാഭർത്തൃബന്ധം സുദൃഢവും മനോഹരവുമായിത്തീരുന്നു.

അവസാനമായി, യേശുവിലുള്ള ഭാര്യാഭർത്താക്കന്മാരുടെ സമർപ്പണവും യേശുവിന്റെ നടത്തിപ്പിന് അനുസരിച്ചുള്ള ജീവിതവും സർവ്വപ്രധാനമാണ്. ദൈവമാണ് തങ്ങളെ യോജിപ്പിച്ചതെന്നും വിഷമകരങ്ങളായ സാഹചര്യങ്ങളിൽപ്പോലും അവരെ ഐക്യത്തോടെ നിലനിർത്തുവാൻ ദൈവത്തിനു മാത്രമേ സാധിക്കുകയുള്ളൂവെന്നും അവർ നിരന്തരം ഓർക്കേണ്ടതാണ്. "എന്റെ....നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും."യേശുക്രിസ്തു അരുളിച്ചെയ്തു (ലൂക്കോ. 9:24). ക്രിസ്തീയ വിവാഹജീവിതത്തെ സംബന്ധിച്ചും ഇതു പ്രസക്തമാണ്. രണ്ടു പങ്കാളികളും അന്യോന്യം സമർപ്പിക്കുവാനും തങ്ങളെത്തന്നെ യേശുവിൽ സമർപ്പിക്കുവാനും തയ്യാറാകുമ്പോൾ യഥാർത്ഥ ഐക്യവും സ്വാതന്ത്ര്യവും അവരുടെ ജീവിതത്തിൽ ലഭ്യമാകും.





# 11

# മാതാപിതാക്കളും ദൈവത്തിന്റെ ദാനമായ മക്കളും

*"മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. അത് ന്യായമല്ലോ. നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടെ ഇരിപ്പാനും നിന്റെ അപ്പനെയും അമ്മയേയും ബഹുമാനിക്ക" എന്നത് വാഗ്ദത്തത്തോടുകൂടിയ ആദ്യകൽപ്പന ആകുന്നു. പിതാക്കന്മാരേ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ (എഫേ. 6:1-4).*

കുടുംബജീവിതത്തിന്റെ ഘടനയും മൂല്യങ്ങളും ധനിക, ദരിദ്ര രാജ്യങ്ങളിൽ ഒന്നുപോലെ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്. കെട്ടുറപ്പും യോജിപ്പുമുള്ള ഒരു ഘടകമാണ് കുടുംബം എന്ന ചിന്താഗതി ഇന്ന് നഷ്ടപ്പെട്ടി രിക്കുന്നു. ഒരു കുടുംബം എന്ത് എന്നു നിർവ്വചിക്കുവാൻകൂടി വിഷമമായ ഒരു കാലയളവിലാണ് നാം ജീവിക്കുന്നത്.

വിവാഹച്ഛിദ്രങ്ങൾ, കലഹിക്കുന്ന ഭവനങ്ങൾ, ചെറുപ്രായത്തിൽത്തന്നെ വിവാഹത്തിനു മുമ്പുള്ള ഗർഭധാരണം മുതലായവയുടെ അനന്തരഫലങ്ങളെക്കുറിച്ച് മനഃശാസ്ത്രജ്ഞർ മുന്നറിയിപ്പുകൾ നൽകിയിരുന്നുവെങ്കിലും അത് ഗൗരവമായി ആരും കണക്കാക്കിയില്ല. അതിന്റെ തിക്തഫലങ്ങളാണ് ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങളിൽ പലതും. പുരുഷനെയും സ്ത്രീയെയും ഉണ്ടാക്കിയ ദൈവത്തിന്റെ ആദ്യകാലപദ്ധതിയിലേക്ക് ഒരു തിരിഞ്ഞുനോട്ടം ആവശ്യമാണ്. അവർക്ക് സന്തതിയെ നൽകി ദൈവം അവരെ അനുഗ്രഹിച്ചു.

**പൈതങ്ങളെ വളർത്തുന്നതിന് ധൈര്യം അവശ്യഘടകമാണ്**

ആധുനിക സമൂഹം കുടുംബജീവിതത്തെ വെറുക്കുന്നു. നിരവധി കുഞ്ഞുങ്ങളുള്ള ഒരു കുടുംബത്തിന് താമസിക്കുവാൻ ഒരു ഭവനം കണ്ടെത്തുന്നതുതന്നെ അസാദ്ധ്യമാണ്. പാശ്ചാത്യരാജ്യങ്ങളിൽ പല അപ്പാർട്ടുമെന്റുകളിലും ഒരു കുഞ്ഞിനെപ്പോലും കൂടെ താമസിപ്പിക്കുവാൻ അനുവാദമില്ല. പലർക്കും കുട്ടികളെ ആവശ്യമില്ല. തങ്ങളുടെ

ജോലിയോ മറ്റ് അവസരങ്ങളോ കുഞ്ഞുങ്ങൾക്കുവേണ്ടി നഷ്ടപ്പെടുത്തുന്നതിനോട് പലരും എതിരാണ്. കുഞ്ഞുങ്ങളെ വളർത്തുന്നതിനുവേണ്ടി ഒരു നല്ല ജോലി ഉപേക്ഷിക്കുന്ന മാതാക്കളെ സമൂഹം പുച്ഛത്തോടെ വീക്ഷിക്കുന്നു.

ഇന്നത്തെ കാലയളവിൽ കുട്ടികളെ വളർത്തുന്നതിന് വളരെ ധൈര്യം ആവശ്യമാണ്. എന്താണ് മുന്നിലെന്നു മനസ്സിലാക്കാതെ ദൈവത്തിൽ പൂർണ്ണ വിശ്വാസം അർപ്പിച്ച്, സംഭവിക്കുന്ന എല്ലാറ്റിലും അവന്റെ വാക്കുകൾ ഉണ്ട് എന്ന ഉറപ്പിലുള്ള ഗമനമാണ് ഈ ധൈര്യത്തിൽ ഉൾക്കൊള്ളുന്നത്. സമൂഹത്തിന്റെയും സഭയുടെയും മറ്റു കൂട്ടങ്ങളുടെയും യഥാർത്ഥ സ്ഥിരത, വിവാഹബന്ധങ്ങളുടെ ഉറപ്പിന്റെ അടിസ്ഥാനത്തിലാണ്. ദൈവഭക്തിയും സ്നേഹവും ഉള്ളിടത്ത് ഉറപ്പും ഭദ്രതയുമുള്ള കുടുംബങ്ങൾ ഉണ്ടാകുന്നു. എന്നാൽ അതിന്റെ അഭാവത്തിൽ ജീർണ്ണത സംഭവിക്കുന്നു.

ഒരു ശിശുവിന്റെ പുഞ്ചിരി ആദ്യമായി കാണുമ്പോൾ ഉളവാകുന്ന സന്തോഷം, ആ ശിശുവിനോടുള്ള വാത്സല്യവും സ്നേഹവും വെളിവാക്കുന്നു. ആ ശിശുവിന്റെ തിരിച്ചുള്ള സ്നേഹം വെളിപ്പെടുത്തുന്നത് ദൈവത്തിന്റെ മഹിമയും നിത്യതയുമാണ്. എല്ലാ ശിശുക്കളെയുംപോലെ തന്നെയാണ് തങ്ങളുടെ ശിശു എന്ന വസ്തുത മാതാപിതാക്കൾക്ക് അറിയാമെങ്കിലും അവരുടെ ഹൃദയത്തിൽ ഏറ്റവും വലിയ സ്ഥാനം നൽകുന്നത് സ്വന്ത ശിശുവിനായിരിക്കും. ഒരു ശിശുവിനെ വളർത്തുക എന്നത് ഏറ്റവും പാവനമായ ഒരു ഉത്തരവാദിത്വമാണ് എന്ന വസ്തുതയും അവർക്കു ബോധ്യമാകും. ആ ശിശുവിന്റെ വളർച്ചയോടൊപ്പം അവരുടെ ഉത്തരവാദിത്വവും വളർന്നുകൊണ്ടേയിരിക്കും. ബലഹീനരും പാപികളുമായ തങ്ങളുടെ സ്വന്ത ശക്തിയാൽ മാത്രം തങ്ങളുടെ കുഞ്ഞിനെ വളർത്തുന്നത് ദുഷ്കരമാണ് എന്നതും അവർക്ക് ബോധ്യമാകും.

നമ്മുടെ ബലഹീനതകൾ മൂലം നിരാശയിലാണ്ടുപോകേണ്ടതില്ല. നാം എന്തുമാത്രം ദൈവകൃപയിൽ ആശ്രയിക്കേണ്ടതാണ് എന്ന ബോധം നമ്മിൽ ഉളവാക്കുവാൻ അതു സഹായകരമാകും. ദൈവകൃപയിൽ ആശ്രയിക്കുന്നവർക്കു മാത്രമേ ഒരു കുഞ്ഞിനെ ശരിയായ രീതിയിൽ വളർത്തുവാൻ സാധ്യമാകൂ.

**കുടുംബജീവിതത്തിന്റെ അടിസ്ഥാനം എന്തായിരിക്കണം?**

ഒരു കുടുംബജീവിതം തുടങ്ങുവാൻ പോകുമ്പോൾ ചോദിക്കേണ്ട ഒന്നാമത്തെ ചോദ്യമാണ് എന്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അതിന്റെ തുടക്കം എന്നത്. ക്രിസ്തുവിലും അവന്റെ സഭയിലുമുള്ള പൂർണ്ണ ആശ്രയമാണ് ഏറ്റവും ഉറപ്പുള്ളതും വിശ്വസനീയവുമായ അടിസ്ഥാനം. സംതൃപ്തവും ധന്യവുമായ ഒരു കുടുംബ ജീവിതം എല്ലാവിധ ശക്തികളെയും അതിജീവിക്കുവാൻ ഈ അടിസ്ഥാനത്തിൽ മാത്രമേ സാധിക്കുകയുള്ളൂ.

തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തിനുവേണ്ടി ദൈവനാമത്തിൽ വളർത്തുകയെന്നത് ഓരോ മാതാപിതാക്കളുടെയും കർത്തവ്യമാണ്. ഒരു



ചെറിയ പൈതലിന് മാതാപിതാക്കൾ ദൈവത്തിനു സമമാണ്. ആയതിനാൽ അപ്പനെയും അമ്മയെയും ബഹുമാനിക്കുക എന്ന കൽപ്പന ശൈശവകാലത്തിന്റെ തുടക്കം മുതൽ തന്നെ പൈതലിന്റെ വളർച്ചയിൽ പരമപ്രാധാന്യം അർഹിക്കുന്നു. ഈ അഭിവാഞ്ഛയ്ക്ക് അനുസൃതമായി മാതാപിതാക്കൾ പ്രവർത്തിക്കുന്നില്ല എങ്കിൽ, യഥാർത്ഥ മാതാവും പിതാവും ആയി വർത്തിക്കാതെ തങ്ങളുടെ ഭാഗം അഭിനയിക്കുക മാത്രമാണ് ചെയ്യുന്നതെങ്കിൽ അത് അതിഭയങ്കരമാണ്. ശിശുക്കൾ ആ കാപട്യം മനസ്സിലാക്കുകയും അവർ വളരുമ്പോൾ കലഹപ്രിയരും പക, നീരസം, വിദ്വേഷം ആദിയായ ദോഷഫലങ്ങളുള്ളവരും ആയിത്തീരും

ഐക്യമോ അഭിപ്രായ ഭിന്നതകളോ ഉള്ള ഭാര്യാഭർത്താക്കന്മാരുടെ ജീവിതത്തിലും ഇതു വാസ്തവമാണ്. പ്രത്യേകിച്ച്, ഭാര്യ ഭർത്താവിനെ തലയായി അംഗീകരിക്കാതിരിക്കുക. ഭർത്താവ് ഭാര്യയെ സ്നേഹത്തോടും കരുതലോടുംകൂടി ഇടപെടാതിരിക്കുക എന്നീ സന്ദർഭങ്ങൾ ദോഷവശങ്ങളിലേക്കു തിരിവാൻ ഇടയാക്കും. കുട്ടികൾക്ക് ദൈവത്തിന്റെ ഒരു ചിത്രം മാതാപിതാക്കളിൽ ദർശിക്കുവാൻ സാധിക്കുന്നില്ലയെങ്കിൽ പിൽക്കാല ജീവിതത്തിന് ഉതകുന്ന ഭദ്രവും ആരോഗ്യകരവുമായ ഒരു അടിസ്ഥാനം ഉറപ്പിക്കുന്നത് വിഷമകരമായിത്തീരും. ഒരുപക്ഷേ അവർ വൈകാരിക വൈഷമ്യങ്ങളും അനുഭവിക്കും.

അടുത്ത കാലത്ത് നാലു ചെറിയ കുട്ടികളുള്ള ഒരു കുടുംബത്തിന് കൗൺസലിംഗ് നൽകുവാൻ ഇടയായി. മാതാപിതാക്കൾക്ക് നാനാവിധ നല്ല ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ആരാണ് കുടുംബത്തെ നയിക്കേണ്ടത് എന്നതിനെച്ചൊല്ലി അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നു. സ്വരച്ചേർച്ചയുടെയും സമാധാനത്തിന്റേതുമായ സന്ദേശം സന്ദർശകർക്കും പുറത്തുള്ളവർക്കും വേണ്ടി നൽകിയിരുന്നുവെങ്കിലും കുടുംബത്തിനുള്ളിൽ അഭിപ്രായ ഭിന്നതയും അപസ്വരങ്ങളും ഉടലെടുത്തു. കുട്ടികൾ വളർന്നു വന്നപ്പോൾ ഏകാഭിപ്രായത്തിൽ ഉത്തമവും ശരിയും ആയ രീതിയിൽ അവരെ വളർത്തുന്നതിന് സാധ്യമായില്ല. കുട്ടികളുടെ വളർച്ചയിൽ അവർ തെറ്റായ മാതൃകകളായിത്തീർന്നു.

ആ കുട്ടികളെല്ലാവരും വളർന്നു മുതിർന്നവരായി. അവർ സ്നേഹമുള്ളവരും ബുദ്ധിമാന്മാരും വിവിധ താലന്തുകൾ ഉള്ളവരുമായിത്തീർന്നു. എങ്കിലും അവരുടെ ജീവിതം ചില ചിന്താക്കുഴപ്പങ്ങളിൽ അകപ്പെട്ടു. അനൈക്യവും വിശ്വാസക്കുറവും മാതാപിതാക്കളുടെ ജീവിതത്തിൽ ഉണ്ടായിരുന്നതിനാൽ കുട്ടികൾക്കും മറ്റുള്ളവരെ വിശ്വസിക്കാൻ കഴിയാതെ വന്നു. ഇത് മറ്റുള്ളവരിൽനിന്നും തങ്ങളെ അകറ്റുമെന്ന് മനസ്സിലാക്കുവാനും അവർക്കു കഴിഞ്ഞില്ല. ഏകാന്തതയും വിഭ്രാന്തിയും അവരുടെ ജീവിതത്തിന്റെ ഭാഗമായി. യാഥാർത്ഥ്യബോധം അവരെ കൈവിട്ടു. ലോകത്തിലെ എല്ലാ വിനകൾക്കും കാരണഭൂതർ തങ്ങൾ തന്നെയാണ് എന്ന് അവർ ചിന്തിച്ചു.

ഒരു ശിശുവിന്റെ ജീവിതത്തിൽ ആദ്യദിവസം മുതൽക്കുതന്നെ സ്നേഹത്തിന്റെയും ദൈവഭക്തിയുടേതുമായ അന്തരീക്ഷത്തിൽ വളർത്തപ്പെ

ടേണമെന്നത് പരമപ്രാധാനമാണ്. ശിശുക്കൾ ക്ക് ഓരോരുത്തർക്കും മാതാപിതാക്കളുടെ സ്നേഹം ലഭ്യമാകുന്നതിനനുസരിച്ച് വളർച്ചയ്ക്ക് ആവശ്യമായ ആന്തരികസുരക്ഷിതത്വം ലഭ്യമാകും. കുഞ്ഞുങ്ങളുടെ സ്വഭാവരൂപീകരണത്തിന് അവശ്യമായ ചിട്ടകളും ശിക്ഷണങ്ങളും നൽകുന്നതിൽ മാതാപിതക്കൾ ഏകാഭിപ്രായം വച്ചുപുലർത്തണം. മാതാപിതാക്കളിൽ ആരാണ് ശരി എന്നു തീരുമാനിക്കുന്ന അവസരങ്ങൾ കുഞ്ഞുങ്ങൾക്ക് ഉണ്ടാകുവാൻ ഇടയാകരുത്. ഐക്യം, സ്നേഹം, പരസ്പരബഹുമാനം ഇവയിൽനിന്ന് ഉളവാകുന്ന സുരക്ഷിതബോധവും അതിന്റേതായ പരിധികൾക്കുള്ളിൽ വസിക്കുന്നതിനുമാണ് അവർക്കു താത്പര്യം. കുഞ്ഞുങ്ങളോടുള്ള സ്നേഹത്തിന്റെ മാനദണ്ഡം ഇവയായിരിക്കണം.

## ഉപദേശങ്ങളേക്കാൾ ഉപരിയായി ജീവിതമാതൃകയാണ് കുഞ്ഞുങ്ങൾക്ക് ആവശ്യം

ശിശുക്കളുടെ ജീവിതത്തിലെ ആദ്യത്തെ അഞ്ചു വർഷങ്ങൾ സ്വഭാവരൂപീകരണത്തിന് സർവ്വപ്രധാനമാണ്. യേശുവിനെയും അവന്റെ സുവിശേഷത്തെയും അവർക്കു നൽകുവാനും ഈ സമയമാണ് അത്യുത്തമം. യേശുക്രിസ്തുവിന്റെ ജനനത്തെയും മരണത്തെയും ഉയിർപ്പിനെയും കുറിച്ചുള്ള കഥകൾ അവരോടു പറയേണ്ടതാണ്. അതിശയകരമായ വിധത്തിൽ ഇവയൊക്കെയും കുഞ്ഞുങ്ങളുടെ പിഞ്ചുഹൃദയത്തെ സ്പർശിക്കുകയും ദൈവബോധവും യേശുവിനോടുള്ള സ്നേഹവും അതിനെ ഉദ്ദീപിപ്പിക്കുകയും ചെയ്യും.

വേദപുസ്തകത്തിലെ ഒരു കഥാപാത്രം എന്ന സമക്ഷകൊണ്ടു മാത്രം കുഞ്ഞുങ്ങളെ യേശുവിലേക്കു നയിക്കുവാൻ സാധ്യമല്ല. യേശുവിന്റെ സന്നിധിയിലേക്കു വരുന്നതിന് കുഞ്ഞുങ്ങൾക്കു താത്പര്യമാണ് എങ്കിലും കപടഭക്തിയെ അവർ വെറുക്കും. Blumhardt ഇപ്രകാരം പറയുന്നു: “ഭക്തിപ്രകടനങ്ങൾകൊണ്ട് കുഞ്ഞുങ്ങളെ ദൈവരാജ്യത്തിലേക്കു വലിച്ചിഴയ്ക്കുവാൻ ശ്രമിച്ചാൽ ഭക്തിയുടേതായ ഭവനങ്ങളിൽനിന്ന് അതിവേഗത്തിൽ അവർ പുറത്തേക്കുപായും.” ആയതിനാൽ ഭക്തിയുടെ വിഷയത്തിലുള്ള അനാവശ്യസമ്മർദ്ദങ്ങളും അവർക്കു മനസ്സിലാക്കുവാൻ വൈഷമ്യമുള്ള പാപവിഷയങ്ങളെക്കുറിച്ചുള്ള സംസാരവും അവർക്ക് നൽകാതിരിപ്പാൻ ശ്രദ്ധിക്കണം. ദൈവം അവരോടു സംസാരിക്കുന്നില്ലയെങ്കിൽ ആ രീതിയിലുള്ള ദൈവവചനങ്ങൾ നൽകുന്നത് കരണീയമല്ല. ജീവിതമാതൃകകളിൽക്കൂടി ദൈനംദിന ജീവിതത്തിൽ വെളിപ്പെടുത്തുന്നതാണ് വിശ്വാസത്തെക്കുറിച്ച് പഠിപ്പിക്കുന്നതിനേക്കാൾ മെച്ചവും പ്രായോഗികവുമായിട്ടുള്ളത്. ദൈവത്തിൽ ആശ്രയിച്ചുള്ള ജീവിതം മാതാപിതാക്കളിൽ ദൃശ്യമാകുമ്പോൾ ദൈവത്തെ സ്തുതിക്കുകയും ദൈവകൽപ്പനകൾ അവർ അനുസരിക്കുകയും ചെയ്യുമ്പോൾ, അവരുടെ മനസ്സിൽ പ്രാർത്ഥിക്കുവാനുള്ള ആന്തരികതാത്പര്യം ഉടലെടുക്കുകയും ആ മാതൃകകളെ അനുഗമിപ്പാൻ തയ്യാറാകുകയും ചെയ്യും.





## നിയന്ത്രിക്കുകയല്ല, നയിക്കുകയത്രേ മാതാപിതാക്കളുടെ കർത്തവ്യം

കുഞ്ഞുങ്ങളെ വളർത്തുന്നതിന് മാതാപിതാക്കൾക്ക് സ്വയനിയന്ത്രണവും ചിട്ടകളും ആവശ്യമാണ്. ദൈവഭയത്തിൽ കുഞ്ഞുങ്ങളെ വളർത്തുക എന്നതിൽ നിയന്ത്രണത്തേക്കാൾ ഉപരിയായി അവരെ നയിക്കുകയാണ് വേണ്ടത്. ആദ്യനാളുകൾ തുടങ്ങി തങ്ങളെത്തന്നെ കേന്ദ്രീകരിച്ചുള്ള ലോകത്തിനുമപ്പുറത്തേക്കു കടക്കുവാനാണ് പ്രോത്സാഹിപ്പിക്കേണ്ടത്. മറ്റുള്ളവരെ സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും അവർ ശ്രമിക്കേണ്ടതാണ്. എല്ലാ തരത്തിലുമുള്ള സ്വാർത്ഥ താത്പര്യങ്ങളെയും വൈകാരിക ക്ഷോഭങ്ങളെയും അവരുടെ വളർച്ചയുടെ സമയത്ത് നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. വ്യക്തമായ മാർഗനിർദ്ദേശങ്ങളും അതിർവരമ്പുകളും അവർക്ക് ആവശ്യമാണ്. ഉത്തമ ശിക്ഷണമാണ് യഥാർത്ഥത്തിൽ കുഞ്ഞുങ്ങൾക്കു നൽകുന്ന വലുതായ സ്നേഹം. (എബ്രാ. 12:10–11). വീർപ്പുമുട്ടിക്കുന്ന സ്നേഹം നാശകരവുമാണ്.

ഓരോ ശിശുവിന്റെയും ജനനത്തിൽ ദൈവഹിതമുണ്ട് എന്ന വസ്തുത നാം ഓർത്തിരിക്കേണ്ടതാണ് (സങ്കീ. 139:13–17). “ഒരു കുട്ടി അവരെ നടത്തും”എന്ന യെശയ്യാവിന്റെ പ്രവചനം ശ്രദ്ധിക്കുക (യെശ.11:6). കുഞ്ഞുങ്ങളെ വളർത്തുമ്പോൾ നമ്മുടെ സ്വന്തം ഹിതത്തിനും പദ്ധതിക്കും അനുസരിച്ച് അവരെ നയിക്കുവാൻ ശ്രമിക്കരുത്. ദൈവം നൽകിയ താലന്തുകൾ വളർത്തുകയല്ലാതെ അവരുടെ സ്വാഭാവികതയിൽ ഉൾക്കൊള്ളാത്ത സംഗതികൾ അവരെ അടിച്ചേൽപ്പിക്കുവാൻ ശ്രമിക്കരുത്. ഓരോ പൈതലിനെയുംകുറിച്ച് ദൈവത്തിന് ഒരു ഉദ്ദേശ്യമുണ്ട്. ഓരോരുത്തരെയുംകുറിച്ച് ദൈവത്തിന് പദ്ധതികളുണ്ട്. അവൻ അതിൽ ഉറച്ചുനിൽക്കും. ഓരോ ശിശുവിനെക്കുറിച്ചുള്ള ദൈവത്തിന്റെ ഹിതം എന്താണ് എന്നു മനസ്സിലാക്കുന്നതും അതു നിവൃത്തിക്കുവാൻ അവരെ സഹായിക്കുന്നതുമാണ് നമ്മുടെ കർത്തവ്യം.

കുഞ്ഞുങ്ങളെ ശരിയായ രീതിയിൽ നയിക്കുക എന്ന പ്രക്രിയയിൽ സ്വയത്യാഗം പലപ്പോഴും അത്യാവശ്യമായിവരും. അവരുടെ ചിന്തകളിൽനിന്നും വ്യത്യസ്തമായ സംഗതികൾ പഠിപ്പിക്കുന്നതിലും സ്വയനിയന്ത്രണം നമുക്ക് ആവശ്യമാണ്. അവരുടെ ചിന്തകളും മനക്കോട്ടകളും മുറിക്കുന്നതുമൂലം അവരുമായുള്ള ഉത്തമ ബന്ധം താറുമാറാകുമെന്ന് Blumhardt പറയുന്നു. കുട്ടികൾക്ക് ആവശ്യമായ സ്വാതന്ത്ര്യം നൽകുന്നതിൽക്കൂടി അവർ അനുസരണവും ബഹുമാനവും പഠിക്കുന്നു.

എന്നാൽ അതിരുകവിഞ്ഞ സ്വാതന്ത്ര്യവും എന്തും ചെയ്യാനുള്ള അനുവാദവും അപകടമാണ്. ദുസ്വാതന്ത്ര്യബോധവും ബലഹീനതയും മാതാപിതാക്കളും അവരുടെ കുട്ടികളും തമ്മിലുള്ള അപക്വമായ വൈകാരിക ബന്ധങ്ങൾമൂലമാണ് ഉണ്ടാകുന്നത്. ശിശുക്കളുടെ നൈർമ്മല്യസ്വഭാവത്തിന് ഈവക നിർഗുണങ്ങൾ വൈകല്യം വരുത്തും. ക്രിസ്തുവിനെ ശരിയായി മനസ്സിലാക്കുന്നതിലും അപാകതകൾ ഉളവാകും. ഇതുപോലെയുള്ള തെറ്റായ മൂല്യങ്ങളും സ്വഭാവങ്ങളും ഉളവാകാതിരിപ്പാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

**യഥാർത്ഥ അധികാരം കുഞ്ഞുങ്ങളെ ബലവത്താക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യും**

കുട്ടികളെ ഒരിക്കലും നാം ഉപയോഗിക്കരുത്. കഠിനവും മൂർച്ചയേറിയതുമായ ശകാരവാക്കുകൾകൊണ്ട് അവരെ ഭയപ്പെടുത്തരുത്. എന്നാൽ തെറ്റുകൾ തിരുത്തുവാൻ, അവയെക്കുറിച്ചു ബോധം വരുവാൻ പഠനങ്ങൾ നൽകേണ്ടത് ആവശ്യമാണ്. അവരുടെ ചോദ്യങ്ങൾക്ക് പകുതി ഉത്തരമോ വിവിധ രീതിയിൽ വ്യാഖ്യാനിക്കുവാൻ സാധിക്കുന്ന ഉത്തരങ്ങളോ നൽകാതെ നേരായിട്ടുള്ളതും സത്യവുമായ ഉത്തരങ്ങൾ നൽകുവാൻ ശ്രദ്ധിക്കുക. കർശനങ്ങളായ ചില നിയന്ത്രണങ്ങൾ ആരോഗ്യപരമാണ്. എന്നാൽ അക്ഷമയും ശാരീരികശിക്ഷയും അപകടമായ പെരുമാറ്റമാണ്.

ക്രൂരമായ ശാരീരിക ശിക്ഷയും ശക്തിമത്തായ രീതിയിലുള്ള തെറ്റിദ്ധരിപ്പിക്കലുകളും ഉപേക്ഷിക്കേണ്ടതാണ്. സ്വേച്ഛാധിപത്യത്തിന്റെ രണ്ടു മുഖങ്ങളാണ് അവ രണ്ടും. അത് ഒരു പൈതലിലുള്ള ദൈവത്തിന്റെ സാദൃശ്യത്തെ ഇല്ലായ്മ ചെയ്യും. ശാരീരികശിക്ഷ ദയാരഹിതവും തെറ്റിദ്ധരിപ്പിക്കൽ അസത്യവുമാണ്. അവ രണ്ടും സ്നേഹമില്ലായ്മയെയാണ് പ്രകടമാക്കുന്നത്. ശരിയായ അധികാരവും ഉത്തമശിക്ഷണവും ഓരോ കുട്ടിക്കും പ്രകൃത്യായുള്ള നല്ല ഗുണങ്ങൾ വളരുവാൻ സഹായിക്കും. തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കുവാനും നല്ലതും ശരിയും ആയുള്ള തീരുമാനങ്ങൾ സ്വീകരിക്കുവാനും അതു സഹായിക്കും. നാം കുട്ടികളെ വിശ്വസിച്ചും സ്നേഹിച്ചും അവന്റെ വഴികളിൽക്കൂടി നടക്കുവാൻ പ്രോത്സാഹിപ്പിച്ചാൽ മാത്രമേ അവരിലും നമ്മിലും ഓരോരുത്തരിലും വസിക്കുന്ന ദുഷ്ടതയ്ക്ക് എതിരെ പോരാടുവാൻ സാധ്യമാകുകയുള്ളൂ.

ആവശ്യമുള്ള കർശന നിലപാടുകൾ സ്വീകരിക്കുവാൻ കഴിയുന്ന ഒരു പിതാവായിരുന്നു എനിക്കുണ്ടായിരുന്നത് എന്ന വസ്തുതയിൽ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. ഏതൊരു സമപ്രായക്കാരനെയുംപോലെ ആ കർശന നിലപാടുകളോട് എനിക്ക് എതിർപ്പുകൾ ഉണ്ടായിരുന്നുവെങ്കിലും ആ നിലപാടുകളിൽ സ്നേഹത്തിന്റെ ചിഹ്നങ്ങൾ ദർശിക്കുവാൻ എനിക്കു സാധിച്ചു. അപ്പനെയും അമ്മയേയും ബഹുമാനിക്കുക എന്ന അഞ്ചാമത്തെ കൽപ്പന ശൈശവകാലം മുതൽക്കുതന്നെ പൈതങ്ങളായിരുന്ന ഞങ്ങളുടെ മനസ്സിൽ അവർ പകർന്നുതന്നു. അവരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നില്ല എങ്കിൽ അത് ദൈവത്തെ നിന്ദിക്കുന്നതിന് സമമാണ് എന്നു ഞങ്ങൾക്ക് അറിയാമായിരുന്നു.

ഞങ്ങളുടെ മാതാവിനോടു ബഹുമാനപുരസ്സരം വർത്തിക്കണമെന്ന് ഞങ്ങളുടെ പിതാവ് ആവശ്യപ്പെടുമായിരുന്നു. അമ്മയോട് അനുസരണക്കേടു കാട്ടുവാൻ പിതാവ് സമ്മതിക്കുകയില്ലായിരുന്നു. അദ്ദേഹത്തിന്റെ ജ്ഞാനം പിൽക്കാലങ്ങളിൽ മാത്രമാണ് ഞാൻ മനസ്സിലാക്കിയത്. കുഞ്ഞുങ്ങൾക്കുവേണ്ടി അവരുടെ പരിചരണത്തിലും പ്രത്യേകിച്ചും അവരുടെ ശൈശവപ്രായത്തിൽ അസുഖമായിരിക്കുമ്പോൾ ഉള്ള പരിചരണത്തിലും മറ്റും കൂടുതൽ ഭാരങ്ങൾ വഹിക്കുന്നത് മാതാവാകയാൽ ബഹുമാനത്തോടും സ്നേഹത്തോടും പെരുമാറണമെന്ന് പിതാവു നിഷ്കർഷിച്ചു.





എന്റെ പിതാവ് കർശന നിലപാടുകൾ സ്വീകരിച്ചിരുന്നുവെങ്കിലും അത് എന്നെ ഭയപ്പെടുത്തിയിരുന്നില്ല. ഏതെങ്കിലും തെറ്റുകൾ ചെയ്യുമ്പോൾ എന്നെ വഴക്കു പറയുമായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ സ്നേഹത്തിലും ക്ഷമയിലും എനിക്ക് ആശ്രയിക്കുവാൻ സാധിക്കുമായിരുന്നു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്ത് തെറ്റുകൾ തിരുത്തുവാൻ എന്റെ പിതാവ് എന്നെ സഹായിച്ചു. എന്റെ തെറ്റുകളിൽ അനുതപിച്ച് പുതിയ തുടക്കത്തിലേക്ക് ഗമിക്കുവാനും അദ്ദേഹം എന്നെ സഹായിച്ചു.

ദൈവത്തിനു മാത്രം നൽകുവാൻ സാധിക്കുന്ന സ്നേഹത്തിന്റേതായ അധികാരം എന്താണ് എന്ന് എന്റെ പിതാവ് എന്നെ മനസ്സിലാക്കി. ചെയ്യരുതാത്തത് ചെയ്യുമ്പോൾ 'അരുത്' (No) എന്നു കേൾക്കുവാനും തെറ്റു തിരുത്തി അവയെ ശരിയാക്കുവാനു മുള്ള ആഗ്രഹം എല്ലാ ശിശുമനസ്സുകളിലും നിലനിൽക്കുന്നു. യഥാർത്ഥ സ്നേഹനിർഭരമായ അധികാരം കുഞ്ഞുങ്ങളിൽ നേർവഴികളുടെ പാതയിലൂടെയുള്ള സുരക്ഷിതത്വബോധം നൽകുകയും തെറ്റും ശരിയും തമ്മിലുള്ള അതിർവരമ്പുകൾ കാത്തുപരിപാലിക്കുവാൻ സഹായിക്കുകയും ചെയ്യും.

ഒട്ടുമിക്ക മാതാപിതാക്കളും തങ്ങളുടെ കുഞ്ഞുങ്ങളെ തെറ്റായ മാർഗങ്ങളിലേക്കു നയിക്കുവാൻ തയ്യാറാകയില്ല. എന്നാൽ അങ്ങനെയുള്ള സാഹചര്യങ്ങൾ ഉടലെടുക്കുമ്പോൾ കുഞ്ഞുങ്ങളേക്കാൾ കൂടുതലായി അതിൽ വേദനിക്കുന്നവർ മാതാപിതാക്കൾ തന്നെയായിരിക്കും. കുഞ്ഞുങ്ങളെ വളർത്തുന്നതിന് തങ്ങൾക്കു കഴിവ് ഉണ്ടെന്ന് അഭിമാനിക്കുന്നവരെയും കഴിവില്ല എന്നു വിലപിക്കുന്ന മാതാപിതാക്കളെയും സമൂഹതലത്തിൽ കാണുവാൻ സാധിക്കും.

എന്നാൽ രണ്ടുകൂട്ടരും ഒരുപോലെ കൈമലർത്തുന്ന അവസരങ്ങൾ ഉളവാകും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ താഴ്മയോടും വിനയത്തോടുംകൂടി മറ്റുള്ളവരുടെ സഹായം തേടുന്നതാണ് ഉത്തമം. ഒരു ഉറ്റ സ്നേഹിതനോ അടു ത്ത ചാർച്ചക്കാരനോ, അധ്യാപകനോ, പാസ്റ്ററോ, കൗൺസലറോ ഈ കാര്യത്തിൽ സഹായിക്കുവാൻ സാധ്യതയുണ്ട്. ഈ തരത്തിലുള്ള സഹായങ്ങൾ ആ പൈതലിന്റെ ഉത്തമമായുള്ള വളർച്ചയ്ക്കു സഹായിക്കത്തക്കതായിരിക്കണം. പലപ്പോഴും മെച്ചപ്പെട്ടവരിൽനിന്നുപോലും സഹായത്തിനു പകരം ഉപദ്രവകരമാകുവാനുള്ള സാധ്യതയും ഇതിൽ അടങ്ങിയിരിക്കുന്നുവെന്നതും ഓർക്കേണ്ടതുണ്ട്. ഞാൻ ഇതു പറയുന്നതിന്റെ പ്രധാന കാരണം മാതാപിതാക്കളുടെ കഴിവിൽ ആശ്രയിക്കുന്നതിനേക്കാൾ കൂടുതലായി ദൈവകൃപയിൽ ആശ്രയിക്കേണം എന്ന ബോധ്യം ഉള്ളതുകൊണ്ടാണ്. എന്റെ പിതാവ് ഈ വിഷയത്തെക്കുറിച്ച് ഇപ്രകാരം എഴുതുന്നു:

"ക്രിസ്തു തന്റെ കുഞ്ഞുങ്ങൾ എന്ന രീതിയിൽ നമ്മെ വിളിച്ചിരിക്കുന്നു. നാം സകലതും ഉപേക്ഷിച്ച്, പരിപൂർണ്ണമായി ദൈവത്തിലും

തമ്മിൽത്തമ്മിലും ആശ്രയിക്കുക എന്നതാണ് ഇതിന്റെ അർത്ഥം. മാതാപിതാക്കൾ എന്ന നിലയിൽ ദൈവത്തെ ആത്മാവുകൊണ്ടും ഹൃദയം കൊണ്ടും സ്നേഹിക്കുന്നുവെങ്കിൽ നമ്മുടെ കുട്ടികൾക്ക് നമ്മോട് യഥാർത്ഥ സ്നേഹവും ബഹുമാനവും ഉളവാകും. അതേരീതിയിൽ നമുക്കും നമ്മുടെ കുഞ്ഞുങ്ങളോട് സ്നേഹവും ബഹുമാനവും ഉളവാകും എന്നു മാത്രമല്ല, ഒരു ശിശുവിനെപ്പോലെയാകുവാനുള്ള മർമ്മം നമുക്കും ലഭ്യമാകും. അന്യോന്യ ബഹുമാനവും സ്നേഹവുമാണ് സന്തുഷ്ട കുടുംബജീവിതത്തിന് ആധാരമായിരിക്കുന്നത്."





12

# ശൈശവദശയുടെ വിശുദ്ധി, നിർമ്മലത

*ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ വലിയവനാകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ലു കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവനു നന്ന്" (മത്താ. 18:4-6)*

ദൈവദൃഷ്ടിയിൽ ഒരു ശിശുവിന്റെ ആത്മാവ് വിലയേറിയതാണ് എന്ന് യേശുവിന്റെ വാക്കുകൾ നമ്മോടു പറയുന്നു. ആത്മീയ തലത്തിൽ ഓരോ ശിശുവും ദൈവസിംഹാസനത്തിനു സമീപം, ദൈവത്തിന്റെ ഹൃദയത്തിനു സമീപമാണ്. അവരുടെ കാവൽ മാലാഖമാർ സ്വർഗത്തിൽ ദൈവത്തിന്റെ മുഖം എപ്പോഴും കാണുന്നു (മത്താ. 18:10).

ഒരു ശിശു ജനിക്കുമ്പോൾ അവനോ, അവളോ ഈ ലോകത്തിലേക്ക് സ്വർഗത്തിന്റെ ശുദ്ധമായ വായു കൊണ്ടുവരുന്നു. ഓരോ ജനനത്തിലും ദൈവികമായ ഒരു അംഗം ജനിക്കുന്നു, നിത്യതയുടെ ഭാഗം നമ്മിലേക്കു വരുന്നു എന്ന പ്രതീതി ഉളവാക്കപ്പെടുന്നു. ഒരു ശിശുവിന്റെ നിർമ്മലത വലിയൊരു അനുഗ്രഹമാണ്.

**ശിശുതുല്യമായ ആത്മാവിനെ സംരക്ഷിക്കണം, വളർത്തണം**

ശിശുക്കൾക്ക് ഈ നിർമ്മലത സ്വായത്തമായിട്ടുണ്ട്. എങ്കിലും പാപവഴികളിലേക്ക് അവൻ ആകർഷിക്കപ്പെടുന്നു (സദൃ. 22:11). ബാലന്റെ ഹൃദയത്തോട് ഭോഷത്വം പറ്റിയിരിക്കുന്നു. ശിശുക്കളെ തെറ്റായ വഴികളിൽക്കൂടി നയിക്കുന്നതാണ് ഏറ്റവും വലിയ പാപം. അവരെ അറിഞ്ഞുകൊണ്ട് പാപത്തിലേക്കു വശീകരിക്കുന്നവരുണ്ട്. അതുപോലെതന്നെ അവരുടെ ശൈശവത്വത്തെ നശിപ്പിക്കുന്ന രീതിയിൽ, നിർമ്മലതയെ നശിപ്പിക്കുന്ന അന്തരീക്ഷം അവരുടെ വളർച്ചയ്ക്കായി നൽകുന്നതും പാപമാണ്. ഭവനത്തിലെ T.V, വഴിയോരങ്ങളിലെയും കടകളുടെയും പരസ്യങ്ങൾ ഇത്യാദി മുതിർന്നവർ നിർമ്മിക്കുന്ന പല ചിത്രീകരണങ്ങളും

ലൈംഗികത, അക്രമം, പണം, ശക്തി ഇവയിൽ കേന്ദ്രീകരിച്ചുള്ളവ അവരുടെ മനസ്സിലെ ചിത്രങ്ങളായിത്തീരുന്നു. ശിശുവിന്റെ നിർമ്മലമായ ആത്മാവ് അവർക്കു നഷ്ടമാകുകയും ശിശുക്കളായിരിക്കുമ്പോൾത്തന്നെ ശിശുത്വം അവരിൽനിന്ന് എടുത്തുകളയപ്പെടുകയും ചെയ്യപ്പെടുന്ന അവസ്ഥ അല്ലയോ ഇത്?

ഇങ്ങനെയുള്ള അവസരത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്കുവേണ്ടി ചെയ്യുവാൻ സാധിക്കുന്ന ഏറ്റവും മെച്ചമായ സംഗതി സ്നേഹത്താൽ ഭരിക്കപ്പെടുന്ന, വിശുദ്ധിയുടേതായ ഒരു അന്തരീക്ഷം അവരുടെ വളർച്ചയ്ക്കുവേണ്ടി ഒരുക്കിക്കൊടുക്കുക എന്നതാണ്. പൈതങ്ങളുടെ ആന്തരീകമായ വിദ്യാഭ്യാസം ദൈവത്തെയും മാതാപിതാക്കളെയും ഗുരുക്കന്മാരെയും അവരുടെ ചുറ്റുപാടുമുള്ള ഏവരെയും ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നതിലേക്കു നയിക്കുക എന്നത്, തികച്ചും ദിവ്യമായ ഒരു പദവിയും ഉത്തരവാദിത്വവുമാണ്. ശിശുക്കളുടെ ആഗ്രഹങ്ങൾ ശുദ്ധവും ഉത്തമവും സത്യവുമായിരിക്കുന്നതിനുവേണ്ടി ദൈവാത്മാവിനോടു പ്രാർത്ഥിക്കുന്നത് സർവ്വ പ്രധാനമായ ഒന്നത്രെ. വേദപുസ്തക വാക്യങ്ങളോ പ്രാർത്ഥനകളോ മനഃപാഠമാക്കുന്നതിന് നിർബ്ബന്ധിക്കുന്നതിനേക്കാൾ പ്രധാനമാണ് അവരെ നേർവഴികളിൽക്കൂടി നടത്തുക എന്നത്. വാക്യമോ പ്രാർത്ഥനയോ മനഃപാഠമാക്കുന്നത് ഹൃദയത്തിൽ സ്പർശിക്കണമെന്ന് ഇല്ലല്ലോ. ഞങ്ങളുടെ സഭയിൽ സൺഡേസ്കൂൾ നിർബ്ബന്ധിതമാക്കാത്തത് ഈ കാരണത്താലാണ്. ചെറിയ പാട്ടുകളിൽക്കൂടെയും വേദപുസ്തക കഥകളിൽക്കൂടിയും മുതിർന്നവരുടെ ജീവിതത്തിൽ അന്യോന്യം സ്നേഹത്തോടെ വർത്തിക്കുന്ന മാതൃകകളിൽക്കൂടിയും ദൈവത്തെ സ്നേഹിക്കുവാൻ പഠിക്കും എന്നാണ് ഞങ്ങളുടെ വിവക്ഷ.

ശിശുക്കളെയും പൈതങ്ങളെയും യേശുവിങ്കലേക്ക് നയിക്കുന്നതിന് അവന്റെ കൽപ്പനകളോടും വചനങ്ങളോടും ദൈവദൂതന്മാരുടെ ലോകത്തോടും വേദപുസ്തകത്തോടും ശിശു സമാനമായ സമീപനം നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്. വേഗത്തിലും ലളിതമായും ഈവക സംഗതികൾ അവർ ഹൃദയത്തിൽ സംഗ്രഹിക്കുന്നു.

അവരുടെ ചുറ്റുപാടുമുള്ള ലോകത്തിന്റെ അന്തരീക്ഷത്തിൽ ക്കൂടിയും അവരെ ദൈവത്തിങ്കലേക്കു നയിക്കുവാൻ സാധിക്കും. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ, മൃഗങ്ങളും പക്ഷികളും, പൂക്കളും മരങ്ങളും പർവ്വതങ്ങളും താഴ്‌വരകളും ഇടിമിന്നലുകളും ഇങ്ങനെ ദൈവസൃഷ്ടിയെ വീക്ഷിക്കുന്നതിൽക്കൂടിയും ദൈവസന്നിധിയിലേക്ക് സമീപിക്കുന്നതിന് അവരെ സഹായിക്കാം. ഓരോ കുട്ടിയും പ്രകൃതിയോടൊപ്പം പ്രകൃതിയിൽ ജീവിക്കുവാൻ താത്പര്യപ്പെടന്നു. ഭൂമിയോടും നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തോടും ജീവനുള്ള സകലത്തിനോടും അവനു താത്പര്യമുണ്ട്. നാം വിചാരിക്കുന്നതിനേക്കാളും അധികമായി ദൈവവചനത്തോടും അവന്റെ ദൂതരോടും കുഞ്ഞുങ്ങൾക്കു സാമീപ്യമുണ്ട്.

പ്രകൃതിയിൽനിന്നും വേദപുസ്തകത്തിൽനിന്നും വളരെ ആദ്യകാലം മുതൽതന്നെ കുഞ്ഞുങ്ങളെ മരണത്തെക്കുറിച്ചും വേദനയേയും (കഷ്ടതയെക്കുറിച്ചും) മനസ്സിലാക്കും. കഷ്ടപ്പെടുന്നവരോടു കനിവു തോന്നുന്ന ഒരു ഹൃദയം ഉളവാകുന്നതിന് അവരെ പഠിപ്പിക്കേണ്ടതാണെങ്കിലും അവരെ ഭാരപ്പെടുത്താതെയും ഭയപ്പെടുത്താതെയുമിരിക്കുന്നത് വളരെ ആവശ്യമാണ്. പൊതുവിൽ പറഞ്ഞാൽ ജീവിതചക്രത്തിൽ ഉൽപ്പാദനം, ജനനം, മരണം ആദിയായവയുടെ കൂടുതൽ വിവരങ്ങൾ അമിതമായ അളവിൽ ചെറുപ്രായത്തിൽ നൽകുന്നത് ദൈവിക സംഗതികളുടെ ആത്മീയബന്ധത്തിന് പ്രതികൂലമായി ഭവിക്കാവുന്നതാണ്. ജനനമരണങ്ങളുടെ രഹസ്യങ്ങൾ ദൈവവുമായുള്ള ബന്ധത്തിൽക്കൂടി മാത്രമേ മനസ്സിലാക്കുവാൻ സാധ്യമാകുകയുള്ളൂ. കൂടുതൽ നൽകുന്നത് അഭക്തിക്ക് കാരണമായിത്തീരും.



ഈ തലത്തിൽ ഗർഭധാരണത്തോടും ശിശുജനനത്തോടും കൂടുതലായി ഒരു ദൈവഭയം ഉളവാകേണ്ടത് ആവശ്യമാണ്. ഇതിനാലാണ് അവസാന നാളുകളെയും ഒരു പുതിയ ലോകത്തെയും, ഒരു മാതാവിന്റെ പ്രസവവേദനയുടെയും കഷ്ടതയുടെയും അവസാനം ലഭ്യമാകുന്ന ശിശുവിന്റെ പുതുജീവനോട് യേശു ഉപമിച്ചത്. മാതാപിതാക്കൾ ഒരു ശിശുവിനെ പ്രതീക്ഷിക്കുമ്പോൾ അതിൽ ഒരു അതീവരഹസ്യം അടങ്ങിയിരിക്കുന്നു. ഗർഭധാരണത്തെക്കുറിച്ചോ ആ അവസ്ഥയെക്കുറിച്ചോ ഹാസ്യരൂപത്തിൽ സംസാരിക്കുന്നതും മറ്റും അപകടകരമായ പ്രവണതയാണ്. താഴ്മയേറിയതും ശാന്തവുമായ പ്രതീക്ഷയുടെയും പ്രത്യാശയുടെയും മനോഭാവമാണ്, പുതിയ ജീവനാകുന്ന ശിശുവിൽക്കൂടെയുള്ള ദൈവത്തിന്റെ ദർശനത്തെക്കുറിച്ചു കുഞ്ഞുങ്ങളിൽ ഭയഭക്തി ഉളവാക്കുന്നത്.

ലൈംഗികതയെക്കുറിച്ച് ശിശുക്കളോ യൗവ്വനത്തിലേക്കു പ്രവേശിക്കുന്ന കുട്ടികളോ സർവ്വതും അറിയേണ്ട കാര്യമില്ല. ലൈംഗികതയെക്കുറിച്ചുള്ള അമിത വിവരണങ്ങളും വെളിപ്പെടുത്തലുകളും ശിശുക്കളുടെ മനസ്സിൽ ജീവിതത്തിന്റെ രഹസ്യവും വിശുദ്ധിയും നഷ്ടപ്പെടുത്തുന്നതിന് ഇടയാക്കും. ലൈംഗികതയിൽ അധിഷ്ഠിതമായ ഇന്നത്തെ സംസ്കാരം അപകടകരമാണ്. ആധുനിക ജീവിതത്തിൽ ഈ ലൈംഗിക സംസ്കാരത്തിന്റെ സ്വാധീനം വളരെയാണ്. നാം വായിക്കുകയും കാണുകയും കേൾക്കുകയും ചെയ്യുന്നതിൽക്കൂടി അവ ഭവനത്തിന്റെ ഉള്ളിലേക്കു കടന്ന് ആക്രമണം നടത്തുന്നു.

ജീവിതത്തിന്റെ പ്രാഥമികസത്യങ്ങളെക്കുറിച്ച് അജ്ഞാതരായി പൈതങ്ങൾ വളരണമെന്നല്ല ഇതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. ദൈവത്തിന്റെ വിചാരവീഥികളിൽനിന്ന് ഇവയെല്ലാം മാറ്റപ്പെടരുത് എന്നു മാത്രമാണ് ഞാൻ അർത്ഥമാക്കുന്നത്. ശിശുക്കളുടെ നിർമ്മലത നഷ്ടപ്പെടരുത് എന്നതാണ് പരമപ്രധാനം. അതായത്, ഓരോ കുട്ടിയുടെയും ദൈവവുമായുള്ള സ്വാഭാവിക ബന്ധം.

## ശരിയും തെറ്റും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കി തെരഞ്ഞെടുക്കാൻ പഠിപ്പിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം

ശിശുക്കളെ നന്മയിലേക്ക് നയിക്കുന്നതിൽക്കൂടിയാണ് അവരുടെ നിർമ്മലത കാത്തുപരിപാലിക്കപ്പെടുന്നത്. ഒരു കുട്ടി തിന്മയിലേക്കു വീഴു

കയില്ല എന്ന് ഒരിക്കലും കരുതരുത്. കുഞ്ഞുങ്ങളെ ബാധിക്കുന്ന എല്ലാ തരത്തിലുള്ള തിന്മകളെയും മാതാപിതാക്കൾ എന്ന നിലയിൽ നാം എതിർക്കണം. അസത്യം പറയുക, മോഷ്ടിക്കുക, മറ്റുള്ളവരെ അപമാനിക്കുക, ലൈംഗികത, അശുദ്ധി ഇവയെല്ലാം നാം എതിർക്കേണ്ടതാണ്. എന്നാൽ വളരെയധികം നിബന്ധനകളുടെ സഹായത്തോടെ അല്ല ഇതു ചെയ്യേണ്ടത് (കൊലൊ. 2:20–22). നിബന്ധനകൾ പാലിക്കണമെന്നുള്ള നിർബ്ബന്ധം പലപ്പോഴും സംശയങ്ങളും, അവിശ്വാസവും ജനിപ്പിക്കുകയും ശിശുത്വത്തിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുകയും ചെയ്യും. നിർബ്ബന്ധപൂർവ്വമായി, ചിട്ടകൾ അനുശാസിക്കുന്നതുകൊണ്ട് ഉത്തമസ്വഭാവം രൂപപ്പെടുകയില്ല. ഒരു വശത്ത് കുട്ടികളെ അവർ നേരിടുന്ന പാപവഴികളിൽനിന്ന് സംരക്ഷിക്കേണ്ടിയിരിക്കുന്നു. എന്നാൽ മറുവശത്ത് അവരുടെ തെറ്റുകുറ്റങ്ങളെ എപ്പോഴും ചൂണ്ടിക്കാട്ടി ശകാരവർഷങ്ങളാൽ അവരെ അസഹ്യപ്പെടുത്തുന്നതിനും കടിഞ്ഞാണിടേണ്ടിയിരിക്കുന്നു. നിരന്തര വിമർശനങ്ങൾകൊണ്ടും ശകാരവർഷങ്ങൾകൊണ്ടും അല്ല ഒരു കുട്ടിയുടെ സ്വഭാവരൂപീകരണം സാധിതമാകേണ്ടത്. തെറ്റും ശരിയും തമ്മിലുള്ള വേർതിരിവ് മനസ്സിലാക്കുന്നതിൽക്കൂടിയും ശരിയെ മാത്രം സ്വീകരിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്നതിൽക്കൂടിയുമാണ് ശരിയായ സ്വഭാവരൂപീകരണം നടത്തേണ്ടത്.

അതിരുകവിഞ്ഞ സ്നേപ്രകടനങ്ങൾ കുട്ടികളെ നശിപ്പിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഈ തരത്തിലുള്ള സമീപനം സ്വയനിയന്ത്രണത്തിൽ അപക്വതയും സ്വാർത്ഥചിന്താഗതിയും കുഞ്ഞുങ്ങളിൽ വളർത്തും. ജീവിതയാഥാർത്ഥ്യങ്ങളെ നേരിടുമ്പോൾ അവയെ തരണം ചെയ്യുവാനുള്ള ശക്തി നഷ്ടപ്പെട്ട് ആഴമേറിയ അതൃപ്തിയും ഉളവാകും. ഈ വിധത്തിൽ പെരുമാറുന്ന മാതാപിതാക്കൾ യഥാർത്ഥ സ്നേഹവും വൈകാരിക പ്രകടനങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നില്ല. ഈ തലത്തിലുള്ള ഒരു സമീപനംകൊണ്ട് അവരെ വശീകരിച്ച് സ്വായത്തമാക്കാമെന്ന് അവർ കരുതുന്നു. എന്നാൽ അവരുടെ ആരോഗ്യപരമായ വളർച്ചയെ ഈ പെരുമാറ്റം ഹനിക്കുകയാണ് എന്ന് അവർ മനസ്സിലാക്കുന്നില്ല. സ്വന്തം കുഞ്ഞുങ്ങളെ വൈകാരിക തലത്തിലുള്ള വസ്തുവകയായി കണക്കാക്കുമ്പോൾ അവർ യഥാർത്ഥ ത്തിൽ ദൈവത്തിന്റെ സാദൃശ്യം വഹിക്കുന്നവരാണ് എന്നത് അവഗണിക്കുകയുമാണ് ചെയ്യുന്നത്.

ഇതുപോലെയുള്ള കുഞ്ഞുങ്ങൾ അരക്ഷിത ബോധത്തിൽ വർത്തിക്കുന്നു. കൂട്ടുകാരുടെ ദുസ്വാധീനങ്ങൾക്ക് അടിമപ്പെടുന്നു.

സഹപാഠികളോടും അധ്യാപകരോടും മാതാപിതാക്കളോടുമുള്ള ബഹുമാനമില്ലായ്മ മുതിർന്ന കുട്ടികളുടെ ഇടയിൽ സർവ്വസാധാരമാണ്. ബഹുമാനമില്ലായ്മ പല വിധത്തിലുമാകാം. ആൺ കുട്ടികളുടെ ഇടയിൽ തങ്ങളുടെ ഭീരുത്വത്തെ മറച്ചുവയ്ക്കുവാനുള്ള ശക്തിപ്രകടനം, മറ്റുള്ളവരോടു കരുതലില്ലായ്മയും അവഗണനയും നശീകരണപ്രവണതയും പലതിനോടും നീരസവും പുച്ഛവും ഇങ്ങനെ പലതും ഈ പട്ടികയിൽ ഉൾപ്പെടുത്താം. സംഗീതത്തെ സ്ത്രീകൾക്കുള്ളതായും പൈതങ്ങളോടുള്ള സ്നേഹവാത്സല്യങ്ങളെ മോശമായും സദാചാരബോധവും ആത്മീയ മൂല്യങ്ങളും അനാവശ്യമായും അവർ കരുതുന്നു. പെൺകുട്ടികളുടെയിടയിൽ ബഹുമാനമില്ലായ്മ, ഏഷണിപറച്ചിലിലും പുറകിൽനിന്നു കുത്തുന്നതിലും മറച്ചുവയ്ക്കുന്നതിലും വിമർശനത്തെ നേരിടുവാനുള്ള ഭയത്തിലും ദർശിക്കാവുന്നതാണ്.

ഇതുപോലെയുള്ള കുഞ്ഞുങ്ങൾ അരക്ഷിതബോധത്തിൽ വർത്തിക്കുന്നു. കൂട്ടുകാരുടെ ദുസ്വാധീനങ്ങൾക്ക് അടിമപ്പെടുന്നു മാതാപിതാക്കളും അധ്യാപകരും ഇതിനെക്കുറിച്ച് ബോധവാന്മാരായിരിക്കണം. ഇത്തരം കൂട്ടങ്ങൾ ചിലപ്പോൾ ആരോഗ്യപരമായിരിക്കുകയില്ല, അപകടകരവുമാകാം. ഇതുപോലെയുള്ള സാഹചര്യങ്ങളിൽ യഥാർത്ഥ നേതൃത്വവും സംരക്ഷണവും പരിചരണവും സ്നേഹവും ഓരോ കുട്ടിക്കും പ്രത്യേകം താത്പര്യവും നൽകേണ്ടതാണ്.

**ഉത്തമ മനഃസാക്ഷിക്കുവേണ്ടി ഓരോ കുട്ടിയും ആഗ്രഹിക്കുന്നു**

ലൈംഗികാശുദ്ധിയെക്കുറിച്ചുള്ള അവബോധം കുട്ടികൾക്കുണ്ടാകേണ്ടതാണ്. എന്റെ പിതാവ് ഇപ്രകാരം എഴുതുന്നു: "പാപത്തിന് എതിരായിട്ടുള്ള സമരം കുഞ്ഞുങ്ങളുടെ ജീവിതത്തിൽ പ്രശ്നമേറിയ ഒരു ചോദ്യമാണ്. അശ്ലീലചിന്താഗതികൾ തുടങ്ങുന്നത് ഓരോരുത്തരും തങ്ങളെത്തന്നെ തുറന്നുകാട്ടുമ്പോളാണ്. ഇതിനെത്തുടർന്ന് അന്യോന്യമുള്ള സ്പർശനവും ചില വികാരങ്ങൾ സൃഷ്ടിച്ചേക്കാം. എന്നാൽ ഇവയെക്കുറിച്ച് കുറ്റബോധവും കുഞ്ഞുങ്ങളിലുണ്ടാകും. അതിനെത്തുടർന്ന് ഇതു മറച്ചുവയ്ക്കാനുള്ള ശ്രമമാകും. മുതിർന്നവർ ഇത് വലിയ ഒരു കുറ്റകൃത്യമായി കണക്കാക്കരുത്. ഇത് ലൈംഗികതയെക്കുറിച്ചുള്ള ആകാംക്ഷയും മറ്റും വർദ്ധിപ്പിക്കുകയായിരിക്കും ചെയ്യുന്നത്. സ്നേഹപൂർവ്വമായ ഉപദേശങ്ങൾ നൽകിയതിനുശേഷം ക്രിയാത്മകങ്ങളായ മറ്റു സംഗതികളിലേക്ക് അവരുടെ ശ്രദ്ധയെ തിരിച്ചുവിടുകയാണ് കരണീയമായുള്ളത്.

മുതിർന്നവരായ നമ്മുടെ അനുഭവങ്ങളും ചിന്താഗതികളും കുഞ്ഞുങ്ങൾക്കുമുണ്ട് എന്നു നാം ഒരിക്കലും കരുതരുത്. നമ്മുടെ ആശയങ്ങളും വികാരങ്ങളും അനുഭവങ്ങളും കുഞ്ഞുങ്ങളുടെമേൽ അടിച്ചേൽപ്പിക്കയുമരുത് (തിത്തു. 1:5). കുഞ്ഞുങ്ങളുടെ മനസ്സിൽ ലൈംഗികതയെപ്പറ്റിയും അതിന്റെ നിഗൂഢതയെക്കുറിച്ചും അറിവാനുള്ള താത്പര്യം സ്വാഭാവികമാണ്. ഈ സ്വാഭാവിക താത്പര്യത്തെ പാപവുമായി കൂട്ടിക്കുഴയ്ക്കരുത്. എന്നാൽ കുഞ്ഞുങ്ങളെ നേർവഴിയിൽ നടത്തുകയും അവരുടെ ആത്മാവിനെ ശുദ്ധവും നിർമ്മലവുമായി കാത്തുപരിപാലിക്കുകയും ചെയ്യേണ്ടതാണ്. കൂടുതൽ ചോദ്യങ്ങൾ ചോദിക്കുന്നത് കുഞ്ഞുങ്ങളെ ഭയത്തി ലാഴ്ത്തുകയും അവർ അസത്യത്തിൽ കൂടുതൽകൂടുതൽ ആണ്ടുപോകുകയും ചെയ്യും.

കുഞ്ഞുങ്ങളെയും യൗവ്വനക്കാരെയും പ്രത്യേകിച്ച്, ലൈംഗിക വിഷയങ്ങളിൽ തെറ്റിപ്പോകുന്നവരേയും ഒരേ തരത്തിൽ മുദ്രയടിക്കുന്നത് ശരി

യല്ല. അവരുടെ ചെറിയ പിഴവുകളെ അടിസ്ഥാനമാക്കി തെറ്റായ സ്വഭാവനിർണ്ണയം നടത്തുകയും ഭാവിരൂപീകരണത്തെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യരുത്. അവരുടെ ജീവിതത്തിൽ സന്തോഷകരമായ പുതിയ തുടക്കങ്ങളെ കണ്ടെത്തുവാനും പുതിയ താത്പര്യങ്ങൾ ജനിപ്പിക്കുവാനും സഹായിക്കുകയാണ് വേണ്ടത്.

മനഃസാക്ഷിയെ സ്പർശിക്കുന്നതിൽ എല്ലാ കുഞ്ഞുങ്ങളുടെയും ഹൃദയത്തിലേക്കു കടന്നുചെല്ലുവാൻ സാധിക്കുമെന്ന് നമുക്കറിയാം. എല്ലാ കുഞ്ഞുങ്ങൾക്കും പ്രകൃത്യാ ഹൃദയസ്പർശിയായ മനഃസാക്ഷിയുണ്ട്. മുതിർന്നവർ ഇതിനു സഹായകരമായ രീതിയിലാണ് വർത്തിക്കേണ്ടത്. അവരുടെ മനഃസാക്ഷിയെ ഭാരപ്പെടുത്തരുത്.

കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളല്ലാതായിത്തീരുന്ന ഒരു സന്ദർഭം ഉണ്ട്. അറിഞ്ഞുകൊണ്ട് പാപം ചെയ്യുമ്പോൾ അവർക്കു നിർമ്മലമായ ശൈശവത്വം നഷ്ടമാകുന്നു. ഈ സമയം പാപവിമുക്തി സ്വീകരിപ്പാനും ക്രൂശിക്കപ്പെട്ട യേശുവിനെ രക്ഷിതാവായി സ്വീകരിപ്പാനും മാനസാന്തരപ്പെടുവാനും തയ്യാറാക്കേണ്ടത് മാതാപിതാക്കളുടെയും അധ്യാപകരുടെയും ചുമതലയാണ്. കുരിശിന്റെ സ്നേഹത്താൽ നഷ്ടപ്പെട്ട ശിശുത്വം വീണ്ടെടുക്കാൻ സാധ്യമാകും.

### അശുദ്ധിയെപ്പോലെ വിശുദ്ധിയും മാതൃകയിൽക്കൂടിയാണ് പഠിക്കുന്നത്

കുഞ്ഞുങ്ങളുമായുള്ള ബന്ധം സ്ഥാപിക്കപ്പെടേണ്ടത് ജീവിതത്തിന്റെ പ്രാരംഭദശ മുതൽക്കുതന്നെയാണ്. ശിശുവിന്റെ മാനസികവും ആത്മീയവുമായ വളർച്ചയിൽ ഇത് സുപ്രധാനമായ ഒരു ഘടകമാണ് അഞ്ചോ ആറോ വയസ്സുവരെ ഒരു പ്രശ്നം ഉടലെടുക്കുവാനായി കാത്തിരിക്കേണ്ട ആവശ്യമില്ല. കുട്ടികളുമായുള്ള ബന്ധം ശൈശവകാലം മുതൽക്കുതന്നെ രൂപപ്പെടുത്തുന്നില്ലയെങ്കിൽ അവർ യൗവ്വനപ്രായമാകുമ്പോൾ നേരിടാവുന്ന പ്രശ്നങ്ങളിൽ അവരെ സഹായിക്കുന്നതിന് സാധ്യമായി എന്നുവരികയില്ല. ആ സമയം അവർക്ക് മാതാപിതാക്കളിലുള്ള വിശ്വാസവും ബഹുമാനവും നഷ്ടപ്പെട്ടിരിക്കും.

പതിമ്മൂന്നിനും ഇരുപത്തി ഒന്നിനും മദ്ധ്യേ ഉള്ള പ്രായമാണ് ഏറ്റവും പ്രാധാന്യം നിറഞ്ഞത്. ഈ സമയത്താണ് ലൈംഗികതയെക്കുറിച്ച് അവർ കൂടുതൽ ബോധവാന്മാരാകുന്നത്. അവരെ അവഗണിക്കുന്നതിൽക്കൂടി. മാതാപിതാക്കളും സഭയും അവരുടേതായ പല പ്രശ്നങ്ങളിലും കണ്ണടയ്ക്കുന്നതിൽക്കൂടി നാമും പരാജയപ്പെടുകയല്ലേ ചെയ്യുന്നത്? കൗമാരപ്രായക്കാർക്കുവേണ്ടി മാതാപിതാക്കൾ സമയം കണ്ടെത്തിയിരുന്നുവെങ്കിൽ സ്കൂളുകളിലും മറ്റും ഇന്നു കാണുന്ന നിരവധി പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. മദ്യപാനം, മയക്കുമരുന്ന്, വെറിക്കൂത്തുകൾ, ലൈംഗികപരീക്ഷണങ്ങൾ ഇവയെക്കുറിച്ചെല്ലാം മുന്നറിയിപ്പുകൾ നൽകുന്ന മാതാപിതാക്കൾ നിരവധിയാണ്. എന്നാൽ അവരോടുള്ള നിരന്തര ബന്ധത്തിൽ അവരുടെ താത്പര്യങ്ങളിൽ പങ്കുകൊണ്ട് അവരുടെ സമയം ഏറ്റവും ക്രിയാത്മകമായ രീതിയിൽ ഉപയോഗിക്കുന്നതിന് പ്രോത്സാ





ഹിപ്പിക്കുന്നതാണ് അവരെ അത്യാധുനിക ടി. വി. പ്രോഗ്രാം കാണുവാനും വൻ കച്ചവട കെട്ടിടങ്ങളിൽ അലഞ്ഞുതിരിവാനും വിടുന്നതിനേക്കാൾ ഉത്തമം. കൗമാരപ്രായത്തിലെ ഉയർച്ചയുടെയും താഴ്ചയുടെയുടേതുമായ അനുഭവങ്ങളിൽ മാതാപിതാക്കൾ അവരോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്. പിതാക്കന്മാർ പിതാക്കന്മാരായി തുടരുന്നതിനോടൊപ്പം അവരുടെ സുഹൃത്തുക്കളും സ്നേഹിതരുമായിത്തീരണം. അതുപോലെ മാതാക്കളും ഈ തരത്തിലുള്ള സുഹൃദ്ബന്ധങ്ങൾ സ്ഥാപിക്കണം.

യുവജനങ്ങൾക്കു വിശ്വാസമർപ്പിക്കുവാൻ മുതിർന്നവർ ആവശ്യമാണ്. മാതാപിതാക്കൾ, വികാരി, കൗൺസിലർ, പാസ്റ്റർ, സ്നേഹിതർ ഇങ്ങനെ ആരോടെങ്കിലും ജീവിതത്തിലെ സന്തോഷങ്ങളെയും പോരാട്ടങ്ങളെയുംകുറിച്ച് തുറന്നു സംസാരിക്കുവാൻ സാധിക്കുന്നത് ഉത്തമമാണ്. ഇതോടൊപ്പം ലൈംഗികപ്രശ്നങ്ങളെക്കുറിച്ചും സങ്കോചമില്ലാതെ സംസാരിക്കുവാൻ സാധിക്കേണ്ടതാണ്.

നിരവധി സാധ്യതകളാണ് ഇന്നത്തെ യുവജനങ്ങളുടെ മുമ്പിലുള്ളത്. വൈവിധ്യമാണ് സ്വാതന്ത്ര്യത്തിന്റെ താക്കോൽ എന്നാണ് നമ്മുടെ സംസ്കാരം വിലയിരുത്തുന്നത്. എന്നാൽ അത് പലപ്പോഴും ആശയക്കുഴച്ചിലുകളിലേക്കാണ് നമ്മെ നയിക്കുന്നത്. ലൈംഗിക സ്വാതന്ത്ര്യത്തിന്റെയും അതിൽനിന്ന് ഉളവാകുന്ന ലൈംഗിക അരാജകത്വത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പുകൾ നൽകുവാൻ ആരുംതന്നെ തയ്യാറാകുന്നില്ല. അതിൽ നിന്നുള്ള ശാശ്വതമായ വിടുതലും പാപമോചനത്തെക്കുറിച്ചുള്ള പ്രത്യാശയും ആരും അവർക്കു മനസ്സിലാക്കിക്കൊടുക്കുന്നില്ല.

ഈ കാരണത്താൽ ഉത്തമ മാതൃകകൾ കൂടുതൽ ആവശ്യമാണ്. കുഞ്ഞുങ്ങൾ ഇന്ന് കൂടുതലായി തനിയെ കഴിയുന്നു. സമൂഹത്തിന്റെ എല്ലാ തട്ടിലും ഇത് ദർശിക്കാവുന്നതാണ്. കൂട്ടിലിട്ടിരിക്കുന്ന പക്ഷികളെപ്പോലെയാണ് അവരുടെ അവസ്ഥ. ഏകാന്തതയുടെ കുട്ടികൾ (Generation alone) എന്ന് അവരെ വിശേഷിപ്പി ക്കുവാൻ ഇത് ഇടയാക്കുന്നു. 'കൈവിടപ്പെട്ടവർ, തള്ളപ്പെട്ടവർ, ഏകാന്തത അനുഭവിക്കുന്നവർ ഈ വിധത്തിലുള്ള വിശേഷണങ്ങളും ഉപയോഗിക്കപ്പെടുന്നു.

വിശുദ്ധി എന്നതുപോലെതന്നെ അശുദ്ധിയും അനുകരണം മൂലമാണ് പഠിക്കുന്നത് എന്ന വസ്തുത നാം മറന്നുപോകരുത്. മാതാപിതാക്കൾ തമ്മിലുള്ള സ്നേഹം ദൃഢമാണ് എന്ന് കുഞ്ഞുങ്ങൾ കണ്ടു മനസ്സിലാക്കേണ്ടതാണ്. അവർ തമ്മിലുള്ള വിവിധ ചേഷ്ടകൾ, നോട്ടങ്ങൾ, സ്പർശനം, സ്നേഹപൂർവ്വം ഉപയോഗിക്കുന്ന വാക്കുകൾ ഇവയൊക്കെയും വിവാഹജീവിതത്തിന്റെ ഭാഗം മാത്രമാണ് എന്നതും അവർ മനസ്സിലാക്കണം. ശാരീരിക ബന്ധം ഭാര്യാഭർത്താക്കന്മാർ തമ്മിൽ മാത്രമായിരിക്കണമെന്നും വിവാഹബന്ധത്തിനു മുമ്പുള്ള എല്ലാവിധ പരീക്ഷണങ്ങളും പിൻ കാലങ്ങളിൽ വിവാഹബന്ധത്തെ കളങ്കപ്പെടുത്തുമെന്നും അവർ അറിയണം. ചുറ്റുപാടുമുള്ളവരുടെ തകർന്ന കുടുംബജീവിതങ്ങളും മറ്റു ലൈംഗിക പാപങ്ങളും കുഞ്ഞുങ്ങളുടെ ജീവിതത്തെ അശുദ്ധമാക്കാതിരിപ്പാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സഭയ്ക്ക് കുടുംബജീവിതത്തിൽ സുപ്രധാന പങ്കു വഹിപ്പാനുണ്ട്. വിശുദ്ധിയുടെ മാതൃക മാതാപിതാക്കളിൽ മാത്രമല്ല, തങ്ങളുടെ ചുറ്റുപാടുമുള്ള ഏവരിലും, വിവാഹിതരാണെങ്കിലും അല്ലായെങ്കിലും കുഞ്ഞുങ്ങൾ ദർശിക്കേണ്ടതാണ്.

**സ്നേഹമാണ് പാപത്തിനെതിരായ പ്രതിരോധം**

വിശുദ്ധി എന്നത് ശൂന്യതയിൽ വളർത്തുവാൻ സാധ്യമല്ല. യേശുവും, സമാധാനത്തിനും സ്നേഹത്തിനും സാമൂഹിക നീതിക്കുംവേണ്ടിയുള്ള അവന്റെ ജീവിതവും, കൗമാര ദശയിലുള്ളവരുടെയും യുവാക്കളുടെയും ഹൃദയങ്ങളിൽ സ്ഥാനം ഉണ്ടായിരിക്കേണ്ടതാണ്. ദൈവത്തിനുവേണ്ടിയും അവന്റെ നീതിക്കുവേണ്ടി യുമുള്ള വാഞ്ഛയാൽ ഹൃദയം നിറയുമ്പോൾ ദുഷ്ടതയ്ക്കെതിരായി അവർ പ്രതികരിക്കും. മറ്റുള്ളവരുടെ ആവശ്യങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുമ്പോൾ സ്നേഹത്തിന്റെ വെളിച്ചത്തിൽ അവർ ബന്ധപ്പെടും. സാമൂഹ്യപ്രതിബദ്ധത, കഷ്ടതയെക്കുറിച്ചുള്ള ബോധം, അനീതി, പാപബോധം, ഇവയൊന്നും കുട്ടികൾക്കില്ല എന്നു പറയുന്നതിൽ അർത്ഥമില്ല. യാന്ത്രികമായ ഒരു ജീവിതശൈലിയിൽ സ്വന്തം സുഖസൗകര്യങ്ങളിൽ കേന്ദ്രീകരിച്ചു വളരുന്ന കുഞ്ഞുങ്ങൾ മാത്രമേ ലോകത്തിന്റെ വേദനകൾക്കു നേരെ കണ്ണടയ്ക്കൂ. എന്നാൽ യാഥാർത്ഥ്യബോധമുള്ളവർ, മറ്റുള്ളവരുടെ ആവശ്യങ്ങൾ കാണുമ്പോൾ, മറ്റുള്ളവർ അവർക്കു സഹായഹസ്തങ്ങൾ നീട്ടുന്നത് ദർശിക്കുമ്പോൾ അവരുടെ സ്നേഹം പ്രായോഗികതലത്തിൽ ഒഴുക്കുന്നതിനുള്ള അഭിവാഞ്ഛ അവരിലും ഉളവാകും.

പാപത്തിനെതിരായുള്ള ഏറ്റവും വലുതായ പ്രതിരോധശക്തി സ്നേഹമാണ്. എല്ലാ നല്ല ഗുണങ്ങളെയും ഒത്തൊരുമിപ്പിച്ചു കൂട്ടിയിണക്കുന്നത് സ്നേഹമത്രേ (കൊലൊ. 3:14). നമ്മുടെ യുവജനങ്ങൾക്ക് കൗമാരദശയിലുള്ളവർക്കും എത്തിച്ചുകൊടുക്കേണ്ട ഏറ്റവും വലുതായ സന്ദേശം സ്നേഹം എന്നതാണ്. ഇതു നൽകേണ്ടത് ജീവിതത്തിലെ പ്രവർത്തനങ്ങളിൽക്കൂടി പ്രായോഗികതലത്തിലായാരിക്കണം. നിരവധി യൗവ്വനക്കാർ തങ്ങൾക്കുവേണ്ടിത്തന്നെയും തങ്ങളുടെ താത്പര്യസംരക്ഷണത്തിനുമായി ജീവിതം ചെലവഴിക്കുന്നു. നല്ല മാർക്കു കിട്ടുന്നതിനും കായിക രംഗത്ത് മികവു കാട്ടുന്നതിനും സ്കോളർഷിപ്പ് ലഭ്യമാകുന്നതിനും മറ്റുമായി കഠിനാദ്ധ്വാനം ചെയ്യുന്നു. ഇതെല്ലാംതന്നെ ഉത്തമമായ സംഗതികളാണ്. എന്നാൽ തങ്ങളുടെ അയൽക്കാരുടെ വേദനകളെക്കുറിച്ചും അവരുടെ ആവശ്യങ്ങളെക്കുറിച്ചു ബോധ്യമുള്ളവർ എത്രപേരുണ്ട്? മറ്റുള്ളവരുമായി സമ്പർക്കം പുലർത്തുവാൻ പ്രത്യേകിച്ചും വിവിധ ജാതിമതസ്ഥരുമായി ബന്ധപ്പെടുവാനുമായി നാം യുവജനങ്ങളെ ആഹ്വാനം ചെയ്യേണ്ടതാണ്.

കൗമാരപ്രായക്കാരെ പ്രത്യേകിച്ചും ഹൈസ്കൂളുകളിലും കോളജുകളിലും പഠിക്കുന്ന അവസരത്തിൽ അശുദ്ധിയുടെയും അശ്ലീലത്തിന്റെയും അക്രമത്തിന്റേതുമായ സാഹചര്യങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനായി മാതാപിതാക്കൾ ശ്രദ്ധിക്കാറുണ്ട്. എന്നാൽ സ്വന്തം കാലിൽനിന്ന് തനിയേ





തങ്ങൾ വിശ്വസിക്കുന്ന സത്യങ്ങളിൽ ഉറച്ചുനിൽക്കാനും അതിനു സാക്ഷ്യം വഹിപ്പാനു മുള്ള പരിശീലനവും സുപ്രധാനമത്രേ.

പുറംലോകത്തുള്ള സമപ്രായക്കാരുമായും സമകാലീനരുമായും നമ്മുടെ യുവജനങ്ങൾ ബന്ധപ്പെടേണ്ടതും അവരുടെ ചിന്തകളും വികാരങ്ങളും മനസ്സിലാക്കേണ്ടതും ആണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ സമകാലീന ചിന്തകളും അഭിപ്രായങ്ങളും അറിഞ്ഞിരിക്കേണ്ടുന്നതുമാണ്. സ്വന്തം ഭവനങ്ങളിൽ അവഗണിച്ചവരെയും മയക്കുമരുന്നുകളുടെയും മദ്യപാനത്തിന്റെയും പിടിയിലകപ്പെട്ട് നിരാശയുടെ അടിത്തട്ടിൽ കഴിയുകയും ചെയ്യുന്നവരോട് സഹതാപപൂർവ്വം വർത്തിക്കുവാനുള്ള പരിശീലനവും അവർക്കു നൽകേണ്ടതാണ്. പുറംലോകവുമായി ഈ തരത്തിൽ ബന്ധപ്പെടുവാനും അവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കുവാനും അതിൽ ഏറ്റവും ഉത്തമമായ രീതിയിൽ പ്രതികരിക്കുവാനും സാധിക്കുന്നില്ലയെങ്കിൽ സ്വന്തം വിശ്വാസത്തെ പരീക്ഷിക്കുവാനും അതിനു സാക്ഷ്യം വഹിപ്പാനും സാധിക്കാതെ വരും.

കുട്ടികളുടെ വളർച്ചയിൽ സമ്പൂർണ്ണത അവകാശപ്പെടാൻ ആർക്കും സാധിക്കയില്ലയെങ്കിലും ചിട്ടകളോടും ഉപദേശങ്ങളോടും ഉത്തമമായ രീതിയിൽ പ്രതികരിക്കുവാൻ പ്രത്യേകിച്ചും അന്ധകാരത്തിന്റെയും അനീതിയുടെയുമായ ഈ നാളുകളിൽ (സദൃ. 22:6) ദൈവഭക്തിയിൽ വഴി നടത്തുവാൻ നമുക്കു സാധിക്കേണ്ടതാണ്. പരസ്പര ബഹുമാനത്തിലും സ്നേഹത്തിലും വിശ്വാസത്തിലും കൂടിയാണ് യുവജനങ്ങളെ വഴി നടത്തേണ്ടത്. ചില അവസരങ്ങളിൽ അവരുമായി മൽപ്പിടിത്തങ്ങൾതന്നെ വേണ്ടിവന്നേക്കാം. എന്നാൽ അവരുടെ ആത്മാക്കളുടെ രക്ഷയ്ക്ക് അതൊരു ആവശ്യമായിത്തീരുന്നു. നാം നമ്മുടെ കുട്ടികൾക്കുവേണ്ടി അവരുടെ ജീവിതപ്പാത തിരഞ്ഞെടുക്കുന്നുവെന്നത് സാധാരണയാണ്. എന്നാൽ എല്ലാ ദിവസവും യേശുവിനോട്, അവന്റെ നടത്തിപ്പിനുവേണ്ടി പ്രാർത്ഥിക്കുകയാണെങ്കിൽ കുട്ടികൾക്കും മാതാപിതാക്കളായ നമുക്കും ഉത്തമവും യാഥാർത്ഥവും പ്രായോഗിക പാതകൾ കാട്ടിത്തരുമെന്നുള്ളത് ഉറപ്പുതന്നെ.

# 13

# വിവാഹത്തിന് ഒരുങ്ങുന്നവർക്കുവേണ്ടി

*ശരീരാഭ്യാസം അൽപ്പം പ്രയോജനമുള്ളതത്രേ. ദൈവഭക്തിയോ ഇപ്പോഴത്തെ ജീവന്റെയും വരുവാനിരിക്കുന്നതിന്റെയും വാഗ്ദത്തമുള്ളതാകയാൽ സകലത്തിനും പ്രയോജനകരമാകുന്നു. ആരും നിന്റെ യൗവ്വനം തുച്ഛീകരിക്കരുത്. വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്ക് മാതൃകയായിരിക്കുക (1 തിമൊ. 4:8,12).*

സ്വാർത്ഥ താത്പര്യങ്ങളോടും ലാഘവത്തോടുംകൂടി യുവാക്കളും യുവതികളും തമ്മിൽത്തമ്മിൽ ബന്ധപ്പെടുന്നത്. പ്രത്യേകിച്ചും വിവാഹബന്ധത്തിലേർപ്പെടുന്നത് ഭയാനകമായ ഒരു അവസ്ഥയാണ്. പ്രകൃത്യാലുള്ള ആകർഷണവും അവർ തമ്മിലുളവാകുന്ന സ്നേഹബന്ധങ്ങളും എപ്രകാരമാണ് നേരിടേണ്ടത്? ഈ വിഷയത്തിൽ ദൈവികമായ സമീപനം എന്താണ്? ഉപരിപ്ലവമായ ഇന്നത്തെ ലൈംഗിക സംസ്കാരത്തെ അതിജീവിച്ച് സ്വതന്ത്രവും സ്വാഭാവികവുമായ ഉത്തമബന്ധങ്ങൾ പുലർത്തുവാൻ യുവാക്കൾക്കും യുവതികൾക്കും എപ്രകാരം സാധിക്കും? വിവാഹബന്ധത്തിലുള്ള ഉത്തരവാദിത്വങ്ങളും കടമകളും ഏറ്റവും ഉത്തമവും മെച്ചവുമായ രീതിയിൽ അവർക്കു എങ്ങനെ നിർവ്വഹിക്കാം?

**പ്രേമസല്ലാപങ്ങളുടെ പ്രശ്നങ്ങൾ**

യുവാക്കളും യുവതികളും തമ്മിലുള്ള സുഹൃദ്ബന്ധത്തിന് ലഭ്യമാകുന്ന അവസരങ്ങളെക്കുറിച്ച് നാം സന്തോഷിക്കേണ്ടതാണ്. അത് തീർത്തും അപകടപൂർണ്ണമാണ് എന്നു കരുതേണ്ട ആവശ്യമില്ല. അങ്ങനെയുള്ള ചിന്തകൾ അവരിലുള്ള അവിശ്വാസത്തിന്റെ ചിഹ്നമായി വ്യാഖ്യാനിക്കപ്പെടും. ഒരുമിച്ചു പ്രവർത്തിക്കുവാനും പാടുവാനും പങ്കിടുവാനുമുള്ള സന്ദർഭങ്ങൾ അവർക്ക് ആവശ്യമാണ്. എന്നാൽ രണ്ടുപേരായുള്ള യുവതീയുവാക്കളുടെ ഇണചേരൽ ആരോഗ്യപരമായ ഒന്നല്ല. സഭയുടെ അന്തരീക്ഷത്തിൽ യുവജനങ്ങൾ അന്യോന്യം സഹോദരീസഹോദരന്മാരെന്ന നിലയിൽ വർത്തിക്കണം. അവരുടെ സുഹൃദ്ബന്ധത്തെ യാതൊരു വിധത്തിലും അപകീർത്തിപ്പെടുത്തുകയോ ഹാനികരമായത് എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യാതെ സ്വന്തമായ





സംഗമത്തിന് അവസരമൊരുക്കണം. അനാവശ്യമായ അപവാദപ്രചരണം സ്വതന്ത്രവും ഉത്തമവുമായ സുഹൃദ്ബന്ധത്തിന് ഹാനികരമാണ്.

ഒരു ചിത്രശലഭം ഒരു പൂവിൽനിന്ന് വേറൊരു പൂവിലേക്കു പറക്കുന്നതുപോലെ ബന്ധങ്ങൾ ഒരാളിൽനിന്ന് വേറൊരാളിലേക്കു മാറുന്ന പ്രവണത അപലപനീയമാണ്. ശരിയായ ഒരു പങ്കാളിയെ കണ്ടുപിടിക്കുവാനുള്ള ശ്രമം സ്വാഭാവികമാണ്. എന്നാൽ തുടർച്ചയായി ബന്ധങ്ങൾ ഉണ്ടാക്കുകയും അഴിക്കുകയും ചെയ്യുന്നത് സഭയ്ക്ക് അനുവദിക്കുവാൻ സാധ്യമല്ല. ഒരു സങ്കോചവും കൂടാതെ ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് സ്നേഹബന്ധം പുനഃസ്ഥാപിക്കുന്നതിനുള്ള പ്രവണത ഒരിക്കലും ശരിയല്ല. അത് മനഃസാക്ഷിയെ ക്ഷീണിപ്പിക്കുകയും പരസ്പര വിശ്വാസത്തിന്റെ വില ഇടിക്കുകയും ചെയ്യും. ഒരു യുവാവും യുവതിയും തമ്മിലുള്ള ആകർഷണ ശക്തി തികച്ചും സ്വാഭാവികമാണെങ്കിലും അത് കർത്തൃസന്നിധിയിൽ സമർപ്പിക്കപ്പെടുന്നില്ലയെങ്കിൽ ജീവിതാന്ത്യകാലം വരെ സഹിക്കേണ്ടിവരുന്ന മുറിവുകൾ, ക്ഷതങ്ങൾ ഉണ്ടാകാം എന്നതാണ് യാഥാർത്ഥ്യം.

ഈ കാരണങ്ങളാൽ ഞങ്ങളുടെസഭയിൽ യുവതീയുവാക്കൾ തമ്മിൽ വിവാഹത്തിനു മുമ്പുള്ള സാധാരണ പരിചയപ്പെടൽ (Dating) അനുവദിക്കുന്നില്ല. പാശ്ചാത്യ സംസ്കാരത്തിൽ ഒരു യുവാവും യുവതിയും തമ്മിലുള്ള ഈ ബന്ധം ഒരു കളിയായി മാറിക്കഴിഞ്ഞു. ശാരീരികവും മാനസികവുമായ ആകർഷണത്തിൽ അടിസ്ഥാനമാക്കിയിട്ടുള്ള ആ ബന്ധം സർവ്വസാധാരണമത്രേ. സുഹൃദ്ബന്ധങ്ങളെക്കുറിച്ചുള്ള തെറ്റായ ധാരണകളിൽനിന്നാണ് ഇത് ഉളവാകുന്നത്. പലപ്പോഴും യാഥാർത്ഥ സ്നേഹവും വിശ്വസ്തതയും ഇതിൽ കണ്ടു എന്നു വരികയില്ല. ശാരീരിക ഭംഗിയേയും സൗന്ദര്യത്തെയും അടിസ്ഥാനമാക്കിയാണ് ഈ ബന്ധം ഉളവാകുന്നത്. എന്നാൽ ശാരീരികവും ലൈംഗികവുമായുള്ള സാമീപ്യം പലപ്പോഴും മനഃസാക്ഷിയെ കഠിനമായ രീതിയിൽ വ്രണപ്പെടുത്തുകയും അതിന്റെ മുറിവുകൾ ഉണങ്ങുവാൻ വർഷങ്ങൾ വേണ്ടിവരികയും ചെയ്യും.

ദുരഭിമാനവും ഉപരിപ്ലവമായ പ്രവർത്തനങ്ങളും ഒന്നിച്ചു പോകുന്നവയും ഡേറ്റിംഗിന്റെ ഭാഗവുമാണ്. അതുപോലെതന്നെയാണ് സ്വയത്തിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്ന ശൃംഗാരം. പ്രത്യേകിച്ചും ലൈംഗിക ചേഷ്ടകളിൽക്കൂടിയാണ് ശൃംഗാരം പ്രകടിപ്പിക്കുന്നത്. അത് ദൈവത്തെ അപമാനിക്കുന്നതിനുസമമാണ്.

മാതാപിതാക്കളും സഭകളും ഡേറ്റിംഗിനു പകരമായുള്ള മാർഗങ്ങൾ ഇന്ന് അന്വേഷിക്കുന്നു. പണ്ടുണ്ടായിരുന്ന പല മാർഗങ്ങളും പുതുക്കി പ്രതിഷ്ഠിക്കുന്നതിനുള്ള ശ്രമവും നടന്നുവരുന്നു. മാതാപിതാക്കളുടെയും കുടുംബത്തിന്റെയും പങ്ക്, സ്വഭാവം ചോരുന്ന സാഹചര്യങ്ങൾ ഈവക കാര്യങ്ങളിലുള്ള ചർച്ച, ഇങ്ങനെ പലതും ഇതിൽ ഉൾക്കൊള്ളുന്നു. കോളജ് കാമ്പസിലുള്ള ഡേറ്റിംഗിൽ പാശ്ചാത്യരാജ്യങ്ങളിൽ കുറവു വരുന്നതായിട്ടാണ് രേഖപ്പെടുത്തുന്നത്. പല കാമ്പസ്സുകളും ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു. പ്രോത്സാഹജനകങ്ങളായ

അടയാളങ്ങളാണ് ഈവക സംഗതികൾ. മാതാപിതാക്കളും സഭാനേതൃത്വവും ഈ ഒരു വിഷയത്തിൽ കൂടുതൽ ഇടപെടേണ്ടതാണ്.

**അന്യോന്യമുള്ള ലൈംഗികവികാരങ്ങൾ നീണ്ടുനിൽക്കുന്ന ബന്ധത്തിനു മതിയാകുന്നില്ല**

എപ്രകാരമാണ് ഒരു യുവാവോ യുവതിയോ തന്റെ ജീവിതപങ്കാളിയെ കണ്ടെത്തേണ്ടത്? ക്രിസ്തീയ വിശ്വാസികളായ യുവതീയുവാക്കൾക്ക് ഹൃദയത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും ഐക്യമാണ് അതിപ്രധാനം. തങ്ങളുടെ ബന്ധം യേശുവിങ്കലേക്ക് തങ്ങളെ കൂടുതലായി അടുപ്പിക്കുകയാണ് എന്നുള്ള അനുഭവം രണ്ടു പങ്കാളികൾക്കും ഉളവാകണം. അവന്റെ ഹിതമാണ് അന്യോന്യം പ്രതിജ്ഞാബദ്ധരായിരിക്കുന്നവരുടെ ജീവിതത്തിൽ കരണീയമായുള്ളത്. യേശുവിനെയും അവൻ നൽകുന്ന ആ പ്രത്യേക ഐക്യത്തെയും അകറ്റിനിർത്തിയാൽ വിവാഹജീവിതത്തിലെ കൊടുങ്കാറ്റുകളെയും പ്രതിബന്ധങ്ങളെയും പ്രത്യേകിച്ച് കുട്ടികൾ ഉള്ളവർക്ക് അതിജീവിക്കുവാൻ വിഷമമുളവാകും.

യുവതീയുവാക്കന്മാർ തമ്മിൽ വിവാഹനിശ്ചയം നടത്തുന്നതിനു മുന്നോടിയായി അവർ തമ്മിലുള്ള സ്നേഹത്തെക്കുറിച്ച് ആഴമായി പരിശോധിക്കേണ്ടതാണ്. സ്നേഹത്തെക്കുറിച്ചുള്ള വൈകാരികവും ഭാവനാപൂർണ്ണവുമായുള്ള ബാഹ്യതലത്തിലുള്ള പരസ്പരാകർഷണങ്ങൾ സ്വാഭാവികമാണ്. എന്നാൽ അത് ഒരു വിവാഹബന്ധത്തിനോ കുടുംബജീവിതത്തിലേക്കുള്ള പ്രവേശനത്തിനോ ആവശ്യമായ പ്രതിജ്ഞ എടുക്കുന്നതിന് മതിയാകുന്നില്ല. ഈ തലത്തിലുള്ള ഒരു വിവാഹബന്ധം ഉപരിപ്ലവമാണ്. കാലക്രമത്തിൽ അത് പരാജയത്തിലേക്കും തകർച്ചയിലേക്കും നയിക്കപ്പെടും. ഒരുമിച്ചുള്ള ജീവിതത്തിൽ ദൈവഹിതം എന്താണ് എന്നതാണ് സുപ്രധാനമായ ചോദ്യം. ദൈവഹിതമാണ് യഥാർത്ഥ അടിസ്ഥാനം.

'ബാഹ്യമായതിലല്ല, ആന്തരികമായതിലാണ് പ്രാധാന്യം' എന്ന ചൊല്ല് നാം സാധാരണ കേൾക്കുന്നതാണ്. എന്നാൽ അതു വിശ്വസിക്കുകയും അതിനനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നത് സാധാരണയല്ല. ബോധാവസ്ഥയിലും ഉപബോധാവസ്ഥയിലും ശാരീരികവും ബാഹ്യവുമായ വസ്തുതകളെ ആസ്പദമാക്കിയാണ് നാം മറ്റുള്ളവരെ മനസ്സിലാക്കുന്നത്. ആ യുവാവ് സമർത്ഥനാണ്, സുന്ദരനാണ് അഥവാ ആ പെൺകുട്ടി ശാലീനതയും സൗന്ദര്യവുമുള്ളവളാണ് ഇത്യാദി കാര്യങ്ങൾ നാം പൊതുവേ സംസാരിക്കാറുണ്ട്. ഈ വിധത്തിലുള്ള സംസാരങ്ങളിൽക്കൂടി, മേൽ വിശേഷണങ്ങൾ ലഭ്യമാകാത്തവർക്ക് ഉളവാകുന്ന വികാരങ്ങൾ എന്തെന്ന് ഊഹിക്കാമല്ലോ

ബാഹ്യവശങ്ങളെക്കുറിച്ചുള്ള ഈവക ചിന്തകളാണ് വിവാഹത്തിന് ഒരുങ്ങുന്ന യുവജനങ്ങളെ സാധാരണഗതിയിൽ ആകർഷിക്കുന്നത്. ഒരു യുവതി ഏറ്റവും സുന്ദരനായ യുവാവിനെ തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്നു. അഥവാ, ഒരു യുവാവ് ഏറ്റവും സുന്ദരിയായ യുവതിയെ തെരഞ്ഞെടുക്കുവാൻ ഒരുമ്പെടുന്നു. എന്നാൽ പത്തോ ഇരുപതോ വർഷ





ത്തിനുശേഷം അവരുടെ സ്നേഹത്തിന്റെ തീക്ഷ്ണത ഏതു തരത്തിലായിരിക്കും? ഭർത്താവിന് കഷണ്ടി ആയതിനുശേഷവും അവരുടെ സ്നേഹത്തിന്റെ തീക്ഷ്ണത നിലനിൽക്കുന്നുവോ? അഥവാ ഭാര്യയുടെ തൊലി ചുളുങ്ങിയാലും ഭാര്യയ്ക്ക് അമിതമായി വണ്ണം കൂടിയാലും ആ സ്നേഹം തുടർന്നുകൊണ്ടിരിക്കുമോ? ശാരീരിക ആകർഷണം എല്ലാ ബന്ധങ്ങളിലും ഒരു ഭാഗമാണെങ്കിലും ജീവിതാന്ത്യംവരെ സ്നേഹത്തിലും വിശ്വസ്തതയിലും അടിസ്ഥാനമാക്കിയ ഒരു ഉടമ്പടി ബന്ധത്തിന് അത് ഉതകുന്നില്ല. യെശയ്യാപ്രവാചകന്റെ വാക്കുകൾ "സകല ജഡവും പുല്ലുപോലെയും അതിന്റെ ഭംഗിയെല്ലാം വയലിലെ പൂവുപോലെയും ആകുന്നു. യഹോവയുടെ ശ്വാസം അതിന്മേൽ ഊതുകയാൽ പുല്ലുണങ്ങുന്നു പൂ വാടുന്നു, നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കും" (യെശ. 40:6–7)

ഹൃദയത്തിന്റെ കണ്ണുകൾകൊണ്ട് കാണുക എന്നത് യൗവ്വനകാലത്ത് വിഷമമേറിയതാണ്. ഈ പ്രത്യേക നയനങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി നാം ദൈവത്തോട് അപേക്ഷിക്കേണ്ടതാണ്. ദൈവികജ്ഞാനത്തിനുവേണ്ടി നമ്മുടെ ഹൃദയങ്ങളെ തുറക്കുമ്പോൾ നാം കാണുന്ന ഓരോ വ്യക്തിയിലും മനോഹാരിത ദൃശ്യമാകയും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നതിനാൽ ഒരു സമസൃഷ്ടി എന്ന നിലയിൽ സ്നേഹത്തോടെ വീക്ഷിക്കുവാൻ സാധിക്കുകയും ചെയ്യും.

ഒരു ബാലിക ആയിരുന്നപ്പോൾ മുതൽതന്നെ എനിക്ക് റോസിനെ നേരിട്ട് അറിയാമായിരുന്നു. ഒരു യുവതി ആയപ്പോൾ തലച്ചോറിനെ ബാധിക്കുന്ന തളർവാതത്താൽ നിസ്സാഹായവസ്ഥയിൽ ഒരു വീൽച്ചെയറിൽ കഴിഞ്ഞ ടോം എന്ന യുവാവിനെ സ്നേഹിച്ച് അവർ വിവാഹം കഴിക്കുകയും ആ വിവാഹത്തിൽ രണ്ടു കുട്ടികൾ ജനിക്കുകയും ചെയ്തു. ടോം ഏറ്റവും ഉത്തമനായ ഒരു ഭർത്താവാണ്. ഒരുപക്ഷേ മറ്റുള്ളവർ ടോമിന്റെ വൈകല്യങ്ങൾ ദർശിക്കുമ്പോൾ റോസ് അവന്റെ ഹൃദയത്തിന്റെ ഭംഗിയെയാണ് ദർശിക്കുന്നത്.

എന്റെ സമൂഹത്തിൽ ഉണ്ടായിരുന്ന വിക്ടർ, ഹിൽഡാ എന്നീ ദമ്പതികൾ തൊണ്ണൂറിൽപ്പരം വർഷങ്ങൾ ഒരുമിച്ചു ജീവിച്ചു. ഇരുപതുകളിൽ വിവാഹം കഴിഞ്ഞ അവർ അവസാനംവരെയും അന്യോന്യം സ്നേഹത്തോടെ വർത്തിച്ച് ജീവിച്ചു. ലോകപ്രകാരം ഹിൽഡാ സുന്ദരിയായിരുന്നില്ല. എഴുപത് വയസ്സ് ആയപ്പോൾ അതിഭയങ്കരമായ ഒരു കൂന് ഉളവായി. ഞരമ്പു രോഗത്താൽ മുഖത്തിന്റെ വലതുഭാഗത്ത് കോട്ടം നേരിട്ടു. എന്നിരിക്കിലും വിക്ടറിന് ഹിൽഡാ എപ്പോഴും ഒരു രാജകുമാരിയായിരുന്നു. ശാരീരിക ഭംഗിയേക്കാൾ ആഴത്തിലായിരുന്നു അവരുടെ പരസ്പര സ്നേഹവും ബഹുമാനവും.

കഴിഞ്ഞ മുപ്പതു വർഷങ്ങളിലായി നിരവധി യുവദമ്പതികളെ കൗൺസലിംഗ് ചെയ്തതിൽക്കൂടി അവരുടെ സന്തോഷങ്ങളിലും ജീവിതപ്രതിബന്ധങ്ങളെ തരണം ചെയ്യുന്നതിലും എനിക്ക് പങ്കു വഹിപ്പാൻ സാധിച്ചിട്ടുണ്ട്. എങ്കിലും എന്നിൽ വിശ്വാസമർപ്പിച്ച് പുതുതായി എന്റെ

അടുത്തേക്ക് ദമ്പതികൾ വരുമ്പോൾ അത് എനിക്ക് സന്തോഷം പകരുന്നു. കുറെ നാൾ മുമ്പ് ഒരു യുവതി ഒരു യുവാവുമായി ഉടലെടുക്കുന്ന സ്നേഹബന്ധത്തെക്കുറിച്ച് എന്റെ ഭാര്യയ്ക്ക് കത്തെഴുതി. കെയ്റ്റും ആൻഡിയും ഞങ്ങളുടെ ദേവാലയത്തിൽ ആരാധനയ്ക്കു വരുന്നവരും യുവജനങ്ങളുടെ പരിപാടികളിൽ പങ്കുകൊള്ളുന്നവരും ആയിരുന്നു. അവർ എന്തെങ്കിലും പ്രത്യേകത ഉള്ളവർ ആയിരുന്നില്ല എങ്കിലും ഒരു പ്രത്യേക ദാനം അവർക്കു ലഭ്യമായിരുന്നു. ഒരുമിച്ചുള്ള അവരുടെ അന്വേഷണത്തിലെ ഉറച്ച കാൽവയ്പുകൾ. കെയ്റ്റ് ഇപ്രകാരം തന്റെ അനുഭവങ്ങളെക്കുറിച്ച് എഴുതുന്നു. "ഞങ്ങളുടെ സ്നേഹം ആരംഭം മുതൽതന്നെ ഒരു ആന്തരിക അനുഭവമായി രൂപാന്തരപ്പെട്ടു. പരസ്പര സ്നേഹത്തോടും ഐക്യബോധത്തോടും പ്രത്യേകമായി ഒരുമിച്ചുള്ള വേദപുസ്തക വായനയിലും പ്രാർത്ഥനയിലുംകൂടെ ഞങ്ങൾ വളർന്നു. വൈകാരിക സ്നേഹമെന്ന പ്രതിഭാസത്തെ അതിജീവിക്കുക എന്നതായിരുന്നു ഞങ്ങൾ നേരിട്ട ഏറ്റവും വലുതായ പോരാട്ടം. ചുരുക്കമായി ചിലപ്പോൾ മാനുഷിക തലത്തിലുള്ള ആകർഷണത്തെക്കുറിച്ചും ഞങ്ങൾ സംസാരിച്ചിട്ടുണ്ട്. എന്നാൽ ആന്തരികവും ആത്മീയവുമായ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവയൊക്കെയും നിഷ്പ്രഭമായിത്തീർന്നു. ദൈവത്തിൽ മനസ്സും ആത്മാവും കേന്ദ്രീകരിച്ചപ്പോൾ ഹൃദയങ്ങൾ അന്യോന്യം കൂടുതലായി തുറക്കപ്പെടുവാനും മനസ്സിലാക്കുവാനും സാധിച്ചു.

ഞങ്ങൾ തമ്മിൽ അന്യോന്യം കൂടുതലായി അറിയുവാൻ തുടങ്ങിയപ്പോൾ ഓരോരുത്തരുടെയും കുറവുകളെയും പോരായ്മകളെയുംകുറിച്ച് മനസ്സിലാക്കിയപ്പോൾ അന്യോന്യം ഉപദേശങ്ങൾ നൽകുവാനും പ്രോത്സാഹിപ്പിക്കുവാനും സാധിച്ചു. അതിന്റെ ഫലമായി രണ്ടുപേരും കൂടുതൽ ദൈവത്തോട് അടുക്കുന്നതിന് ഇടയായി. ഒരു ബന്ധം പെട്ടെന്ന് ഉടലെടുക്കുന്നതും പ്രത്യുത, പരസ്പരവിശ്വാസത്തിന്റെയും ദൈവവിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ പടിപടിയായി ദിവസംതോറും വളർന്നു വരുന്നതുമാണ് എന്ന യാഥാർത്ഥ്യം ഞാൻ മനസ്സിലാക്കി. ആൻഡിയോടൊപ്പം ചെലവഴിക്കാൻ ലഭ്യമാകുന്ന സമയത്തിന് ഞാൻ ദൈവത്തോട് കടപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ ഒരുമിച്ചുള്ള സമയം ഉത്തമമായ ഒരു അടിത്തറ പാകുവാൻ സഹായകരമായി. എല്ലാം ആയാസകരമായിരുന്നില്ല എന്നു പറയുവാൻ സാധ്യമല്ല. ഒരു പോരാട്ടമില്ലാതെ നല്ലതും ഉത്തമവുമായത് ലഭ്യമാകുകയില്ലല്ലോ."

ആൻഡിയുടെയും കെയ്റ്റിന്റെയും കഥ വളരെ പ്രോത്സാഹജനകമാണ്. ഈ കാലയളവിലും യുവജനങ്ങൾക്ക് അവരുടെ ബന്ധങ്ങളിൽ ദൈവത്തെ മുൻനിർത്തുവാൻ സാധ്യമാകും. യേശുവിന്റെ വാക്കുകൾ സശ്രദ്ധം വീക്ഷിക്കുക." മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്നാലും സകലതും നിങ്ങൾക്ക് ലഭ്യമാകും."

ഒരു ക്രിസ്തീയ വിവാഹത്തിന്റെ അടിസ്ഥാനം വിശ്വാസം മാത്രമാണെങ്കിൽ അന്യോന്യം പ്രതിജ്ഞാബദ്ധരാകുന്നതിനു മുമ്പായി തങ്ങളെത്തന്നെ ക്രിസ്തുവിനു പ്രതിഷ്ഠിക്കേണ്ടതാണ്. ഇവിടെ ബപ്തീസ്മയുടെ പ്രാധാന്യം വിസ്മരിക്കാവുന്നതല്ല. പാപത്തിന്റെ ഏറ്റുപറച്ചിലും അതിനെത്തുടർന്ന് ദൈവത്തോടുള്ള ഒരു ഉടമ്പടി ബന്ധവും അവിടെ നമുക്ക് കാണുവാൻ സാധിക്കും. ഒരു വ്യക്തിക്ക് അനുഭവിക്കാൻ സാധ്യമാകുന്ന ഏറ്റവും വലുതായ ദൈവകൃപയാണ് ബപ്തീസ്മ. ഇതില്ലാതെ ക്രിസ്തീയ വിവാഹത്തിന് ഉതകുന്ന അടിത്തറയില്ല എന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ബപ്തീസ്മയുടെ യഥാർത്ഥ അനുഭവം ക്രിസ്തീയ വിവാഹജീവിതത്തിന്റെ കെട്ടുറപ്പിന് അത്യാവശ്യമാണ്.





**ആരോഗ്യപരമായ ബന്ധത്തിന് സമയവും കരുതലും ആവശ്യമാണ്.**

'രണ്ടു യജമാനന്മാരെ സേവിപ്പാൻ സാധ്യമല്ല' എന്നു യേശു പറയുന്നു (മത്താ.6:24). ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച് അവനെ അനുഗമിക്കുമ്പോൾ നമ്മുടെ എല്ലാവിധ ആവശ്യങ്ങളെയും അവൻ നിറവേറ്റും എന്ന് യേശു പഠിപ്പിച്ചിട്ടുണ്ടല്ലോ. അതിൽ ജീവിതപങ്കാളിയും ഉൾപ്പെടും. "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും"(മത്താ.6:33). ഈ ഒരു ഉപദേശം വിവാഹത്തെ ക്രൈസ്തവമായും അക്രൈസ്തവമായും കാണുന്ന ഏവർക്കും അത്യന്താപേക്ഷിതമാണ്.

അപ്പൊസ്തലനായ വിശുദ്ധ പൗലോസിനെപ്പോലെ വിവാഹ ത്തിൽ നിന്നു മാറിനിൽക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയില്ല. ബ്രഹ്മചര്യത്തിന് പ്രത്യേക ആന്തരികവിളി ആവശ്യമാണ്. എന്നാൽ യഥാർത്ഥത്തിൽ വിവാഹത്തിനുവേണ്ടിയുള്ള ദൈവവിളി ഇല്ലയെങ്കിൽ അതിൽ പ്രവേശിക്കാതിരിക്കുകയാണ് ഉത്തമം (ഫിലി. 3:8). യേശുക്രിസ്തുവിന്റെ വെളിച്ചം നമ്മിലേക്കു തുളഞ്ഞുകയറുമ്പോൾ അവന്നു കീഴ്പെട്ട് പ്രതിഷ്ഠിക്കപ്പെടുവാനും സകലതും അതിന്റെ വെളിച്ചത്തിൽ ദർശിക്കുവാനും നമുക്കു കൃപ നൽകും.

വിവാഹം ഒരു സ്വകാര്യബന്ധമാണ് എന്നുള്ള സാധാരണ ചിന്താഗതിയിൽനിന്ന് വ്യത്യസ്തമായി, വിവാഹ ഉറപ്പും വിവാഹവും സഭയുടെ പൊതുവിലുള്ള ഒരു വിശാലബന്ധത്തിന്റെ കണ്ണികളാണ് എന്നത് ഞങ്ങൾക്ക് അനുഭവമാണ്. ആയതിനാൽ എന്റെ സഭയിലുള്ള യുവതീയുവാക്കൾ പരസ്പരം ആകർഷിക്കപ്പെടുമ്പോൾ മാതാപിതാക്കളോടും പാസ്റ്ററോടും, അതിനെക്കുറിച്ചു പറയണമെന്ന് ഞാൻ ഉപദേശിക്കാറുണ്ട്. ആ സമയം മുതൽ തന്നെ അവർ സഭയുടെ കരുതലിലാണ്. ഞങ്ങളുടെ യുവജനങ്ങൾ ഇതിനെ ഒരു നിയന്ത്രണമായോ നിബന്ധനയായോ കരുതാറില്ല. പ്രത്യുത, അവരുടെ അപക്വമായ ചിന്തകളും അശുദ്ധമായ വികാരങ്ങളും നിയന്ത്രിക്കുവാനും സഹായകമായ ഉപദേശങ്ങൾ ലഭ്യമാകുവാനും ഇത് സഹായകരമാണ് എന്നതിൽ അവർ കൃതാർത്ഥരാകും. പലർക്കും ഉളവാകുന്ന ആവശ്യമില്ലാത്ത സങ്കടങ്ങളിൽ നിന്നും വേദനകളിൽനിന്നും ഒഴിവാക്കപ്പെടുവാനും ഇത് സഹായകരമാകും.

സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും ആത്മാവിൽ ഭരിക്കപ്പെടുന്ന സഭകളിൽ മാത്രമാണ് ഈ ഒരു സമീപനം പ്രാവർത്തികമാകു

ന്നത്. ചിലർക്ക് സഹായം സ്വീകരിക്കപ്പെടേണ്ടതിന്റെ ആവശ്യകത മന സ്സിലാക്കുവാൻ വിഷമമാണ്. മറ്റു പലരും ഇതിന്റെ ഭാഗമാകുന്നത് ലജ്ജ യോടെ കാണുന്നു. എന്നാൽ തങ്ങൾ വിശ്വസിക്കുന്ന മുതിർന്നവരോടു തുറന്നു സംസാരിക്കുക എന്നത് പ്രാധാന്യം അർഹിക്കുന്നു.

റേയും ഹെലനും ഞങ്ങളുടെ സഭയിൽവച്ചാണ് ഒരുമിച്ചു കണ്ടുമു ട്ടിയത്. റേ തന്റെ അനുഭവം വിവരിക്കുന്നു; "ശനിയാഴ്ച വൈകുന്നേരം സുഹൃത്തുക്കളുമൊത്ത് സല്ലപിക്കുവാൻ ഞങ്ങൾ കൂടിവന്നു. മറ്റു ചില പ്പോൾ സാൻ മോണിക്കയിലെ വഴിയിൽ കൂട്ടുകാരുമൊത്ത് അലഞ്ഞു തിരിയുകയും സല്ലപിക്കുകയും ചെയ്യും. അങ്ങനെയുള്ള അവസരങ്ങ ളിൽ ചിലപ്പോൾ ചില യുവതികളോട് കൂടുതൽ പ്രതിപത്തി തോന്നു കയും അവരുമായി സമയം ചെലവഴിക്കുകയും ചെയ്യുമായിരുന്നു. മൂന്നു വർഷം മുമ്പ് ഹെലനുമായി അടുത്ത് ബന്ധപ്പെടുന്നതുവരെയും ഈ ബന്ധങ്ങൾ തുടർന്നുവന്നു. ഞങ്ങൾ രണ്ടു പേരും ഒരേ സഭയിലാണ് വളർന്നുവന്നത്. കൗമാരപ്രായത്തിൽത്തന്നെ ഞങ്ങൾ അന്യോന്യം ആകർഷിക്കപ്പെട്ടിരുന്നുവെങ്കിലും ആ വികാരങ്ങൾ അന്യോന്യം വെളി പ്പെടുത്തിയിരുന്നില്ല. എന്നാൽ ഹൈസ്കൂൾ പഠനാനന്തരം ഞങ്ങൾ വേർപിരിഞ്ഞു. ഞാൻ കോളജ് വിദ്യാഭ്യാസത്തിനും അതിനുശേഷം അധ്യാപന വൃത്തിയിലേക്കും തിരിഞ്ഞു. ഞാൻ വിശാലലോകത്തേക്കു പറന്നു. വിദേശ രാജ്യങ്ങളിൽ ഒരു വോളണ്ടിയർ എന്ന നിലയിൽ പ്രവർ ത്തിച്ചതിനുശേഷം കാലിഫോർണിയയിലുള്ള ഒരു കോളജിൽ രണ്ടു സെമസ്റ്ററുകൾ പഠിക്കുകയും അതിനുശേഷം ഒരുവർഷത്തോളം കാലി ഫോർണിയായുടെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിയുകയും ചെയ്തു. ഈ കാലയളവിൽ ജീവിതം അർത്ഥശൂന്യമാണ് എന്ന ബോധം എന്നിൽ ഉളവാകുകയും ജീവിതത്തെ അതിന്റെ പൂർണ്ണതയിലേക്കു നയിക്കുന്ന തിന് എന്റെ ജീവിതചര്യകളും ശൈലികളും വിഘാതമായിത്തീരുകയും ചെയ്തു. മറ്റുള്ളവരുമായുള്ള ബന്ധം പ്രത്യേകിച്ചും സ്ത്രീകളുമായു ള്ളത് ഉപരിപ്ലവമായും എനിക്ക് അനുഭവപ്പെട്ടു.

ക്രിസ്തുവിന്റെ സൗഖ്യമാക്കുന്ന ശക്തി താറുമാറായ എന്റെ ജീവി തത്തിലേക്കു പ്രവേശിക്കേണ്ടതിന്റെ ആവശ്യകത ആ സമയത്താണ് എനിക്കു ബോധ്യമായത്. എനിക്ക് തനിയേ ഇതു സാധ്യമല്ല എന്നും ഞാൻ വിശ്വസിക്കുന്നവരുടെ സഹായം എനിക്ക് ആവശ്യമാണ് എന്ന ബോധ്യവും എന്നിൽ ഉളവായി. ആയതിനാൽ ഞാൻ എന്റെ മാതാപി താക്കളിലേക്കു തിരിഞ്ഞു. ദൈവത്തെ എന്റെ ജീവിതത്തിന്റെ കേന്ദ്രം ആക്കിത്തീർക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഞാൻ പൂർണ്ണമായി എന്നെ ത്തന്നെ ദൈവത്തിനായും എന്റെ സഭാംഗങ്ങൾക്കായും സമർപ്പിച്ചു.

അതിനുശേഷമാണ് ഹെലനോടുള്ള എന്റെ പ്രതിപത്തിയെക്കുറിച്ച് ഞാൻ എന്റെ മാതാപിതാക്കളോടും അതിനെത്തുടർന്ന് പാസ്റ്ററോടും പറഞ്ഞത്. സാധാരണഗതിയിൽ ഈ വികാരങ്ങൾ വളരുന്നതിന് അവർ എന്നെ പ്രോത്സാഹിപ്പിച്ചു. "നിങ്ങളുടെ ബന്ധം ദൈവഹിതമെങ്കിൽ അതു നടക്കും. യാതൊന്നും ഒരു പ്രതിബന്ധമാകയില്ല"അവർ എന്നെ പ്രോത്സാ





ഹിപ്പിച്ചു. ഈ വിവരം നേരിട്ട് ഹെലനെ ധരിപ്പിക്കുവാനും അവർ ആവ ശ്യപ്പെട്ടു. ഞാൻ ആ വിധത്തിൽ പ്രവർത്തിച്ചു. ഞാൻ ഹെലനോട് സംസാരിച്ചു. ഞങ്ങൾ തമ്മിൽ ഒരു പുതിയ ബന്ധം അതിനെത്തുടർന്നു രൂപംകൊണ്ടു. അതിനെ സ്നേഹമെന്നു വിശേഷിപ്പാൻ ഞങ്ങൾ മുതിർ ന്നില്ല. ആ ബന്ധം പുതുമ നിറഞ്ഞതും വിലയേറിയതുമായിരുന്നു. ആഴ്ച കളും മാസങ്ങളും മുന്നോട്ടുപോയി. ഞങ്ങൾ തമ്മിലുള്ള ബന്ധം വളർന്നു കൊണ്ട് ഇരുന്നു. പിന്നീട് എന്റെ ജോലി പ്രമാണിച്ച് മാറി താമസിക്കേ ണ്ടിവന്നപ്പോൾ മിക്കവാറും എല്ലാ ദിവസവും കത്തുകൾ കൈമാറി.

ഞങ്ങളുടെ സുഹൃദ്ബന്ധം വർദ്ധിച്ചതിനോടൊപ്പം അന്യോന്യം മനസ്സും തുറന്നു. ഓരോരുത്തർക്കും അവരവരുടേതായ കുറവുകളുണ്ട് എന്നത് എനിക്ക് പുതിയ ഒരു അറിവായിരുന്നു. ചിലപ്പോൾ ഞങ്ങൾ അന്യോന്യം വേദനിപ്പിക്കുകയും ചെയ്തു. ഇതു മുഖാന്തരം എന്തെങ്കി ലുമൊക്കെ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ മാതാപിതാക്കളും പാസ്റ്റർമാരും ഞങ്ങളെ നേർവഴിയിൽ നടക്കുന്നതിനു സഹായിച്ചു.

മറ്റുള്ളവരുടെ മുമ്പിൽ ഉള്ളു തുറക്കുന്നത് പലപ്പോഴും വേദനാജന കവും അസുഖകരവുമായ ഒരു അവസ്ഥയാണ്. മാതാപിതാക്കളുടെയും പാസ്റ്റർമാരുടെയും ഉപദേശങ്ങൾ എപ്പോഴും സ്വീകാര്യമായും വരുകയില്ല. എന്നാൽ വിശ്വസിക്കുകയും ആശ്രയിക്കുകയും ചെയ്യുന്നവരുടെ സാമീപ്യം ഉത്തമമായ പാതയിൽക്കൂടി ഗമിക്കുന്നതിന് ഒരു സുവർണ്ണാ വസരം ആയി ഞങ്ങൾ കരുതുന്നു.

ഞങ്ങളുടെ വിവാഹദിനം സമീപിക്കുംതോറും ക്രിസ്തുവിങ്കലേക്ക് നയിച്ച മറ്റുള്ളവരുടെ സഹായങ്ങൾക്ക് ഞങ്ങൾ നന്ദിയുള്ളവരാണ്. ഇത് ഇല്ലായിരുന്നുവെങ്കിൽ എനിക്കും ഹെലനും അന്യോന്യം ഹൃദയം തുറ ക്കുവാൻ സാധ്യമാകുമായിരുന്നില്ല. ലൈംഗികതയുടെ ചുറ്റുപാടുകളി ല്ലാത്ത ഒരു സുഹൃദ്ബന്ധം ഞങ്ങൾ തമ്മിൽ വളർത്തിയെടുക്കുവാൻ സാധിച്ചതിൽ ഞങ്ങൾ സന്തുഷ്ടരാണ്. ഞങ്ങളുടെ ഭാവി എന്തായിരു ന്നാലും ക്രിസ്തു ഞങ്ങളുടെ നായകനായി ഞങ്ങളെ നയിക്കും."

വിവാഹത്തിനുവേണ്ടി തയ്യാറാകുന്നവർ വിവാഹ ഉടമ്പടി എടുക്കു ന്നതിനു മുമ്പായി അന്യോന്യം പരിചയപ്പെടുകയും അറിയുകയും അന്യോന്യം മനസ്സിലാക്കുകയും ചെയ്യേണ്ടുന്നതിന്റെ പ്രാധാന്യം റേയുടെയും ഹെലന്റെയും കഥ വെളിവാക്കുന്നു. രണ്ടുപേർ തമ്മിൽ വിവാഹത്തിന് ഒരുമ്പെടുമ്പോൾ അന്യോന്യം അവരുടെ മനസ്സിൽ ദൈവം ഉണ്ടോ എന്നു മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഇതിനുതകുന്ന നിര വധി സംഗതികളിൽ അവർക്കു സമയം കണ്ടെത്താം. വായന, ഒരുമി ച്ചുള്ള നടപ്പ്, അന്യോന്യം കുടുംബങ്ങൾ സന്ദർശിക്കുക, ഒരുമിച്ചുള്ള സാമൂഹ്യസേവന പ്രവർത്തനം ഇവയൊക്കെയും അത്യുത്തമങ്ങളാണ്. അന്യോന്യം കത്തുകൾ കൈമാറുന്നതും അന്യോന്യം ആഴത്തിൽ മന സ്സിലാക്കുവാൻ സഹായകമാണ്. എന്റെ അനുഭവത്തിൽ ആദ്യകാലങ്ങ ളിൽ ഒരു സഹോദരീസഹോദരബന്ധത്തിന്റെ അടിസ്ഥാനത്തിൽ കത്തു കൾ കൈമാറുവാൻ സാധിക്കുന്നു. റൊമാന്റിക് തലത്തിലുള്ള സ്നേഹ

ത്തേക്കാൾ ഉപരിയായി ദൈവഹിതത്തിന്റെയും നടത്തിപ്പിന്റെയും അടിസ്ഥാനത്തിൽ ഒരു വിവാഹബന്ധത്തിലേക്ക് പ്രവേശിക്കുന്നതിന് ഇവയെല്ലാം സഹായകരമാണ്.

ഈ വിധത്തിൽ കത്തുകൾ കൈമാറുന്നതിനും അതിന്റെ ഉള്ളടക്കം മാതാപിതാക്കളുമായും പാസ്റ്റർമാരുമായും പങ്കുവയ്ക്കുന്നതിനും ഞങ്ങളുടെ സഭ പ്രോത്സാഹിപ്പിക്കുന്നു. ഇത് അതിരുകടന്നതാണ് എന്ന് ഒരു പക്ഷേ ചിന്തിച്ചേക്കാം. പക്ഷേ എപ്പോഴും ഇത് ഉത്തമ നടത്തിപ്പും സഹായങ്ങളും വിവാഹത്തിന് ഒരുങ്ങുന്നവർക്കു നൽകുന്നു. ഉപദേശങ്ങൾക്കും സഹായത്തിനും ഈ വിധത്തിൽ യുവമിഥുനങ്ങൾ തയ്യാറായിരുന്നുവെങ്കിൽ നിരവധി വിവാഹ ബന്ധങ്ങൾ ശിഥിലമാകാതെ ഉറപ്പുള്ളതായി ത്തീരുമായിരുന്നു.

ആരോഗ്യകരമ◌ായ ഒരു ബന്ധം ധൃതിയിൽ നിന്ന് ഉളവാകു ന്നില്ല. ദൈവത്തിന്റെ സമയത്ത് ഒരു പുഷ്പം വിടരുന്നതുപോലെ ബന്ധങ്ങൾ ഉടലെടുക്കേണ്ടതാണ്. ഒരു വിവാഹബന്ധം നിലനിൽക്കണമെങ്കിൽ അത് ഉറച്ച അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കേണ്ടതാണ്.

**ദൈവഹിതത്തിനനുസരിച്ചു വേണം വിവാഹബന്ധം ഉറപ്പിക്കേണ്ടത്**

എല്ലാവിധ ഉത്തമബന്ധങ്ങളിലും സത്യസന്ധത പരമപ്രധാനമാണ്. തങ്ങൾ ദൈവത്തോടുള്ള സാമീപ്യത്തിൽ വളരുന്നില്ല എന്ന ബോധം ഉത്ഭവിക്കുമ്പോൾ തുറന്ന മനസ്സോടുകൂടി അതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. സഭയും ഈ സംഗതിയിൽ സഹായഹസ്തങ്ങൾ നീട്ടേണ്ടതാണ്. അവർ തമ്മിലുള്ള ബന്ധത്തിന്റെ പുരോഗമനം ദൈവികാടിസ്ഥാനത്തിലായിരിപ്പാനും നല്ല ഫലങ്ങൾ പുറപ്പെടുവിക്കാനും ഇടയാകത്തക്കവിധത്തിൽ അവരെ വിവാഹബന്ധത്തിനുവേണ്ടി ഒരുക്കേണ്ടതാണ്. വിവാഹപ്രതിജ്ഞകൾ എടുത്തിട്ടില്ലയെങ്കിലും ഒരു ബന്ധം വേർപിരിക്കുന്നത് എപ്പോഴും വേദനാജനകമാണ്. എന്നാൽ കുറച്ചു വേദനയോടുകൂടിയാണെങ്കിൽത്തന്നെയും ഒരു ബന്ധം വേർപിരിക്കുന്നതാണ് എക്കാലവും നിലനിർത്തുന്നിനേക്കാൾ ഭേദമായിട്ടുള്ളത്.

രണ്ടു യുവതീയുവാക്കൾ മാതാപിതാക്കളുടെയും മറ്റു മുതിർന്നവരുടെയും സമ്മതത്തോടുകൂടി മാത്രം വേണം വിവാഹം നടത്തുവാൻ. അവരുടെ അറിവും അനുഗ്രഹാശിസ്സുകളും ഉപദേശങ്ങളും ഒരു തീരുമാനം എടുക്കുന്നതിനായി അവർ നേടിയിരിക്കേണ്ടതാണ്. ദൈവമാണ് ഈ ബന്ധത്തിനു മുൻകൈ എടുത്ത് നടത്തുന്നത് എന്ന ഉൾബോധം ഹൃദയത്തിന്റെ അഗാധതയിൽനിന്നും ഉളവായിക്കഴിഞ്ഞാൽ മാത്രമേ വിവാഹബന്ധത്തിനുവേണ്ടി അവർ തയ്യാറാകുന്നുള്ളൂ.

ദീർഘനേരത്തേക്കുള്ള ആലിംഗനം, തലോടൽ, അധരങ്ങളിലുള്ള ചുംബനം, ഇത്യാദി ലൈംഗികോത്തേജനം ഉളവാക്കുന്ന സ്നേഹപ്രകടനങ്ങൾ ഒഴിവാക്കുക. വിവാഹപ്രതിജ്ഞ എടുത്ത യുവതീയുവാക്കൾ ശാരീരികമായ സാമീപ്യം ആഗ്രഹിക്കും എന്നത് സ്വാഭാവികമാണെങ്കിലും അതിൽ കേന്ദ്രീകരിക്കാതെ മാനസികമായും ആത്മീയമായുമുള്ള



സാമീപ്യത്തിന് കൂടുതൽ ഊന്നൽ നൽകി യേശുവിനോടും അവന്റെ സഭയോടുമുള്ള സ്നേഹത്തിൽ വളരുവൻ ശ്രദ്ധ പതിപ്പിക്കുക.

രണ്ടു യുവതീയുവാക്കൾ പരസ്പരം പരിചയപ്പെടുമ്പോൾ ലൈംഗികത യഥാർത്ഥ സ്നേഹബന്ധം കെട്ടിപ്പടുക്കുന്നതിന് വിഘാതമായിത്തീരുന്നു. ലൈംഗികവികാരങ്ങൾ മറ്റു വികാരങ്ങളേക്കാൾ മൂർച്ചയേറിയതാകയാൽ മറ്റു വികാരങ്ങളെ തള്ളിമാറ്റുന്നു. ലൈംഗികോത്തേജനം വർദ്ധമാനമാണ്. ആരംഭിച്ചാൽ പുറകോട്ടു പോകുന്നത് വൈഷമ്യകരമാകും. രണ്ടുപേർ അന്യോന്യം ഉത്തേജിപ്പിക്കപ്പെടുമ്പോൾ ലൈംഗിക ബന്ധത്തിന്റെ പ്രാരംഭ നടപടി കൾ ആരംഭിക്കുകയാണ് ചെയ്യുന്നത്. അംഗീകരിച്ചാലും ഇല്ലെങ്കിലും അവർ വൈകാരികമായി ശാരീരിക ലൈംഗിക ബന്ധത്തിന് ഒരുങ്ങുകയാണ് ചെയ്യുന്നത്.

ഈ തലത്തിൽ രണ്ടു സംഗതികൾ മാത്രമാണ് അവരുടെ മുമ്പിൽ അവശേഷിക്കുന്നത് 1) പൂർണ്ണ ബന്ധത്തിൽ ഏർപ്പെടുക. 2) പൂർണ്ണമായ അനുഭവത്തിലേക്കു വരുന്നതിനു മുമ്പായി പാതിവഴിയിൽ നിർത്തുകയും അതിന്റെ ഫലമായുള്ള ഇച്ഛാഭംഗത്തിന് ഇരയാകുകയും ചെയ്യുക. ഇങ്ങനെയുള്ള ലൈംഗികോത്തേജനം പാപത്തിൽ പര്യവസാനിക്കുന്നു. പാതിവഴി സ്വീകരിക്കുന്നത് പിന്നീട് ഉത്തമബന്ധം നിലനിർത്തുന്നതിന് വിഘാതമായിവരുന്നു.

ഏറ്റുപറയാത്ത പാപഭാരത്തിൽ വലയുന്നവരുടെ വിവാഹജീവിതത്തിൽ ഉറപ്പുള്ള അടിസ്ഥാനം ലഭ്യമാകണമെങ്കിൽ തങ്ങളുടെ പാപങ്ങളെ ഏറ്റുപറയേണ്ടതാണ്. ഒരു വിവാഹജീവിതത്തിന്റെ ഭദ്രത അതിന്റെ അടിസ്ഥാനത്തിൽ ആശ്രയിച്ചിരിക്കുന്നു. വൈവാഹിക ജീവിതത്തിന്റെ ആരോഗ്യം അതു വളരുന്ന മണ്ണിന്റെ ഗുണത്തിനനുസരിച്ചു മാത്രമാണ്. വിശുദ്ധിയുടെയും വിശ്വാസത്തിന്റേതുമായ മണ്ണിൽ ഉടലെടുക്കുന്ന കുടുംബജീവിതത്തിൽ വിലയേറിയ ഫലങ്ങൾ പുറപ്പെടുവിക്കപ്പെട്ട് വൈകാരികാനുഗ്രഹം ലഭ്യമാക്കപ്പെടും.

ഞാൻ ഏതാത്മാവിൽ എഴുതുന്നുവെന്ന് മനസ്സിലാക്കുവാൻ ശ്രമിക്കുക. അന്യോന്യം ഹൃദയങ്ങളെ അറിയുവാൻ ശ്രമിക്കുക. വിശ്വാസത്തിൽ ക്രിസ്തുവിനെ സമീപിക്കുക. എല്ലാവിധ ചോദ്യങ്ങൾക്കും ഉത്തരം അവനിൽനിന്നു കണ്ടുപിടിക്കുക. ഉത്തമവും ശരിയുമായ ജീവിതപ്പാതകളിൽക്കൂടി അവൻ നിങ്ങളെ നയിക്കും.

# 14

# ഏകാഗ്രഹൃദയത്തോടുകൂടിയ ശുശ്രൂഷ

*"ശിഷ്യന്മാർ അവനോട് സ്ത്രീയെസംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു. അവൻ അവരോട് 'വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ വചനം ഗ്രഹിക്കുന്നില്ല. അമ്മയുടെ ഗർഭത്തിൽനിന്ന് ഷണ്ഡന്മാരായി ജനിച്ചവരുണ്ട്. മനുഷ്യർ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്. ഗ്രഹിപ്പാൻ കഴിയുന്നവർ ഗ്രഹിക്കട്ടെ' എന്നു പറഞ്ഞു" (മത്താ. 19:10–12).*

ദൈവത്തോടും മറ്റു മനുഷ്യരോടുമുള്ള ഐക്യതയ്ക്കുവേണ്ടിയുള്ള ദാഹം വിവാഹബന്ധത്തെ ആശ്രയിച്ചു മാത്രമല്ല ഉണ്ടാകുന്നത്. ദൈവരാജ്യത്തിനുവേണ്ടി കുടുംബജീവിതം ഉപേക്ഷിച്ച് ക്രിസ്തുവിനോടുള്ള ആഴമായ പ്രതിബദ്ധതയിൽ ജീവിക്കുന്നവരുടെ അവസ്ഥയെക്കുറിച്ചും പുതിയ നിയമം വിവരിക്കുന്നു. വിവാഹം ഉൾപ്പെടെയുള്ള സകലതും യേശുവിനുവേണ്ടി ഉപേക്ഷിക്കുന്നവർക്ക് വിലയേറിയ വാഗ്ദത്തങ്ങളാണ് നൽകപ്പെടുന്നത്. അവൻ അവർക്ക് സമീപസ്ഥനായിരിക്കും(വെളി. 14:1–5). ഏതെങ്കിലും കാരണവശാൽ വിവാഹബന്ധത്തിൽ ഏർപ്പെടുവാൻ സാധിക്കാത്തവർക്ക്, മരണത്താൽ വിവാഹബന്ധത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടവർക്ക്, അവരുടെ ഹൃദയാന്തർഭാഗത്ത് ഈ ഏകത്വത്തെ അംഗീകരിക്കുവാൻ സാധിക്കുന്നുവെങ്കിൽ വിവാഹ ജീവിതത്തേക്കാൾ ഉപരിയായ ഒരു ദൈവവിളി അതിൽക്കൂടി അവർക്കു സ്വീകരിക്കുവാൻ സാധിക്കും. അവൻ അവർക്ക് സമീപസ്ഥനായിരിക്കും. ദൈവരാജ്യ വർദ്ധനവിനുവേണ്ടി ഒരു ഉന്നതവിളിയായി തങ്ങളുടെ ജീവിതത്തെ ഈ വിധത്തിൽ പ്രതിഷ്ഠിക്കുവാൻ സാധിക്കും.

**ക്രിസ്തുവിനുവേണ്ടി ജീവിക്കുക എന്നതിലാണ് ജീവിതപൂർണ്ണത കണ്ടെത്തുന്നത്**

ക്രിസ്തുവിനെ പിന്തുടരുവാൻ ആഗ്രഹിക്കുന്ന ഓരോ പുരുഷനും സ്ത്രീയും അവനാൽ രൂപാന്തരപ്പെടേണ്ടതാണ്. ഈ ഒരു വെല്ലുവിളി ഏകമായി ജീവിതം നയിക്കുന്നവർക്ക് പുതിയ മാനദണ്ഡങ്ങളും സാധ്യതകളും ഉളവാക്കുന്നു. മാത്രമല്ല, അവൻ കർത്താവുമായി ഒരു





പ്രത്യേക ബന്ധത്തിൽ വളരുവാനും സാധിക്കും. ക്രിസ്തുവിനുവേണ്ടി ജീവിക്കുക എന്നതിലാണ് നാം ജീവിതത്തിന്റെ പൂർണ്ണത കണ്ടെത്തേണ്ടത് (യോഹ. 10:10). നമ്മുടെ ജീവിതത്തിലെ ഏറ്റവും ഉന്നതമായ ദൈവവിളിയാണ് ഇത് എന്നത് എന്ന സത്യം നാം വിസ്മരിക്കരുത്. മണവാളനാകുന്ന ക്രിസ്തുവിനെ യഥാർത്ഥമായി സ്നേഹിക്കുന്നുവെങ്കിൽ ബപ്തീസ്മയുടെ അനുഭവത്തിൽ നാം അവനുമായി സംയോജിപ്പിക്കപ്പെടും. നാം ക്രിസ്തുവിൽ ജീവിക്കുന്നുവെങ്കിൽ അവനോടുള്ള സ്നേഹത്തിന്റെ നിറവിൽ നമ്മുടെ ചുറ്റുപാടുമുള്ള സഹോദരീസഹോദരന്മാരെയും സ്നേഹിക്കുവാൻ തയ്യാറാവും.

അസ്സീസിയിലെ ഫ്രാൻസിസും ക്ലാര എന്ന യുവതിയും തമ്മിലുണ്ടായിരുന്ന സുഹൃദ്ബന്ധത്തിൽ സഹോദരീസഹോദര സ്നേഹം വളരെ വ്യക്തമായി ദർശിക്കുവാൻ സാധിക്കും. ഈ സുഹൃദ് ബന്ധം ഒരു വൈവാഹിക ബന്ധത്തിലേക്ക് അവരെ നയിച്ചില്ല. അത് ക്രിസ്തുവിനോടുള്ള പ്രതിബദ്ധതയിൽനിന്നും ഉളവായ ഒരു സുദൃഢ സ്നേഹബന്ധം ആയിരുന്നു. തന്റെ മറ്റു സഹോദരന്മാരും സ്നേഹിതരും കൈവെടിഞ്ഞപ്പോൾ ക്ലാരയുടെ സമീപത്തേക്ക് ഫ്രാൻസിസ് പോയി. പൂർണ്ണമായും ഉറപ്പോടുകൂടി വിശ്വസിക്കുവാൻ സാധിക്കുന്ന ഒരു സ്നേഹിതയായി അവൾ വർത്തിച്ചു. എതിർപ്പുകളെ നേരിടേണ്ടിവന്നുവെങ്കിലും ഫ്രാൻസിസിന്റെ മരണശേഷവും ക്ലാര അദ്ദേഹത്തോടു വിശ്വസ്തത പുലർത്തി അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ തുടർന്നുവന്നു. വിവാഹവുമായി, യാതൊരു ബന്ധവും ഇല്ലാത്ത രീതിയിലുള്ള യഥാർത്ഥവും ഉറ്റവുമായ ഈ വിശുദ്ധ ബന്ധം തീർച്ചയായും ദൈവികമാണ്.

ഫ്രാൻസിസിനെയും ക്ലാരയേയുംപോലെ ക്രിസ്തുവിനുവേണ്ടി വിവാഹജീവിതത്തിലേർപ്പെടാത്ത പലരെയും നമുക്ക് ദർശിക്കുവാൻ സാധിക്കും. എന്നാൽ ഉത്തമ ക്രിസ്തീയ ബന്ധങ്ങൾ നിലനിർത്തുന്നതിന് ഇവർക്ക് ലഭിച്ച ദൈവിക വരം ഏവർക്കും ലഭ്യമല്ല. എന്നാൽ ഉദ്ദേശ്യശുദ്ധിയോടുകൂടിയ ഈ ജീവിതം അശുദ്ധിക്ക് എതിരായ ഒരു മറുമരുന്നല്ല. എല്ലാ ഹൃദയങ്ങളിലും വിശുദ്ധി കാത്തു സൂക്ഷിക്കുന്നതിന് ജാഗ്രത ആവശ്യമാണ്. ജഡത്തിനും പാപത്തിനും എതിരായ ഒരു പോരാട്ടത്തിൽക്കൂടി മാത്രമേ ഇതു സാധിക്കൂ.

**നാം അനുവദിക്കുകയാണെങ്കിൽ യേശു സകല വിടവുകളും, ശൂന്യതയും നികത്തും**

വേദപുസ്തകം പരീക്ഷയിൽനിന്നുള്ള വിടുതൽ വാഗ്ദാനം ചെയ്യുന്നില്ല. എന്നാൽ പരീക്ഷയെ അതിജീവിപ്പാനുള്ള ശക്തി അവൻ നമുക്കു നൽകുന്നു (1 കൊരി. 10:13). ക്ഷമയോടും വിശ്വസ്തതയോടും കൂടി കാത്തിരുന്നാൽ ദൈവം നമ്മെ സഹായിക്കും. നമ്മുടെ സ്വന്തം ശക്തിയാൽ ഹൃദയവിശുദ്ധിയെ കാത്തു സൂക്ഷിക്കുവാൻ സാധിക്കും എന്നു ഞാൻ അവകാശപ്പെടുന്നില്ല. എന്നാൽ പരിശുദ്ധാത്മശക്തിയാലും കരുതുന്ന സ്നേഹിതരുടെയും ബന്ധുമിത്രാദികളുടെ സഹായത്താലും സ്വാതന്ത്ര്യവും വിജയവും കൈവരിക്കുവാൻ സാധ്യമാകും (ഗലാ. 6:1–2).

ഒരു ജീവിതപങ്കാളിയെ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയും ക്രിസ്തുവിനുവേണ്ടി ഏകനായി ജീവിക്കുവാൻ ഒരു പ്രത്യേക വിളി ഇല്ലാതെയും ജീവിക്കുന്ന സാഹചര്യത്തിൽ ജീവിതം കയ്പു നിറഞ്ഞതായിത്തീരുവാൻ സാദ്ധ്യത ഏറെയാണ്. വിവാഹജീവിതത്തിനുവേണ്ടിയുള്ള ദീർഘകാലമായ ആഗ്രഹം സാക്ഷാത്കരിക്കപ്പെടാതെ വരുമ്പോൾ അത് ഹൃദയത്തെ കഠിനപ്പെടുത്തുന്നു. ദൈവകൃപയാൽ മാത്രമേ ഈ അവസ്ഥയെ തരണം ചെയ്യുവാൻ സാധ്യമാകൂ. വിവാഹജീവിതത്തെക്കുറിച്ചുള്ള ആഗ്രഹം ഉപേക്ഷിക്കുകയും സമാധാനം കൈവരിക്കുകയും ചെയ്യുവാൻ അവൻ സഹായിക്കും.

സിന്ത്യ (Cinthia)എന്ന അവിവാഹിതയായ നാൽപ്പത്തിയഞ്ചുകാരി തന്റെ ജീവിത ശൂന്യതയെ അകറ്റി ജീവിതസംതൃപ്തി കണ്ടെത്തിയതിനെക്കുറിച്ച് ഇപ്രകാരം വിവരിക്കുന്നു:

"ജീവിതകാലം മുഴുവൻ കന്യകയായി ജീവിക്കണമോ"? നമ്മിൽ പലരും ഈ ഒരു യാഥാർത്ഥ്യത്തെ നേരിടേണ്ടതാണ്. എന്തുകൊണ്ട്? നമ്മുടെ ജീവിതം ദൈവത്തിനുവേണ്ടി പ്രതിഷ്ഠിക്കപ്പെട്ടതുകൊണ്ടു തന്നെ കുടുംബവും ആയി ബന്ധമില്ലാതെ ദൈവ ബന്ധത്തിൽ ജീവിച്ച് അവനുവേണ്ടി പ്രവർത്തിക്കുവാൻ ദൈവത്തിനു പലരെയും ആവശ്യമുണ്ട്. ഈ അവസ്ഥ ജീവിതവളർച്ചയ്ക്കും സംതൃപ്തിക്കും ജീവിതസമ്പൂർണ്ണതയ്ക്കും വിഘാതമോ? ദൈവത്തിന്റെ പദ്ധതികളെ എതിർക്കാതെ ദൈവഹിതത്തെ ആശ്ലേഷിക്കുന്നവർക്ക് ഏകമായ ജീവിതം ഒരിക്കലും ഏകാന്തത നിറഞ്ഞതാകുന്നില്ല. എന്നാൽ വിവാഹത്തെ ഉപേക്ഷിച്ച് പൂർണ്ണ പ്രതിഷ്ഠയോടെ ദൈവവേലയ്ക്കുവേണ്ടി സമർപ്പിക്കുന്നതിൽക്കൂടി ജീവിതനിവൃത്തി ഉവാകും.

അവിവാഹിത ജീവിതം നയിച്ച് ഇന്ത്യയിൽ ഒരു യുവമിഷണറിയായി പ്രവർത്തിച്ച ഏമി കാർമൈക്കളിനെക്കുറിച്ച് (Emy Carmichael) ചിന്തിക്കുക. ദൈവം ഏതു തരത്തിലുള്ള ജീവിതമാണ് തനിക്കു നൽകുവാൻ പോകുന്നത് എന്ന് അറിയുവാൻ പാടില്ലാതെ വിശ്വാസത്താൽ തന്നെത്തന്നെ സമർപ്പിച്ച് അവർ ഇറങ്ങിപ്പുറപ്പെട്ടു. അധികം താമസിയാതെ ക്ഷേത്രങ്ങളിൽ വിവിധതരത്തിൽ പീഡിപ്പിക്കപ്പെടുന്ന നിരാലംബരായ പെൺകുട്ടികൾക്കുവേണ്ടി ഒരു പുനരധിവാസ കേന്ദ്രം തുടങ്ങുവാൻ അവർക്കു സാധിച്ചു. അതുപോലെതന്നെ കൽക്കട്ടയിലെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായവർക്കിടയിൽ പ്രവർത്തിപ്പാൻ സേവിനിമാരുടെ ഒരു സമൂഹത്തെ മദർ തെരേസ വാർത്തെടുത്തു. ഇന്ന് ഇത് അനുസ്യൂതം ലോകമെങ്ങും പടർന്നു പന്തലിച്ചിരിക്കുന്നു. അതുപോലെ വിശുദ്ധ പൗലോസും മറ്റ് അപ്പൊസ്തലന്മാരും ഏകരായി സുവിശേഷ പ്രസിദ്ധിക്കായി ലോകമെങ്ങും സഞ്ചരിച്ചു.

അവിവാഹിതവ്രതം സ്വീകരിച്ച് ഏകരായി ജീവിക്കുന്നതിന് ഒരു മിഷണറിയോ സിസ്റ്ററോ അപ്പൊസ്തലനോ ആയിത്തീരണമെന്നില്ല. വിവാഹത്തിനുള്ള സാധ്യത മങ്ങി അതിൽ ക്രുദ്ധരായിക്കഴിയുന്നതിനു പകരം മറ്റുള്ളവരെ സേവിക്കുന്നതിനുള്ള നിരവധി സാധ്യതകൾ മനസ്സിലാക്കി അതിൽ പങ്കുകൊണ്ട് നിർവൃതി കൈവരിക്കുക എന്നതാണ് കരണീയമായുള്ളത്.



അടുത്തുള്ള കാരാഗൃഹത്തിലെ അന്തേവാസികളെ ഞാൻ ആഴ്ചതോറും സന്ദർശിക്കാറുണ്ട്. എന്റെ കഴിഞ്ഞ സന്ദർശന വേളയിൽ വേദപുസ്തകപഠനത്തിന്, ജയിൽവാസികളായ സ്ത്രീകൾ താത്പര്യം പ്രകടിപ്പിച്ചു. അങ്ങനെ ഞങ്ങൾ ഒരുമിച്ച് നല്ല ശമര്യക്കാരന്റെ കഥ വായിച്ച് ദൈനംദിന ജീവിതത്തിൽ അതിനുള്ള പ്രായോഗികാവശ്യങ്ങളെക്കുറിച്ചു ചിന്തിച്ചു. അതിനുശേഷം എല്ലാവരും ചേർന്നു പാടുവാൻ തുടങ്ങി. പാടുവാൻ സാധിക്കുന്നവരും അല്ലാത്തവരും ഒരുമിച്ച് "അത്ഭുതകരമായ കൃപ", "പ്രിയ കർത്താവേ" മുതലായ ഗാനങ്ങൾ ആലപിച്ചു.

എല്ലാ വൈകുന്നേരവും ഇതുപോലെ സംതൃപ്തികരമായെന്നു വരികയില്ല. ചിലർ സ്വയം പരിതപിക്കുമ്പോൾ മറ്റു ചിലർ ഏകാന്തതയിൽ പാപത്തിന് അധീനരായിയെന്നുവരാം. Passion and Purity എന്ന് തന്റെ പുസ്തകത്തിൽ എലിസബത്ത് എലിയറ്റ് ഇപ്രകാരം ഉപദേശിക്കുന്നു: "നിങ്ങളുടെ ഏകമായുള്ള അവസ്ഥ അംഗീകരിക്കുക. അത് ദൈവത്തിലേക്കുള്ള യാത്രയുടെ ഒരു കണ്ണി മാത്രമാണ്. ഒരു ചെറിയ കണ്ണി മാത്രമാണ് എന്നതിനാൽ എക്കാലവും ആ ഏകാന്തത നിലനിൽക്കുന്നില്ല. ഒരു ചെറിയ ബാലകൻ തന്റെ അഞ്ചപ്പവും രണ്ടു മീനും കർത്താവിനു സമർപ്പിച്ചതു പോലെ നിങ്ങളുടെ ഏകാന്തതയെ ദൈവത്തിനു സമർപ്പിക്കുക. അതിനെ മറ്റുള്ളവരുടെ നന്മയ്ക്കായി രൂപാന്തരപ്പെടുത്തുവാൻ ദൈവത്തിനു സാധിക്കും. അതിലുപരിയായി ആർക്കെങ്കിലും വേണ്ടി എപ്പോഴും നന്മ പ്രവർത്തിക്കുക. മറ്റുള്ളവർക്കുവേണ്ടിയുള്ള സേവനം ഇതാണിതിന്റെ രഹസ്യം. അധ്യാപനം, ശുശ്രൂഷ, ഉപദേശം, ജയിലിൽ തടവുകാരെ സന്ദർശിക്കുക ഇത്യാദി പ്രവർത്തനങ്ങളിൽക്കൂടി ജീവിതത്തിലെ ഏകാന്തത ദൂരീകരിക്കാം. വേദനിക്കുന്നവരായി, സ്നേഹം കാംക്ഷിക്കുന്ന നിരവധിപേർ ഈ ലോകത്തുണ്ട്. ഏകരായി ജീവിക്കുന്നവർക്ക് മറ്റു ബദ്ധപ്പാടുകളില്ലാതെ ഈ പ്രവർത്തനത്തിനു സമയം കണ്ടെത്തുവാൻ സാധിക്കും."

നമ്മുടെ ആഗ്രഹങ്ങളെയും ഹിതങ്ങളെയും വെടിയുക എന്നത് എളുപ്പമുള്ള ഒന്നല്ല. അത് പലരുടെയും ജീവിതത്തിൽ ഒരു ഭാരമായും തീർന്നേക്കാം. എന്നാൽ ഏകരായുള്ളവർ തങ്ങളുടെ ആശകളെയും സ്വപ്നങ്ങളെയും പരിപൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുമ്പോൾ, ആ ശൂന്യത യേശുക്രിസ്തു തന്റെ സ്നേഹത്താലും കരുതൽകൊണ്ടും നിറയ്ക്കും. കുരിശിലെ ഏകാന്തതയിൽ യേശു എപ്രകാരം തന്റെ ജീവൻ വെടിഞ്ഞുവെന്നതും അവനുവേണ്ടി തങ്ങൾക്ക് തങ്ങളുടെ ജീവിതത്തെ സമർപ്പിക്കുവാൻ സാധിക്കുമെന്നതിനാലും അവർ സന്തോഷവാന്മാരാകും. നിരന്തരമായി വിവാഹത്തിന് ആഗ്രഹിക്കുന്നവർക്ക് ഈ തരത്തിലുള്ള ഒരു സന്തോഷാനുഭവം ഉണ്ടാകുകയില്ല. വിവാഹജീവിതം ഒരു വലിയ ദാനമാണ്. പക്ഷേ യേശുവിനുവേണ്ടി പൂർണ്ണമായി സമർപ്പിക്കപ്പെടുകയെന്നത് അതിലുപരിയായി ഒരു ദൈവികദാനമാണ്. ആത്യന്തികമായ ദൈവനിയോഗമനുസരിച്ച് ദൈവത്താൽ ഉപയോഗിക്കപ്പെടുവാനുള്ള നമ്മുടെ സമർപ്പണമനോഭാവവും ഏതു സാഹചര്യം ലഭ്യമായാലും അതിനുള്ള സംതൃപ്തിയുമാണ് ആവശ്യമായുള്ളത് (ഫിലി. 4:11-13). ദൈവം നമ്മെ

സ്നേഹിക്കുന്നില്ല എന്ന് നാം ഒരിക്കലും ചിന്തിക്കരുത്. അത്തരത്തിലുള്ള ചിന്തകളുടെ ഉറവിടം സാത്താനാണ്.

ഒരു വ്യക്തി സമർപ്പിക്കപ്പെട്ടതും പ്രതിഷ്ഠിക്കപ്പെട്ടതും ആണെങ്കിലും സങ്കടത്തിന്റെയും കഷ്ടതകളുടെയും നാളുകളും ചിലപ്പോൾ ആഴ്ചകളോ മാസങ്ങളോ ഒക്കെയും വരുന്നത് സ്വാഭാവികമാണ്. അവിവാഹിതനും ഏകനുമായ ഒരാളുടെ ജീവിതത്തിൽ ഈ രീതിയിലുള്ള അവസരങ്ങളിൽ കുടുംബവും കുട്ടികളും ഇല്ല എന്നത് സങ്കടവും നഷ്ടബോധവും അതോടൊപ്പമുള്ള അഭിവാഞ്ഛകളും ഉളവാക്കും. ഈ അവസരങ്ങളിൽ അവയെക്കുറിച്ച് ആലോചിച്ച്, വിലപിച്ച്, മനസ്സു പുണ്ണാക്കുന്നതിനേക്കാൾ മെച്ചമായുള്ളത് ആ സമയത്ത് ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കുകയും സഭയിൽ സഹോദരീസഹോദരന്മാരുമായി കൂടുതൽ സമ്പർക്കം പുലർത്തുകയും അവരുടെ കൂട്ടായ്മയിൽ പങ്കാളി ആകുകയുമാണ് വേണ്ടത്. ബോൺഹോഫർ ഇപ്രകാരം എഴുതുന്നു:

“മറഞ്ഞിരിക്കുന്ന അമൂല്യസമ്പത്തുകളെ വെളിപ്പെടുത്തുന്ന ദൈവദൂതനാണ് വേദന. ആ ദൈവദൂതനിൽക്കൂടി മറ്റെല്ലാവിധ ലൗകിക സന്തോഷാനുഭവങ്ങളേക്കാൾ സ്ത്രീപുരുഷന്മാർ കൂടുതൽ മഹത്വമുള്ളവരാകുന്നു. ഇത് ഒരു ജീവിതയാഥാർത്ഥ്യമാണെന്നാണ് എന്റെ ഇപ്പോഴത്തെ സ്ഥിതി വെളിപ്പെടുത്തുന്നത്. കഷ്ടതയുടെയും വേർപാടിന്റെയുമായ അനുഭവങ്ങൾ, ശാരീരികവും മാനസികവുമായുള്ളവ പലപ്പോഴും ദുരീകരിക്കുവാൻ സാധ്യമല്ല എന്നാൽ അതിനെ അതിജീവിക്കേണ്ടത് ആവശ്യമാണ്. വേദന എന്ന ദൈവദൂതനേക്കാൾ ഉയർന്ന മറ്റൊരു വിശുദ്ധ ദൂതൻ നമ്മുടെ സമീപസ്ഥനായുണ്ട് -ദൈവത്തിലുള്ള നമ്മുടെ ഉറപ്പും സന്തോഷവും.”

**അവിവാഹജീവിതത്തിലെ ഏകാന്തത ഒരു ഭാരമായിട്ടോ ഉന്നതമായ ദൈവവിളിയായിട്ടോ സ്വീകരിക്കാം**

അവിവാഹിതരായ പുരുഷന്മാരും സ്ത്രീകളും ജീവിതത്തിൽ നിന്നും സ്നേഹത്തിൽനിന്നും അകന്ന് ജീവിതത്തെ കയ്പ് നിറഞ്ഞതായി ത്തീർക്കരുത്. അവരിലുള്ള ഉത്തമങ്ങളായ ഗുണങ്ങളെ ശ്വാസം മുട്ടിക്കാതെയും അപ്രാപ്യമല്ലാത്ത സംഗതികളെ ആഗ്രഹിക്കാതെയും അവയെക്കുറിച്ച് ദിവാസ്വപ്നം കാണാതെ ഇരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വയചിന്തകളിലൂന്നി ദൈവം നൽകിയ താലന്തുകളെ മനസ്സിലാക്കാതെ ജീവിക്കുവാൻ ശ്രമിക്കരുത്. അവിവാഹിത ജീവിതത്തിലെ ഏകാന്തവാസം ദൈവത്തിന്റെ ഒരു പ്രത്യേക വിളിയാണ് എന്ന് അംഗീകരിക്കുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്യുവാൻ ശ്രമിച്ചാൽ അവരുടെ കഴിവുകളും സ്നേഹം നിറഞ്ഞ പ്രകൃതിയും ഏറ്റവും ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കും. നൽകുന്നതിൽക്കൂടി അവരുടെ അഭിവാഞ്ഛകൾ പൂർത്തീകരിക്കപ്പെടും. തങ്ങളുടെ സ്നേഹത്തെ കർത്താവിലേക്കും സഭയിലേക്കും ബഹിർഗമിപ്പിക്കുന്നതിൽക്കൂടി അവരുടെ ജീവിതം സഫലീകരിക്കപ്പെടും. വി. പൗലോസ് പറയുന്നത് ശ്രദ്ധിക്കുക:





“നിങ്ങൾ ചിന്താകുലമില്ലാത്തവരായിരിക്കേണമെന്ന് ഞാൻ ഇച്ഛിക്കുന്നു. വിവാഹം ചെയ്യാത്തവൻ കർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കുമെന്നുവച്ച് കർത്താവിന്നുള്ളതു ചിന്തിക്കുന്നു: വിവാഹം ചെയ്തവൻ ഭാര്യയെ എങ്ങനെ പ്രസാദിപ്പിക്കുമെന്നുവച്ചു ലോകത്തിന്നുള്ളതു ചിന്തിക്കുന്നു. അതുപോലെ ഭാര്യയായവൾക്കും കന്യകയ്ക്കും തമ്മിൽ വ്യത്യാസമുണ്ട്. വിവാഹം കഴിയാത്തവൾ ശരീരത്തിലും ആത്മാവിലും വിശുദ്ധയാകേണ്ടതിന് കർത്താവിനുള്ളത് ചിന്തിക്കുന്നു; വിവാഹം കഴിഞ്ഞവൾ ഭർത്താവിനെ എങ്ങനെ പ്രസാദിപ്പിക്കുമെന്നുവച്ച് ലോകത്തിനുള്ളത് ചിന്തിക്കുന്നു (1 കൊരി. 7:32–35).

അവിവാഹിത ജീവിതത്തിന്റെ മറ്റൊരു അനുഗ്രഹവും ഇതേ ലേഖനത്തിൽത്തന്നെ വിശുദ്ധപൗലോസ് പ്രസ്താവിക്കുന്നു. കുടുംബത്തെക്കുറിച്ചും കുട്ടികളെക്കുറിച്ചുമുള്ള ഭാരം. “നീ വിവാഹം ചെയ്താൽ ദോഷമില്ല. കന്യകയും വിവാഹം ചെയ്താൽ ദോഷമില്ല. എങ്കിലും ഇങ്ങനെയുള്ളവർക്ക് ജഡത്തിൽ കഷ്ടതയുണ്ടാകും. അതു നിങ്ങൾക്കു വരരുത് എന്നാണ് എന്റെ ആഗ്രഹം” (1 കൊരി. 7:28).

വിവാഹതിരായവർക്ക് സാധിക്കാത്ത അവസരങ്ങളിൽ വിധവമാർക്ക് സഭയിലും ആവശ്യത്തിലുള്ളവർക്കും വേണ്ട ശുശ്രൂഷ നിവർത്തിക്കുവാൻ സാധിക്കും. വിശുദ്ധ പൗലോസ് പറയുന്നു: “സാക്ഷാൽ വിധവയും ഏകാകിയുമായവൾ ദൈവത്തിൽ ആശവച്ച് രാപ്പകൽ യാചനയിലും പ്രാർത്ഥനയിലും ഉറ്റുപാർക്കുന്നു”(1 തിമൊ. 5:5). യെരൂശലേമിലെ ആദിമ സഭയിൽ ദരിദ്രരെ ശുശ്രൂഷിപ്പാനം മറ്റു ചുമതലകൾ നിർവ്വഹിപ്പാനും വിധവമാരെ നിയോഗിച്ചിരുന്നു. “ഒരു ക്രിസ്തീയ സഭ എത്ര ചെറുതാണെങ്കിൽക്കൂടി ദരിദ്രരുടെ സ്നേഹിതനായി അവരുടെ മേൽനോട്ടത്തിന് ഒരാൾ ഉണ്ടായിരിക്കേണ്ടതാണ്. വിധവമാർക്ക് ഈ പ്രവർത്തനത്തിനുള്ള പങ്ക് വലുതാണ്. രോഗത്തിലും ആവശ്യങ്ങളിലും ഉള്ളവർക്ക് രാവും പകലും അവർ കരുതൽ നൽകേണ്ടതുമാണ്” ബോൺ ഹോഫർ (Bon hoffer).

വിധവമാരും അവിവാഹിതരായ പുരുഷന്മാരും സ്ത്രീകളും ഇന്ന് അവഗണിക്കപ്പെടുന്നുവെന്നത് സങ്കടകരമാണ്. അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ സഭ തയ്യാറാകണം പ്രത്യേകിച്ചും കുടുംബജീവിതത്തിന്റെ ആധുനിക സമൂഹങ്ങളിലെ തകർച്ചകളിൽ ഇതുപോലെ ഏകാന്തത അനുഭവിക്കുന്നവർക്കുവേണ്ടിയുള്ള പദ്ധതികളും അവരുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും ഉൾക്കൊള്ളിക്കുവാനുള്ള പ്രേരണകളും ആവശ്യമാണ്. ഒരു ഇണയെ കണ്ടുപിടിക്കുവാൻ സഹായിക്കണം എന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത് സാധിതമായില്ലയെങ്കിൽ അവരുടെ വേദന വർദ്ധിക്കുകയായിരിക്കും ഫലം. അവരുടെ കഴിവുകളും ശുശ്രൂഷകളും സഭയായി സ്വീകരിക്കുകയും അതിൽക്കൂടി ഉപയോഗപ്രദമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള സാഹചര്യം നൽകുകയും സഭയുടെ ജീവിതത്തിൽ പൂർണ്ണപങ്കാളിത്തം കൈവരിച്ച് അതിൽക്കൂടി അവരുടെ ഏകാന്തതയ്ക്ക് ശമനം വരുത്തുകയുമാണ് ലക്ഷ്യം.

**സാഹചര്യം എന്തായിരുന്നാലും സ്നേഹിക്കുവാൻ നാം ഏവരും വിളിക്കപ്പെട്ടിരിക്കുന്നു.**

വിവാഹിതരായ നാം നമ്മുടെ സന്തോഷം ഒരു ദൈവിക ദാനമാണെന്നത് വിസ്മരിക്കരുത്. ഈ ദാനം നാം പങ്കിടുകയും മറ്റുള്ളവരിലേക്കു നൽകുകയും ചെയ്യേണ്ടതാണ്. പ്രത്യേകിച്ചും ഏകാന്തതയുടെ വികാരത്തള്ളലിൽ കഴിയുന്നവർക്ക് കൂട്ടായ്മ നൽകേണ്ടത് ആവശ്യമാണ്. വിവാഹിതരാണെങ്കിലും അവിവാഹിതരാണെങ്കിലും യഥാർത്ഥ സന്തോഷം കണ്ടെത്തേണ്ടത് മറ്റുള്ളവരെ സേവിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിൽക്കൂടിയാണ്. യാതൊരു പ്രതിഫലേച്ഛയുമില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുവാനാണ് കർത്താവ് നമ്മെ വിളിക്കുന്നത്. വിവാഹജീവിതത്തിലെ സ്നേഹത്തിനുവേണ്ടി മാത്രമോ, അവിവാഹിത ജീവിതത്തിൽ സ്വയംപരിതപിക്കുന്നതിനോ അല്ല ദൈവവിളി ഉണ്ടാകുന്നത്.

യഥാർത്ഥ സ്നേഹം അതിന്റെ പരിപൂർണ്ണതയിൽ ദർശിപ്പാൻ സാധിക്കുന്നത് ക്രിസ്തുവിൽ മാത്രമാണ് എന്ന് ക്രിസ്ത്യാനികളായ നമുക്ക് അറിയാം. നമ്മിൽ പലരും യേശുവിന്റെ സ്നേഹസ്പർശം ലഭ്യമായിട്ടുള്ളവരും അവനാൽ വിളിക്കപ്പെട്ട് അവന്റെ അനുഗാമികളായി വർത്തിക്കുന്നവരുമാണ്. എന്നാൽ അതുകൊണ്ടു മാത്രം തൃപ്തിപ്പെടരുത് അവനെ വ്യക്തിപരമായി അനുഭവിപ്പാനുള്ള ദൈവകൃപ നാം ആവശ്യപ്പെടണം. അവനെ നമ്മുടെ ഹദയത്തിൽ സ്വീകരിച്ച് നമ്മുടെ ദൃഷ്ടികൾ അവനിലൂന്നി, അവനെ മനസ്സിലാക്കണം (എബ്രാ. 12:2-3).

നമ്മുടെ ജീവിതദൈർഘ്യം തുലോം ചെറുതാണ്. ഈ ലോകത്തിന്റെ സ്ഥിതികൾ മാറിക്കൊണ്ടിരിക്കുന്നുവെന്നു പൗലോസ് പറയുന്നു (1കൊരി. 7:29-31). ഇന്നത്തെ കാലയളവിൽ നമുക്ക് ഏറ്റവും ആവശ്യമുള്ളത് ക്രിസ്തുവിനെയാണ്. ഒരു രൂപമായി നമ്മെ നയിക്കുന്ന ആളത്തമോ പ്രതിച്ഛായയോ മാത്രമല്ല, പ്രത്യുത നമ്മുടെ ജീവിതത്തിലെ ജീവനുള്ള പ്രേരകശക്തിയായി യേശുക്രിസ്തു ആകേണ്ടതാണ്. കർത്താവ് അരുളിച്ചെയ്ത്, "ഭൂമിയിൽ തീ ഇടുവാൻ ഞാൻ വന്നിരിക്കുന്നു; അത് ഇപ്പോഴേ കത്തിയെങ്കിൽ കൊള്ളായിരുന്നു എന്നല്ലാതെ ഞാൻ മറ്റെന്ത് ഇച്ഛിക്കേണ്ടു" (ലൂക്കോ. 12:49).

അവനായിരുന്നതുപോലെയും അവനാകുന്നതുപോലെയും എവിടെയാണ് ക്രിസ്തു, വ്യക്തമായി യഥാർത്ഥത്തിൽ വെളിപ്പെട്ടിരിക്കുന്നത്? നമ്മുടെ സഹോദരീസഹോദരന്മാരുടെ മദ്ധ്യേയാണ് നം അവനെ കണ്ടെത്തേണ്ടത്. അവൻ ഇന്നും എന്നും നമ്മുടെ മദ്ധ്യേ വെളിപ്പെടേണം എന്നു നാം സർവ്വദാ പ്രാർത്ഥിക്കണം. മാത്രമല്ല അവന്റെ ആർദ്രത, താഴ്മ, കരുണ, സത്യം, വ്യക്തത, സൂക്ഷ്മ ബുദ്ധി ഇവയെല്ലാം അവനുവേണ്ടി സാക്ഷ്യം വഹിക്കണം. ഈവക ഗുണങ്ങൾ ഒന്നുംതന്നെ കൂട്ടുകയോ കുറയുകയോ ചെയ്യരുത്. ഏകാഗ്രഹൃദയത്തിന്റെയും ഏകമായ ശുശ്രൂഷയുടെയും അന്തഃസത്ത ഇവിടെ ദർശിക്കാം.





# Part - III

## നമ്മുടെ കാലത്തിനെ ഭരിക്കുന്ന ആത്മാവ്

## 15

# ദൈവത്തോടുകൂടിയോ അല്ലാതെയോ

**“ആ**കയാൽ പ്രിയമക്കൾ എന്നപോലെ ദൈവത്തെ അനുകരിപ്പിൻ. ക്രിസ്തുവും നിങ്ങളെ സ്നേഹിച്ചു നമുക്കുവേണ്ടി തന്നെത്താൻ ദൈവത്തിന് സൗരഭ്യവാസനയായ വഴിപാടും യാഗവും ആയി അർപ്പിച്ചതുപോലെ സ്നേഹത്തിൽ നടപ്പിൻ. ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറകപോലും അരുത്. അങ്ങനെയാകുന്നു വിശുദ്ധന്മാർക്ക് ഉചിതം. ചീത്തത്തരം, പൊട്ടച്ചൊൽ ,കളിവാക്ക് ഇങ്ങനെ ചേർച്ചയല്ലാത്തത് ഒന്നും അരുത്. സ്തോത്രമത്രേ വേണ്ടത്. ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കാർക്കും ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യത്തിൽ അവകാശമാകയില്ല എന്ന് നിങ്ങൾ അറിയുന്നവോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്. ഈവക നിമിത്തമല്ലോ ദൈവകോപം അനുസരണംകെട്ടവരുടെമേൽ വരുത്തുന്നു. നിങ്ങൾ അവരുടെ കൂട്ടാളികൾ ആകരുത് (എഫേ. 5:1–6).

വിശുദ്ധ വേദപുസ്തകത്തിൽ ദൈവവും മനുഷ്യനുമായുള്ള ഉടമ്പടി ബന്ധം ക്രിസ്തുവും അവന്റെ സഭയും തമ്മിലുള്ള ബന്ധവും മനുഷ്യന്റെ വിവാഹവും സമാനമായി ചിത്രീകരിച്ചിരിക്കുന്നു. എന്നാൽ ആധുനികസംസ്കാരത്തിൽ, മാനിക്കപ്പെടേണ്ടതും സ്നേഹിക്കപ്പെടേണ്ടതുമായ ഈ അവസ്ഥയെ അനാദരമായും വികൃതമായും ചിത്രീകരിച്ച് അശുദ്ധിയിലേക്ക് വലിച്ചിഴച്ചിരിക്കുന്നു.

### ഇന്നത്തെ കാലത്തെ പല ആളുകൾക്കും സ്നേഹം മിഥ്യയായി മാറിപ്പോയിരിക്കുന്നു

സ്നേഹം അശുദ്ധമാക്കപ്പെട്ടിരിക്കുന്നുവെന്നതാണ് ഇന്നത്തെ സമൂഹത്തിൽ നാം ദർശിക്കുന്ന ഏറ്റവും വലുതായ വിപത്ത്. സ്വയമേവയുള്ള ആഗ്രഹ നിവർത്തീകരണമായി സ്നേഹത്തെ ആധുനിക സംസ്കാരം ദർശിക്കുന്നു. ലൈംഗിക വിമോചനത്തെക്കുറിച്ച് (sexual liberation) പലരും സംസാരിക്കുന്നുവെങ്കിലും ലൈംഗികതലത്തിലുള്ള തീക്ഷ്ണതയെ സ്നേഹമായി കണക്കാക്കി യഥാർത്ഥ സ്നേഹത്തിൽ നിന്ന് അവർ



അകന്നുപോകുന്നു. സ്നേഹരഹിതമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഹൃദയവും മാനുഷിക ബന്ധങ്ങളും നിരന്തരം വിച്ഛേദിക്കപ്പെടുന്നു. പിറക്കുന്ന മനുഷ്യജീവിതങ്ങൾ ഗർഭപാത്രത്തിൽവച്ച് നിഗ്രഹിക്കപ്പെടുന്നു. പതിനായിരക്കണക്കിന് കുഞ്ഞുങ്ങൾ ഉപേക്ഷിക്കപ്പെടുകയും ദുരുപയോഗപ്പെടുകയും ചെയ്യുന്നു. കെട്ടുറപ്പുണ്ട് എന്നു കരുതപ്പെടുന്ന വിവാഹബന്ധങ്ങളിൽപ്പോലും അവിശ്വാസവും ഭീതിയും നിലകൊള്ളുന്നു. സ്നേഹമെന്നത് ലൈംഗിക ഉത്തേജനത്തിൽ ഒതുക്കുന്നു. ഈ കാരണത്താൽ വിവാഹം പലരുടെയും ജീവിതത്തിൽ ഒരു മിഥ്യയായി മാറുന്നു. ചുരുങ്ങിയ കാലത്തെ ഈ മിഥ്യയെത്തുടർന്ന് വിവാഹജീവിതം പൊള്ളയായും വേദന നിറഞ്ഞ കഷ്ടതയായും മാറുന്നു.

സ്നേഹത്തിന്റെ യഥാർത്ഥ മുഖം എപ്രകാരമാണ് തിരികെ കണ്ടെത്തുവാൻ സാധിക്കുന്നത്? നിരുപാധികം നീണ്ടുനിൽക്കുന്നതായ, സ്നേഹബന്ധങ്ങളെ ഇല്ലാതാക്കുന്ന, നിരവധി സംഗതികൾ ഇന്നത്തെ ലോകത്തിൽ നടമാടുന്നു. സ്നേഹത്തിന്റെ മറവിൽ ഇന്നു നാം കാണുന്നത് അതിരുകവിഞ്ഞ ലൈംഗികോല്ലാസങ്ങളോ സ്വാർത്ഥപരമായ ലൈംഗികതീക്ഷ്ണതയോ ഒക്കെയാണ്. ലൈംഗിക അരാജകത്വത്തിന്റെയും മൂല്യശോഷണത്തിന്റെയുമായ ഒരു സാമൂഹ്യവ്യവസ്ഥിതിയിലാണ് നാം ഇന്നു ജീവിക്കുന്നത്. ഇന്നത്തെ പരസ്യങ്ങളും സാഹിത്യവും വസ്ത്രധാരണ രീതികളും ഫാഷനും കലാവിനോദ പരിപാടികളും എല്ലാംതന്നെ ലൈംഗികപരവും ലൈംഗികതയെ കേന്ദ്രീകരിച്ചുമാണ്. ഇങ്ങനെ വിവാഹത്തിന് ക്ഷതമേറ്റിരിക്കുന്നു. വിവാഹത്തിന്റെ അർത്ഥം ശൂന്യമാകുന്നു. അതിന്റെ മനോഹാരിത നഷ്ടപ്പെടുന്നു, മൂല്യങ്ങൾ നശിച്ചിരിക്കുന്നു.

ഈ അവസ്ഥയ്ക്ക് മാധ്യമങ്ങളെയോ മറ്റേതെങ്കിലും സാമൂഹ്യവിരുദ്ധ പ്രസ്ഥാനങ്ങളെയോ മാത്രം കുറ്റം പറഞ്ഞിട്ട് അർത്ഥമില്ല. മാധ്യമങ്ങൾ തീർച്ചയായും നിരവധിപേരെ ചിന്താക്കുഴപ്പത്തിലാക്കി കഠിനഹൃദയരാക്കുന്നു എന്നതിനു തർക്കമില്ല. എന്നാൽ നമ്മിൽ പലരുടെയും പാപചിന്തകൾകൊണ്ട് സ്വാർത്ഥേച്ഛകളും, കാമവികാരങ്ങളും, കാമാസക്തിയും മുഖാന്തരം, കുടുംബങ്ങൾ ഛിദ്രിച്ച് കുട്ടികളുടെ ജീവിതം വഴിതെറ്റിയുള്ള അവസ്ഥയിലായിരിക്കുന്നു. നമ്മുടെ സ്വന്തം കുറ്റങ്ങളെയും കുറവുകളെയും നമുക്ക് അവഗണിക്കുവാൻ സാധ്യമല്ല. നമ്മുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം നാംതന്നെ ഏറ്റെടുക്കേണ്ടിയിരിക്കുന്നു. എല്ലാ തലത്തിലും നമ്മുടെ ഹൃദയങ്ങൾ ദുഷ്ടതകൊണ്ട് നിറഞ്ഞ് നമ്മുടെ ആത്മാക്കൾ അശുദ്ധമായിരിക്കുന്നു. നമ്മിൽ കുടികൊള്ളുന്ന ദൈവസാദൃശ്യത്തെ അപഹാസ്യമാക്കി സൃഷ്ടിതാവിൽനിന്ന് നാം അകന്നുകൊണ്ടേയിരിക്കുന്നു. നമ്മുടെ ഹൃദയാന്തർഭാഗത്തെ സത്യത്തിന്റെ അലകളാകുന്ന ഉൾപ്രേരണകളെ സശ്രദ്ധം ശ്രവിച്ച്, അനുതപിച്ച്, നാം ദൈവത്തിങ്കലേക്കു തിരിയേണ്ടതാണ്.

ലൈംഗികവിപ്ലവം തുടങ്ങിയിട്ട് നാൽപ്പത് വർഷത്തോളം പിന്നിട്ടു. അതിന്റെ ഭീകരമുഖങ്ങൾ ഏവർക്കും വ്യക്തമാണ്. വ്യാപകമായ തല

ത്തിലുള്ള പരസ്ത്രീപുരുഷ ബന്ധങ്ങൾ, കൗമാര പ്രായത്തിലുള്ള അവിവാഹിതരായ പെൺകുട്ടികളുടെ ഗർഭധാരണം, ആത്മഹത്യ, ലക്ഷക്കണക്കിനുള്ള ഗർഭച്ഛിദ്രം, ലൈംഗികാസുഖങ്ങൾ, പ്രത്യേകിച്ച് എയ്ഡ്സിന്റെ വളർച്ച, അശ്ലീല ചിത്രങ്ങൾ മാധ്യമങ്ങളിൽക്കൂടി പകർത്തി വയ്ക്കുക, കുടുംബജീവിതങ്ങളുടെ തകർച്ച, അക്രമാസക്തി, ആദിയായവ ലോകമെങ്ങും ദർശിക്കുവാൻ സാധിക്കും. അവർ കാറ്റു വിതച്ച് ചുഴലിക്കാറ്റു കൊയ്യും" (ഹോശ. 8:7).

നമ്മുടെ ഈ കാലയളവിൽ ലൈംഗികതയ്ക്ക് അമിത പ്രാധാന്യം ലഭിക്കുന്നു. ബുക്ക്സ്റ്റാളിലാണെങ്കിലും എല്ലാത്തരം കച്ചവടസ്ഥലങ്ങളിലും യാത്രാസ്റ്റേഷനിലും എവിടെയും അനാരോഗ്യകരമായി ഈ അതിപ്രസരം ശ്രദ്ധിക്കുവാൻ സാധിക്കും. ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള സ്നേഹം പവിത്രവും പാവനവും പരിശുദ്ധവുമാണ് എന്ന തത്ത്വം വെറും സങ്കൽപ്പമായി മാറിക്കഴിഞ്ഞു. കാമാസക്തി എന്ന ഈ മൃഗീയ തീക്ഷ്ണത കച്ചവടച്ചരക്കായിത്തീർന്നുവെന്നു മാത്രമല്ല, ആ തലത്തിലുള്ള തൃപ്തി സർവ്വപ്രധാനമാകുകയും ചെയ്തിരിക്കുന്നു.

ഈ ലൈംഗിക വിപ്ലവത്തിന്റെ ഒരു പ്രധാന കാരണം ലൈംഗികത ഒരു പഠനവിഷയമായി മാറ്റിയെന്നതാണ്. ലൈംഗിക വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിന്റെയും വിജ്ഞാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും തലത്തിലാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതെങ്കിലും ആ വിഷയങ്ങളിൽ പരാജയമാണ് ഉളവായത്. ഈ തലത്തിലുള്ള അറിവ്, സുരക്ഷിതത്വവും ഉത്തരവാദിത്വവും വളർത്തന്നതിനു പകരം സ്കൂളുകളിലും കൊളജുകളിലും ലൈംഗിക അരാജകത്വവും മറ്റും വളർത്തുകയല്ലേ ചെയ്യപ്പെട്ടിട്ടുള്ളത്?

**ലൈംഗികജീവിതത്തിനുള്ള യഥാർത്ഥ വിദ്യാഭ്യാസം ആദരണീയമായ ഒരവസ്ഥാവിശേഷമാണ്.**

വിദ്യാഭ്യാസ സ്ഥാപനകങ്ങളിലെ ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച് ഒട്ടുമിക്ക മാതാപിതാക്കൾക്കും യാതൊരു അറിവുമില്ല എന്നതാണ് വാസ്തവം. ശാരീരികഘടനയെക്കുറിച്ചു മാത്രമുള്ള ഒരു പഠനമല്ല ലൈംഗികവിദ്യാഭ്യാസം. വിവിധ പഠനപദ്ധതികളിൽ ചിത്രങ്ങളുടെ സഹായത്താലും ചിലപ്പോൾ ഫിലിമിന്റെ സഹായത്താലും വിവിധ രതികർമ്മങ്ങളെക്കുറിച്ച് വിവരിക്കപ്പെടുന്നു. മറ്റു ചില പദ്ധതികളിൽ ലൈംഗിക വൈകൃതങ്ങളിൽ അസാധാരണം ഒന്നും ഇല്ല എന്ന് അവകാശപ്പെടുന്നുവെന്നു മാത്രമല്ല, ലൈംഗികാസക്തിയുടെ നിർവൃതിയ്ക്ക് അവ അനുയോജ്യമാണ് എന്ന ധാരണയും നൽകുന്നു. ചില പാഠശാലകളിൽ സ്വവർഗരതിയെ അനുകൂലിക്കുന്നു. അങ്ങനെപോകുന്നു ലൈംഗീകതയുടെ വൈകൃതങ്ങൾ.

വിദ്യാഭ്യാസ സെക്രട്ടറിയായിരുന്ന വില്യം ബെന്നെറ്റ് ഇപ്രകാരം രേഖപ്പെടുത്തുന്നു: "പരുക്കൻ സ്വഭാവം, കഠിന ഹൃദയം, ദോഷദർശനസ്വഭാവം, അരസികത, അശ്ലീലത ഇവയൊക്കെയും നമ്മുടെ കാലഘട്ടത്തിന്റെ പ്രത്യേകതകളാണ്. ഇവയിൽക്കൂടിയെല്ലാം നമ്മുടെ സംസ്കാരം ജീർണ്ണി





ക്കുന്നതിന്റെ നാനാവിധ ചിഹ്നങ്ങളും ദൃശ്യമാണ്. ഇതിൽ ഏറ്റവും ദയനീയമായത് കുഞ്ഞുങ്ങളുടെ വളർച്ചയും അതിന്റെ സാഹചര്യങ്ങളുമാണ്. കുഞ്ഞുങ്ങളുടെ മനസ്സിനെ ദുഷ്ടമാക്കുകയും അവരുടെ നിഷ്കളങ്കതയെ നശിപ്പിക്കുകയും ചെയ്യുന്നതാണ് ആധുനിക സംസ്കാരം."

ലൈംഗിക വിദ്യാഭ്യാസം ലൈംഗിക പരിശീലനമായി മാറിക്കഴിഞ്ഞു. കൗമാരപ്രായത്തിലെ ലൈംഗികതയെ ഉത്തമമായ രീതിയിൽ നിയന്ത്രിക്കുക എന്നതായിരുന്നു ലൈംഗിക വിദ്യാഭ്യാസത്തിന്റെ ഉദ്ദേശം. എന്നാൽ നിർഭാഗ്യവശാൽ അതിൽക്കൂടി ലൈംഗിക വികാരങ്ങളെ ഉത്തേജിപ്പിക്കുകയും അതിനുവേണ്ടി ഒരുക്കുകയും ചെയ്യുന്ന രീതി അവലംബിക്കപ്പെട്ടിരിക്കുന്നു.

ലൈംഗികോത്തേജനം കൗമാരപ്രായത്തിൽ സ്വാഭാവികമാണെന്നും അതിന് പ്രകാശനം ആവശ്യമാണെന്നും ഒരു നല്ല പങ്ക് ആളുകളും വിശ്വസിക്കുന്നു. നമ്മുടെ കാലഘട്ടത്തിൽ ലക്ഷക്കണക്കിനു ഗർഭച്ഛിദ്രങ്ങളും, അവിവാഹിത ഗർഭധാണങ്ങളും ലൈംഗികാസുഖങ്ങളും കാണുവാൻ സാധിക്കും. ശരിയായ അറിവും ഉത്തരവാദിത്വവുമുള്ള സമീപനങ്ങളും ഇന്ന് ഒരു മിഥ്യയായി മാറിയിരിക്കുന്നു.

ലൈംഗികവിദ്യാഭ്യാസത്തിന്റെ പേരിൽ ഇന്നു പഠിപ്പിക്കുന്നത് ഒട്ടുമിക്കതും അശ്ലീലമാണ്. ഇതിനെതിരായി പ്രതികരിക്കേണ്ടത് ആവശ്യമാണ്. ദൈവത്തിന്റെ പദ്ധതികൾക്ക് എതിരായും അപമാനകരവും അശുദ്ധവുമായതാണ് ഈ വിദ്യാഭ്യാസ രീതി. ലൈംഗിക വിദ്യാഭ്യാസം ഏറ്റവും ഉത്തമവും മെച്ചവുമായിരിക്കേണ്ടത് കുടുംബാന്തരീക്ഷത്തിൽ മാതാപിതാക്കളും കുഞ്ഞുങ്ങളും തമ്മിലുള്ള ഉത്തമ ബന്ധത്തിന്റെയും അടിസ്ഥാനത്തിലും ആയിരിക്കേണം. ചിത്രങ്ങളുടെയും വ്യക്തിബന്ധമില്ലാത്ത അറിവുകൾ നൽകുന്നതിൽക്കൂടിയുമുള്ള ലൈംഗിക വിദ്യാഭ്യാസം അവരുടെ ചെറുമനസ്സുകളെ ലൈംഗിക വികാരത്തിലേക്കും ഉത്തേജനങ്ങളിലേക്കും നയിക്കുകയാണ് ഫലം. സനേഹം വിശ്വസ്തത ഈ ഗുണങ്ങളെ അകറ്റി ലൈംഗികതയിൽ മാത്രം കേന്ദ്രീകരിച്ചുള്ള ഒരു പഠനപദ്ധതി അപകടകരമാണ്.

ലൈംഗിക വിഷയങ്ങളെക്കുറിച്ച് കുട്ടികളോടും വിശേഷിച്ച് കൗമാരപ്രായത്തിലുള്ളവരോടും സംസാരിക്കുന്നതിൽ യാതൊരു അപാകതയുമില്ല. ഈ തരത്തിലുള്ള സംസാരം ഉണ്ടാകുന്നില്ല എങ്കിൽ ലൈംഗികതയെക്കുറിച്ചുള്ള അവരുടെ അറിവു ലഭിക്കുവാൻ പോകുന്നത് അവരുടെ കൂട്ടുകാരിൽനിന്നോ ഒരുപക്ഷേ അശ്ലീലമായ സാഹചര്യങ്ങളിൽനിന്നോ ആയിരിക്കും. ലൈംഗികതയെക്കുറിച്ച് ശാരീരിക അറിവ് കൂടുതലായി ലഭ്യമാകുന്നത് അപകടകരമാകാം. ഈ തരത്തിലുള്ള സമീപനം ദൈവികതയേയും ദൈവികമൂല്യങ്ങളെയും നഷ്ടപ്പെടുത്തും.

ക്രിസ്തീയ മാതാപിതാക്കൾ ലൈംഗിക വിദ്യാഭ്യാസത്തിൽ കുഞ്ഞുങ്ങളുടെ സ്വന്തം അന്തസ്സ്, സ്വാഭിമാനം ഈവക കാര്യങ്ങൾ ലൈംഗിക തലത്തിൽ കാത്തുപരിപാലിക്കുകയും അതോടൊപ്പംതന്നെ മറ്റുള്ളവരുടെ അന്തസ്സിനെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു മനഃസാക്ഷിയെ

വളർത്തുകയാണ് വേണ്ടത്. മറ്റുള്ളവരെ ഉപദ്രവിച്ചാലും ഇല്ലെങ്കിലും സ്വാർത്ഥതലത്തിലുള്ള ആനന്ദങ്ങൾ യഥാർത്ഥ സ്നേഹത്തിനു തടസ്സമാണ് എന്നതാണ് അവർ മനസ്സിലാക്കേണ്ടത് (ഗലാ.5:13). ദൈവത്തിൽ നിന്ന് അകന്നുള്ള എല്ലാവിധ ലൈംഗിക വേഴ്ചകളും ലൈംഗിക ബന്ധങ്ങളും മനഃസാക്ഷിയെ വേദനിപ്പിക്കുന്നതും, ഉത്തമവും വിശ്വസ്തവുമായ ബന്ധങ്ങളെ തകർക്കുന്നതുമാണ്. മനുഷ്യജീവിതത്തിലെ ശുന്യതാബോധം എപ്രകാരം ലൈംഗികപാപങ്ങളിലേക്കു നയിക്കുമെന്ന വസ്തുതയിലേക്കും അവരുടെ കണ്ണുകൾ തുറക്കേണ്ടതാണ്.

ഒരു കുട്ടിക്ക് തന്റെ ശരീരത്തോടും ലൈംഗികതയോടും സാധാരണഗതിയിൽ ആരോഗ്യപരമായ ചിന്തകൾ രൂപീകരിക്കേണ്ടിയിരിക്കുന്നു. തന്റെ ശരീരം ആത്മാവിന്റെ വാസകേന്ദ്രമായതിനാൽ പാപക്കറകൾ പുരളാതെ വിശുദ്ധമായി കാത്തുസൂക്ഷിക്കേണ്ടതാണ് എന്നതായിരിക്കണം പ്രാഥമികമായ നമ്മുടെ സമീപനം. ഒരു അവസരത്തിൽ എന്റെ പിതാവ് എന്നോട് എന്റെ കൗമാരപ്രായത്തിൽ പറഞ്ഞ സംഗതികൾ എന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം നൽകുവാൻ ഇടയായി. ഞങ്ങളുടെ ഒരുമിച്ചുള്ള നടപ്പിൽ, ജീവിതവിശുദ്ധി കാത്തുപരിപാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചും പ്രത്യേകിച്ച് ഭാവിയിൽ ഭാര്യയാകുന്ന സ്ത്രീയുടെ സമീപത്ത് ഈ ജീവിതവിശുദ്ധിയോടുകൂടി സമീപിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും എന്റെ പിതാവ് എന്നോടു സംസാരിച്ചു. 'ഇപ്പോൾ വിശുദ്ധമായ ഒരു ജീവിതം നീ നയിക്കുന്നുവെങ്കിൽ പിൽക്കാലങ്ങളിൽ ആ ജീവിതവിശുദ്ധി കാത്തുപരിപാലിക്കുവാൻ സഹായകരമാകും. വ്യക്തിപരമായ ജീവിതഅശുദ്ധിയിലേക്ക് പ്രവേശിക്കുന്നുവെങ്കിൽ വിവാഹത്തിനുശേഷവും പരീക്ഷകൾ വന്നുകൊണ്ടേയിരിക്കും' എന്ന വസ്തുതയും അദ്ദേഹം എന്നെ ഓർമ്മിപ്പിച്ചു.

സ്വന്തം കുഞ്ഞുങ്ങൾ സുരക്ഷിതരായിരിക്കണമെന്ന് ചിന്തിക്കുന്നവർ തങ്ങളുടെ കുഞ്ഞുങ്ങൾക്ക് ജീവിതചര്യകളും നൽകേണ്ടതാണ്. പ്രത്യേകിച്ചും ജോലികളോടുള്ള പ്രതിബദ്ധതയും അവ നിർവ്വഹിക്കേണ്ട സമയക്ലിപ്തതയും പരിപാലിക്കേണ്ടതുണ്ട്. സ്വന്തമായുള്ളതും ഭവനത്തിലേതുമായ ദൈനംദിന കൃത്യങ്ങൾ, കായികപരിപാടികൾ, മറ്റു ക്രിയാത്മകങ്ങളായ പ്രവർത്തനങ്ങൾ (ഹോബികൾ) ഇവയിൽക്കൂടി പരീക്ഷകളെ ചെറുക്കുവാനുള്ള സഹായകരമായ ഒരു സമീപനം അത്യന്താപേക്ഷിതമാണ്. ഏൽപ്പിച്ചിരിക്കുന്ന ജോലികൾ വിശ്വസ്തതയോടെ ചെയ്യുവാൻ പരിശീലനം നേടിയിട്ടുള്ളവർക്ക് ആവശ്യങ്ങൾ നിവർത്തിക്കപ്പെട്ടു ലാളിച്ചു വളരുന്ന കുഞ്ഞുങ്ങളേക്കാൾ പരീക്ഷകളെ മെച്ചമായി അതിജീവിക്കുവാൻ സാധിക്കും.

### ലൈംഗികതയെ തെറ്റായി ഉപയോഗിക്കുന്നതിൽക്കൂടി നാം നമ്മിൽനിന്നുതന്നെയും മറ്റുള്ളവരിൽനിന്നും വേർപെടുന്നു

അശുദ്ധിക്ക് ജീവിതത്തിൽ സ്ഥാനം കൊടുക്കുമ്പോൾ പൈശാചിക ശക്തികൾക്ക് പ്രവർത്തിക്കുവാനുള്ള സർവ്വസ്വാതന്ത്ര്യവും നൽകുകയാണ്. ഈ സാധ്യത കൗമാരപ്രായക്കാർ ഓർത്തിരിക്കേണം. ഉദാഹരണമായി സ്വയംഭോഗം. കുഞ്ഞുങ്ങൾ കൗമാരപ്രായത്തിലേക്കു പ്രവേശിക്കുമ്പോൾ അവരുടെ ലൈംഗികതീക്ഷ്ണത വർദ്ധിക്കുകയും ലൈംഗിക സംതൃപ്തിക്കുവേണ്ടി ആഗ്രഹിക്കുകയും സ്വയംഭോഗത്തിലേക്കു തിരിയുകയും ചെയ്യുന്ന പ്രവണത കാണാം. മാതാപിതാക്കളും വിദ്യാഭ്യാസ പ്രവർത്തകരും ക്രൈസ്തവ മതനേതാക്കളും ഇത് അനുവദനനീയമാണെന്ന ചിന്ത സ്വീകരിക്കുന്നു. പലരും ലൈംഗിക പിരിമുറുക്കത്തിന് അയവു വരുത്തുവാൻ ഉതകുന്നതായി മാത്രമേ സ്വയംഭോഗത്തെ അവർ ദർശിക്കുന്നുള്ളൂ. കൗമാരപ്രായമെത്താത്ത കുഞ്ഞുങ്ങളും ലൈംഗികത പ്രകടിപ്പിക്കുന്നുവെന്നാണ് ഇവരുടെ ചിന്താഗതി. ഇതിലൊന്നും അസാധാരണത്വം അവർ കാണുന്നില്ല.

മാതാപിതാക്കളും വിദ്യാഭ്യാസപ്രവർത്തകരും തങ്ങളുടെ കുട്ടികൾക്ക് സത്യം തുറന്നുകാട്ടുവാൻ എന്തിനു മടിക്കണം? പരസ്ത്രീബന്ധം, സ്വയംഭോഗം ഇവയുടെ അപകടങ്ങൾ എന്തുകൊണ്ടു ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുന്നില്ല? (സദൃ. 5:15). ഇവ രണ്ടും ആത്മാവിന്റെ രോഗങ്ങളാണ്. മനുഷ്യനിലെ ദൈവസാദൃശ്യത്തെ ഇല്ലാതെയാക്കി വിവാഹ ഉടമ്പടിയുടെ പവിത്രതയെ അവ നാശമാക്കുന്നു. സ്വയംഭോഗത്താൽ പരിപൂർണ്ണ സംതൃപ്തി ഒരിക്കലും ഉളവാകുന്നില്ല. ഏകാന്തതയിൽ ചെയ്യുന്ന ഒരു പ്രവൃത്തിയാണ് അത്. സ്വയം ഉത്തേജനം– സ്വയം സംതൃപ്തി– സ്വയമേ ഉള്ള നശീകരണം– അത് നമ്മെ ഒരു സ്വപ്നലോകത്തിലേക്കു നയിക്കുന്നു. യഥാർത്ഥ ബന്ധങ്ങളിൽനിന്ന് അകറ്റുകയും ചെയ്യുന്നു. എന്നാൽ അത് ഒരു പതിവുശീലമായിത്തീരുമ്പോൾ മറ്റുള്ളവരിൽ നിന്ന് അകൽച്ചയും വേർപാടും ഏകാന്തതയും കൂടുതലായി അനുഭവപ്പെടുകയും ജീവിതത്തിൽ ഉപയോഗ ശൂന്യതയും നിരാശാബോധവും വർദ്ധിക്കുകയും ചെയ്യും. സ്വയംഭോഗത്തിന്റെ ഏറ്റവും ശോചനീയാവസ്ഥയിൽ അതിനെ വ്യഭിചാരവുമായി താരതമ്യം ചെയ്യാം. എന്തെന്നാൽ അത് ദൈവസൃഷ്ടിയായ ലൈംഗികതയുടെ തെറ്റായ ഒരു ഉപയോഗമാണ്. പുരുഷനും സ്ത്രീയും തമ്മിലുള്ള ദൈവിക ബന്ധത്തിൽനിന്നും സ്വയതൃപ്തിക്കുവേണ്ടിയുള്ള ഒരു വ്യതിചലനമാണ്. സ്വയംഭോഗത്തിന് അടിമകളായ നിരവധി കൗമാരപ്രായക്കാരെ ഞാൻ ഉപദേശിച്ചിട്ടുണ്ട്. ഈ ദുശീലത്തിൽ നിന്ന് വിടുതൽ പ്രാപിപ്പാൻ അവർ അതിയായി ആഗ്രഹിക്കുന്നുവെങ്കിലും അവർ വീണ്ടും അതിൽ വീണുപോകുന്നു.

തങ്ങളുടെ ആയുസ്സിന്റെ അന്ത്യംവരെയും സ്വയംഭോഗം എന്ന ദുശ്ശീലവുമായി മല്ലിടുന്നവരെ കാണാം. അതിൽനിന്ന് വിടുതൽ പ്രാപിക്കുവാൻ സാധിക്കാത്ത 80 വയസ്സുകാരെയും ഞാൻ ഉപദേശിച്ചിട്ടുണ്ട്. ഈ ഒരു തീരാവ്യാധിയിൽനിന്ന് എപ്പോഴെങ്കിലും രക്ഷപെടുവാൻ സാധ്യമോ എന്നു തോന്നിപ്പോകും. പ്രാർത്ഥനയിൽക്കൂടി പ്രശ്ന പരിഹാരം കണ്ടെത്താം എന്നതാണ് അങ്ങനെയുള്ളവരോട് എന്റെ ഉപദേശം. സ്വന്തശക്തികൊണ്ട് ഈ ദുശ്ശീലത്തെ കീഴ്പെടുത്തുവാൻ സാധ്യമല്ല. നിങ്ങൾ എല്ലാ ദിവസവും ഉറങ്ങുവാൻ പോകുന്നതിനു മുമ്പായി ആത്മീയമായ സദുപദേശങ്ങൾ വായിക്കുക. അതിനെത്തുടർന്നു പ്രാർത്ഥിക്കുകയും വേണം. എന്നിരുന്നാലും സ്വയംഭോഗത്തിനുള്ള പരീക്ഷകൾ വന്നെന്നി

രിക്കാം. അങ്ങനെ വരുന്ന സമയത്ത് കിടക്കയിൽനിന്ന് എഴുന്നേറ്റു നടക്കുകയോ മറ്റെന്തെങ്കിലും വീട്ടുജോലികളിൽ ഏർപ്പെടുകയോ ചെയ്യാം. ശക്തിയേറിയ പരീക്ഷകളെ നേരിടുവൻ ഏതെങ്കിലും തരതതിലുള്ള പ്രവർത്തനങ്ങൾ സഹായകരങ്ങളാണ്.

പലപ്പോഴും സ്വയംഭോഗം മറ്റൊരു ബന്ധനത്തിലേക്ക് പ്രത്യേകിച്ചും അശ്ലീല സാഹിത്യത്തിലേക്കും അശ്ലീല ചിത്രങ്ങളിലേക്കും വഴി തിരിച്ചുവിടും. അശ്ലീല സാഹിത്യ-ചിത്രങ്ങളുടെ സ്വാധീനവലയത്തിൽ തങ്ങൾ വീണിട്ടില്ല എന്ന് പലരും പറയുമെങ്കിലും ഇത് തഴച്ചുവളരുന്ന ഒരു വ്യാപാരശൃംഖലയായി അടുത്ത കാലത്തായി വളർന്നുകൊണ്ടേയിരിക്കുന്നു. ഒരുകോടി രൂപ വിലമതിക്കുന്ന ഈ വ്യവസായത്തിന്റെ സ്വാധീനം ക്രിസ്ത്യാനികളുടെ ഇടയിലും കടന്നുകൂടിയിട്ടുണ്ട്.

അശ്ലീലസാഹിത്യത്തിന് ബലിയാടുകളല്ലെന്നും അതിനാൽ അതിനെ ഏതിർക്കേണ്ട ആവശ്യമില്ലെന്നും പലരും കരുതുന്നു. എന്നാൽ അശുദ്ധിയെ വളർത്തുന്നതെന്തും പ്രത്യേകിച്ച്, ഏകാന്ത തയിലെ ലൈംഗികോത്തേജനത്തിന് അതു സഹായിക്കുമെന്നതിനാൽ അത് ശരീരത്തെ ഹീനമാക്കുന്ന ഒരു കുറ്റകൃത്യംതന്നെയാണ്. മനുഷ്യശരീരം ദൈവസാദൃശ്യത്തിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ആത്മാവിന്റെ ഭവനമാണ് ശരീരം (1 കൊരി. 6:19). അശ്ലീലസാഹിത്യം, സ്വയംഭോഗം, വ്യഭിചാരം, ഇവയ്ക്കൊന്നം അതിർവരമ്പുകളില്ല. അതിർവരമ്പുകളുണ്ട് എന്നു ചിന്തിക്കുന്നത് ഒരു മരീചിക മാത്രമാണ്. വിവാഹബന്ധത്തിന്റെ ചുമതലകളും ഭാരങ്ങളും ഇല്ലാതെ ലൈംഗികാഭിരുചികൾ നിവർത്തിക്കപ്പെടുന്നതിനുള്ള മാർഗങ്ങൾ മാത്രമാണ് അവ. കാമസംതൃപ്തിക്കുള്ള ചില പ്രയത്നങ്ങൾ മാത്രമാണ്. അതെല്ലാംതന്നെ ലജ്ജാകരമായ പ്രവൃത്തികളാണ്. അവരുടെ രഹസ്യങ്ങൾ മറ്റെന്തിനേക്കാളും കൂടുതലായി വെളിവാകുന്നത് ഇതു മാത്രമാണ് (റോമ. 13:12-13).

**അനുതാപവും പ്രാർത്ഥനയും അശുദ്ധിയിൽ നിന്ന് നമ്മെ വിടുവിക്കും**

സ്വന്തം ശക്തിയാൽ ആർക്കുംതന്നെ അശുദ്ധിയിൽനിന്ന് വിടുതൽ പ്രാപിപ്പാൻ സാധ്യമല്ല. ആത്മീയതലത്തിലുള്ള ദാരിദ്ര്യത്തിന്റെയും അതിന്റെ അടിസ്ഥാനത്തിൽ നിരന്തരം ദൈവത്തിങ്കലേക്കു തിരിയുകയും ചെയ്യുന്ന പ്രക്രിയയുടെ ഭാഗമായി മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം നമുക്ക് ലഭ്യമാകുകയുള്ളൂ ആത്മീയ ദാരിദ്ര്യബോധം നമ്മെ അനുതാപത്തിലേക്കും ദൈവികക്ഷമയിലേക്കും പുതുജീവിതത്തിലേക്കും നയിക്കുന്നു. പരീക്ഷകൾക്കെതിരെയുള്ള പോരാട്ടം ഏവരിലും സ്ഥിതിചെയ്യുന്നു. എന്നാൽ അനുതാപവും പ്രാർത്ഥനയും നിമിത്തം പാപത്തെ അതിജീവിക്കുവാനുള്ള ശക്തി ദൈവം നമുക്കു നൽകും.

വിശുദ്ധിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ, നമ്മുടെ കവചങ്ങൾ ധരിക്കാതെയിരിക്കുമ്പോഴോ, അതിമോഹവും കാമവും നമ്മെ ഭരിക്കുവാൻ അനുവദിക്കുമ്പോഴോ നാം നമ്മെത്തന്നെ അപകടത്തിലെത്തിക്കുന്നു. നമ്മിലേക്ക് കടന്നുവന്നിരിക്കുന്ന ദുഷ്ടാത്മാക്കളെ ദുരീകരിക്കുവാനുള്ള



നമ്മുടെ ശക്തി നമുക്ക് നഷ്ടമാകുന്നു. ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മുടെ സ്വാതന്ത്ര്യത്തിന് അത്യന്താപേക്ഷിതമാകുന്നു. ക്രിസ്തു നമ്മുടെ ജീവിതത്തിലേക്കു പ്രവേശിക്കുന്നില്ലയെങ്കിൽ പ്രത്യാശ നഷ്ടപ്പെട്ടു നാം നിരാശയിലാണ്ടു പോകും.

അശുദ്ധിയുടേതായ രഹസ്യജീവിതം നയിക്കുമ്പോൾ നിരാശയുടെയും പ്രത്യാശയില്ലായ്മയുടെയും അടിത്തട്ടിലേക്കു വീഴുന്നതിന്റെ ഒരു അവസാനപ്രക്രിയയാണ് ആത്മഹത്യ. ആത്മഹത്യ ദൈവത്തിന് എതിരായുള്ള ഒരു മറുതലിപ്പ് ആണ്. ഇത് "എനിക്ക് പ്രത്യാശയ്ക്കു വകയില്ല, എന്റെ പ്രശ്നങ്ങൾ പരിഹരിപ്പാൻ ദൈവത്തിനുപോലും സാധിക്കുകയില്ല" എന്നു പറയുന്നതിനു തുല്യമാണ്. ദൈവകൃപ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും ഉപരിയാണെന്നതിനെ നിഷേധിക്കുന്നതാണ് ആത്മഹത്യ. നിരാശയുടെ അടിത്തറയിലേക്കു വീഴുമ്പോൾ ദൈവത്തെ അന്വേഷിച്ച് അവന്റെ ദയയും കരുണയും യാചിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. നിരാശയാകുന്ന കയറിന്റെ തുമ്പിൽ എത്തിയാലും പ്രത്യാശയും ഉറപ്പും നൽകുവാൻ അവനെ നാം തള്ളിപ്പറഞ്ഞാലും നമ്മെ വീണ്ടെടുക്കുവാൻ ദൈവം സദാ സന്നദ്ധനാണ്. നമ്മുടെ എല്ലാവിധ പാപങ്ങളെയും ക്ഷമിപ്പാൻ അവൻ ഒരുക്കമുള്ളവനാണ് (1യോഹ. 1:9). അവന്റെ മുമ്പിൽ വിനയപ്പെട്ട് നാം ചോദിക്കുന്നുവെന്നു മാത്രം. ആത്മഹത്യയെക്കുറിച്ച് ഒരാൾ ചിന്തിക്കുമ്പോൾ അവനോടു സ്നേഹം പ്രദർശിപ്പിക്കുകയാണ് നമുക്ക് ചെയ്യാവുന്നത്. നാം ഓരോരുത്തരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് ദൈവത്താലാണെന്നും നാം ഓരോരുത്തർക്കും ജീവിതത്തിന് ഒരു ലക്ഷ്യമുണ്ട് എന്നും അവനെ ഓർപ്പിക്കുക.

പാപത്തിൽനിന്നു വിടുതൽ പ്രാപിക്കുന്നതും ദൈവമാണ് നമ്മെ സൃഷ്ടിച്ചിരിക്കുന്നത് എന്ന സത്യം മനസ്സിലാക്കുന്നതും അത്യധിക സന്തോഷം പ്രദാനം ചെയ്യുന്നു. വിശ്വസ്തതയോടെ നാം ദൈവത്തെ ഈലോക ജീവിതത്തിൽ നേരിടുന്നുവെങ്കിൽ നമ്മുടെ മഹത്വകരമായ ജോലിയുടെ വലുപ്പം നമുക്കു കാണുവാൻ സാധിക്കും. അവന്റെ സ്നേഹത്തെ സ്വീകരിപ്പാനും അതു മറ്റുള്ളവരുമായി പങ്കിടുവാനും സാധിക്കും. ഇത് തികച്ചും ഉന്നതമായ ഒരു ദൈവവിളിയാണ്.

# 16

# അതിനെക്കുറിച്ച് സംസാരിക്കുന്നതുപോലും ലജ്ജാകരം!

*"കർത്താവിന് പ്രസാദകരമായത് എന്തെന്നു പരിശോധിച്ചു കൊണ്ട് വെളിച്ചത്തിലുള്ളവരായി നടന്നുകൊൾവിൻ. സകല സദ്ഗുണവും നീതിയും സത്യവുമല്ലോ വെളിച്ചത്തിന്റെ ഫലം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ കൂട്ടാളികളാകരുത്; അവയെ ശാസിക്കയത്രേ വേണ്ടത്. അവർ ഗൂഢമായി ചെയ്യുന്നത് പറവാൻപോലും ലജ്ജയാകുന്നു" (എഫേ. 5:8-12)*

അവിവാഹിതരായ സ്ത്രീപുരുഷന്മാർ ഒരുമിച്ചു ജീവിക്കുന്നതും സ്വവർഗരതിയിൽ ഏർപ്പെടുന്നതുമായ അവസ്ഥയിൽ "പാപത്തിൽ ജീവിക്കുന്നു" എന്ന പദപ്രയോഗം ഉപയോഗിക്കുന്നത് പിൻവലിക്കണമെന്ന് മുഖ്യധാരയിലെ ചില സഭാവിഭാഗങ്ങളിലെ ഒരു പാനൽ 1995-ൽ നിർദ്ദേശം നൽകുകയുണ്ടായി. അങ്ങനെയുള്ളവരെ സഭാജീവിതത്തിൽ പ്രവേശിപ്പിക്കുന്നതിന് തടസ്സം സൃഷ്ടിക്കരുതെന്നും സ്നേഹം പലവിധത്തിൽ പ്രകടിപ്പിക്കുവാൻ അവസരം ഒരുക്കണമെന്നുമുള്ള വാദമുഖങ്ങൾ ഇതോടൊപ്പം ഉയർന്നു. ഇന്നത്തെ സമൂഹത്തിൽ ഇതുപോലെയുള്ള ചിന്തകൾ ഉടലെടുക്കുന്നത് അത്ഭുതകരമല്ലെങ്കിലും സഭാനേതൃത്വങ്ങൾ അതിനെ അനുകൂലിക്കുന്നത് അപലപനീയമാണ്.

**പാപികളെ നാം സ്നേഹിക്കണം. പക്ഷേ നാം പാപത്തെ വെറുക്കുകയും അതിനെതിരായി പ്രവർത്തിക്കയും വേണം**

അടുത്ത സമയത്ത് ഒരു ഹൈസ്കൂളിലെ അധ്യാപകരും മാതാപിതാക്കളും ഒരുമിച്ചു വരുന്ന സംഘടനയുടെ (Parent-Teacher Association) കമ്മറ്റിയിൽ പങ്കെടുക്കുവാൻ എനിക്ക് ഇടയായി. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സ്വവർഗലൈംഗികബന്ധങ്ങളെ അംഗീകരിക്കണമെന്ന പ്രമേയത്തിന്റെ ശക്തിയും അതിന് അനുകൂലമായ വാദമുഖങ്ങളും ആ സമയത്ത് വെളിപ്പെട്ടു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഈ പ്രവണത ഇന്നു വളർന്നുകൊണ്ടിരിക്കുന്നു. സ്കൂളിന്റെ ആരോഗ്യപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന കമ്മറ്റി സ്വവർഗരതിക്കാരെ വെറുപ്പിക്കേണ്ട എന്ന ചിന്താഗതിയിൽ കുടുംബത്തെക്കുറിച്ചും കുടംബമൂല്യങ്ങളെക്കു





റിച്ചും തുറന്നുപറയുവാൻ മടികാണിച്ചു. ചർച്ചകളുടെ അവസാനം കുടുംബം എന്നതിന് സ്നേഹിക്കുന്ന രണ്ടുപേർ തമ്മിലുള്ള പ്രതിബദ്ധത എന്ന നിർവ്വചനം നൽകി.

നിരവധി രാഷ്ട്രീയ നേതാക്കളും സഭാനേതാക്കളും തങ്ങളുടെ പിൻബലം നഷ്ടമാകുമെന്ന ചിന്താഗതിയിൽ ആ തരത്തി ലുള്ള നിർവ്വചനങ്ങളെ അംഗീകരിക്കുന്നതായിട്ടാണ് കാണുന്നത്. എന്നാൽ ഈ പ്രവണതയ്ക്ക് എതിരായി സംസാരിപ്പാൻ ആരുംതന്നെ മുതിരുന്നില്ല. വിവാഹ ഉടമ്പടി എന്നത് ഒരു പുരുഷനും സ്ത്രീയും തമ്മിലുള്ള ദിവ്യബന്ധമാണ് എന്നത് നിരാകരിക്കുന്നതിൽക്കൂടി കുടുംബം എന്ന വിശുദ്ധ അവസ്ഥയേയും ദൈവസൃഷ്ടിയുടെ ആ ദിവ്യക്രമത്തെയും അംഗീകരിക്കാതിരിക്കയാണ് നാം ചെയ്യുന്നത്. എന്തു ചെയ്താലും കുഴപ്പമില്ല എന്ന ഒരു സന്ദേശമാണ് ഈ വിധത്തിൽ വളർന്നുവരുന്ന തലമുറയ്ക്കു നൽകുന്നത്. ക്രിസ്തീയ വിവാഹബന്ധവും അതിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള സ്നേഹവും പല മാർഗങ്ങളിൽ ഒന്നു മാത്രമായിട്ടാണവർ കാണുന്നത്.

ഞാൻ സ്വവർഗപ്രേമികളോടുള്ള വെറുപ്പ് പ്രകടിപ്പിക്കുകയാണെന്നു ചിലർ വ്യാഖ്യാനിച്ചേക്കാം. അതല്ല എന്റെ ഉദ്ദേശ്യം, നാം ഏവരും പാപികളാണ്. സ്വവർഗപ്രേമവും അതിൽ ഒന്നാണ്. മറ്റു പാപങ്ങളേക്കാൾ അതു കൂടുതൽ കഠിനമാണെന്നും ഞാൻ അവകാശപ്പെടുന്നില്ല. മാത്രമല്ല, സ്വവർഗപ്രേമികളെ പരിഹസിക്കുന്നതും അവരെ പീഡിപ്പിക്കുന്നതും ന്യായം വിധിക്കുന്നതും പാപമാണെന്നു ഞാൻ കരുതുന്നു. എന്നാൽ ലൈംഗികതലത്തിലുള്ള പാപത്തിനും മോചനം ലഭ്യമാണ്. അവിടെയും ക്ഷമയും സൗഖ്യവും ലഭ്യമാകും (എഫേ. 2:35). പാപത്തെ വെറുക്കുന്ന യേശു പാപികളെ സ്നേഹിക്കുന്നു. അവരെ രക്ഷയിലേക്കു നയിക്കുന്നു.

**സ്വവർഗപ്രേമത്തെ അംഗീകരിക്കുന്നത് ദൈവസൃഷ്ടിയെ നിരാകരിക്കുന്നതിനു തുല്യം**

സ്വവർഗരതി ഒരു പാപമാണ്. അത് പ്രകൃതിവിരുദ്ധമാണ്. ദൈവസൃഷ്ടിയുടെ ക്രിയാത്മകതയ്ക്ക് വിരുദ്ധമാണ്. ഒരു തരത്തിൽ സ്വയം ആരാധനയും ഒരു വിഗ്രഹാരാധനയാണ് (റോമ. 1:26, സോദോം ഗോമോറയിലെ ഏറ്റവും വലിയ പാപമായി വേദപുസ്തകം വിവരിക്കുന്നത് സ്വവർഗത്തിലുള്ള ലൈംഗികവേഴ്ചയാണ് (ഉല്പ. 19:1-29).

ലേവ്യപുസ്തകം 18-ാം അധ്യായം 22-23ൽ ഈ പ്രവൃത്തി മ്ലേച്ഛമാണ് എന്നു വെളിപ്പെടുത്തുന്നു. "സ്ത്രീയോട് എന്നപോലെ പുരുഷനോടുകൂടെ ശയിക്കരുത്, അത് മ്ലേച്ഛത." ലേവ്യ പുസ്തകം 20:13ൽ നാം ഇപ്രകാരം വായിക്കുന്നു. "സ്ത്രീയോടുകൂടെ ശയിക്കുന്നതുപോലെ ഒരുത്തൻ പുരുഷനോടുകൂടി ശയിച്ചാൽ ഇരുവരും മ്ലേച്ഛത ചെയ്തു, അവർ മരണശിക്ഷ അനുഭവിക്കണം. അവരുടെ രക്തം അവരുടെമേൽ ഇരിക്കും".

പഴയനിയമത്തിലെ കൽപ്പനകൾക്കുപരിയായി കൃപയാലാണ് നാം ജീവിക്കുന്നത് എന്ന വ്യാഖ്യാനത്തിന് അർത്ഥമില്ല. കാരണം അതിനെത്തുടർന്ന് ഈ വാക്യങ്ങളിൽ സ്വന്തം മകളോടുള്ള ലൈംഗിക ബന്ധം,

വ്യഭിചാരകർമ്മം, മൃഗങ്ങളുമായുള്ള ലൈംഗിക ബന്ധം, മനുഷ്യ കുരുതി ഇവയെയും എതിർക്കുന്നതായി നമുക്കു വായിക്കാം. ഇതിനെത്തുടർന്നുള്ള വാക്യങ്ങൾ ശ്രദ്ധിക്കു ക. "യാതൊരു മൃഗത്തോടുംകൂടി ശയിച്ച് അതിനാൽ നിന്നെ അശുദ്ധനാക്കരുത്. യാതൊരു സ്ത്രീയും ഒരു മൃഗത്തോടുകൂടെ ശയിക്കേണ്ടതിന് അതിന്റെമുമ്പിൽ നിൽക്കയുമരുത്. അത് നികൃഷ്ടം."

പുതിയനിയമത്തിലും സ്വവർഗപ്രേമത്തെ എതിർക്കുന്നതായി കാണാം. റോമലേഖനം 1:26–28 വാക്യങ്ങൾ വിശുദ്ധ പൗലോസ് ഇപ്രകാരം എഴുതുന്നു: അതുകൊണ്ട് ദൈവം അവരെ അപമാന രാഗങ്ങളിൽ ഏൽപ്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗ ത്തെ സ്വഭാവ വിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായതു പ്രവൃത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിന് യോഗ്യമായ പ്രതിഫലം തങ്ങളിൽത്തന്നെ പ്രാപിച്ചു. ദൈവത്തെ പരിജ്ഞാനത്താൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്യുവാൻ നികൃഷ്ടബുദ്ധിയിൽ ഏൽപ്പിച്ചു"(1 കൊരി.6:9–10)ൽ പൗലോസ് എഴുതുന്നു: "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കയില്ല എന്ന് അറിയുന്നില്ലയോ. നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ. ദുർന്നടപ്പുകാർ, വിഗ്രഹാരാധകർ, വ്യഭിചാരികൾ, സ്വയംഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കയില്ല".

എന്നാൽ പലരും ഈ വേദഭാഗങ്ങൾക്ക് വ്യത്യസ്ത വ്യാഖ്യാനങ്ങൾ നൽകാറുണ്ട്. സ്വവർഗപീഡനം, പരസ്ത്രീ ബന്ധം, പ്രകൃതിവിരുദ്ധ സ്വവർഗരീതികൾ ഇങ്ങനെയുള്ളവയെക്കുറിച്ചു മാത്രമാണ് മേൽ വേദഭാഗം എന്നു ചിലർ അവകാശപ്പെടുന്നു. എന്നാൽ സ്വവർഗ ലൈംഗികത്വത്തെ മുഴുവനായി പൗലോസ് എതിർക്കുകയാണ് ചെയ്യുന്നത്. സ്വവർഗഭോഗത്തെ വേദപുസ്തകാടിസ്ഥാനത്തിൽ ഒരിക്കലും ന്യായീകരിക്കാനാവില്ല. അതുപോലെ വ്യഭിചാരവും പരസ്ത്രീ ബന്ധങ്ങളും സ്നേഹത്തിന്റെയും ദീർഘകാല ബന്ധത്തിന്റെയുംഅടിസ്ഥാനത്തിലാണെങ്കിലും ന്യായീകരിക്കാനാവില്ല.

സ്വവർഗപ്രേമികൾക്ക് എതിരായ അനീതികളെക്കുറിച്ച് ഇന്നു പലയിടത്തും കേൾക്കാറുണ്ട്. ഇതിന്റെ പശ്ചാത്തലത്തിൽ പലരും ഇത് ഒരു ജീവിതരീതിയായി സ്വീകരിക്കുന്നു. ഇത് ചിലരുടെ പ്രത്യേക സ്വഭാവമാണ് എന്ന രീതിയിലുള്ള വ്യാഖ്യാനങ്ങളും നിലവിലുണ്ട്. എന്നാൽ ഇത് ഒരു പാപസ്വഭാവമാണ്. അതിനെ ന്യായീകരിക്കുന്നത് ശരിയല്ല.

**ലൈംഗികപരീക്ഷകളുടെ ഉറവിടം എവിടെയാണെങ്കിലും അതിനെ അതിജീവിക്കുവാൻ സാധിക്കും**

സ്വവർഗപ്രേമികളുടെ ലൈംഗികത തീക്ഷ്ണമായിരിക്കാം. പക്ഷേ അത് അവരുടെമാത്രം പ്രത്യേകതയല്ല. ലൈംഗികതീക്ഷ്ണത അവർക്ക് കുടുതലായിട്ടുണ്ടായേക്കാം. ഇങ്ങനെയുള്ള അവസരത്തിൽ എന്താണ് ചെയ്യേണ്ടത്? നാം ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ പോരാട്ടങ്ങളെ നേരിടുവാനുള്ള ശക്തിയും കൃപയും അവൻ നമുക്ക് നൽകും എന്ന വിശ്വാസത്തിൽ നമുക്ക് ഉറച്ചു നിൽക്കാം.





"എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു" (2കൊരി. 12:9–10).

വേദപുസ്തകം മനുഷ്യന്റെ ഈ സ്വഭാവത്തെ അപലപിക്കുന്നുവെങ്കിലും അതിൽ ഏർപ്പെടുന്നവരെ വെറുക്കുവാൻ ആവശ്യപ്പെടുന്നില്ല എന്നത് സ്വവർഗപ്രേമത്തിന് എതിരായി സംസാരിക്കുമ്പോൾ നാം ഓർക്കേണ്ട സുപ്രധാന സംഗതിയാണ്. ക്രിസ്ത്യാനികൾ എന്ന നിലയ്ക്ക് മറ്റുള്ളവരുടെ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നിലും നമുക്ക് ഏർപ്പെടുവാൻ സാധ്യമല്ല. സ്വവർഗപ്രേമം എന്നതിനേക്കാൾ ഉപരിയായി, അഹങ്കാരം, ദുർമ്മോഹം, അത്യാഗ്രഹം, പക, സ്വയംനീതി ഇത്യാദി വിഷയങ്ങളെക്കുറിച്ച് ബൈ ബിൾ സാസംരിക്കുന്നുവെന്നതും നാം മറന്നുപോകരുത്. എന്നാൽ സ്വവർഗപ്രേമത്തെ ഒരു ജീവിതശൈലിയായി കണക്കാക്കുന്ന സമീപനത്തെ അംഗീകരിക്കാനാവില്ല. പ്രത്യേകിച്ചും അതിനുവേണ്ടിയുള്ള നിയമസാധുത തികച്ചും നിർഭാഗ്യകരമാണ്. ഈ ജീവിതരീതി സ്വീകരിച്ചിരിക്കുന്നവരെ സഭാശുശ്രൂഷകളിൽ നിയോഗിക്കുന്നതിന് സഭകളെ പ്രേരിപ്പിക്കുവാനുള്ള ശ്രമവും അപലപനീയമാണ് (1 കൊരി. 5:11).

സ്വവർഗപ്രേമത്തിലേക്കുള്ള അഭിവാഞ്ഛ, സ്വവർഗവിവാഹം അഥവാ സ്വർഗജീവിതശൈലി ഇവതമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്. മനഃസാസ്ത്രപരമായ സ്വാധീനങ്ങൾ മൂലവും സ്വാമൂഹ്യ പരിതസ്ഥിതികൾ പരമ്പരാഗതമായ കാരണങ്ങളാലും ഈ അഭിവാഞ്ഛ ഒരുവനിൽ വളർന്നുവരാമെങ്കിലും സ്വവർഗ ജീവതശൈലി സ്വഹിതപ്രകാരം മാത്രമാണ് ഒരു വ്യക്തി സ്വീകരിക്കന്നത്. തെറ്റും ശരിയും തമ്മിൽ തിരിച്ചറിയുവാനുള്ള കഴിവും അതിൽ ഏതു സ്വീകരിക്കന്നുവെന്നതിനു സ്വാതന്ത്ര്യവും ദൈവം നമുക്കു നൽകിയിരിക്കുന്നു. സംസ്കാരത്തിന്റെയോ കടുംബത്തിന്റെയോ പാരമ്പര്യത്തിന്റെയോ സ്വാധീനമാണ് എന്ന പേരിൽ ദൈവം നമുക്കു നൽകിയിരിക്കുന്ന ഈ സ്വാതന്ത്ര്യത്തെ നിരാകരിക്കുന്നത് ദൈവത്തോടള്ള മറുതലിപ്പ് ആയിത്തീരും.

ഒരു വ്യക്തിയിൽ സ്വവർഗപ്രേമത്തിനുള്ള അഭിവാഞ്ഛ ഉളവാകുന്നത് ആഴമേറിയ ഒരു രോഗമായി കണക്കാക്കാം. ഈ രോഗത്തിൽനിന്നു വിമുക്തി നേടുവാൻ ശ്രമിക്കുന്നവർ അനുകമ്പയും സഹായവും അർഹിക്കുന്നു. ആയതിനാൽ സ്നേഹത്തോടും ക്ഷമയോടുംകൂടി അത്തരത്തിലുള്ളവർക്ക് ഉത്തമമായ ക്രിസ്തീയ കൂട്ടായ്മ നൽകുകയും തുടർന്നുള്ള അവരുടെ പാപചിന്തകളെയും പാപവഴികളെയും നിരുത്സാഹപ്പെടുത്തുകയും വേണ്ടതാണ്. ഇതിലും ഉപരിയായി ദൈവത്തിന്റെ സൃഷ്ടിയെക്കുറിച്ചും അതിൽ ഉൾക്കൊള്ളുന്ന ദൈവികോദ്ദേശ്യങ്ങളെക്കുറിച്ചും പുരുഷനും സ്ത്രീയും പരസ്പരാശ്രമില്ലാതെ പൂർണ്ണതയിലേക്കു പ്രവേശിക്കുന്നില്ല എന്ന വസ്തുതയെക്കുറിച്ചും അവരെ മനസ്സിലാക്കേണ്ടതാണ്.

സ്വവർഗപ്രേമത്തിന് അഭിവാഞ്ഛകളുള്ള പലർക്കും ഞാൻ കൗൺസലിംഗ് നലകിയിട്ടുണ്ട്. അതിൽ പലരുടെയും അവസ്ഥാവിശേഷം അത്യന്തം നിരാശാജനകമായി തോന്നാം. എന്നാൽ സ്വവർഗജീവിത ശൈലി സ്വീകരിച്ചിരിക്കുന്ന പലരെയും സഹായിക്കുവാൻ സാധിക്കുന്നതാണ്. അങ്ങനെയുള്ള ഒരു വ്യക്തി ഏകാഗ്രമനസ്സോടുകൂടി യേശുവിനെ അവന്റെ വിടുതലിന് സമീപിക്കുന്നുവെങ്കിൽ അവനെ സഹായിക്കുവാൻ സാധിക്കുന്നതാണ്. എന്നാൽ മനസ്സിന് ഏകാഗ്രതയില്ലാതെ ഹൃദയത്തിൽ ഭിന്നചിന്തകൾ വച്ചുപുലർത്തുന്നുവെങ്കിൽ, മനസ്സിൽ വിഭിന്നാഭിപ്രായങ്ങൾ തമ്മിൽ പോരാടുന്നുവെങ്കിൽ പരീക്ഷകളെ നേരിടുന്നതിൽ അവർ അശക്തരായിത്തീരും. തെറ്റായ നോട്ടംപോലും ഹൃദയത്തിലെ വ്യഭിചാരമായി യേശുക്രിസ്തു വിശേഷിപ്പിക്കുന്നു. ഉറച്ച ചിന്തകളിലും വിശ്വാസത്തിലും മാത്രമാണ് യഥാർത്ഥ സ്വാതന്ത്ര്യം ലഭ്യമാകുന്നത്.

സ്വവർഗപ്രേമികളുടെ വ്യഥയെ മനസ്സിലാക്കുവാൻ ശ്രമിക്കേണ്ടതാണ്. തെറ്റായ അവരുടെ ലൈംഗികതീക്ഷ്ണതകൾ ഒരുപക്ഷേ യഥാർത്ഥ സ്നേഹത്തിനുവേണ്ടിയുള്ള വ്യഗ്രതയിൽനിന്ന് ഉളവായതാകാം. സ്വവർഗപ്രേമികളിൽ പലരും മറ്റുള്ളവരിൽനിന്ന് യഥാർത്ഥ സ്നേഹം അനുഭവിച്ചിട്ടുള്ളവരായിരിക്കുകയില്ല. പിതാക്കന്മാരില്ലാത്ത കുടുംബ അന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ കുടുംബാന്തരീക്ഷത്തിൽ ശൂന്യത അനുഭവപ്പെടുകയും അതിന്റെ അനന്തരഫലമായ സ്വവർഗപ്രേമികളായിത്തീരുകയും ചെയ്യുന്നത് സ്വാഭാവികമാണ്. മത്സരങ്ങളുടേതായ ഇന്നത്തെ സംസ്കാരത്തിൽ സ്വന്തം ഹിതങ്ങളുടെ സാക്ഷാത്കരണത്തിന് ഏവരും നെട്ടോട്ടമോടുമ്പോൾ പുറകോട്ടു പോകുന്ന പലരും സ്വവർഗപ്രേമികളായിത്തീരാറുണ്ട്.

എന്റെ സഭയിലെ അംഗങ്ങളായ ഹവാർഡിനെയും ആനിനെയും എനിക്കു രണ്ടു പതിറ്റാണ്ടുകളായി പരിചയമുണ്ട്. എന്നാൽ ഹവാർഡിന്റെ മനസ്സിലെ ഉൾപ്പോരാട്ടത്തെക്കുറിച്ച് ഞാൻ അടുത്ത നാളുകളിൽ മാത്രമാണ് മനസ്സിലാക്കുന്നത്. ഒരു പൈതലായിരുന്നപ്പോൾ മാതുലൻ അയാളെ ദുരുപയോഗപ്പെടുത്തുകയും അവൻ പിതാവിനാൽ അവഗണിക്കപ്പെടുകയും സഹപാഠികളാൽ പരിഹസിക്കപ്പെടുകയും ചെയ്ത ഹവാർഡ് തന്റെ കഴിവില്ലായ്മകളെക്കുറിച്ച് ബോധവാനായിത്തീർന്നു. പിതാവിന്റെയും മറ്റു പരുഷന്മാരുടെയും സഹപാഠികളുടെയും അംഗീകാരത്തിനായി ഹവാർഡ് കാംക്ഷിച്ച് കൗമാരപ്രായമായപ്പേഴേക്കും സ്വവർഗപ്രേമിയായിത്തീരുകയും ചെയ്തു. ഹവാർഡ് മാതാപിതാക്കളെയും വളർന്ന സാഹചര്യങ്ങളെയും കുറ്റം പറയുന്നില്ല എങ്കിലും അയാളുടെ കഥ എല്ലാ മാതാപിതാക്കൾക്കും തങ്ങളുടെ കുഞ്ഞുങ്ങൾക്കു വേണ്ട രീതിയിലുള്ള സംരക്ഷണം നൽകുന്നതിലുള്ള പരാജയഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പുകൾ നൽകുന്നു.

എന്നാൽ ഹവാർഡിന്റെ കഥ മാതാപിതാക്കൾക്കുള്ള ഒരു മുന്നറിയിപ്പ് എന്നതിലും ഉപരിയായി അനുതാപത്തിൽക്കൂടി ക്രിസ്തുവിന്റെ ശക്തിക്ക് അന്ധകാരശക്തികളെ അതിജീവിക്കാമെന്നുള്ളതിന്റെ ഉത്തമ സാക്ഷ്യമായി നിലകൊള്ളുന്നു. ദൈവികക്ഷമയിൽക്കൂടി സൗഖ്യം





പ്രാപിച്ച് ദിവ്യ സന്തോഷത്തിന്റെ ഭാഗമായിത്തീർന്ന ഹവാർഡ് ഇപ്രകാരം എഴുതുന്നു.

“എനിക്ക് പതിനാറു വയസ്സുള്ളപ്പോൾ മറ്റു പല കുട്ടികളുമായി സഹവർത്തിത്വത്തിലായി. അധികം താമസിയാതെ മുതിർന്ന വരുടെ ലൈംഗിക തീക്ഷ്ണത തീർക്കുവാൻ ഞാൻ വശംവദനായി. ഈ ലൈംഗിക പരീക്ഷണങ്ങൾ എന്നെ ഉത്തേജിപ്പിക്കുമായിരുന്നുവെങ്കിലും അത് എന്നിൽ കുറ്റബോധം ഉളവാക്കി. എനിക്ക് എന്താണു സംഭവിക്കുന്നത് എന്ന് ആരോടെങ്കിലും തുറന്നുപറയുന്നതിനുപോലും എനിക്കു മടി തോന്നി. ഈവക സംഗതികളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഞാൻ എന്റെ പിതാവിനോടു കള്ളം പറഞ്ഞു.

ഇരുപത്തി ഒന്നു വയസ്സായപ്പോഴേക്കും സ്വവർഗരതികളുടെ എല്ലാ തരത്തിലുള്ള കർമ്മങ്ങളിലും ഞാൻ പങ്കാളിയായി. എന്നാൽ ഒന്നുകൊണ്ടും ഞാൻ തൃപ്തനായില്ല. മറ്റു പുരുഷന്മാരുമായുള്ള എന്റെ ലൈംഗിക ബന്ധം ശൂന്യതാമനോഭാവം എന്നിൽ സൃഷ്ടിച്ചു. അശ്ലീല ചിത്രങ്ങൾ നോക്കി അതുമായി ബന്ധപ്പെട്ട മനക്കോട്ടകൾ നിർമ്മിക്കുവാൻ ഞാൻ ശ്രമിച്ചു. മറ്റു പുരുഷന്മാരോടുള്ള ആകർഷണം മാറ്റുവാൻ സാധ്യമല്ല എന്ന ചിന്തയാൽ അതിൽ നിന്ന് വിമോചനം പ്രാപിപ്പാനും ഞാൻ ശ്രമിച്ചില്ല. എന്റെ പ്രവർ ത്തനത്തിലുള്ള പിരിമുറുക്കത്തിന്റെ ഫലമായി കാണേണ്ടിവന്ന മനഃശാസ്ത്രജ്ഞനോടും ഞാൻ എന്റെ വ്യക്തിപരമായ പ്രശ്നങ്ങളെക്കുറിച്ച് ഉരിയാടിയില്ല. ആർക്കും എന്നെ മനസ്സിലാക്കുവാൻ സാധ്യമല്ല എന്ന ചിന്തയാൽ എന്റെ പ്രശ്നങ്ങളെ ആരോടെങ്കിലും പറവാൻ ഞാൻ മുതിർന്നില്ല.

ആദ്യമായി ലൈംഗികബന്ധം പുലർത്തിയ സ്ത്രീയെത്തന്നെ ഞാൻ വിവാഹം കഴിച്ചു. എന്നെക്കുറിച്ച് അറിയാവുന്നതനുസരിച്ച് ആൻ എന്നെ സ്നേഹിക്കുകയും അംഗീകരിക്കുകയും ചെയ്തു. വ്യക്തിപരമായ വികാരങ്ങൾ അന്യോന്യം കൈമാറി. എന്നാൽ എന്റെ രഹസ്യം അവളുമായി പങ്കുവയ്ക്കുവാൻ ഞാൻ തയ്യാറായത് വിവാഹശേഷം രണ്ടുവർഷം കഴിഞ്ഞതിനുശേഷം മാത്രമാണ്. തികച്ചും അത്ഭുതപുരസ്സരമാണ് അവൾ എന്റെ കഥ ശ്രവിച്ചത്. എന്റെ ബാല്യത്തെക്കുറിച്ചും എന്നെ ഞെരുക്കിയിരുന്ന എന്റെ ചിന്തകളെയും ആഗ്രഹങ്ങളെയുംകുറിച്ച് ഞാൻ അവളോടു സംസാരിച്ചു. ഈവക കാര്യങ്ങളിൽ എനിക്കു താത്പര്യമില്ല ആ വഴിക്ക് പോകുവാൻ എനിക്ക് ഉദ്ദേശവും ഇല്ല എന്ന എന്റെ വാഗ്ദത്തത്തെ അവൾ അംഗീകരിക്കുകയും എന്നിൽ പൂർണ്ണ വ്യതിയാനം ഉളവാകും എന്ന പ്രത്യാശ അവൾ പ്രകടിപ്പിക്കുകയും ചെയ്തു. വീണ്ടും പരപുരുഷ ബന്ധം പലതവണ ഉണ്ടായെങ്കിലും സഹിഷ്ണുതയോടെ അവൾ അത് തുടർന്നും ക്ഷമിച്ചു.

ആ കാലയളവിൽ നിരവധി സ്വവർഗപ്രേമികൾ തങ്ങളുടെ രഹസ്യബന്ധങ്ങളെക്കുറച്ചും ജീവിതശൈലിയെക്കുറിച്ചും കുടുംബാംഗങ്ങളോടും സ്നേഹിതരോടും തുറന്നുപറഞ്ഞു. അവരുടെ പാപഭാരത്തിൽനിന്നും പാപജീവിതത്തിൽനിന്നും വിടുതൽ പ്രാപിച്ചു. എന്നാൽ ഞാൻ ഇതിനെ ഭയന്നു. എന്നെ സമൂഹത്തിൽ ആരും അംഗീകരിക്കുകയില്ല എന്ന ചിന്ത

എന്നെ അലട്ടി.ഏതെങ്കിലും തരത്തിലുള്ള അംഗീകാരത്തേക്കാൾ കൂടുതൽ എനിക്ക് ആവശ്യമായിരുന്നത് എന്റെ പ്രശ്നങ്ങളിൽനിന്നുള്ള വിടുതലായിരുന്നു. അവസാനമായി ഞാൻ എന്റെ കഥ ഒരു അല്മായ പാസ്റ്ററോടു പറയുവാൻ ഇടയായി. വിശ്വാസമർപ്പിക്കാവുന്ന ഒരു ചെറിയ കൂട്ടായ്മയുടെ മദ്ധ്യേ ഇത് തുറന്ന് ഏറ്റുപറയുവാനായി ആ പാസ്റ്റർ എന്നെ പ്രോത്സാഹിപ്പിക്കുകയും അതനുസരിച്ച് ഞാൻ പ്രവർത്തിക്കുകയും ചെയ്തു. ആദ്യം അവർ അത്ഭുതപരവശരായിയെങ്കിലും അവർ സഹായഹസ്തങ്ങളുമായി മുന്നോട്ടുവന്നു. അവരുടെ പോരാട്ടങ്ങളും അവർ പങ്കിട്ട് എന്നെ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. വിടുതലിലേക്കുള്ള എന്റെ തുടക്കം ഇതായിരുന്നു. പക്ഷേ തുടക്കംമാത്രം.

പിൽക്കാലത്ത് ഞാനും എന്റെ ഭാര്യയും ബ്രൂഡർഹോഫ് എന്ന സമൂഹത്തിന്റെ അംഗങ്ങളായിത്തീർന്നു. യഥാർത്ഥ സൗഖ്യം ഈ ക്രിസ്തീയ സമൂഹത്തിൽനിന്നു ലഭ്യമാകുമെന്നു ഞങ്ങൾ കരുതി. ഒരളവിൽ ഇത് ശരിയായിരുന്നുവെങ്കിലും ചില അവസരങ്ങളിൽ ഞാൻ നിരാശയിൽ ആണ്ടുപോയി. പലപ്പോഴും ദുഷ്വികാരങ്ങൾ എന്റെ മനസ്സിൽ കടന്നുകൂടുകയും പഴയ ജീവിതത്തിലേക്കും വഴികളിലേക്കും മടങ്ങണമെന്നുള്ള വാഞ്ഛ ഉടലെടുക്കുകയും ചെയ്തു. എന്റെ പ്രശ്നങ്ങൾ എനിക്കുതന്നെ നീക്കാവുന്നതിലും ഉപരിയായിരുന്നു. എന്നാൽ എനിക്കു തനിയെ സാധിക്കും എന്ന ചിന്തയിൽ ജീവിക്കുകയും അത് ഭാര്യയെ വിശ്വസിപ്പിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്തു. എന്റെ വികടമായ ദൃഷ്ടിയിൽ യേശുവിന്റെ വാക്കുകളെ ഉൾക്കൊള്ളുന്നതിന് ഞാൻതന്നെ തടസ്സം സൃഷ്ടിച്ചു. എന്റെ മനസ്സ് അനുദിനമെന്നോണം ശോഷിച്ചുകൊണ്ടിരുന്നു. എന്റെ ഹൃദയത്തിന് കാഠിന്യം കൂടിവന്നു.

എന്നാൽ ആൻ എന്നെ തുടർന്നും വിശ്വസിച്ചു. ദൈവം ഞങ്ങൾക്കു രണ്ടു കുഞ്ഞുങ്ങളെയും നൽകി. എന്നാൽ ഈ അനുഗ്രഹങ്ങളെല്ലാം തന്നെ ഉണ്ടായിരുന്നിട്ടും ഞാൻ നിരാശയിൽ ആണ്ടു. ഒരു ദിവസം എന്റെ ഒരു സ്നേഹിതൻ ഞാൻ അശ്ലീല ചിത്രങ്ങൾ ആസ്വദിക്കുന്നതു കാണുവാൻ ഇടയായി. ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചുവെങ്കിലും എന്റെ പാപം ഏറ്റുപറയുവാൻ എനിക്ക് ദൈവം ധൈര്യം നൽകി. എന്റെ ഭാര്യയുടെയും സമൂഹത്തിലെ മറ്റു സഹോദരന്മാരുടെയും സഹോദരിമാരുടെയും മുമ്പിൽ ഞാൻ എന്റെ കുറ്റങ്ങളെ ഏറ്റുപറഞ്ഞു. എല്ലാവരും അറിഞ്ഞു. ഇനിയും എന്നെ സമൂഹത്തിൽനിന്നു പറത്താക്കും എന്ന ചിന്തയിലായിരുന്നു എന്റെ മനസ്സിൽ. പക്ഷേ എന്റെ പെരുമാറ്റത്തിൽ ആരും മാപ്പു നൽകിയില്ല. എന്നാൽ എന്നെ വെറുക്കുമെന്ന് ഞാൻ കരുതിയവർ കരുതലോടും സഹോദരസ്നേഹത്തോടുംകൂടി എന്നെ വീക്ഷിച്ചു. എന്റെ കഠിനഹൃദയം ഉരുകുവാനും തുടങ്ങി.

ഇതിനെത്തുടർന്ന് അനേക ആഴ്ചകളിൽ ഞാനും എന്റെ ഭാര്യയും വേർപെട്ടു താമസിച്ചു. ഈ സമയം ആൻ എന്നോടും സഭയോടുമുള്ള പ്രതിജ്ഞകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിച്ചുകൊണ്ടിരുന്നു. പിന്നീട് ഒരവസരത്തിൽ അവൾ എന്നോട് ഇപ്രകാരം പറഞ്ഞു: "വിവാഹ സമയത്ത് ഭാവി എന്തായിത്തീരും എന്നതിനെക്കുറിച്ച് എനിക്ക് യാതൊരു





അറിവുമില്ലായിരുന്നു. അന്യോന്യം വിശ്വസ്തരായിരിക്കുമെന്ന് അന്നു വാഗ്ദത്തം ചെയ്തു. സുഖത്തിലും ദുഃഖത്തിലും ആ വാഗ്ദത്തം ദൈവത്തോടും സഭയോടും അന്യോന്യവും നിലനിർത്തപ്പെട്ടു. എന്തിനുവേണ്ടിയുള്ള വാഗ്ദത്തങ്ങളാണ് ഞങ്ങൾ അന്നു ചെയ്തത് എന്നതിനെക്കുറിച്ച് ബോധ്യമില്ലായിരുന്നുവെങ്കിലും ആ വാഗ്ദത്തങ്ങളാണ് ഞങ്ങളെ കാത്തുസൂക്ഷിച്ചത് എന്നതിനു സംശയമില്ല. ഇതാണ് ഞങ്ങളെ ഒരുമിപ്പിച്ച് നയിക്കുന്ന ശക്തി."

ഞാൻ പറഞ്ഞത് തികച്ചും ശരിയായിരുന്നു. മുമ്പൊരിക്കലും തുറന്നിട്ടില്ലാത്ത രീതിയിൽ ഹൃദയം തുറക്കുവാനും പഴയകാല ജീവിതരീതികളിൽനിന്നും ഉടലെടുത്ത എല്ലാവിധ തെറ്റായ കർമ്മങ്ങളെയും തിരുത്തുവാനും സാധിച്ചത് ദൈവത്തിന്റെ വൻകൃപകൊണ്ടു മാത്രമായിരുന്നു. സ്വാർത്ഥതയാണ് എന്റെ പ്രശ്നങ്ങൾക്ക് അടിസ്ഥാനം എന്നതും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞു. അന്ധകാരത്തിന്റേതായ ചങ്ങലകൾ എന്റെ ജീവിതത്തിൽനിന്നും അഴിഞ്ഞുമാറുവാൻ തുടങ്ങി.

എന്റെ അനുതാപം ആഴത്തിലേക്കിറങ്ങിയതോടുകൂടി എന്റെ ഹൃദയഭാരം കുറയുകയും മനസ്സു കൂടുതൽ സ്വതന്ത്രമാകുകയും ചെയ്തു. അവസാനം ഞാൻ എന്റെ ഭാര്യയുടെയും മക്കളുടെയും കൂടെ താമസിക്കുവാനും ആരംഭിച്ചു. ഒരു കുടുംബം എന്ന നിലയിൽ കൂടുതൽ അടുത്ത് സ്നേഹസമ്പർക്കത്തിൽ ജീവിക്കുവാൻ ഇത് മുഖാന്തരമാക്കി. അന്യോന്യമുള്ള സ്നേഹബന്ധത്തിൽ ഞങ്ങൾ വളർന്നു. ആയുസ്സ് മുഴുവൻ വഹിച്ച ഭാരങ്ങൾ നീങ്ങി ജീവിതം സന്തോഷമുഖരിതമായിത്തീർന്നു. ശുദ്ധമായ മനഃസാക്ഷി എന്ന ഏറ്റവും വലുതായ ദാനം ക്രിസ്തു എനിക്കു നൽകി. ഭാവിയിൽ വരുന്ന ഏതിനെയും നേരിടുവാനുള്ള ശക്തി അതിൽനിന്നും ലഭ്യമായി. പരീക്ഷകൾ തുടർന്നും വന്നുകൊണ്ടേയിരിക്കും എന്ന് എനിക്ക് അറിയാം. പക്ഷേ അതിൽനിന്നു വിടുതലുണ്ട് എന്ന വസ്തുതയും എനിക്കു ബോധ്യമായി. എന്റെ ശക്തിക്ക് അപ്പുറമായ സഹായം എനിക്കു ലഭ്യമായിരുന്നു.

ഓരോ പുരുഷനും സ്ത്രീക്കും യഥാർത്ഥ സ്വാതന്ത്ര്യം ലഭ്യമാണ്. പക്ഷേ ഇത് അവർ വിശ്വസിക്കേണ്ടിയിരിക്കുന്നു (ഗലാ. 5:1). വിജയം കൈവരിക്കുക എന്നത് ക്ഷിപ്രസാദ്ധ്യമല്ലെന്ന് ഹോവാർഡ്– ആൻ ദമ്പതികളുടെ ചരിത്രം നമ്മെ ബോധിപ്പിക്കുന്നു. സൗഖ്യം ലഭ്യമായ ഓരോരുത്തർക്കും പരീക്ഷകളും പോരാട്ടങ്ങളും വർഷങ്ങളോളം അവരുടെ ജീവിതാന്ത്യംവരെയും വന്നുകൊണ്ടേയിരിക്കും. എല്ലാവരുടെയും ജീവിതത്തിൽ പാപത്തോടുള്ള പോരാട്ടം ഒരു യാഥാർത്ഥ്യമണ്. ദൈവസാദൃശ്യത്തിൽ നാം സൃഷ്ടിക്കപ്പെട്ടിരിക്കയാൽ സൗഖ്യത്തിനും വീണ്ടെടുപ്പിനുമുള്ള പ്രത്യാശ നമ്മിൽ ഏവരിലും ഉൾക്കൊണ്ടിരിക്കുന്നു (എബ്രാ. 9:14). ക്രിസ്തു നമ്മെ അവനുവേണ്ടിത്തന്നെ സ്വതന്ത്രരാക്കും.

# 17

# ഒളിവിൽ നടക്കുന്ന യുദ്ധം

*നീയല്ലോ എന്നെ ഉദരത്തിൽനിന്ന് പുറപ്പെടുവിച്ചവൻ, എന്റെ അമ്മയുടെ മുല കുടിക്കുമ്പോൾ നീ എന്നെ നിർഭയം വസിക്കുമാറാക്കി. ഗർഭപാത്രത്തിൽനിന്ന് ഞാൻ നിങ്കൽ ഏൽപ്പിക്കപ്പെട്ടു, എന്റെ അമ്മയുടെ ഉദരം മുതൽ നീ എന്റെ ദൈവം. കഷ്ടം അടുത്തിരിക്കയാൽ എന്നെ വിട്ടകന്നിരിക്കരുതേ, സഹായിപ്പാൻ മറ്റാരുമില്ലല്ലോ" (സങ്കീ. 22:9-11).*

ഏകദേശം എഴുപതു വർഷങ്ങൾക്കുമുമ്പ് ആധുനിക കുടുംബാസൂത്രണ ചിന്താഗതി ഉടലെടുക്കുന്ന അവസരം എബർ ഹാർഡ് ആർനോൾഡ് (Eber Hard Arnold) ഇപ്രകാരം എഴുതി. "ദൈവം നൽകുന്നിടത്തോളം കുഞ്ഞുങ്ങൾ നമ്മുടെ കുടുംബങ്ങളിൽ ഉണ്ടാകട്ടെ. ദൈവത്തിന്റെ സൃഷ്ടിയെ ഞങ്ങൾ പുകഴ്ത്തുന്നു. ദൈവത്തിന്റെ വിലയേറിയ ദാനമായി വലിയ കുടുംബങ്ങളെ ഞങ്ങൾ സ്വീകരിക്കുന്നു".

ഗർഭനിരോധനം വ്യാപകമായ ഈ കാലയളവിൽ, ജനിക്കാത്ത നിരവധി പൈതങ്ങൾ കശാപ്പു ചെയ്യപ്പെടുന്ന ഈ സന്ദർഭത്തിൽ, അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ എന്തു പറയുമായിരുന്നു? കുഞ്ഞുങ്ങളിലും കുടുംബജീവിതത്തിലുമുള്ള നമ്മുടെ സന്തോഷം എവിടെ? ദൈവദാനമായി അവയെ സ്വീകരിച്ച് അവന് മഹത്വം നാം നൽകുന്നുവോ? ജീവിതത്തിന്റെ വിലയും അശരണരോടുള്ള കരുണയും നഷ്ടമാകുന്നുവോ? 'ഒരുവൻ ശിശുവിനെപ്പോലെ ആയിത്തീരുന്നില്ല എങ്കിൽ ദൈവരാജ്യം കാണുകയില്ല' എന്ന യേശുവിന്റെ വചനങ്ങൾ വളരെ വ്യക്തവും സ്ഫുടവുമാണ്.

**ജീവനിലും ജീവിതത്തിലും വിലകൽപ്പിക്കാതെയുള്ള ലൈംഗികതീക്ഷ്ണത ശരിയല്ല**

ശിശുത്വത്തോടും ശിശുക്കളോടും എതിരായിട്ടാണ് ഈ കാലത്തിന്റെ ആത്മാവ് വർത്തിക്കുന്നത്. ആധുനിക സമൂഹത്തിൽ എവിടെയും മരണത്തിന്റെ ആത്മാവിനെ ദർശിക്കാം. വർദ്ധിച്ചുവരുന്ന കൊലപാതകം, ആത്മഹത്യാപ്രവണത, കുടുംബച്ഛിദ്രങ്ങൾ, ഗർഭഛിദ്രങ്ങൾ, വധശിക്ഷ,





ദയാവധം ഇവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ഇന്നത്തെ സംസ്കാരത്തിന്റെ ഗമനം മരണത്തിന്റെ പാതയിലാണ്. ദൈവിക നിയന്ത്രണങ്ങളെ മനുഷ്യൻ തന്റെ കൈകളിലൊ തുക്കുവാൻ ശ്രമിക്കുന്നു. ഇതിൽ കുറ്റവാളികൾ രാഷ്ട്രം മാത്രമല്ല.

ഗർഭച്ഛിദ്രത്തെ പല സഭകളും സ്ത്രീകളുടെ അവകാശമാണ് എന്ന പേരിൽ ഇന്ന് അനുകൂലിക്കുന്നു. ലൈംഗികവിപ്ലവം ഇന്ന് നമ്മുടെ സമൂഹത്തിൽ വളരെയധികം നാശനഷ്ടങ്ങൾ വിതയ്ക്കുന്നു. സ്വാർത്ഥപരായ ഉല്ലാസത്തിന്റെയും ആനന്ദത്തിന്റെയും തെറ്റായ സ്വാതന്ത്ര്യ ചിന്താഗതികളാണ് വളർന്നുവരുന്നത്. ജീവിതചിട്ടകളിൽക്കൂടിയും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്നതിൽക്കൂടിയുമാണ് യഥാർത്ഥ സ്വാതന്ത്ര്യം കൈവരിക്കുന്നത്. ആധുനിക സംസ്കാരത്തെക്കുറിച്ച് സ്റ്റാൻലി ഹോവർവോസ് (Stanley Hauerwas) ഇപ്രകാരം പറയുന്നു: "പുതിയ തലമുറകൾക്ക് ആത്മധൈര്യം പകർന്നുകൊടുക്കുന്നതിൽ നാം പരാജയപ്പെടുന്നു... നാം നമ്മുടെ മരണമാണ് കാംക്ഷിക്കുന്നത്."

ഒരു ചെറു ജീവൻ നിലനിർത്തണമോ വേണ്ടയോ എന്നതിനെക്കുറിച്ചുള്ള മനഃസാക്ഷി ആധുനിക സമൂഹത്തിൽ നിരവധിപേർക്കും ഇല്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ദൈവത്തിന്റെ വിലയേറിയ ദാനമാണ് എന്ന് ഒരു സമയത്തു കരുതപ്പെട്ടിരുന്ന പൈതങ്ങളെക്കുറിച്ച് ഇന്നു ചിന്തിക്കുന്നത് ചെലവിന്റെ അടിസ്ഥാനത്തിലാണ്. പലരും അവരെ ഒരു ബാദ്ധ്യതയായും തങ്ങളുടെ സ്വാതന്ത്ര്യത്തെയും ഉല്ലാസങ്ങളെയും ഹനിക്കുന്ന ഘടകങ്ങളായും കരുതുന്നു.

ഒരു യഥാർത്ഥ വിവാഹജീവിതത്തിൽ 'പുതുജീവനും' ഭാര്യാഭർത്തൃ 'സ്നേഹവും' തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു (മലാ. 2:15). ഭാര്യയും ഭർത്താവും ജഡത്തിൽക്കൂടി ഒന്നായിച്ചേരുമ്പോൾ ഒരു പുതുജീവൻ സൃഷ്ടിക്കപ്പെടും എന്ന ഭയഭക്തിപൂർവ്വമായ ചിന്തകൾ മനസ്സിൽ ഉളവാകേണ്ടതാണ്. ഈ വിധത്തിൽ വിവാഹം ക്രിയാത്മക സ്നേഹത്തിന്റെയും ദൈവികജീവിതത്തിന്റെയും പ്രതീകമായിത്തീരുന്നു. മനുഷ്യ ലൈംഗികതയെ ഈ വിധത്തിൽ ദർശിക്കുന്ന എത്ര ഭാര്യാഭർത്താക്കന്മാരെ ഇന്ന് കാണുവാൻ സാധിക്കും?

ഇന്നത്തെ സാമൂഹ്യതലത്തിലുള്ള കുടുംബാസൂത്രണ ചിന്താഗതികളെക്കുറിച്ച ക്രിസ്തീയ സഭകൾ കൂടുതലായി ചിന്തിക്കേണ്ടിയിരിക്കുന്നു. നിരവധി ദമ്പതികൾ ഈ ചിന്താഗതികളെ ആശ്രയിച്ച് വേദപുസ്തക ചിന്താഗതികളിൽനിന്ന് വ്യതിചലിക്കുന്നു. വേദപുസ്തകാടിസ്ഥാനത്തിൽ ജീവിതത്തിൽ കൈമാറേണ്ടുന്ന ആത്മീയ നിയന്ത്രണങ്ങളിൽനിന്നും ചിട്ടകളിൽനിന്നും നാം വഴുതിപ്പോകുന്നു. ലൈംഗികതയ്ക്കുവേണ്ടി മാത്രമുള്ള ലൈംഗികത അഥവാ ലൈംഗിക സുഖത്തിനും അനുഭൂതിക്കും വേണ്ടി മാത്രമുള്ള സ്വാർത്ഥലൈംഗികത വിവാഹത്തിന്റെ പ്രമാണങ്ങൾക്ക് സ്നേഹത്തിന്റെ അടിസ്ഥാനം അന്യോന്യം നൽകുക എന്ന വിശുദ്ധ പ്രമാണത്തിന് വിപരീതമാകുന്നു. ഈ പ്രക്രിയയിൽനിന്നും ഉളവാകേണ്ട പുതുജീവനെക്കുറിച്ചുള്ള കരുതൽ ഇല്ലായ്മയും ശരിയല്ല.

ഇത് ശിശുക്കളുടെ വാതിൽ അടയ്ക്കുകയാണ്; ദാനത്തെയും ദാനം നൽകുന്നവരെയും എതിർക്കുന്നതിനു സമമാണ് (ഇയ്യോബ് 1:21).

മദർ തെരേസ്സ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: "ഗർഭനിരോധനത്തിൽക്കൂടി ജീവൻ നൽകുവാൻ ഭാര്യാഭർത്താക്കന്മാർക്കു നൽകിയിരിക്കുന്ന ശക്തിയെ ദുരീകരിക്കുന്നത് അവരവരോട് സ്വയം ചെയ്യുന്ന ഒരു അപരാധമായി കണക്കാക്കണം. സ്നേഹമാകുന്ന ദാനത്തെ ഇല്ലാതെയാക്കുകയാണ് ഇതുകൊണ്ട് ചെയ്യുന്നത്. അന്യോന്യം സ്വയമേ നൽകുന്ന സ്നേഹത്തിൽ കുടുംബാസൂത്രണം ഉത്തമമാണ്. സ്വയം അന്യോന്യം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം കുടുംബാസൂത്രണം. ഗർഭനിരോധനം സ്വയത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു."

ഗർഭനിരോധനത്തിൽ ഒരു ദേഹിയാകുന്ന ഭാര്യാഭർത്തൃദമ്പതികളുടെ പൂർത്തീകരണം ഉളവാകുന്നില്ല. അവരുടെ ദിവ്യ ബന്ധത്തിൽനിന്ന് ഉളവാകേണ്ട കുഞ്ഞുങ്ങളോട് ഉത്തരവാദിത്വങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുവാനുള്ള ഒരു മാർഗമായിത്തീരുന്നു. കുടുംബാസൂത്രണം തീർച്ചയായും ഭാര്യാഭർത്തൃബന്ധത്തിലെ ഏറ്റവും വലുതായ ഒരു ഉത്തരവാദിത്വമാണ്. ഭാര്യ അമ്മയാകുമ്പോൾ ആവശ്യമായ ആരോഗ്യം കാത്തുസൂക്ഷിക്കുക എന്ന ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻ സാധ്യമല്ല. അതുപോലെ കുഞ്ഞുങ്ങൾ ജനിക്കുമ്പോൾ അവർ തമ്മിലുണ്ടാകേണ്ടുന്ന പ്രായവ്യത്യാസം വളരെ പ്രാധാന്യം അർഹിക്കുന്നു. അടുപ്പിച്ച് കുട്ടികൾ ഉണ്ടാകുമ്പോൾ അത് അമ്മയുടെ ആരോഗ്യത്തെ ഹനിക്കുവാൻ ഇടയാക്കാം. ഭാര്യയോടു ഭർത്താവിന് ഉണ്ടാകേണ്ട കരുതലിന്റെ വിവിധ വശങ്ങൾ ഇതുപോലെ ധാരാളമാണ്. ഭാര്യാർത്താക്കന്മാർ ദൈവസന്നിധിയിൽ പ്രാർത്ഥനയോടും ഭയഭക്തിയോടും കുടുംബാസൂത്രണത്തെ കാണേണ്ടിയിരിക്കുന്നു. നമ്മുടെ ഭയങ്ങളെയും സംശയങ്ങളോടും ഉറച്ച വിശ്വാസത്തോടുകൂടി ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് കരണീയമായുള്ളത് (മത്താ.7:7–8). ദൈവത്തിൽ ആശ്രയിച്ച് അവനുവേണ്ടി നമ്മുടെ മനസ്സു തുറക്കുന്നുവെങ്കിൽ അവൻ നാം സ്വീകരിക്കേണ്ട വഴികളെ കാട്ടിത്തരുമെന്നതിന് രണ്ടു പക്ഷമില്ല.

**ഗർഭച്ഛിദ്രം ദൈവത്തെ അപഹസിക്കുന്നതിനു സമമാണ്**

ഗർഭനിരോധനത്തിനുള്ള ചിന്ത മരണത്തിന്റെ ആത്മാവിൽ നിന്ന് ഉളവാകുന്നതാണ്. പുതുജീവൻ ഉളവാകുന്നതിനെ ഇതിൽക്കൂടി നിയന്ത്രിക്കപ്പെടുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിലും ജീവിതത്തിന് എതിരായ ഒരു സമരം നടക്കുന്നു. ശിശുക്കളുടെ ആത്മാവ് നശിപ്പിക്കപ്പെടുന്നു. ഈ ലോകത്തിലേക്ക് കടന്നുവരുന്നതിനു മുമ്പുതന്നെ അവരെ ഇല്ലാതെയാക്കുന്നു, നശിപ്പിക്കുന്നു.

ഹെരോദാ രാജാവിന്റെ കാലത്തെ ശിശുവധത്തേക്കാൾ വ്യാപകമാണ് ഇന്നു കാണപ്പെടുന്ന ഗർഭച്ഛിദ്രപ്രവണത. ഗർഭച്ഛിദ്രം കൊലപാതകമാണ് എന്നതിന് യാതൊരു സംശയവുമില്ല. സുവിശേഷങ്ങളുടെ സന്ദേഹങ്ങളെ ഇതു നിരർത്ഥകമാക്കുന്നു. നിഷ്കളങ്കരായവരുടെ രക്തത്തെ ചൊരിയുന്നതിനെതിരായി പഴയ നിയമവും ശക്തമായി നിലകൊള്ളുന്നു



(സദൃ. 6:16–17). ഗർഭച്ഛിദ്രം ജീവനെ നശിപ്പിക്കുകയും ദൈവസാദൃശ്യമുള്ള ജനിക്കാത്ത കുഞ്ഞിനെ ഇല്ലാതാക്കുകയും ചെയ്യുന്നതിൽക്കൂടി ദൈവത്തെ നിന്ദിക്കുകയും ചെയ്യുന്നു.

മനുഷ്യജീവിതത്തിൽ ദൈസാന്നിദ്ധ്യം വ്യക്തമാക്കുന്ന നിരവധി വേദഭാഗങ്ങൾ പഴയനിയമ പുസ്തകങ്ങളിൽ കാണാവുന്നതാണ്. ഈ ദൈവസാന്നിദ്ധ്യം ഒരുവൻ ഗർഭസ്ഥിതിയിൽ ആയിരിക്കുമ്പോൾത്തന്നെ ഉടലെടുക്കുന്നു. ഹവ്വ ഗർഭം ധരിക്കുന്ന സമയത്ത് പറയുന്നത് ശ്രദ്ധിക്കുക: "യഹോവയാൽ എനിക്ക് ഒരു പുരുഷപ്രജ ലഭിച്ചു". ആദാമിനാൽ എന്നു പറയുന്നില്ല. എന്നാൽ യഹോവയാൽ എന്ന വാക്കാണ് ഹവ്വ ഉപയോഗിക്കുന്നത് (ഉല്പ. 4:1).

139–ാം സങ്കീർത്തനത്തിൽ നാം ഇപ്രകാരം വായിക്കുന്നു: "നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചത്, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്ക് സ്തോത്രം ചെയ്യുന്നു, നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു, അത് എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു. ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽ നിർമ്മിക്കപ്പെടുകയും ചെയ്തപ്പോൾ എന്റെ അസ്ഥികൂടം നിനക്ക് മറവായിരുന്നില്ല. ഞാൻ പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണ് എന്നെ കണ്ടു; നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും നൽകാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു;" (സങ്കീ. 139:13–16). ഇയ്യോബ് ഇപ്രകാരം പറയുന്നു, "ഗർഭത്തിൽ എന്നെ ഉരുവാക്കിയവനല്ലയോ അവനെയും ഉരുവാക്കിയത്? ഉദരത്തിൽ ഞങ്ങളെ നിർമ്മിച്ചത് ഒരുത്തനല്ലയോ? (ഇയ്യോ. 31:15, 10:8–12).

യിരെമ്യാവിനോട് ദൈവം അരുളിച്ചെയ്തു "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പെ ഞാൻ നിന്നെ അറിഞ്ഞു, നീ ഗർഭപാത്രത്തിൽ നിന്നു പുറത്തുവന്നതിനു മുമ്പെ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു (യെശ. 1:5).

ജനനത്തിനു മുമ്പായി ഗർഭപാത്രത്തിൽ ഉള്ള സമയത്തുതന്നെ ദൈവം വിളിക്കുന്നതായി നാം പുതിയനിയമത്തിൽ വായിക്കുന്നു (ഗലാ. 1:15). അതോടൊപ്പംതന്നെ ഗർഭസ്ഥശിശുവിന്റെ പ്രത്യേക വശങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളും കാണുവാൻ സാധിക്കും. വരാനിരിക്കുന്ന ശിശുവിനെക്കുറിച്ചുള്ള ഏറ്റവും മനോഹരമായ ഒരു പ്രവചനം നമുക്ക് വിശുദ്ധ ലൂക്കോസിന്റെ സുവിശേഷത്തിൽ കാണുവാൻ സാധിക്കും. "മറിയയുടെ വന്ദനം ഏലീശബത്ത് കേട്ടപ്പോൾ പിള്ള അവളുടെ ഗർഭത്തിൽ തുള്ളി, ഏലീശബേത്ത് പരിശുദ്ധാത്മാവ് നിറഞ്ഞവളായി വിളിച്ചുപറഞ്ഞത്, സ്ത്രീകളിൽ നീ അനുഗ്രഹിക്കപ്പെട്ടവൾ നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടത്; എന്റെ കർത്താവിന്റെ മാതാവ് എന്റെ അടുക്കൽ വരുന്ന മാനം എനിക്ക് എവിടെനിന്ന് ഉണ്ടായി? നിന്റെ വന്ദന സ്വരം എന്റെ ചെവിയിൽ വീണപ്പോൾ പിള്ള എന്റെ ഗർഭത്തിൽ ആനന്ദം കൊണ്ടു തുള്ളി. കർത്താവു തന്നോട് അരുളിച്ചെയ്തതിനു നിവൃത്തിയുണ്ടാകും എന്ന് വിശ്വസിച്ചവൾ ഭാഗ്യവതി (ലൂക്കോ. 1:41–44).

ഗർഭസ്ഥ ശിശുവായിരുന്ന യോഹന്നാൻ സ്നാപകൻ, യേശുവിന്റെ മുന്നോടി, ഒന്നോ രണ്ടോ ആഴ്ച മാത്രം ഗർഭസ്ഥ വളർച്ച എത്തിയ യേശുവിനെക്കുറിച്ചുള്ള വാർത്ത ശ്രവിക്കുമ്പോൾ ആനന്ദംകൊണ്ട് ഗർഭാവസ്ഥയിൽ തുള്ളുന്നു. ഇവിടെ രണ്ടു ഗർഭസ്ഥ ശിശുക്കൾ: ഒന്ന് യേശുക്രിസ്തു. പരിശുദ്ധാത്മാവിനാൽ മറിയയുടെ ഗർഭപാത്രത്തിൽ ജനിക്കുന്നു (മത്താ. 1:20–21). മറ്റേത്, യോഹന്നാൻ സ്നാപകൻ: പരിശുദ്ധാത്മാവിനാൽ ഗർഭത്തിൽ തുള്ളുന്നു.

ഒരു പുതിയ ജീവൻ ശാരീരികമായോ പ്രകൃതി സംബന്ധമായോ ഉള്ള എന്തെങ്കിലും കാരണങ്ങളാൽ മാത്രം ഉളവാകുന്നു എന്ന ചിന്ത തികച്ചും ശരിയല്ല. ദൈവമാണ് ഗർഭസ്ഥ ശിശുവിന്റെ ഉത്ഭവത്തിന്റെ അടിസ്ഥാനം (സങ്കീ. 71:6). ഗർഭച്ഛിദ്രം ഈ ദൈവിക പ്രവൃത്തിക്ക് എതിരാണ്.

ഈ കാരണങ്ങളാൽ ആദിമ സഭ ഗർഭച്ഛിദ്രത്തെ ശിശുഹത്യ എന്നു വിശേഷിപ്പിച്ചിരുന്നു. ഡിഡാഖേ (Didache) എന്നു പേരുള്ള ആദിമ സഭയിലെ, പുതുക്രിസ്ത്യാനിക്കുവേണ്ടി ഉപയോഗിച്ചിരുന്ന പഠന പദ്ധതിയിൽ ഇതു വളരെ വ്യക്തമാണ്. "നിങ്ങൾ ഒരു ശിശുവിനെ ഗർഭച്ഛിദ്രത്തിൽക്കൂടി നശിപ്പിക്കരുത്." "ഒരു ഗർഭം അലസിപ്പിക്കുന്ന വ്യക്തിക്ക് മനുഷ്യത്വം നഷ്ടപ്പെടുന്നു എന്നാണ് അലക്സാന്ത്രിയയിലെ ക്ലെമെന്റ് എന്ന വിശുദ്ധൻ എഴുതിയിട്ടുള്ളത്.

ഈ വിഷയത്തിൽ ഇന്നത്തെ സഭയുടെ പ്രമാണങ്ങൾ അവ്യക്തമാണ്. ക്രിസ്ത്യാനികളാണ് തങ്ങൾ എന്ന് സ്വയം പ്രകീർത്തിക്കുന്നവർപോലും വൈദ്യശാസ്ത്രത്തിന്റെയും നിയമത്തിന്റെ പഴുതുകൾ മൂടുപടമായി ഉപയോഗിച്ച് ഹീനവും കിരാതവുമായ ഈ പ്രവൃത്തിയെ ന്യായീകരിക്കുന്നു.

**ഒരു ജീവിതം തുടരണമോ എന്നതിന് നാം വിധികർത്താക്കളോ?**

ഗർഭച്ഛിദ്രം കൊലപാകമാണെന്നു പറയുന്നത് പലർക്കും അപ്രിയമാണ്. യാഥാർത്ഥ്യത്തിൽനിന്ന് അകന്നു നിൽക്കുന്ന ഒരാളുടെ പ്രസ്താവനയായി പലരും അതിനെ കരുതും. ചില ക്രിസ്തീയ വേദശാസ്ത്രജ്ഞന്മാരും ഗർഭച്ഛിദ്രത്തെ എതിർക്കുന്നില്ല. എന്നാൽ ദൈവം ഗർഭച്ഛിദ്രത്തിന് എതിരാണ് എന്നാണ് എന്റെ വിശ്വാസം. സ്നേഹത്തിൽ അടിസ്ഥാനമാക്കിയാണ് ദൈവത്തിന്റെ നിയമങ്ങൾ. സമയവും സാഹചര്യങ്ങളും വ്യത്യാസപ്പെടുന്നതിനനുസരിച്ച് അതു മാറ്റപ്പെടുന്നില്ല. നീ കൊല ചെയ്യരുത് എന്നാണ് ദൈവത്തിന്റെ നിയമം.

ജനനം മുതൽ മരണംവരെയും മനുഷ്യജീവിതം വിശുദ്ധമാണ്. നാം ഇത് യഥാർത്ഥമായി വിശ്വസിക്കുന്നുവെങ്കിൽ ഗർഭച്ഛിദ്രത്തെ അനുകൂലിക്കുവാൻ നമുക്ക് സാധ്യമാകുകയില്ല. ജീവിതത്തിന്റെ നിലവാരം, ശാരീരികവും മാനസികവുമായ വൈകല്യങ്ങൾ ഇങ്ങനെയുള്ള നിരവധി മുടന്തൻ ന്യായങ്ങൾ പറഞ്ഞു ള്ള ഗർഭച്ഛിദ്രവും സാധൂകരിക്കാനാവില്ല. ഒരു ശിശുവിന്റെ ആത്മാവ് ദൈനംദിനം സൂര്യപ്രകാശം കാണണോ വേണ്ടയോ എന്നു തീരുമാനിക്കുവാൻ നാം ആരാണ്? ശാരീരികവും മാനസികവുമായ വൈകല്യമുള്ളവർക്കുപോലും ദൈവിക പദ്ധയിൽ അവന്റെ നാമമഹത്വത്തിനുവേണ്ടി ഉപയോഗിക്കപ്പെടാവുന്നതാണ് (യോഹ. 9:1–3). "മനുഷ്യന് വായ് കൊടുത്തതാര്? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയവൻ ആര്? യഹോവയായ ഞാൻ അല്ലയോ? (പുറ.4:11). വളർന്നു വരേണ്ടുന്ന ശിശുക്കൾ ആരാണ് എന്നു തീരുമാനിക്കുവാൻ നമുക്ക് എന്ത് അവകാശം? രണ്ടാം ലോകമഹായുദ്ധകാലത്തോടനുബന്ധിച്ച് ഹിറ്റ്ലർ ഈ തരത്തിലുള്ള ഒരു തീരുമാനത്തിനു മുതിർന്നു. ആരോഗ്യവും പൂർണ്ണതയുമുള്ള കുഞ്ഞുങ്ങളെ പ്രത്യേക നഴ്സറികളിൽ വളർത്തുക അംഗവൈകല്യവും മാനസിക വൈകല്യവും മറ്റുമുള്ള ശിശുക്കളെയും മുതിർന്നവരെയും അതിന് പ്രത്യേകം നിർമ്മിക്കപ്പെട്ട ഗ്യാസ് അറകളിൽ ശ്വാസം മുട്ടിച്ച് ഇല്ലാതെയാക്കുക.

ഡിട്രിക് ബോൺ ഹോഫർ (Dietrich Bonhoeffer) അന്ന് ഇപ്രകാരം എഴുതി: "അർത്ഥമുള്ളതും അർത്ഥമില്ലാത്തതുമായ ജീവിതത്തിന്റെ വേർപാട് ജീവിതത്തെത്തന്നെ ഇല്ലാതാക്കും."

ഗർഭസ്ഥമാതാവിന്റെ ജീവൻ അപകടത്തിലാകുന്ന അവസരത്തിൽപ്പോലും ഗർഭച്ഛിദ്രം അതിന് ഒരു ഉത്തരമാകുന്നില്ല. ദൈവദൃഷ്ടിയിൽ ജനിക്കാത്ത കുഞ്ഞിന്റെയും അമ്മയുടെയും ജീവൻ ഒരുപോലെ വിലപ്പെട്ടതാണ്. ഒരു നന്മ ഉണ്ടാകുന്നതിനുവേണ്ടി പ്രവർത്തിക്കുക എന്നത് ന്യായീകരിക്കാനാവില്ല. ഇത് ദൈവത്തിന്റെ സർവ്വശക്തിയും ജ്ഞാനവും മനുഷ്യഹസ്തങ്ങളിലെടുക്കുന്നതിനു സമമാണ്(റോമ.3:5–8). ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സഭയുടെ ഉപദേശകരിലേക്ക് തിരിയേണ്ടതാണ്. "നിങ്ങളിൽ കഷ്ടത അനുഭവിക്കുന്നവർ പ്രാർത്ഥിക്കട്ടെ, സുഖം അനുഭവിക്കുന്നവർ പാടട്ടെ. നിങ്ങളിൽ ദീനമായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെയെങ്കിൽ അവനോടു ക്ഷമിക്കും (യാക്കോ. 5:13–15). സഭയുടെ പൊതുവായുള്ള പ്രാർത്ഥനയിൽക്കൂടി വളരെയധികം ശക്തിയും കാവലും ഗർഭസ്ഥയായ മാതാവിനും ശിശുവിനും ലഭ്യമാകും. ദൈവഭയത്തോടും വിറയലോടും ഞാൻ ആവർത്തിക്കുന്ന ഇതുപോലെയുള്ള അവസരങ്ങളിൽ പ്രാർത്ഥനയാണ് എന്റെ പ്രധാനം.

**ധാർമ്മിക വിമർശനങ്ങളേക്കാൾ ഇതരമാർഗങ്ങൾ പ്രധാനം**

ഇതര മാർഗങ്ങൾ നൽകാതെ ഗർഭച്ഛിദ്രത്തിന് അറുതി വരുത്തേണ്ടത് ആവശ്യപ്പെടുവാൻ ക്രിസ്ത്യാനികളായ നമുക്ക് സാധ്യമല്ല

എബർഹാർഡ് ആർനോൾഡ് (Eberhard Arnold) ഇപ്രകാരം എഴുതുന്നു; "ധാർമ്മികതയെ ആധാരമാക്കിയുള്ള ചിന്തകർ വിവാഹത്തിനു മുമ്പും പിമ്പുമുള്ള പരിശുദ്ധിയെക്കുറിച്ച് നിഷ്കർഷിക്കുന്നു. എന്നാൽ അവരിൽ പലരും പ്രായോഗികതലത്തിൽ വിശ്വസ്തരല്ല എന്നതാണ്

യാഥാർത്ഥ്യം. ദൈവരാജ്യത്തിൽ വിശ്വസിക്കാത്ത ഒരു സമൂഹത്തിൽ ഗർഭത്തിലുള്ള ശിശുവിനെ നശിപ്പിക്കുന്നത് ഒരു തെറ്റായിക്കാണുകയില്ല. സാമൂഹ്യ അസമത്വവും നീതിയും നിലനിൽക്കുന്നിടത്തോളം കാലം ഈ തരത്തിലുള്ള നരഹത്യ തുടർന്നുകൊണ്ടേയിരിക്കും. പൊതു ജീവിതവും രഹസ്യജീവിതവും ഇന്നത്തെ നിലയിൽത്തന്നെ തുടർന്നാൽ ഗർഭച്ഛിദ്രത്തിന്റെ അളവു കുറയ്ക്കുവാൻ സാധ്യമല്ല. ധനമോഹവും കാപട്യവും അനീതിയും സാമൂഹ്യ ഉച്ചനീചത്വങ്ങളും സമൂഹത്തിൽ ഇല്ലാതെയാക്കി മെച്ചമായ ഒരു ജീവിതംകെട്ടിപ്പടുക്കുന്നതിന് ഈ ജീവിതശൈലികൾ പ്രായോഗികതലത്തിൽ സ്വീകരിക്കേണ്ടതാണ്. ഇത് സാധിക്കുന്നില്ലെങ്കിൽ വിവാഹത്തിലെ പരിശുദ്ധി കാത്തുസൂക്ഷിക്കാനും ഗർഭച്ഛിദ്രങ്ങളെ ദൂരീകരിക്കുവാനും സാധിക്കാതെ വരുന്നതാണ്. "ഈ തലത്തിൽ സഭ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നു. കൗമാരപ്രായത്തിലുള്ള നിരവധി മാതാക്കൾ ഈ പ്രശ്നങ്ങളുമായി മല്ലിടുന്നു. എന്നാൽ അവർക്കു വേണ്ട രീതിയിലുള്ള ആത്മീയ മാർഗനിർദ്ദേശങ്ങളോ മാനസികവും സാമ്പത്തികവുമായ സഹായങ്ങളോ ലഭിക്കുന്നില്ല. ലൈംഗിക ചൂഷണത്തിന് അവരിൽ പലരും ഇരയായിത്തീരുന്നു. മറ്റു പലരും കോപിഷ്ഠരായ കാമുകന്മാരുടെ ഇരകളാണ്. അവരുടെ മുമ്പിൽ ഗർഭച്ഛിദ്രമല്ലാതെ മറ്റു മാർഗങ്ങളില്ല. മാതാപിതാക്കളും അവരെ അതിനു പ്രേരിപ്പിക്കുന്നു. അവിവാഹിതയായ ഒരു മാതാവിന്റെ കുഞ്ഞിനെ സ്വീകരിക്കുവാൻ അവർ തയ്യാറാകുന്നില്ല.

ഗർഭച്ഛിദ്രം നടത്തിയിട്ടുള്ള സ്ത്രീകളുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്ത (Frederica Mathews Green) ഫ്രെഡറികാ മാത്യൂസ് ഗ്രീൻ ഗർഭച്ഛിദ്രത്തിന് പ്രേരിപ്പിക്കപ്പെടുന്നതിന്റെ പ്രധാനകാരണമായി സൂചിപ്പിക്കുന്നത് ബന്ധങ്ങൾ കാത്തുപരിപാലിക്കുന്നതിനുവേണ്ടിയാണ് ഈ ക്രൂരകൃത്യം ചെയ്യുന്നതെന്നാണ്. സ്ത്രീകൾ പൊതുവേ ഗർഭച്ഛിദ്രം ഇഷ്ടപ്പെടുന്നില്ല. മറ്റുള്ളവരുടെ സഹായവും പ്രത്യാശയുമാണ് അവർക്കു വേണ്ടത്.

"താൻ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നവരുടെ രക്ഷയ്ക്കു വേണ്ടിയാണ് ഒരു സ്ത്രീ ഗർഭച്ഛിദ്രത്തിനു തയ്യാറാകുന്നത്. എന്നാൽ മറ്റൊരു വ്യക്തിയോടു തനിക്ക് ചില ചുമതലകൾ ഉണ്ട് എന്നു മനസ്സിലാക്കുന്നത് താമസിച്ചു മാത്രമാണ്. സ്വന്ത ഗർഭത്തിൽ ഉള്ള ശിശുവാണ് ആ പ്രത്യേക വ്യക്തി. ആ പ്രത്യേക ബന്ധം നിർദ്ദയമായി വിച്ഛേദിക്കപ്പെടുന്നതിൽനിന്ന് ഉളവാകുന്ന കുറ്റബോധമാണ് ഗർഭച്ഛിദ്രം നടത്തുന്ന സ്ത്രീകളിൽ കാണപ്പെടുന്നത്.

കുടുംബാസൂത്രണമില്ലാതെ ഉളവാകുന്ന ഗർഭധാരണത്തിന് കരുണയും സഹായങ്ങളും കൗൺസലിംഗും നൽകേണ്ടതാണ്. അതോടൊപ്പം പുനരധിവാസത്തിനുള്ള സൗകര്യങ്ങളും വൈദ്യ സഹായവും നൽകേണ്ടിയിരിക്കുന്നു. എന്നാൽ ഇതിലൊക്കെ ഉപരിയായി ദയയോടും കരുതലോടും അവരോടു പെരുമാറുന്ന സ്നേഹിതരെ വാർത്തെടുക്കുക എന്നതാണ് പരമപ്രധാനമായുള്ളത്.



ഗർഭച്ഛിദ്രത്തിനെതിരായി നിലകൊള്ളുമ്പോൾ അതിന് ഇരകളായ സ്ത്രീകളുടെ വ്യഥകളെ നാം മറന്നുപോകരുത്. മറ്റു വഴികൾ ആരും അവർക്കു കാട്ടിക്കൊടുക്കുന്നില്ല. ദൈവത്തിനു മാത്രമേ അവർക്ക് ആശ്വാസം നൽകുവാൻ സാധ്യമാകുകകയുള്ളൂവെന്ന് ആരും അവരെ ഉദ്ബോധിപ്പിക്കുന്നില്ല. ഗർഭച്ഛിദ്രത്തിനുശേഷമുള്ള മനഃസാക്ഷിയുടെ കഠിനമായ വേദനയും അവളുടെ ഏകാന്തതയും കുരിശിന്റെയും കർത്താവിന്റെയും സന്നിധിയിൽ അർപ്പിക്കുന്നതിൽക്കൂടി മനഃശാന്തി കൈവരിക്കാവുന്നതാണ് തങ്ങളുടെ കുഞ്ഞുങ്ങളെ നഷ്ടപ്പെട്ട ആ മാതക്കളുടെ വേദനയുടെ ഒരംശമെങ്കിലും പങ്കിടുവാനും അവരെ ആശ്വസിപ്പികുവാനും ക്രിസ്ത്യാനികളായ നാം തയ്യാറെടുക്കണം. നിങ്ങളിൽ ഒന്നാമത്തെ കല്ല് ആര് എറിയും? (യോഹ. 8:7). ഗർഭച്ഛിദ്രത്തിന്റെ വേദനയാൽ കഴിയുന്നവരെ കാഠിന്യത്തോടെ വീക്ഷിക്കുന്നവർക്ക് അയ്യോ കഷ്ടം.

ജനിക്കാത്ത ഗർഭസ്ഥശശുവിനെ ദൈവം ഒരു പ്രത്യക രീതിയിൽ സ്നേഹിക്കുന്നു. ദൈവം തന്റെ ഏകപുത്രനായ യേശുവിനെ ഒരു അമ്മയുടെ ഗർഭപാത്രത്തിൽക്കൂട ജനിക്കുവാൻ അനുവദിച്ചു. ഒരു മാതാവ് തന്റെ ഗർഭസ്ഥ ശിശുവിനെതിരായി തിരിഞ്ഞാലും അതിനെ ദൈവം കൈവിടുകയില്ല എന്ന് മദർ തെരേസാ പറഞ്ഞിരിക്കുന്നു. ഓരോ ജീവിതത്തെയും അവൻ തന്റെ കൈകളിൽ നിത്യജീവനുവേണ്ടി മെനഞ്ഞിരിക്കുന്നു. ഈ ദൈവികപദ്ധതിയെ എതിർക്കുന്നവരോട് മദർ തെരേസയോടും ചേർന്ന് നമുക്കു പറയാം "ദയവായി ഈ ശിശുവിനെ നശിപ്പിക്കാതിരിക്കുക. എനിക്ക് ആ ശിശുവിനെ നൽകുക. ദയവുചെയ്ത് ആ ശിശുവിനെ എനിക്കു നൽകുക".

# 18

# വിവാഹമോചനവും പുനർവിവാഹവും

*“ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്ന വനെല്ലാം വ്യഭിചാരം ചെയ്യുന്നു. ഭർത്താവ് ഉപേക്ഷിച്ചവളെ വിവാഹം കഴിക്കുന്നവനും വ്യഭിചാരം ചെയ്യുന്നു” (ലൂക്കോ. 16:18).*

ആധുനിക ക്രൈസ്തവസഭ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നമാണ് വിവാഹമോചനവും പുനർവിവാഹവും. “അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒന്നത്രേ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്” എന്ന ഈ വചനങ്ങൾ കാര്യഗൗരവത്തോടെ സ്വീകരിച്ച് വിവാഹജീവിതത്തിൽ അനുവർത്തിക്കുവാൻ ശ്രമിക്കുന്നവർ ഇന്നു വിരളമാണ് (മത്താ. 19:6).

**വിവാഹ ഉടമ്പടി ലംഘിക്കപ്പെടാമെങ്കിലും ഉടമ്പടിയെ ഇല്ലാതെയാക്കുവാൻ ഒരിക്കലും സാധ്യമല്ല**

‘വിവാഹമോചനവും പുനർവിവാഹവും’ ധാർമ്മികമായും വേദപുസ്തകപരമായും അനുവദനീയമാണ് എന്നു കരുതുന്ന ക്രൈസ്തവർ നിരവധിയാണ്. ദൈവം വിവാഹമോചനത്തെ വെറുക്കുന്നുവെങ്കിലും മനുഷ്യന്റെ പാപാവസ്ഥയിൽനിന്നുള്ള ഒരു വിടുതൽ എന്ന നിലയിൽ അനുവദനീയമാണ് എന്നാണ് അവരുടെ മതം. ഹൃദയകാഠിന്യത്തിന്റെ ഫലമായി വിവാഹബന്ധം അഴിക്കുന്നതിൽ തെറ്റില്ല എന്ന് അവർ അവകാശപ്പെടുന്നു. ദൈവം മനുഷ്യന്റെ ബലഹീനതകളെ അംഗീകരിക്കുകയും ലോകത്തിന്റെ അപൂർണ്ണതകളുടെ ഭാഗമായി വിവാഹമോചനങ്ങളെയും കുടുംബച്ഛിദ്രങ്ങളെയും കാണുകയും ചെയ്യുന്നുവെന്നാണ് അവരുടെ വാദം. ദൈവത്തിന്റെ ദീർഘക്ഷമയുടെ അടിസ്ഥാനത്തിൽ പഴയതിനെ മറന്ന് ഒരു പുതിയ വിവാഹ ഉടമ്പടിയിൽ പ്രവേശിക്കുവാൻ സാധ്യമാകുമെന്ന് അവർ അവകാശപ്പെടുന്നു. എന്നാൽ ദൈവസന്നിധിയിൽ എടുത്ത വിവാഹ ഉടമ്പടിയുടെ സ്ഥാനം എന്തായിത്തീരുന്നു? ദൈവിക ക്ഷമയുടെ അടിസ്ഥാനത്തിൽ ദൈവിക ഉടമ്പടിയെ നിരാകരിക്കുവാൻ സാധിക്കുമോ? അവിശ്വസ്തതയെ ദൈവം അനുവദിക്കുമോ? സഭയുടെ ഐക്യം വ്യതിചലിക്കാത്തതും നിത്യവും ആകുന്നതുപോലെ യഥാർത്ഥ





വിവാഹം നിത്യവും മാറാത്തതും ആണ്. ആദിമക്രിസ്ത്യാനികളെപ്പോലെ തന്നെ നമ്മുടെ ജീവിതത്തിലും ദമ്പതികൾ രണ്ടുപേരും ജീവിച്ചിരിക്കുന്നിടത്തോളം വിവാഹമോചനവും പുനർ വിവാഹവും അസാധ്യമാണ്. ആത്മാവിന്റെ ഐക്യത്തിൽ ദൈവം കൂട്ടിച്ചേർത്തവരെ മരണംവരെയും വേർപിരിക്കുവാൻ സാധ്യമല്ല. ഒരു പങ്കാളിയുടെയോ രണ്ടുപേരുടെയോ ഭാഗത്തുള്ള അവിശ്വസ്തയ്ക്ക് ഈ സ്ഥിതിയെ മാറ്റുവാൻ സാധ്യമല്ല. തന്റെ പങ്കാളി ജീവിച്ചിരിപ്പുള്ളപ്പോൾ മറ്റൊരാളെ വിവാഹം കഴിക്കുവാൻ ഒരു ക്രിസ്ത്യാനിക്കു സാധ്യമല്ല. ഐക്യത്തിന്റേതായ ഉടമ്പടിയെ ബലഹീനമാക്കുകയാണ് അതു ചെയ്യുന്നത്.

മനുഷ്യന്റെ കഠിനഹൃദയം മുഖാന്തരമാണ് മോശെ വിവാഹമോചനം സമൂഹത്തിൽ അനുവദിച്ചതെന്ന് യേശു വളരെ വ്യക്തമായി പറയുന്നു (മത്താ. 19:8). എന്നാൽ ആത്മാവിൽ ജനിച്ച അവന്റെ ശിഷ്യർക്ക് ഇത് ഉത്തമമായ ഒരു ന്യായവാദമല്ല. ആരെങ്കിലും ഭാര്യയെ ഉപേക്ഷിച്ചാൽ അവർക്ക് ഉപേക്ഷണ പത്രം കൊടുക്കട്ടെ” എന്നാണ് മോശെ പറഞ്ഞിരിക്കുന്നത്. എന്നാൽ യേശു “പരസംഗം ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവരെല്ലാം അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നു” എന്നാണ് പറഞ്ഞിരിക്കുന്നത് (മത്താ. 5:31–32). യേശുക്രിസ്തുവിന്റെ ഈ വാക്കുകളെ ശിഷ്യന്മാർ ശരിയായി മനസ്സിലാക്കി. “ശിഷ്യന്മാർ അവനോട് സ്ത്രീയെ സംബന്ധിച്ചു മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല എന്നു പറഞ്ഞു” (മത്താ. 19:10). വിവാഹമോചനത്തിന് മോശെ അനുവാദം നൽകിയത് ആവശ്യത്തിന്റെ പേരിലാണെങ്കിലും ഇല്ലാതാക്കുവാൻ പാടില്ലാത്ത ഒന്നാണ് വിവാഹബന്ധം. ഒരു വിവാഹബന്ധം തകരുവാൻ സാധ്യതകളുണ്ടെങ്കിലും ആ ബന്ധം ഇല്ലാതാക്കുവാൻ അവിശ്വസ്തത പുലർത്തുന്ന ഒരു പുരുഷനോ സ്ത്രീക്കോ സാധ്യമല്ല. ദൈവത്തിന്റെ കൽപ്പനകളെ ഇല്ലാതെയാക്കുവാനോ തള്ളിക്കളയുവാനോ സാധ്യമല്ല.

*പൗലോസ് കൊരിന്ത്യർക്ക് എഴുതുന്നു;*

“വിവാഹം കഴിഞ്ഞവരോടോ ഞാനല്ല, കർത്താവു തന്നെ കൽപ്പിക്കുന്നത് ഭാര്യ ഭർത്താവിനെ വേർപിരിയരുത് പിരിഞ്ഞു എന്നു വരികിലോ വിവാഹം കൂടാതെ പാർക്കേണം. അല്ലാതെ വരികിൽ ഭർത്താവിനോടു നിരന്നുകൊള്ളേണം. ഭർത്താവ് ഭാര്യയെ ഉപേക്ഷിക്കയുമരുത്” (1 കൊരി. 7:10–11). വിശുദ്ധ പൗലോസ് വീണ്ടും എഴുതുന്നു: “ഭർത്താവു ജീവിച്ചിരിക്കുന്ന കാലത്തോളം സ്ത്രീ ബന്ധിക്കപ്പെട്ടിരിക്കുന്നു, ഭർത്താവു മരിച്ചു പോയാൽ തനിക്കുള്ളവനുമായി വിവാഹം കഴിപ്പാൻ സ്വാതന്ത്ര്യമുണ്ട്. കർത്താവിൽ വിശ്വസിക്കുന്നവരുമായി മാത്രമേ ആകാവൂ” (1കൊരി. 7:39). റോമർക്ക് എഴുതിയ ലേഖനത്തിൽ പൗലോസ് ഇപ്രകാരം പറയുന്നു; “ഭർത്താവ് ജീവിച്ചിരിക്കുമ്പോൾ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്ന പേർ വരും, ഭർത്താവു മരിച്ചുവെങ്കിലോ അവൾ വേറെ പുരുഷന് ആയാൽ വ്യഭിചാരിണി എന്ന് വരാതവണ്ണം ന്യായപ്രമാണത്തിൽനിന്നു സ്വതന്ത്രയാകുന്നു” (റോമ. 7:3).

ഏക ശരീരമായിത്തീരുന്ന ഭാര്യാഭർത്തൃബന്ധത്തിന്റെ ദിവ്യത്വം വ്യഭിചാരകർമ്മം നശിപ്പിക്കുന്നുവെന്നതിനാൽ ആ കർമ്മം ഏറ്റവും ഭയങ്കരമായ വഞ്ചനയാണ്. സഭ വ്യഭിചാരത്തിന് എതിരായി നിലകൊള്ളുകയും വ്യഭിചാരികളെ അനുതാപത്തിലേക്കും ക്രിസ്തീയ ചിട്ടകളിലേക്കും ക്രിസ്തീയ ജീവിതരീതികളിലേക്കും നയിക്കേണ്ടതുമാണ് (1 കൊരി. 5:1–5)

### വിച്ഛേദിക്കപ്പെട്ട ഒരു ബന്ധത്തിന്റെ മറുപടിയായുള്ളത് വിശ്വസ്തതയും സ്നേഹവുമാണ്

വ്യഭിചാരകർമ്മത്തെ ആസ്പദമാക്കി വിവാഹമോചനത്തിന് യേശു അനുവാദം നൽകുന്നുവെങ്കിലും പുനർവിവാഹത്തിന് അതു മതിയായ കാരണമാകുന്നില്ല. യേശുവിന്റെ സ്നേഹം അനുരഞ്ജനത്തിലേക്കും ക്ഷമയിലേക്കുമാണ് നയിക്കുന്നത്. വിവാഹമോചനത്തിന് ആഗ്രഹിക്കുന്നവരുടെ മനഃസാക്ഷിയിൽ വെറുപ്പിന്റേതായുള്ള കറകൾ പതിഞ്ഞിരിക്കുന്നു. അവിശ്വസ്തത വച്ചുപുലർത്തുന്ന ജീവിതപങ്കാളി എന്തുതന്നെ വൈകാരിക വേദനകൾ വരുത്തിയാലും ആ ക്ഷതങ്ങളെ ക്ഷമിക്കുവാൻ പങ്കാളി തയ്യാറാകണം. ക്ഷമിച്ചാൽ മാത്രമേ ദൈവികക്ഷമ നമുക്കു ലഭ്യമാകയുള്ളൂ (മത്താ. 6:14–15). ജീവിതപങ്കാളിയോട്, വിശേഷാൽ ക്രിസ്തുവിനോടു വിശ്വസ്തയും സ്നേഹം വച്ചുപുലർത്തുന്നതിൽക്കൂടി മാത്രമേ വിച്ഛേദിക്കപ്പെട്ട ഒരു ബന്ധത്തിന് ഉത്തരം ലഭിക്കുകയുള്ളു.

കോളറാഡോയിലെ ഒരു സഭയിൽ ഒരുമിച്ചു പ്രവർത്തിക്കുന്നകെന്റ് ഏമി (Kent-Amy) ദമ്പതികൾ ഒരു സമയത്ത് വിവാഹമോചനം നേടിയവരാണ്. വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ കുമിഞ്ഞുകൂടി. എന്നാൽ അവരുടെ ഹൃദയം കർത്താവിനുവേണ്ടി തുറന്നുകൊടുത്തതിനാൽ അവർ വീണ്ടും സംയോജിക്കപ്പെട്ടു. കെന്റ് തന്റെ അനുഭവങ്ങൾ വിവരിക്കുന്നു:

“ആദ്യ ദിവസങ്ങൾ മുതൽതന്നെയും ഞങ്ങളുടെ വിവാഹജീവിതത്തിൽ അതിഭീകരമായ പ്രശ്നങ്ങൾ ഉദിച്ചുവന്നു. മൂന്നുവർഷത്തോളം ആ പ്രശ്നങ്ങൾ വർദ്ധിച്ച് ജീവിതം ചിന്താക്കുഴപ്പത്തിലേക്കു വഴുതിവീണു. വിവാഹമെന്നത് ഭാര്യയോടൊപ്പമുള്ള ഒരു തമാശയായി ഞാൻ കരുതി. അതിൽ ഉൾക്കൊണ്ടിരുന്ന കഠിനാദ്ധ്വാനത്തെക്കുറിച്ച് ഞാൻ ചിന്തിച്ചിരുന്നില്ല. കാലക്രമത്തിൽ പുറംതോടിനകത്തേക്ക് വലിക്കുന്ന ഒച്ചിനെപ്പോലെ ഞാൻ പുറംലോകത്തെ നേരിടുവാൻ ധൈര്യമില്ലാതെയായി, ജീവിതത്തെത്തന്നെ വെറുത്തു. ആത്മീയ വളർച്ചയ്ക്ക് ആവശ്യമായുള്ള എല്ലാത്തിനും പങ്കുകൊള്ളുവാനും ഞാൻ ശ്രമിച്ചു. വേദപുസ്തക വായന, പ്രാർത്ഥന, കൂട്ടായ്മയിലെ പങ്കാളിത്തം ഇവയിൽ ഞാൻ വ്യാപൃതനായി. എന്നാൽ യാതൊന്നുംതന്നെ എന്നെ സഹായിച്ചില്ല. വ്യത്യസ്ത സാഹചര്യങ്ങളിൽനിന്നുവന്ന ഏമിക്കും എനിക്കുംതമ്മിൽ ഒരു തരത്തിലും പൊരുത്തപ്പെടുവാൻ സാധ്യമായില്ല. ആശയവിനിമയം അസാധ്യമായിത്തീർന്നു. ഇതിൽനിന്ന് ഉളവായ വേദനയുടെ കാഠിന്യം നിമിത്തം അന്യോന്യം വേർപിരിഞ്ഞ് വിവാഹമോചനത്തിന് ആവശ്യപ്പെടണമെന്ന





തീരുമാനത്തിൽ ഞങ്ങൾ എത്തിച്ചേർന്നു. എന്നാൽ ഇത് ഞാൻ വളർന്നുവന്ന ഞങ്ങളുടെ സഭയുടെ പ്രമാണങ്ങൾക്ക് വിരുദ്ധമായിരുന്നു. ബന്ധനങ്ങളിൽ നിന്നുള്ള വിടുതൽ എനിക്ക് ആവശ്യമായിത്തോന്നി. വിവാഹമോചനത്തിന് തീരുമാനമെടുത്തുവെങ്കിലും മനസ്സിന്റെ നൊമ്പരങ്ങൾക്ക് ശമനമുണ്ടായില്ല. വൈകാരിക വിഭ്രാന്തിയിൽ എന്റെ ഷർട്ടിന്റെ ബട്ടൺ ഇടുന്നതുപോലും വിഷമകരമായി ഭവിച്ചു. സാഹചര്യങ്ങളുടെ സമ്മർദ്ദം മൂലം സഭയിലെ എന്റെ ഔദ്യോഗികമായ ഇടയപരിപാലനപ്രവർത്തനത്തിൽനിന്ന് ഞാൻ രാജി സമർപ്പിച്ചു. ഈ സമയത്ത് ഏമിയും സ്വയം നശിച്ചുകൊണ്ടിരിക്കുകയായരുന്നു. സംഗതികൾ വ്യത്യാസപ്പെടണമെന്ന് അവർക്കും ആഗ്രഹം ഉണ്ടായിരുന്നുവെങ്കിലും ഞാൻ എന്റെ സ്വന്തം പ്രശ്നങ്ങൾ മാത്രം ചിന്തിച്ചു. ക്രിസ്തുവിനോടും അന്യോന്യവുമുള്ള കടപ്പാടുകളെയും പ്രതിജ്ഞകളെയും മറന്ന് നഷ്ടബോധത്തിൽ ഞങ്ങൾ ജീവിതം മുന്നോട്ടു തള്ളിനീക്കി.

വേദനകൾ അകറ്റുവാൻ ഞാൻ എന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ശ്രദ്ധചെലുത്തി. വെറുതെയിരുന്നാൽ കൂടുതൽ പ്രശ്നങ്ങളിലേക്കോ മറ്റ് അനാശാസ്യബന്ധങ്ങളിലേക്കോ വലിച്ചിഴയ്ക്കപ്പെട്ടേക്കാമെന്ന് എനിക്ക് അറിയാമായിരുന്നു. ആയതിനാൽ ഞാൻ കൂടുതലായി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഞങ്ങൾ രണ്ടുപേരും ഉപബോധമനസ്സിൽ ദൈവവിശ്വാസികളായിരുന്നുവെങ്കിലും അവളുടെ സമീപത്തേക്കും ഒരിക്കലും മടങ്ങുകയില്ല എന്ന ഉറച്ച തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നു. സംഗതികൾ പറഞ്ഞു രമ്യതയിലേക്ക് വരുന്നതിനുപകരം ഓരോ പ്രാവശ്യവും സംസാരങ്ങൾ വാഗ്വാദങ്ങളിലും അന്യോന്യമുള്ള പോരാട്ടത്തിലും കലാശിച്ചു. പ്രതീക്ഷയ്ക്ക് യാതൊരു വകയുമില്ലാതെയായി.

ദൈവത്തിങ്കലേക്ക് ദൃഷ്ടി പതിപ്പിക്കുവാൻപോലും സാധിക്കാത്ത ഒരു സാഹചര്യത്തിലേക്കു ഞാൻ വഴുതിവീണു. ജീവിതത്തിലെ സകലതും അർത്ഥശൂന്യമായി അനുഭവപ്പെട്ടു. എന്തിനുവേണ്ടി പ്രവർത്തിക്കണം? ആരെ കബളിപ്പിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്? യാതൊരു ഫലവും പുറപ്പെടുവിക്കപ്പെടുന്നില്ല എങ്കിൽ ദൈവവേലയിൽ എന്തിന് ഏർപ്പെടുന്നു? എന്നീ ചിന്തകൾ എന്നെ അലട്ടി.

ഒരു രാത്രിയിൽ ജോലി കഴിഞ്ഞു മടങ്ങുമ്പോൾ ആകാശത്തിൽ ചന്ദ്രനും നക്ഷത്രങ്ങളും മനോഹരമായി തിളങ്ങുന്നത് ഞാൻ വീക്ഷിച്ചു. എന്തോ എന്റെ ഹൃദയത്തെ ആകർഷിച്ചു. ദൈവത്തിന്റെ മഹത്വവും ദയയും എനിക്ക് ആ സമയത്ത് അനുഭവപ്പെട്ടു. നിമിഷങ്ങൾക്കുള്ളിൽ വികാരപരവശനായ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. നിരാശയുടെയും വേദനകളുടേതുമായ പശ്ചാത്തലത്തിൽ അതിരുകളില്ലാത്ത ദൈവസ്നേഹമാണ് എനിക്കാവശ്യമായുള്ളത് എന്ന ബോധ്യം എന്നിൽ ഉടലെടുത്തു. ദൈവത്തോടും എന്റെ ഭാര്യയോടുമുള്ള എന്റെ പ്രതിജ്ഞകളോട് ഞാൻ അവിശ്വസ്തത കാട്ടിയെങ്കിലും ദൈവം എന്നെ ഉപേക്ഷിച്ചില്ല. അവന്റെ വിശ്വസ്തത ശാശ്വതമാണ്. ആ രാത്രി ഒരു തിരിച്ചുവരവിന്റെ രാത്രിയായി മാറി. ദൈവകൃപയാൽ, എന്റെ ഹൃദയത്തിൽ വ്യത്യാസം അനുഭവപ്പെട്ടു.

ഏമിയും ഞാനും തമ്മിൽ വീണ്ടും സംയോജിപ്പിക്കപ്പെടുന്നതിന് നിരവധി അത്ഭുതങ്ങൾ കാരണമായിത്തീർന്നുവെന്ന് എനിക്ക് അവകാശപ്പെടാനാവില്ല. കഠിനാദ്ധ്വാനത്തിന്റെ ഫലമായി മാത്രമാണ് അന്യോന്യം മനസ്സിലാക്കുവാനും രഞ്ജിപ്പിന്റെ അനുഭവത്തിലെത്തുവാനും സാധിച്ചത്. രണ്ടു വർഷത്തിലുപരിയായുള്ള പരിശ്രമഫലമായി ഞങ്ങൾ വീണ്ടും ഒന്നിച്ചു. അന്യോന്യം ക്ഷമിക്കുവാനും സംസാരിക്കുവാനും ഞങ്ങൾ തയ്യാറായി. ഇതിൽക്കൂടി ഞങ്ങളുടെ വേദനകളും വികാരാവേശങ്ങളും ഇല്ലാതെയായി. ദൈവമാണ് ഞങ്ങളെ രക്ഷിച്ചത്. അവനിലേക്കും തമ്മിൽത്തമ്മിലും ഉള്ള വഴികൾ തുറക്കപ്പെടുവാൻ ദൈവം സഹായിച്ചു. പ്രശ്നങ്ങൾ ഇല്ലാതെയാക്കുവാൻ വിവാഹമോചനവും പുനർ വിവാഹവും മതിയാകുന്നില്ല എന്ന ബോധ്യം ദൈവമാണ് ഞങ്ങളിൽ ഉളവാക്കിയത്.

ഞങ്ങളുടെ വിവാഹജീവിതത്തിൽ പ്രശ്നങ്ങൾ വീണ്ടും വന്നുകൊണ്ടിരിന്നു. ഞങ്ങൾ അന്യോന്യം ഇപ്പോഴും വ്യത്യസ്തരാണ്. ഞങ്ങളിൽ ഒരാളുടെ കുറ്റങ്ങളെയോ കുറവുകളെയോ കുറിച്ച് കൂടുതൽ ചിന്തിച്ചാൽ അതിൽനിന്ന് വിടുതൽ ലഭിക്കാനുള്ള പോംവഴികൾ ശ്രമിച്ചുകൊണ്ടേയിരിക്കും. എന്നാൽ ദൈവത്തിന്റെ വിശ്വസ്തതയായിരിക്കണം നമ്മുടെ ആശ്രയം. അന്യോന്യമുള്ള സ്നേഹത്തെ വളർത്തുന്നത് ദൈവം മാത്രമാണ്. ദൈവത്തിന്റെ വിശ്വസ്തതയിൽ നാം മനസ്സ് കേന്ദ്രീകരിക്കുയും പ്രതിബദ്ധത വച്ചുപുലർത്തുകയും വേണം."

കെന്റ് – ഏമി ദമ്പതികളുടെ ശുഭപര്യവസാനം എല്ലാ വിവാഹ തകർച്ചകളിലും ഉളവാകണമെന്നില്ല. എന്നാൽ ഞങ്ങളുടെ സഭയിൽ ഇതുപോലെയുള്ള ഒരു ഉത്തമമായ രഞ്ജിപ്പ് നിരവധി പ്രാവശ്യം ഉണ്ടായിട്ടുണ്ട്. ഒരു പങ്കാളി അവിശ്വസ്തത കാട്ടുകയോ വിവാഹമോചനം നടത്തുകയോ പുനർവിവാഹം ചെയ്യുകയോ ഇവയൊക്കെയും ഉണ്ടാകുന്നു. ഉപേക്ഷിക്കപ്പെട്ട പങ്കാളി തന്റെ വിവാഹബന്ധത്തോടും സഭയോടുമുള്ള വിശ്വസ്തത വച്ചുപുലർത്തി സഭാജീവിതത്തിൽ തുടർന്നു പങ്കെടുക്കുന്നു. ഇത് വിഷമകരമായ ഒരു തീരുമാനമാണ്. പ്രത്യേകിച്ചും കുഞ്ഞുങ്ങളുള്ളവർക്ക്. പക്ഷേ ക്രിസ്തുവിനോടുള്ള ശിഷ്യത്വത്തിന്റെ ഭാഗമായി ഇതിനെ കണക്കാക്കേണ്ടതുണ്ട്. ദൈവത്തിൽ പരിപൂർണ്ണമായി വിശ്വസിക്കുന്നുവെങ്കിൽ പ്രതിബന്ധങ്ങളെ നേരിടുവാനുള്ള ശക്തി അവൻ പ്രദാനം ചെയ്യുന്നു.

ഒരു വിവാഹകർമ്മം നടത്തുന്ന അവസരത്തിൽ ഞാൻ സാധാരണയായി പുരുഷനോടും സ്ത്രീയോടും ഒരു ചോദ്യം ചോദിക്കാറുണ്ട്. നാസി ജർമ്മനിയിൽ ഹിറ്റ്ലറിനെതിരായി പ്രവർ ത്തിച്ച പട്ടക്കാരിൽ ഒരുവനായ എന്റെ പിതാമഹൻ രൂപം നൽകിയ ചോദ്യങ്ങളാണ് അവ.

"സഹോദരാ, നിങ്ങളുടെ ഭാര്യ തെറ്റിലേക്കു നിങ്ങളെ നയിച്ചാൽ, സഹോദരീ നിങ്ങളുടെ ഭർത്താവ് നിങ്ങളെ തെറ്റിലേക്കു നയിച്ചാൽ നിങ്ങൾ അതിനെ പൊറുക്കുമോ?" യേശുവിന്റെയും സഭയുടെയും മാർഗങ്ങളിൽനിന്ന് നിങ്ങളുടെ പങ്കാളി വ്യതിചലിച്ചാൽ നിങ്ങളുടെ ഗുരുവിൽ





നിങ്ങൾ ഉറച്ചുനിൽക്കുമോ? നസ്രായനായ യേശുവിൽ നിങ്ങളുടെ വിശ്വാസമർപ്പിച്ച്, നിങ്ങളുടെ വിവാഹത്തേക്കാൾ ഉപരിയായി പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ ഉറച്ചുനിൽക്കുമോ? ക്രിസ്തുയേശുവിലുള്ള വിശ്വാസമാകുന്ന പാറയുടെ ഉറപ്പില്ലാതെയുള്ള വിവാഹങ്ങളുടെ അടിസ്ഥാനം മണലിലാണ് എന്ന അറിവിന്റെ വെളിച്ചത്തിൽ ഞാൻ ഈ ചോദ്യങ്ങൾ നിങ്ങളോടു ചോദിക്കുന്നു."

ആ കാലയളവിൽ ഉണ്ടായിരുന്നതുപോലെ ഇന്നും വളരെ പ്രധാനമായ ഈ ചോദ്യത്തിൽ അഗാധമായ ജ്ഞാനം ഉൾക്കൊള്ളുന്നു. യേശുക്രിസ്തുവിനെ എന്തു വിലകൊടുത്തും പിൻതുടരുമെന്ന നമ്മുടെ ശിഷ്യത്വത്തിന്റെ പ്രായോഗികതലത്തിലുള്ള ഒരു വെല്ലുവിളിയാണ് ഇതിൽ നമുക്കു ദർശിക്കാവുന്നത്. അവന്റെ വാക്കുകൾ ശ്രദ്ധിക്കുക.

"എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരികളെയും സ്വന്ത ജീവനെയുംകൂടെ പകെക്കാതിരിക്കുകയും ചെയ്യുന്നവർക്ക് എന്റെ ശിഷ്യനായിരിപ്പാൻ കഴിയുകയില്ല (ലൂക്കോ. 14:26).

കർത്താവിന്റെ ഈ മുന്നറിയിപ്പ് യഥാർത്ഥമായി സ്വീകരിക്കുന്നവർക്ക് ഒരുപക്ഷേ വേർപാടിന്റെ അനുഭവം ഉണ്ടാകാമെങ്കിലും അവരുടെ വിവാഹപ്രതിജ്ഞകളുടെ പരിശുദ്ധി കാത്തുസൂക്ഷിക്കുവാൻ സാധിക്കും. വിവാഹം എന്നതു മാത്രമല്ല അതിനേക്കാൾ ഉപരിയായി രണ്ടുപേർ ക്രിസ്തുവും പരിശുദ്ധാത്മാവുമായി ചേർന്നുള്ള ഉടമ്പടി ബന്ധത്തിന്റെ പരിപാവനതയാണ് സർവ്വപ്രധാനമായുള്ളത് (1 കൊരി.7:15–16). ഒരു വിവാഹബന്ധത്തിൽ ഒരു പുരുഷനോ സ്ത്രീയോ അവിശ്വസ്തത കാട്ടിയാൽ ത്തന്നെ, വിശ്വസ്തത പുലർത്തുന്ന പങ്കാളിയുടെ ക്രിസ്തീയ സാക്ഷ്യമായി ഇത് പരിണമിക്കുന്നു. ദൈവത്തിന്റെയും അവന്റെ സഭയുടെയും നിത്യമായ വിശ്വസ്തത പുതിയ ഉടമ്പടിയിലേക്കും പ്രത്യാശയിലേക്കും വഴി നടത്തും. വിശ്വാസിയായ ഒരു പങ്കാളിയും അവിശ്വസ്തത പുലർത്തിയ ഒരു പങ്കാളിയും യേശുവിങ്കലേക്കും അവന്റെ സഭയിലേക്കും മടങ്ങിവന്ന് ഉറച്ച വിവാഹബന്ധത്തിൽ ജീവിക്കു ന്നത് പലതവണ ഞാൻ എന്റെ അനുഭവത്തിൽ ദർശിച്ചിട്ടുണ്ട്.

16–ാം അദ്ധ്യായത്തിൽ ഞാൻ വിവരിച്ച ആൻ– ഹവാർഡ് ദമ്പതികൾ ഏറ്റവും നല്ല ഉദാഹരണമാണ്. ഹവാർഡ് പാപത്തിലേക്കു വഴുതി വീണുവെങ്കിലും ആൻ ക്രിസ്തുവിനോടും അവന്റെ സഭയോടുമുള്ള വിശ്വസ്തതയിൽ ഉറച്ചുനിന്നു. ഹവാർഡിന്റെ വഞ്ചനയോടൊത്തു പോകുവാൻ ആൻ തയ്യാറായില്ല എങ്കിലും ഹവാർഡിനെ വിധിക്കുവാൻ മുതിർന്നില്ല. എന്നാൽ നിശ്ശബ്ദമായി ഹവാർഡിനെ അനുതാപത്തിലേക്കും ഒരു പുതിയ തുടക്കത്തിലേക്കും നയിക്കുവാൻ ആനിനു സാധിച്ചു. ആനിന്റെ ശ്രമഫലമായി അവരുടെ വിവാഹബന്ധവും ഹവാർഡിന്റെ വിശ്വാസവും പുനഃസ്ഥാപിക്കപ്പെട്ടു.

**യഥാർത്ഥ വിശ്വസ്തത വ്യഭിചാരമില്ലായ്മ മാത്രമല്ല**

വിവാഹമോചനത്തെ ദൈവം വെറുക്കുന്നു. അതുപോലെതന്നെ സ്നേഹമറ്റ വിവാഹബന്ധങ്ങൾ, നിർജ്ജീവമായ വിവാഹജീവിതം ഇവയെയും ദൈവം ന്യായം വിധിക്കുന്നു. ഇത് നമുക്ക് ഏവർക്കുമുള്ള ഒരു മുന്നറിയിപ്പാണ്. നമ്മിൽ എത്രപേർ നിർഭയമായും കഠിനഹൃദയരായും നമ്മുടെ ജീവിതപങ്കാളികളോടു പെരുമാറിയിട്ടുണ്ട്? നിരവധി ദമ്പതികൾ അന്യോന്യം സ്നേഹിക്കുന്നതിനുപകരം ഒരുമിച്ച് ജീവിതം തള്ളിനീക്കുന്നു. ആത്മാവിന്റെയും മനസ്സിന്റെയും പ്രതിബദ്ധതയാണ് ഒരു വിവാഹജീവിതത്തിൽ ദൃശ്യമാകേണ്ടത്. ഒരു ഭാര്യയും ഭർത്താവും എപ്പോഴെങ്കിലും അവരവർക്കുവേണ്ടി മാത്രമായി ജീവിക്കുമ്പോൾ ജീവിതബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിക്കുകയും അത് വിവാഹമോചനത്തിൽ കലാശിക്കുകയും ചെയ്യുന്നു.

വ്യഭിചാരത്തിന്റെ ആത്മാവിനെ, അതിന്റെ പത്തി ഉയർത്തുന്ന എല്ലാ സാഹചര്യങ്ങളിലും അടിച്ചമർത്തുകയെന്നത് എല്ലാ സഭകളുടെയും ഉത്തരവാദിത്വമാണ്. വ്യഭിചാരകർമ്മം എന്നത് ശാരീരിക തലത്തിൽ മാത്രം ഉളവാകുന്നതല്ല. ഒരു വിവാഹജീവിതത്തിന് ആവശ്യമുള്ള സ്നേഹം, ഐക്യം, വിശുദ്ധി, നിർമ്മലത, പരസ്പര ബഹുമാനം ഇവയ്ക്കേതെങ്കിലും കോട്ടം സംഭവിക്കുമ്പോൾ അവിടെ വ്യഭിചാരത്തിന്റെ ആത്മാവ് ഉടലെടുക്കുന്നു. ഇതിനാലാണ് യിസ്രായേൽ മക്കളുടെ അവിശ്വസ്തതയെ വ്യഭിചാരവുമായി ദൈവം സാമ്യപ്പെടുത്തുന്നത് (മലാഖി 2:10–16).

പഴയനിയമത്തിലെ പ്രവാചകന്മാർ വിവാഹബന്ധത്തിലെ വിശ്വസ്തതയെ യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ ചിഹ്നമായി ചൂണ്ടിക്കാട്ടുന്നു (ഹോശ. 3:1). അതുപോലെതന്നെ പുതിയനിയമത്തിൽ കർത്താവ് മണവാളനും സഭ മണവാട്ടിയുമായിട്ടുള്ള ബന്ധം വിവാഹബന്ധമായി സൂചിപ്പിക്കുന്നു. ഈ വേദപുസ്തക ചിന്താഗതികൾക്കനുസൃതമായി മാത്രമേ വിവാഹമോചനത്തെക്കുറിച്ചും പുനർവിവാഹത്തെക്കുറിച്ചും ചിന്തിക്കുവാൻ നമുക്കു സാധ്യമാകൂ.

വിവാഹസംബന്ധമായ കാര്യങ്ങളിൽ ഒരു സഭ കാര്യമായി ഒന്നും തന്നെ ചെയ്യുന്നില്ലയെങ്കിൽ ആ സഭയുടെ അംഗങ്ങൾ വിവാഹപ്രശ്നങ്ങളുമായി മല്ലിടുമ്പോൾ അവർക്ക് എന്തു ചെയ്യുവാൻ സാധ്യമാകും? “ദൈവം കൂട്ടിച്ചേർത്തവരെ ആരും വേർപിരിക്കരുത്’ എന്ന പ്രതിജ്ഞ ജീവിതത്തിൽ അനുവർത്തിക്കുന്നതിന് എങ്ങനെ പ്രേരിപ്പിക്കുവാൻ സഭയ്ക്കു സാധ്യമാകും?

ഈ വിഷയങ്ങളെക്കുറിച്ചു ചിന്തിക്കുമ്പോൾ രണ്ടു പ്രധാന അപകടങ്ങൾ നാം ഒഴിവാക്കേണ്ടതുണ്ട്. ഒന്നാമത്, വവാഹമോചനത്തെ യാതൊരു കാരണവശാലും അംഗീകരിപ്പാൻ സാധ്യമല്ല. രണ്ടാമത് വിവാഹമോചനത്തിൽക്കൂടി കടന്നുപോകുന്നവരുടെ വേദനകളും ആവശ്യങ്ങളും കഠിനചിട്ടകളും നിബന്ധനകളും ഉപയോഗിച്ച് പരിഹരിക്കുവാനും സാധ്യമല്ല. വിവാഹമോചനത്തെ നിരാകരിക്കുന്നതുകൊണ്ട് വിവാഹമോചനം നേടി പുനർവിവാഹം ചെയ്ത ഒരാളെ ഉപേക്ഷിക്കണമെന്നില്ല. യേശുക്രിസ്തു പാപത്തെ കഠിനമായി വെറുത്തുവെങ്കിലും പാപികളെ സ്നേഹിക്കുകയും അവരോടു കരുണ കാണിക്കുകയും ചെയ്തു. ഓരോ പാപിയേയും വീണ്ടെടുപ്പിലേക്കും ആത്മീയസൗഖ്യത്തിലേക്കും നയിക്കണമെന്ന് അവൻ വാഞ്ഛിക്കുന്നുവെങ്കിലും അവർ അവരുടെ പാപങ്ങളിൽ അനുതാപം പ്രദർശിപ്പിക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. തകർന്ന ഓരോ വിവാഹബന്ധത്തിലും ഈ പ്രക്രിയ ആവശ്യമാണ്.





തീർച്ചയായും നാം ഒരിക്കലും വിധിക്കരുത്. അതോടൊപ്പംതന്നെ എല്ലാറ്റിലും ഉപരിയായി ക്രിസ്തുവിനോട് വിശ്വസ്തത പുലർത്തുകയും വേണം. അവന്റെ സത്യം മുഴുവനായും നാം ഉൾക്കൊള്ളണം. നമ്മുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട സത്യം മാത്രം പരിഗണിച്ചാൽ മതിയാകയില്ല (മത്താ. 23:23–24). ഈ കാരണത്താലാണ് ഞങ്ങളുടെ സഭയിൽ വിവാഹമോചനം അനുവദിക്കാത്ത്. വിവാഹമോചനം നേടിയവരെയും പുനർവിവാഹം ചെയ്തവരെയും സഭയുടെ അംഗത്വത്തിൽ അനുവദിക്കുന്നുമില്ല. പുനർവിവാഹം വിവാഹമോചനത്തിന്റെ പാപത്തെ പൂർണ്ണമാക്കുന്നു. ഭിന്നതയിൽ കഴിയുന്ന ദമ്പതികളുടെ രഞ്ജിപ്പ് അസാദ്ധ്യമാക്കുന്നു. ജീവാത്മാവുള്ള വിവാഹബന്ധത്തിൽ ദമ്പതികൾ ഉറച്ചു നിൽക്കേണ്ടതാണ്. യഥാർത്ഥ സ്നേഹവും വിശ്വസ്തതയും പരിപാലിക്കപ്പെടണമെങ്കിൽ അത് അത്യാവശ്യവുമാണ്.

വിവാഹപ്രതിജ്ഞകളുടെ അർത്ഥവ്യാപ്തിയിലേക്കു നാം കൂടുതലായി കടക്കേണ്ടതുണ്ട്. വിവാഹമോചനങ്ങളുടെ അനന്തരഫലങ്ങൾ കുഞ്ഞുങ്ങളിൽ സ്പഷ്ടമാകുന്നു. മുതിർന്നവരിലെന്നതുപോലെ കുഞ്ഞുങ്ങളിലും വിവാഹമോചനത്തിന്റെ ക്ഷതങ്ങളും മുറിവുകളും നീണ്ടു നിൽക്കുന്നു. വിവാഹമോചനം നടത്തിയവരുടെ കുഞ്ഞുങ്ങൾ പ്രതീക്ഷകൾ അസ്തമിച്ചവരും നിരാശരും സ്വയം പഴിക്കുന്നവരും ആയിത്തീരുന്നു എന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്ത്. മാതാപിതാക്കളുടെ വിവാഹമോചനത്തിനുശേഷം പത്തു വർഷം കഴിഞ്ഞാലും ഭയം, നിരാശ ആദിയായ കാരണങ്ങളാൽ അവരുടെ മാനസിക പിരിമുറുക്കവും പ്രശ്നങ്ങളും വർദ്ധിക്കുകയും സാമൂഹ്യവിരുദ്ധപ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നു.

പുനർവിവാഹം കുടുംബങ്ങൾ മതിയാകുന്ന ഒരു ക്രമീകരണമല്ല. ആദ്യത്തെ കുടുംബജീവിതത്തിന്റെ ഘടനകളെ പുനർവിവാഹ കുടുംബജീവിതത്തിലൂടെ വീണ്ടെടുക്കുന്നത് അസാദ്ധ്യമാകും.

ദൈവത്താൽ എല്ലാം സാദ്ധ്യം.

19

# ആയതിനാൽ നാം അതീവ ജാഗ്രതയോടെ സൂക്ഷിക്കുക

*"രാത്രി കഴിയാറായി, പകൽ അടുത്തിരിക്കുന്നു, അതുകൊണ്ട് നം ഇരുട്ടിന്റെ പ്രവൃത്തികളെ വച്ചുകളഞ്ഞു, വെളിച്ചത്തിന്റെ ആയുധവർഗം ധരിച്ചുകൊൾക. പകൽസമയത്ത് എന്നപോലെ നാം മര്യാദയായി നടക്ക; വെറിക്കൂത്തുകളിലും മദ്യപാനങ്ങളിലുമല്ല, ശയനമോഹങ്ങളിലും ദുഷ്കാമങ്ങളിലുമല്ല, പിണക്കത്തിലും അസൂയയിലുമല്ല, കർത്താവായ യേശുക്രിസ്തുവിനെ ത്തന്നെ ധരിച്ചുകൊൾവീൻ. മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കരുത്"(റോമ. 13:12-14).*

പരപുരുഷ-സ്ത്രീ ബന്ധങ്ങളുടേതായ ലജ്ജാകരമായ അവസ്ഥ ഇന്നത്തെ ലോകത്തിൽ സർവ്വസാധാരണയായി നടമാടുന്നുവെങ്കിലും വിശുദ്ധതയും വിശ്വസ്തതയും നിറഞ്ഞ സ്നേഹത്തിന് ഇന്നും സ്ഥാനമുണ്ട്. അത് പരമപ്രധാനമാണെന്ന് ഞങ്ങളുടെ സമൂഹം വിശ്വസിക്കുന്നു. ഇന്നത്തെ പല സഭകളും ഈ അടിസ്ഥാനത്തിൽ ഉറച്ചുനിൽക്കുന്നില്ലയെങ്കിലും ഇത് അടിസ്ഥാന വിശ്വാസത്തിന്റെ ഭാഗമാണെന്നതിൽ തർക്കമില്ല. വിവാഹത്തിൽ പരിശുദ്ധിക്കും വിശ്വസ്തതയ്ക്കും നിരവധി പേരും പരമപ്രാധാന്യം കൽപ്പിക്കുന്നു. എന്നാൽ ഈ ആഗ്രഹം മനസ്സിൽ ഉള്ളതുകൊണ്ടു മാത്രം മതിയാകുന്നില്ല. ഈ ആഗ്രഹത്തിനനുസരിച്ച് പരിശുദ്ധാത്മാവ് നമ്മെ നയിക്കേണ്ടതാണ്. എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും ഈ രീതിയിൽ മാത്രമേ ദൈവകൃപ നമ്മുടെ ജീവിതത്തിൽ പ്രത്യക്ഷമാകുകയുള്ളൂ. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽ നാം ഉറച്ചു വിശ്വസിക്കുന്നുവോ?

ദൈവം നമ്മുടെ ജീവിതത്തെ കീഴ്മേൽ മറിച്ച് പൂർണ്ണ രൂപാന്തരം പ്രാപിക്കുവാൻ നാം താത്പര്യപ്പെടുന്നുവോ? (റോമ. 12:2).

**വിശുദ്ധിക്കുവേണ്ടിയുള്ള പരിശ്രമത്തിൽ ദൈനംദിന നിശ്ചയദാർഢ്യം ആവശ്യമാണ്.**

നമുക്ക് ഏവർക്കും പരീക്ഷ എന്തെന്നറിയാം. നാം ഏവരും പരീക്ഷയിൽ അകപ്പെട്ട് അതിൽ വീണുപോയിട്ടുണ്ട്. പ്രവർത്തനരംഗത്തും ഭവനത്തിലും വിവാഹജീവിതത്തിലും സ്വകാര്യജീവിതത്തിലുമുള്ള ബന്ധ





ങ്ങളിൽ പരാജയം വന്നിരിക്കാം. ഈവിധ പരീക്ഷകളെ എത്രയുംവേഗത്തിൽ നേരിടുന്നതാണ് നല്ലത്. ഉയർച്ചയും താഴ്ചയും വിജയവും പരാജയവും സംശയങ്ങളും പ്രതീക്ഷകളും ഇവയെല്ലാം വന്നാലും അവയെ നേരിടുക എന്നതാണ് ആശ്വാസകരമായ വസ്തുത. നമുക്കേവർക്കും വരാവുന്ന പരീക്ഷകളിൽക്കൂടി യേശുവും കടന്നുപോയി (എബ്രാ. 4:15). അവന്റെ സഹായത്താൽ എല്ലാ പരീക്ഷകളെയും നേരിടുവാൻ ഉതകുന്ന വിശുദ്ധി നമുക്ക് പ്രാപിക്കാം. വിശുദ്ധ യാക്കോബ് ഇപ്രകാരം പറയുന്നു "പരീക്ഷയിൽ ഉറച്ചുനിൽക്കുന്ന മനുഷ്യൻ ഭാഗ്യവാൻ" (യാക്കോ. 1:12).

നമ്മുടെ ഹൃദയത്തിന്റെ നിശ്ചയദാർഢ്യമാണ് ഇവിടെ സർവ്വപ്രധാനമായുള്ളത്. പ്രാർത്ഥനാപുരസ്സരം ദൈവത്തെ സമീപിക്കുമ്പോളാണ് ഹൃദയത്തിന്റെ ഈ നിശ്ചയദാർഢ്യം നമുക്കു ലഭ്യമാകുന്നത്. വിശ്വസ്തതയ്ക്കുവേണ്ടിയുള്ള പോരാട്ടത്തിൽ വിശുദ്ധിക്കുവേണ്ടിയുള്ള നിശ്ചയദാർഢ്യമാണ് സർവ്വപ്രധാനമായത്. വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു ഹൃദയത്തിന് നിലനിൽപ്പില്ല (യാക്കോ. 1:6-7). എന്നാൽ മനസ്സിന്റെ നിശ്ചയദാർഢ്യതകൊണ്ടു മാത്രം ഏകമനസ്സ് ഉളവാകയില്ല. നമ്മുടെ ഇച്ഛാശക്തിയിൽ മാത്രം പ്രയത്നിച്ചാൽ നമ്മുടെ തല മാത്രം വെള്ളത്തിനുമുകളിൽ നിലനിർത്തുവാൻ ശ്രമിച്ചാൽ, കാലക്രമത്തിൽ നാം ക്ഷീണിതരായി വെള്ളത്തിൽ താണുപോകും. പരിപൂർണ്ണമായി യേശുക്രിസ്തുവിൽ സമർപ്പിക്കുമ്പോൾ മാത്രമാണ് അവന്റെ കൃപയുടെ ശക്തി നമ്മിൽ നിറഞ്ഞ് നമുക്ക് പുതുശക്തിയും നിശ്ചയദാർഢ്യവും ലഭിക്കുന്നത്.

ഇന്നത്തെ സംസ്കാരത്തിലെ ദുരാത്മാക്കളെ നേരിടുമ്പോൾ ലൈംഗിക പാപങ്ങൾ, കൊല, ചതി, ഇവയ്ക്കെതിരായ പോരാട്ടങ്ങളോടൊപ്പം ഭയം, അലസത ഇവയെയും നേരിടേണ്ടതാണ്. വിശ്വസ്തതയ്ക്കോ, സ്നേഹത്തിനോ, നീതിക്കോ, സമാധാനത്തിനോ തങ്ങൾ എതിരാണ് എന്ന് ആരും അവകാശപ്പെടുകയില്ല. പക്ഷേ എത്രപേർ വാക്കുകളാലും പ്രവൃത്തിയാലും ഇവയ്ക്കുവേണ്ടി പോരാടും? ഈ കാലത്തിന്റെ പ്രത്യേക ആത്മാവ് നീതിക്കും വിശ്വസ്തതയ്ക്കുംവേണ്ടിയുള്ള വ്യഗ്രതയ്ക്കു പകരം അലസതയാണ് ഉളവാക്കുന്നത്. എന്നാൽ ഈ കാലത്തിന്റേതായുള്ള ദുഷ്ടതകൾക്ക് എതിരായി നമ്മുടെ വാക്കുകൾകൊണ്ടും പ്രവൃത്തികൾകൊണ്ടും നാം പോരാടുന്നില്ലയെങ്കിൽ ബോധപൂർവ്വം തെറ്റിദ്ധരിക്കപ്പെടുന്നവരോടൊപ്പം നാമും പാപികളാകും എന്നതാണ് യാഥാർത്ഥ്യം. നാം ഏവരും അലസതയെ വെടിഞ്ഞ് രൂപാന്തരം പ്രാപിച്ച് പുതുക്കത്തിലേക്കു വരേണ്ടതാണ്.

വിവാഹത്തിനുമുമ്പുള്ള ലൈംഗികബന്ധങ്ങൾ, വവാഹമോചനം, സ്വവർഗരതി ഇത്യാദി സംഗതികൾ അര നൂറ്റാണ്ടിനു മുമ്പ് സദാചാര വിരുദ്ധമായി കരുതിയിരുന്നു. എന്നാൽ ഇന്ന് അവ പലതും സമൂഹത്തിൽ അംഗീകരിക്കപ്പെടുകയും വ്യത്യസ്ത ജീവിതശൈലികളായി കരുതപ്പെടുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ പല സഭകളും ഇന്ന് ഇവയെ അനുകൂലിക്കുന്നു. ഇന്ന് മൃഗങ്ങളുമായുള്ള ലൈംഗികത, കുഞ്ഞുങ്ങളുമായുള്ള ലൈംഗികത, ലിംഗശസ്ത്രക്രിയയിൽക്കൂടി പുരുഷ-സ്ത്രീ മാറ്റങ്ങൾ

ഇങ്ങനെ പലതും, മുമ്പില്ലാതിരുന്നത് പാശ്ചാത്യലോകത്ത് വളർന്നുവരുന്നു. ഇതിനുവേണ്ടിയുള്ള പണച്ചെലവു തന്നെയും അനേകർ പട്ടിണി കിടക്കുന്ന ഈ ലോകത്തിൽ ഒരു പാപപ്രവൃത്തിയാണ്.

ഈ തരത്തിലുള്ള പ്രവണതകൾ ഭീകരമാണെങ്കിലും വളർന്നുവരുന്ന തലമുറകൾക്ക് വേണ്ടുന്ന മുന്നറിയിപ്പുകൾ നൽകുന്നതിനു മാതാപിതാക്കൾ മടിക്കരുത്. എല്ലാതരം പാപങ്ങൾക്കും മോചനം ലഭ്യമാകും എന്ന് യേശു പറയുന്നുവെങ്കിലും എന്റെ ദീർഘകാല അനുഭവത്തിൽ മേൽപ്പറഞ്ഞ പാപപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെ മനസ്സിന്റെ മുറിവുകൾ എക്കാലവും നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം.

ലജ്ജാകരമായ ഈ അവസ്ഥയെക്കുറിച്ച് ദൈവം എന്താണ് കരുതുന്നത്? "ദൈവം ഇല്ല എങ്കിൽ സകലതും സാധ്യമാണ്"എന്നാണ് ഡോസ്റ്റോസ്ലി (Dostoesly) കരമാവോവിന്റെ സഹോദരന്മാർ (The Bulletin of Karamavos- എന്ന നോവലിൽ പ്രതിപാദിക്കുന്നത്. നാം ഇതെല്ലാംതന്നെ കാണുന്നില്ലയോ? അതിഭീകരമായ ഈ ദുരാത്മാവിനെ നാം എങ്ങനെയാണ് തടഞ്ഞുനിർത്തുന്നത്? അവസാന നാളുകളിൽ പാപികൾക്ക് എതിരായുള്ള ദൈവിക കോപത്തെക്കുറിച്ച് നാം ബോധവാന്മാരാകുന്നില്ലയോ? "മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും"എന്ന പൗലോസിന്റെ വാക്കുകൾ നാം ഓർക്കുന്നില്ലയോ? കൂടുതൽ വൈകാൻ അനുവദിക്കാതെ ദൈവിക ദയയ്ക്കുവേണ്ടി നാം യാചിക്കുക. മരവിച്ചിരിക്കുന്ന നമ്മുടെ മനഃസാക്ഷികളെ തൂത്തെറിഞ്ഞ് നമ്മെത്തന്നെ വെടിപ്പാക്കി പുതുജീവൻ പ്രാപിക്കുന്നതിന് നമുക്ക് ദൈവത്തോട് അപേക്ഷിക്കാം. ഇന്നത്തെ കാലത്ത് യോഹന്നാൻ സ്നാപകനെപ്പോലെയുള്ളവരെയാണ് ആവശ്യം. അനുതാപത്തെക്കുറിച്ചും മാനസാന്തരത്തെക്കുറിച്ചും വിശ്വാസത്തെക്കുറിച്ചും പുതുജീവനെക്കുറിച്ചുമുള്ള 'മരുഭൂമയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം' ഇന്നെവിടെ? അന്നത്തെ നേതാക്കളെ ഉൾപ്പെടെ ആരെയും നേരിടുന്നതിന് യോഹന്നാനു സാധിച്ചു. ഹെരോദാ രാജാവിന്റെ അവിഹിത ബന്ധത്തെ വിമർശിക്കുന്നതിനും യോഹന്നാൻ മടിച്ചില്ല." (മത്താ. 14:3-4). ഇതിനെക്കാൾ ഉപരിയായി അന്നത്തെ നല്ലവരായി കരുതിയിരുന്നവരെ "സർപ്പസന്തതികളെ" എന്നു വിളിക്കുവാൻ യോഹന്നാൻ സ്നാപകൻ തയ്യാറായി. 'വരുവാനിരിക്കുന്ന കോപത്തിൽനിന്ന് ഒഴിഞ്ഞ് ഓടിപ്പോകുവൻ ആർ നിങ്ങളെ ഉപദേശിച്ചു മാനസാന്തരത്തിനു യോഗ്യമായ ഫലം കായ്പിൻ.'

### ദൈവരാജ്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഉത്തമപ്രവൃത്തികൾ മാത്രം മതിയാകുന്നതല്ല

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, "കൊയ്ത്ത് വളരെയുണ്ട്, വേലക്കാരോ ചുരുക്കം" (മത്താ. 9:37).

ഇന്നത്തെ സാഹചര്യത്തിലും ഇതു വളരെ വാസ്തവമാണ്. നിരവധി ആളുകൾ ക്രിസ്തുവിൽക്കൂടി ലഭ്യമാകുന്ന സ്വാതന്ത്ര്യത്തിനു ദാഹിക്കുന്നുവെങ്കിലും പലരും പാപബന്ധനത്തിൽ കഴിയുന്നു. ഇതിനുവേണ്ടി



പ്രവർത്തിക്കുവാൻ തയ്യാറാകുന്നവർ ചുരുക്കമായതിനാൽ പ്രവൃത്തിപഥം വളരെ വലുതാണ്.

ഒട്ടുമുക്കാൽ ആളുകളുടെയും ഉദ്ദേശ്യം ഉത്തമമാണ്. ഉത്തമപ്രവർത്തനങ്ങളിൽ ഏർപ്പെടേണമെന്ന് നാം ഏവരും ആഗ്രഹിക്കുന്നു. എന്നാൽ അതുകൊണ്ട് മാത്രം മതിയാകുന്നില്ല. ദൈവ രാജ്യ വർദ്ധനയ്ക്കുവേണ്ടിയുള്ള പോരാട്ടം മനുഷ്യന്റെ പ്രകൃതിക്ക് എതിരായിട്ടു മാത്രമുള്ളതല്ല എന്നതു നാം മറന്നുപോകരുത്. അതിനേക്കാൾ ബലമേറിയ ശക്തികളോടും വാഴ്ചകളോടുമാണ് നാം എതിരിടുന്നത് (എഫേ. 6:12). നശീകരണത്തിന്റേതായുള്ള ഈ പൈശാചിക ആത്മാവിനെ യോഹന്നാൻ വിശേഷിപ്പിക്കുന്നത് 'ആഴത്തിൽനിന്നു കയറിവരുന്ന മൃഗം' എന്നാണ് (വെളി. 11:7).

ഈ മൃഗീയ ശക്തിയുടെ വ്യാപാരം ഇന്ന് എല്ലാ തലത്തിലും ദൃശ്യമാണ്. എല്ലാ രാജ്യത്തുമുള്ള ഗവണ്മെന്റിലും ഇതു കാണാം. നിലനിൽക്കുന്ന സ്നേഹബന്ധങ്ങളുടെയും സമൂഹജീവിതത്തിന്റെയും അഭാവത്തിൽ ദരിദ്രവർഗപീഡനങ്ങളിൽ, സ്ത്രീകളെയും കുഞ്ഞുങ്ങളെയും അവഗണിക്കുന്നതിൽ എല്ലാം ഇത് ദൃശ്യമാകുന്നു. ജനിക്കുന്നതിനുമുമ്പെ കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന ഗർഭച്ഛിദ്രവാസനകളിലും കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരെ നിഷ്കാസനം ചെയ്യുന്നതിലും ഇതു വ്യക്തമാണ്. നിരവധിയാളുകൾ ഈ ശക്തിക്ക് അടിമപ്പെട്ടിരിക്കുന്നു.

കാലാവസാനത്തിന്റെ നിറവിൽ നാം ജീവിക്കുന്നു (1യോഹ. 2:18). അവസാന നാളുകളുടെ പരീക്ഷയിൽ അകപ്പെട്ടു വിധിക്കപ്പെടാതിരിക്കാൻ നാം സർവ്വഥാ ജാഗരൂകരായിരിക്കേണ്ടതാണ്. ആരും നമ്മെ ശ്രവിക്കുവാനില്ലെങ്കിൽത്തന്നെയും ആന്തരികശക്തി ഉൾക്കൊണ്ട് ദൈവത്തിനു വേണ്ടിയും അവന്റെ പ്രവർ ത്തനങ്ങൾക്കുവേണ്ടിയും ഉച്ചത്തിൽ സംസാരിക്കേണ്ടതാണ്.

യേശു പറഞ്ഞ പത്തു കന്യകമാരുടെ ഉപമ ഒരു മുന്നറിയിപ്പും വെല്ലുവിളിയുമായി നം സ്വീകരിക്കേണ്ടതാണ്. നഷ്ടമായ ലോകം ഒരു വശത്തും സഭ മറ്റൊരു വശത്തും എന്നതിൽ ഉപരിയായി, സഭയ്ക്കുള്ള ഒരു മുന്നറിയിപ്പും വെല്ലുവിളിയുമായി അതിനെ കാണേണ്ടതാണ്. പത്തു സ്ത്രീകളും കന്യകമാരാണ് അവർ എല്ലാവരും യേശുവിനെ സ്വീകരിപ്പാൻ ഒരുങ്ങുന്നു. ഇവിടെ കർത്താവ് സഭയെ വെല്ലുവിളിക്കുന്നതായി നാം കാണുന്നു (മത്താ. 25:1-13).

### ഒരു പുതുവഴി നിലനിൽക്കുന്നുവെന്നത് വെളിപ്പെടുത്തുവാൻ നാം തയ്യാറാകുമോ?

പാപം വിതയ്ക്കുന്ന ശക്തികളെ അവഗണിക്കുവാൻ നമുക്ക് സാധ്യമല്ല. ദൈവികമായതിനെതിരായിട്ടുള്ളതിനെയെല്ലാം നാം ശക്തിയുക്തം എതിർക്കേണ്ടതുണ്ട്. ജീവിതത്തെ മോശപ്പെടുത്തുന്നതും നശിപ്പിക്കുന്നതുമായ എല്ലാവിധ സംഗതികളെയും, മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുകയും വേർതിരിക്കുകയും ചെയ്യുന്ന സകലവിധ ശക്തികളെയും, നാം എതിർക്കേണ്ടതാണ്. എന്നാൽ പലപ്പോഴും എതിർപ്പുകൾ ഫലപ്രദമാ

കുകയില്ല എന്നു മാത്രമല്ല, അക്രമാസക്തങ്ങളാകുമെന്നതും നാം ഓർക്കേണ്ടതുണ്ട്. വിവാഹജീവിതത്തിൽനിന്നും ഈ ലോകത്തിൽ നിന്നും അതിന്റെ നിരവധി അനുഭവങ്ങളിൽനിന്നും മാറിനിൽക്കുന്നതും ഫലപ്രദമല്ല.

ഈ ലോകത്തിന്റെ പ്രകൃതിയിൽനിന്നും ആത്മാവിൽനിന്നും വ്യത്യസ്തമായി ദൈവത്തിന്റെ നീതിയും പരിശുദ്ധിയും നിലനിൽ ക്കുന്ന ഒരു പുതിയ യാഥാർത്ഥ്യമായി ഉണ്ട് എന്നത് ഫലപ്രദമായ രീതിയിൽ നാം പ്രകടമാക്കേണ്ടിയിരിക്കുന്നു. സ്ത്രീപുരുഷന്മാർക്ക് വിശുദ്ധിയോടും നിർമ്മലതയോടും സമാധാനപരമായും സ്നേഹത്തോടുംകൂടിയും തങ്ങളുടെ ജീവിതരംഗങ്ങളിലും പ്രവർത്തനരംഗങ്ങളിലും ബന്ധപ്പെടുവാൻ സാധിക്കുമെന്നുള്ളതിന്റെ മാതൃക നാം കാട്ടേണ്ടതാണ്. ഇതിൽക്കൂടി ഒരു ആത്മീയ കൂട്ടായ്മ യെ സൃഷ്ടിക്കുന്നതിലും ഉപരിയായി പ്രായോഗിക തലത്തിലും യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. നമുക്ക് ഓരോരുത്തർക്കും സ്നേഹത്തിന്റെ ശക്തിയുടെ സാക്ഷ്യങ്ങളായി നിലകൊള്ളാം. സ്നേഹത്തിന്റെ സേവകരും ദാസരുമായി നമ്മുടെ ജീവിതങ്ങളെ മറ്റുള്ളവർക്കായി നൽകാം. മനുഷ്യജാതിയെക്കുറിച്ചുള്ള ദൈവികോദ്ദേശ്യം ഇതാണ് (യോഹ. 13:34–35).

ദൈവഹിതം എന്താണ് എന്നു വെളിപ്പെടുത്തുന്നതിനുവേണ്ടി ലൈംഗികപരിശുദ്ധി നിലനിർത്തി, നിർമ്മലതയുടേതായ ഒരു സമാന്തര സംസ്കാരം വളർത്തുന്നതിന് സഭ മുൻകൈ എടുക്കേണ്ടതാണ്. ദൃഢനിശ്ചയത്തോടുകൂടി ജീവിതശൈലികൾ ഉറപ്പാക്കേണ്ടതുണ്ട്. അതിന് സദാചാരോപദേശങ്ങൾ മാത്രം മതിയാകുന്നില്ല. സഭയിൽ ഇതിനുവേണ്ടി പ്രത്യേകം വിഭാഗം ഉണ്ടാക്കി പ്രവർത്തിക്കുന്നില്ല എങ്കിൽ വിവാഹങ്ങളും കുടംബങ്ങളും തകരുമെന്നതിനു തർക്കമില്ല. ഈ ലോകത്തിന്റെ ജീവിതരീതികളിൽനിന്നു വ്യത്യസ്തമായി ജീവതരീതികൾ ക്രിസ്തീയ പ്രവർത്തനങ്ങൾക്ക് അനുസരിച്ച് നയിക്കുമെന്ന് പട്ടക്കാരും സഭാജനങ്ങളും ഒരുമിച്ച് പ്രതിജ്ഞ എടുക്കേണ്ടിയിരിക്കുന്നു. ഈ ലോകത്തിന്റെ തലത്തിൽനിന്നും വ്യത്യസ്തമായ ഒരു തലത്തിൽ നാം അന്യോന്യം ബന്ധപ്പെടുന്നില്ലയെങ്കിൽ ഇപ്പോഴത്തെ നിലവാരത്തിനും സ്ഥിതിക്കും എതിരായി പ്രതികരിക്കുവാൻ നമുക്ക് സാധ്യമല്ല. വിശുദ്ധിയിലും നിർമ്മലതയിലും ഈ ലോകത്തിൽ ജീവിക്കണമെങ്കിൽ നാം അന്യോന്യം സഹോദരീസഹോദരന്മാർ എന്ന രീതിയിൽ വർത്തിക്കേണ്ടതാണ്. ദൈനംദിന ജീവിതത്തിലുള്ള നമ്മുടെ വസ്ത്രധാരണ രീതികളിലും വീക്ഷണത്തിലും നമ്മുടെ ഭവനങ്ങളിലും, നാമും നമ്മുടെ കുഞ്ഞുങ്ങളും മറ്റുള്ളവരുമായുള്ള ബന്ധങ്ങളിൽ എപ്രകാരം വർത്തിക്കുമെന്നതിൽക്കൂടിയാണ് ഈ തത്ത്വം വെളിപ്പെടേണ്ടത്.

ഒരു സമൂഹത്തിന്റെ ജീവിതസാക്ഷ്യം കുടുംബജീവിതത്തിലെ അനേകായിരം ലഘുലേഖകൾ വിതരണംചെയ്യുന്നതിനേക്കാൾ ഫലപ്രദമാണ്. ക്രിസ്തീയ ദർശനങ്ങൾ വിവരിക്കുവാൻ സാധിക്കുമെങ്കിലും അതിന് സദാചാരപ്രമാണങ്ങൾ ഒരിക്കലും മതിയാവില്ല. ക്രിസ്തുവിൽ കേന്ദ്രീ



കരിച്ച് നിർമ്മലതയോടും വിശുദ്ധിയിലും സ്വാതന്ത്ര്യത്തിലും ജീവിക്കുന്ന ഉത്തമ മാതൃകകൾ പ്രദർശിപ്പിക്കുവാൻ സാധിക്കുമെന്നതിൽക്കൂടി മാത്രമാണ് അതിൽ ഉൾക്കൊള്ളുന്ന ക്രിസ്തീയ മൂല്യങ്ങളും പ്രമാണങ്ങളും ഉത്തരവാദിത്വബോധവും മറ്റുള്ളവർ അംഗീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നത്.

ദൈവഹിതം അനുസരിച്ചുള്ള ജീവിതരീതി തുടരുമ്പോൾ പലപ്പോഴും അത് തെറ്റിദ്ധരിക്കപ്പെടുവാനും എതിർക്കപ്പെടുവാനും സാധ്യതയുണ്ട് (1 പത്രോ.4:4). യേശുക്രിസ്തുവിന്റെ സന്ദേശങ്ങളോട് യേശുവിന്റെ കാലത്ത് ഉണ്ടായിരുന്ന എതിർപ്പുകൾ രണ്ടായിരം വർഷം പിന്നിട്ടിട്ടും നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ക്രിസ്തുവിന്റെ വഴികളെ അംഗീകരിക്കുവാനും അനുസരിക്കുവാനും വിസമ്മതിക്കുന്നവർ അതിന് സാക്ഷ്യം വഹിക്കുന്നവരോട് എതിർപ്പു പ്രകടിപ്പിക്കുമെന്നത് സ്വാഭാവികമാണ്. ഈ എതിർപ്പുകൾ പലപ്പോഴും പീഡനങ്ങളിലേക്കും മറ്റും വ്യാപിക്കുകയും ചെയ്യും (യോഹ. 15.:18–20). ക്രിസ്തുവിന്റെ അനുഗാമികളെന്ന് അഭിമാനിക്കുന്നവർ പീഡനങ്ങളെ ഭയന്ന് അവന്റെ കൽപ്പനകളെ പാലിക്കന്നില്ലയെങ്കിൽ അവന്റെ കാൽപ്പാടുകൾ ആരു പിന്തുടരും? ഈ ലോകത്തിന്റെ അന്ധകാരത്തെ ക്രിസ്തുവിന്റെ വെളിച്ചത്തിന്റെ മുമ്പാകെ കൊണ്ടുവരേണ്ടത് സഭയുടെ ഉത്തരവാദിത്വവും ചുമതലയുമല്ലേ?

കുഞ്ഞാടിന്റെ കല്യാണവിരുന്നാകുന്ന ദൈവരാജ്യത്തിന്റെ ആഗമനമാണ് നമ്മുടെ പ്രത്യാശ. ആ ദിനത്തിനുവേണ്ടി നമുക്ക് വിശ്വസ്തതയോടെ കാത്തിരിക്കാം. നാം ഉച്ചരിക്കുന്ന ഓരോ വാക്കും നമ്മുടെ പ്രവൃത്തിയും ഈ പ്രത്യാശയുടെ സ്വാധീനത്താലും പ്രചോദനത്താലും ആയിരിക്കേണ്ടതാണ്. എല്ലാ ബന്ധങ്ങളും എല്ലാ വിവാഹങ്ങളും അതിന്റെ ചിഹ്നമാകേണ്ടതുമാണ്. മണവാളനായ യേശു അവനുവേണ്ടി ഒരുക്കത്തോടെ കാത്തിരിക്കുന്ന ഒരു മണവാട്ടിയെ പ്രതീക്ഷിക്കുന്നു. അവന്റെ വരവിനുവേണ്ടി നാം ഒരുക്കത്തോടെയിരിക്കുന്നുവോ? നമ്മുടേത് കളങ്കവും കറയും ഇല്ലാതെ പ്രശോഭിക്കന്ന ഒരു സഭ ആയിരിക്കുന്നുവോ (എഫേ. 5:27). അതോ നമ്മുടെ പ്രതികരണം ഒഴികഴിവുകളുടേതായിരിക്കുമോ? (ലൂക്കോ. 14:15–24).

നമ്മുടെ സാക്ഷ്യം മുഖാന്തരം ഉളവാകുന്ന ആക്ഷേപങ്ങളെയും അധിക്ഷേപങ്ങളെയുംകുറിച്ച് നാം ഭയപ്പെടേണ്ടതില്ല. നമ്മെ പിടിച്ചുറപ്പിക്കുകയും മുമ്പോട്ടു നടത്തുകയും ചെയ്യേണ്ടത് ദൈവം നൽകുന്ന ഭാവിയാണ്. മനുഷ്യസമൂഹത്തിന്റെ ഇന്നത്തെ യാഥാർത്ഥ്യങ്ങളെക്കാളുപരിയായി ദൈവരാജ്യത്തിന്റെ ഭാവി ചരിത്രത്തിൽ അവസാന നാളുകൾ ദൈവം തന്റെ കൈകളിൽ ഉറപ്പിച്ചിരിക്കുന്നു. ദൈവം നമുക്ക് ഈ ലോകത്തിൽ നൽകിയിട്ടുള്ള ഓരോ മണിക്കൂറും അതിനുവേണ്ടിയുള്ള ഒരുക്കമായിത്തീരണം.

മാതാപിതാക്കളിൽ ഒരാൾ മാത്രം വളർത്തുന്ന കുഞ്ഞുങ്ങൾക്കുണ്ടാകുന്ന അരക്ഷിതബോധത്തേക്കാൾ പുനർവിവാഹ കുടുംബങ്ങളിൽ വള

രുന്ന കുഞ്ഞുങ്ങളുടേത് പതിന്മടങ്ങായിരിക്കാം. ഉത്തമ മാതൃകകൾ നൽകുന്ന മാതാപിതാക്കൾ ഇല്ലാതെ വളർത്തപ്പെടുന്ന കുഞ്ഞുങ്ങളുടെ ഒരു തലമുറയാണ് ഇന്നു കാണപ്പെടുന്നത്. പല കുഞ്ഞുങ്ങൾക്കും യഥാർത്ഥ മാതാപിതാക്കൾ ഇല്ല എന്നതാണ് യാഥാർത്ഥ്യം. സദുദ്ദേശ്യങ്ങളുള്ള നിരവധി യുവദമ്പതികൾക്ക് ഒരു കുടുംബം കെട്ടി ഉയർത്തുവാനുള്ള സഹായവും ഉപദേശങ്ങളും നൽകേണ്ടത് സഭകളുടെ സുപ്രധാന കർത്തവ്യമാണ്.

**ദൈവത്തിന് അസാദ്ധ്യമായത് ഒന്നുംതന്നെയില്ല**

വിവാഹമോചനങ്ങൾ ഒരു ക്രൈസ്തവ സഭയിൽ ഉണ്ടാകാതെ ഇരിക്കണമെങ്കിൽ സഭ അതിനാവശ്യമുള്ള പ്രായോഗിക നിർദ്ദേശങ്ങളും ഉപദേശങ്ങളും യഥാസമയം നൽകേണ്ടതാണ് (എബ്രാ.10:24; 12:15). ഒരു വിവാഹം നാശത്തിലേക്ക് ഗമിക്കുവാനുള്ള സാദ്ധ്യതയുണ്ട് എന്ന് തോന്നുന്നുവെങ്കിൽ ആയതിനെക്കുറിച്ച് സത്യസന്ധതയോടെ തുറന്നു സംസാരിക്കുകയാണ് വേണ്ടത്. ദമ്പതികൾ അന്യോന്യം അകന്നു കഴിഞ്ഞാൽ അവരുടെ ഹൃദയങ്ങളെ തമ്മിൽ ബന്ധിപ്പിക്കുവാൻ കൂടുതൽ സമയവും പ്രയത്നവും ആവശ്യമാണ്. ഇതുപോലെയുള്ള സാഹചര്യങ്ങളിൽ ദമ്പതികളിൽ ഒരാൾ ഉപദ്രവകാരിയായിത്തീർന്നാൽ നിരന്തരമായി ഭർത്സിക്കുകയും മുറിവേല്പിക്കുകയും ചെയ്താൽ താൽക്കാലികമായി മാറിത്താമസിക്കുക എന്നതാണ് പ്രായോഗികം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സഭ അവരെ അനുതാപത്തിലേക്കും അന്യോന്യമുള്ള വിശ്വസ്തതയിലേക്കും ക്ഷമയിലേക്കും വഴിനടത്തി അവരുടെ വിവാഹത്തെ വീണ്ടെടുക്കാൻ പരിശ്രമിക്കേണ്ടതാണ്.

ഇന്നത്തെ ലോകത്തിൽ വിശ്വസ്തത വിരളമായിത്തീർന്നിരിക്കുന്നു എന്നത് സങ്കടകരമായ ഒരു അവസ്ഥയാണ്. വിശ്വസ്തതയെ അതിസാഹസികതയായി കണക്കാക്കുന്നു. എന്നാൽ ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനമായി നാം അതിനെ കണക്കാക്കേണ്ടതല്ലയോ? (ഗലാ. 5:22). ക്രിസ്തുവിന്റെ ശിഷ്യർ എന്ന നിലയിൽ നാം ഓരോരുത്തരും ജീവിതത്തിന്റെ സുഖത്തിലും ദുഃഖത്തിലും സകലവിധ സാഹചര്യങ്ങളിലും ക്രിസ്തുവിനോടും അവ ന്റെ സഭയോടും ജീവിതപങ്കാളിയോടും വിശ്വസ്തത പുലർത്തുവാൻ പ്രതിജ്ഞാബദ്ധരല്ലയോ? ഈ അടിസ്ഥാനത്തിൽ മാത്രമേ നമ്മുടെ വിവാഹപ്രതിജ്ഞകളിൽ ഉറച്ചു നിൽക്കുവാൻ സാധ്യമാകയുള്ളൂ. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവാഹബന്ധം കാത്തുസൂക്ഷിക്കണം.

ക്രിസ്തീയ ശിഷ്യത്വത്തിന്റെ മാർഗം ഇടുങ്ങിയതാണ്. കർത്താവിന്റെ വാക്കുകളെ ശ്രമിക്കുന്നവർക്ക് കുരിശിന്റെ വഴികളിൽക്കൂടി ശിഷ്യത്വം സ്വീകരിപ്പാൻ സാധിക്കും (മത്താ.5:24). വിവാഹമോചനത്തെയും പുനർവിവാഹത്തെയുംകുറിച്ചുള്ള യേശുവിന്റെ ഉപദേശങ്ങൾ അംഗീകരിപ്പാൻ വൈഷമ്യം നേരിടുന്നുവെങ്കിൽ അതിന്റെ അർത്ഥം അവർ അനുതാപത്തിലും ദൈവക്ഷമയിലും വിശ്വസിക്കുന്നില്ല എന്നതാണ്. ദൈവം കൂട്ടിച്ചേർത്തതിനെ ആരും വേർപിരിക്കരുത് എന്നതും അവന്റെ കൃപയാൽ





മാത്രമാണ് എല്ലാബന്ധങ്ങളും പൂർത്തീകരിക്കപ്പെടുന്നത് എന്ന ബോധവും അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു.'ദൈവത്താൽ സകലതം സാധ്യമല്ലോ'എന്ന യേശുവിന്റെ വചനം ഈ തലത്തിൽ തികച്ചും അർത്ഥവത്താണ്.

സുവിശേഷത്തിന്റെ നിബന്ധനകൾ പാലിക്കുന്നത് വിഷമകരമായ ഒരു പ്രക്രിയയായിത്തീരരുത് (മത്താ. 11:28–30). വിവാഹമോചനത്തെയും പുനർവിവാഹത്തെയുംകുറിച്ചുള്ള യേശുവിന്റെ ഉപദേശങ്ങൾ സുവിശേഷത്തിന്റെ കാഴ്ചപ്പാടുകളിൽക്കൂടി വീക്ഷിച്ചാൽ അത് വിലയേറിയ വാഗ്ദത്തമായും പ്രത്യാശയായും ഉറപ്പായും നമുക്ക് അനുഭവപ്പെടും. തത്ത്വചിന്തകരും സദാചാരപ്രേമികളും നൽകുന്ന നീതിയേക്കാൾ ഉപരിയാണ് കർത്താവിന്റെ സുവിശേഷങ്ങളിൽ നാം ദർശിക്കുന്നത്. ഉയിർപ്പിന്റെ യാഥാർത്ഥ്യത്തിലും പുതുജീവനിലും അടിസ്ഥാനമാക്കിയുള്ള ദൈവരാജ്യത്തിന്റെ നീതിയാണ് നമുക്ക് അവിടെ ദർശിക്കാവുന്നത്.

❑❑